വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇതിന്റെ വസ്തുതകൾ ശരിക്കും മനസ്സിലാക്കാതെയാണ് പറഞ്ഞത്. 11, 12, 13 തീയതികളിലാണ് എൻട്രൻസ് എക്സാമിനേഷൻ നടന്നത്. ആദ്യം നിശ്ചയിച്ച പല തീയതിയും മാറ്റിവയ്ക്കാൻ ആൾ ഇന്ത്യാ എൻട്രൻസ് എക്സാമിനേഷന്റെ കാര്യം പറഞ്ഞ് ഗവണ്മെന്റിനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിലാണ് 11,12,13 തീയതികളിൽ നടത്തിയത്. 15-ാം തീയതി മുഴുവൻ കേന്ദ്രങ്ങളുടെയും ഉത്തര കടലാസുകൾ ഇവിടെയെത്തി. 18-ാം തീയതി തന്നെ മൂല്യനിർണ്ണയത്തെ സംബന്ധിച്ചുള്ള നടപടികളാരംഭിച്ചു. 1998-ലും കമ്പ്യൂട്ടർ സംവിധാനംതന്നെയായിരുന്നു. അന്ന് 19 ദിവസമാണ് ഇതിന് ആകെ എടുത്തത്. ഇപ്പോൾ ഇത് തുടങ്ങിയിട്ട് 13 ദിവസമാകുന്നതേയുള്ളൂ. അതുകൊണ്ട് കഴിഞ്ഞ തവണ എടുത്തതിനേക്കാൾ കൂടുതൽ സമയം എടുക്കുകയില്ല. അതിനെക്കാൾ കുറച്ച് സമയമെടുത്ത് തീർക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഉന്നതരായ ചില ഉദ്യോഗസ്ഥൻമാരും ഈ കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകളുണ്ടാക്കിയിട്ടുണ്ട്. ഒട്ടും കാലതാമസമുണ്ടാവുകയില്ല. കഴിഞ്ഞ തവണ എടുത്തതിനേക്കാൾ കുറച്ച് സമയംകൊണ്ടു തന്നെ തീർക്കും. ഒരിക്കൽ പ്രസിദ്ധീകരിച്ചിട്ട് രണ്ടാമത് പരിശോധിക്കാനുള്ള ഇടപാടുണ്ടാക്കാൻ പറ്റില്ല. അതിനുള്ള മിനിമം ഒടെം കൊടുത്ത് അത് പരമാവധി കുറ്റമറ്റതായി പ്രസിദ്ധീകരിക്കും. അടുത്ത ആഴ്ച പ്രസിദ്ധീകരിക്കും.

IV. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമത് റിപ്പോർട്ട്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

V. ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000				
		25-3-1999-ൽ സഭ പാസാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ രൂപ
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	
(1)	(2)	(3)	(4)	(5)	(6)	(7)
XXVII	സഹകരണം	17,59,94,000	19,93,17,000	35,19,88,000	39,86,35,000	75,06,23,000
XXXIX	വൈദ്യുത പദ്ധതികൾ	--	3,68,33,000	--	7,36,67,000	7,36,67,000

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യ

LIBRARY ARCHIVES Kerala Legislative Assembly

വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

1999-2000 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് സംബന്ധിച്ച ഉപക്ഷേപങ്ങൾ

ധനാഭ്യർത്ഥന XXVII - സഹകരണം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 75,06,23,000 നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(ഗവൺമെന്റ് പിരിച്ചുവിടുന്ന സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡിൽ ബഹുഭൂരിഭാഗവും ഹൈക്കോടതി ഇടപെട്ട് പുനഃസ്ഥാപിക്കുന്നതിന്റെ വെളിച്ചത്തിൽ സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡുകൾ പിരിച്ചുവിടുന്നതായി പറയപ്പെടുന്ന നയം തിരുത്തണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(നീതി സ്റ്റോറുകൾ വഴി വിൽക്കുന്ന സാധനങ്ങൾ മാവേലി സ്റ്റോറുകൾ വഴി വിൽക്കുന്ന അതേ വിലയ്ക്ക് നൽകണമെന്ന നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(നബാർഡിന്റേയും ആർ.ബി.ഐ. യുടെയും നിർദ്ദേശങ്ങൾക്കു വിപരീതമായി സ്വാശ്രയ സഹകരണ കോളേജുകൾക്ക് ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ ഭീമമായ തുക സംഭാവന നൽകാൻ നിർദ്ദേശിക്കുന്നതായി പറയപ്പെടുന്ന നയം നിരാകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീമതി രാധാ രാഘവൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 75,06,23,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സഹകരണ രംഗത്ത് പരിയാരത്ത് ആരംഭിച്ച സ്വാശ്രയ മെഡിക്കൽ കോളേജ് ഗവണ്മെന്റ് ഏറ്റെടുത്ത ശേഷം ഇപ്പോൾ സഹകരണ രംഗത്ത് അതേ ഗവണ്മെന്റ് തന്നെ സ്വാശ്രയ മെഡിക്കൽ കോളേജ് ഉണ്ടാക്കുന്നതായി പറയപ്പെടുന്ന നയം തിരുത്തണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീമതി റോസമ്മ ചാക്കോ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 75,06,23,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(പ്രതിപക്ഷകക്ഷികൾ ഭരണം നടത്തുന്ന സഹകരണ സംഘങ്ങളുടെ ഡയറക്ടറുടെ ബോർഡുകൾ പിരിച്ചുവിടുന്നതായി പറയപ്പെടുന്ന നയം നിരാകരിക്കണമെന്ന് ആവശ്യപ്പെടുന്നതിന്).

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഞാൻ താഴെപറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 75,06,23,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(നീതി സ്റ്റോറുകൾ വഴി ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതായി പറയപ്പെടുന്ന നയം തിരുത്തണമെന്നും പ്രസ്തുത സ്റ്റോറുകൾ വഴി വിൽക്കുന്ന സാധനങ്ങൾക്ക് കൺസ്യൂമർ പ്രൊട്ടക്ഷൻ ആന്റ് ഗൈഡൻസ് സൊസൈറ്റിക്കാർ നടത്തുന്ന സ്റ്റോറുകളിൽ അവരുടെ കാർഡുള്ളവർക്ക് സാധനം വിൽക്കുന്ന വിലയ്ക്ക് വിൽക്കണമെന്നും ആവശ്യപ്പെടുന്നതിന്)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

( )

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക. യിൽ ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

( )

ശ്രീ. കെ.പി.എ. മജീദ് : സർ, ഞാൻ താഴെപറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ.കെ. ബാവ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. മൊയീൻകുട്ടി : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, ഞാൻ താഴെപറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം.കെ. മുനീർ : സർ, ഞാൻ താഴെപറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാമ്മൻ മത്തായി : സർ, ഞാൻ താഴെപറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

( )

ശ്രീ. ബി. വിജയകുമാർ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോ പക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. തങ്കച്ചൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. സുധാകരൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി.ജെ. പൗലോസ് : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 75,06,23,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ബാലറാം : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ഇ.എം. അഗസ്തി : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 75,06,23,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXIX- വൈദ്യുത പദ്ധതികൾ

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 7,36,67,000

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ബി. വിജയകുമാർ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(ഇടവപ്പാതിക്കാലത്ത് നല്ല മഴയുള്ളപ്പോൾ ഇടുക്കി പദ്ധതിയുടെ 3 ജനറേറ്ററുകൾ പ്രവർത്തിപ്പിക്കാതിരുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ബാലറാം : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സംസ്ഥാനത്ത് ലഭ്യമായ എല്ലാ മിനി ഡീസൽ പദ്ധതികളും നടപ്പാക്കി കുറഞ്ഞ വിലയ്ക്ക് വൈദ്യുതി നൽകുന്ന നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. കെ. സുധാകരൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(കെ.എസ്.ഇ.ബി.യിൽ അതിന്റെ ജീവനക്കാർ അടയ്ക്കുന്ന പി.എഫ്. തുക വകമാറ്റി ചെലവു ചെയ്യുന്നതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്)

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(കെ.എസ്.ഇ.ബി.യിൽ അനാവശ്യചെലവുകൾ ഒഴിവാക്കുകയും സാമ്പത്തിക അച്ചടക്കം നടപ്പാക്കുകയും ചെയ്ത ബോർഡിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുപകരം ഉപഭോക്താക്കൾക്ക് വഹിക്കുവാൻ പ്രയാസമായ വിധത്തിൽ വമ്പിച്ച തോതിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന നയം തിരുത്തണമെന്ന് ആവശ്യപ്പെടുന്നതിന്)

ശ്രീ. വി.ജെ. പൗലോസ് : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(ബ്രഹ്മപുരം ഡീസൽ പ്ലാന്റിന്റെ സ്ഥാപിത ശേഷി മുഴുവൻ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതായി പറയപ്പെടുന്ന പ്രശ്നം ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ജോയി : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(ലോവർ പെരിയാർ പദ്ധതി സംബന്ധിച്ച കേസ്സിൽ കോടതിയിൽ കെട്ടിവച്ച തുക സംബന്ധിച്ച് വൈദ്യുതി ബോർഡിന്റെ വക്കീലും ഗവണ്മെന്റ് നിയമിച്ച വക്കീലും വ്യത്യസ്ത സമീപനം സ്വീകരിച്ചതായി പറയപ്പെടുന്നതിന്റെ വെളിച്ചത്തിൽ ബോർഡ് കെട്ടിവച്ച തുക എച്ച്.സി.സി. ക്ക് ലഭിക്കാൻ ഇടയായതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(To disapprove the alleged policy of load-shedding prevalent in the State).

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. ഇ.എം. അഗസ്തി : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി.ജെ. പൗലോസ് : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി രാധാ രാഘവൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി റോസമ്മ ചാക്കോ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോ പക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡ നോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു. വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

251/2010.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

( )

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

ശ്രീ. എം.കെ. മുനീർ : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാമ്മൻ മത്തായി : സർ, ഞാൻ താഴെ പറയുന്ന ഖണ്ഡനോപ ക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,36,67,000 കയിൽ നിന്ന് ഒരു നൂറ് ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

( )

[11. A.M] ശ്രീ. ഇ.എം. അഗസ്തി : സർ, നമ്മുടെ സംസ്ഥാനത്തെ വളരെ പ്രധാനപ്പെട്ട രണ്ട് വകുപ്പുകളെക്കുറിച്ചുള്ള ചർച്ച, സത്യത്തിൽ ഈ രണ്ട് വകുപ്പുകളും വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് പ്രത്യേകം സമയം കണ്ടെത്തേണ്ടതായിരുന്നു.

മി. സ്പീക്കർ : നമുക്കാകെ 13 ദിവസം ധനാഭ്യർത്ഥനകളുടെ ചർച്ച യ്ക്കുണ്ട്. പാർലമെന്റിൽ ആണെങ്കിൽ 4 ദിവസം കൊണ്ടാണ് പാസ്സാക്കുന്നത്. ബാക്കിയെല്ലാം ഗില്ലറ്റിൻ ആണ്. ഇവിടെയുള്ള ഈ അവസരം വേണ്ടെങ്കിൽ പാർലമെന്റിന്റെ മാതൃക സ്വീകരിക്കാം അല്ലേ?

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്]

ശ്രീ. ഇ.എം. അഗസ്തി : ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുക യാണ്. ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് സംസാരിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വളരെ പ്രധാനപ്പെട്ട ചർച്ച ആയതുകൊണ്ടാണ് സമയം വേണമെന്ന് ഞാൻ പറഞ്ഞത്. മാത്രമല്ല നമ്മുടെ സംസ്ഥാനത്ത് വൈദ്യുതിനയം പ്രഖ്യാപിച്ചതിനുശേഷമുള്ള ഈ വകുപ്പിന്റെ ആദ്യത്തെ ഡിമാന്റാണ്. ഈ വൈദ്യുതി നയത്തിന്റെ ഒരു കോപ്പിയൊക്കെ ഞങ്ങൾക്ക് തന്നിട്ട് വൈകുന്നേരം നല്ല ഭക്ഷണവും തന്ന് അന്നത്തെ മന്ത്രി പറഞ്ഞയച്ചത് ഒഴിച്ചാൽ ഈ നയത്തെ സംബന്ധിച്ച് നമ്മൾ ആരും ഒന്നും പറയരുത് എന്നാണ് അദ്ദേഹം ആഗ്രഹിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. പക്ഷെ ഇപ്പോൾ പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ വൈദ്യുതി നയത്തിന്റെ ഒന്നാമത്തെ വാചകം തുടങ്ങുന്നത് വികസനത്തിന്റെ പ്രാണവായുവാണ് വൈദ്യുതി എന്നാണ്. നമ്മുടെ കൈവശമിരിക്കുന്ന വൈദ്യുതി നയത്തിൽ വികസനത്തിന്റെ പ്രാണവായുവാണ് വൈദ്യുതി, അതാണ് സത്യമെങ്കിൽ കേരള സംസ്ഥാനം പ്രാണവായുവിനുവേണ്ടി വിഷമിക്കുകയാണ്. ആ പ്രാണവായുവില്ലാതെ പകരം പലതും കൊടുക്കുന്ന സ്ഥിതി നമ്മുടെ നാട്ടിലുണ്ട്. കോട്ടയം മെഡിക്കൽ കോളേജിനെപ്പറ്റി നമ്മൾ വായിച്ചത് അവിടെ ഓക്സിജൻ കൊടുക്കേണ്ട രോഗിക്ക് കാർബൺഡൈ ഓക്സൈസ് കൊടുത്തുവെന്നാണ്. അത് തന്നെയാണ് നമ്മുടെ വൈദ്യുതി രംഗത്ത് കാണുന്നത്. ഇവിടെ നമുക്ക് ഇലക്ട്രിസിറ്റി ബോർഡിനേയും ഇലക്ട്രിസിറ്റി വകുപ്പിനേയും രക്ഷിക്കാൻ കഴിയാത്ത സ്ഥിതിയാണ്. നമ്മുടെ സംസ്ഥാനത്തെ വൈദ്യുതി വകുപ്പിനെ ഒന്ന് രക്ഷിക്കണമെങ്കിൽ ഒരു ഡയാലിസിസ് നടത്തണം. ഈ ഡയാലിസിസ് നടത്തുന്നതോടൊപ്പം തന്നെ വളരെ വിഷമിച്ച് നമ്മുടെ ഇടതുപക്ഷ ഗവണ്മെന്റ് സംസ്ഥാനത്തിന് സമർപ്പിച്ച ഈ വൈദ്യുതി നയവും ഈ വകുപ്പും കൂടി ഒത്തു പോകുന്നില്ല. കുഞ്ഞിനേയും അമ്മയേയും കൂടി രക്ഷിക്കാനാവുകയില്ല. അതുകൊണ്ട് കുഞ്ഞിനെ ഉപേക്ഷിച്ചാണെങ്കിലും അമ്മയെ രക്ഷിക്കണം, ഈ സംസ്ഥാനത്തെ രക്ഷിക്കണം. അതുകൊണ്ട് വളരെ വിഷമകരമായ ഒരു ഓപ്പറേഷൻ വേണ്ടിവരുമെന്നുള്ളതുകൊണ്ട് വളരെ പ്രധാനപ്പെട്ട ഈ ചർച്ചയുടെ അവസാനം ഈ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഗവണ്മെന്റ് ശ്രമിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഗവണ്മെന്റിന്റെ മുഖംമൂടി എന്താണ്? വലിയ നയമൊക്കെ പ്രഖ്യാപിച്ചിട്ടുണ്ട്. വികസനത്തിന്റെ പ്രാണവായുവാണ്, ആത്മവായുവാണ് എന്നൊക്കെ പറയും. പക്ഷെ മൂന്നു വർഷത്തിനിടയിൽ 4 പ്രാവശ്യം ചാർജ്ജ് വർദ്ധിപ്പിച്ച ഒരു ഗവണ്മെന്റ് ഈ ഗവണ്മെന്റല്ലാതെ കേരളത്തിൽ മറ്റൊരു ഗവണ്മെന്റ് ഉണ്ടായിട്ടുണ്ടോ? മൂന്നു വർഷത്തിനിടയിൽ 4 പ്രാവശ്യം ചാർജ്ജ് വർദ്ധിപ്പിച്ച മറ്റ് ഏതെങ്കിലും ഒരു ഗവണ്മെന്റ് ഇൻഡ്യാ മഹാരാജ്യത്തുണ്ടായിട്ടുണ്ടോ? 25 സംസ്ഥാനങ്ങളിൽ ഏതെങ്കിലും ഒരു സംസ്ഥാനത്ത് 3 വർഷത്തിൽ 4 പ്രാവശ്യം ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ? അങ്ങ് വന്നശേഷം രണ്ട് പ്രാവശ്യം ചാർജ്ജ് വർദ്ധിപ്പിച്ചില്ലേ? ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ. രണ്ട് വർഷംകൂടി അങ്ങ് മന്ത്രി കസേരയിലിരുന്നാൽ ഇനി എത്രപ്രാവശ്യം ചാർജ്ജ് വർദ്ധിപ്പിക്കുമെന്ന് ഈ ഡിമാന്റ് ചർച്ചയ്ക്കു മറുപടി പറയുമ്പോൾ അങ്ങേയ്ക്ക് പറയാൻ കഴിയുമോ? ഞാൻ പറയുന്നത് ഈ വർഷം തന്നെ അങ്ങേയ്ക്ക് ചാർജ്ജ് വർദ്ധിപ്പിക്കേണ്ടി വരും. അടുത്ത വർഷവും വർദ്ധിപ്പിക്കും. കാരണം എന്താണ്? ചാർജ്ജ് വർദ്ധിപ്പിക്കാൻ എല്ലാ പ്രാവശ്യവും പറയുന്ന കാര്യം ഇലക്ട്രിസിറ്റി ബോർഡ് ലാഭത്തിലാക്കണം. മുൻപ് 3% മതിയായിരുന്നു. ഇനി അത് 16% വേണം. എന്നു മാത്രമല്ല പ്രതിദിനം 2 കോടി രൂപയുടെ നഷ്ടം ഉണ്ടാകുന്ന സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് ഈ നഷ്ടത്തിന്റെ ഭാരം താങ്ങാൻ കഴിയാത്തത് ആ ഭാരം ഉപഭോക്താവിന്റെ തോളിലേയ്ക്കു മാറ്റുന്നുവെന്നല്ലേ പറയുന്ന ന്യായം. വേറെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ന്യായവും പറയുന്നില്ല. അങ്ങ് നേതൃത്വം വഹിക്കുന്ന സബ്ജക്ട് കമ്മിറ്റി 3-ൽ ഉദ്യോഗസ്ഥൻമാർ നൽകിയ ഒരു നോട്ട് എന്റെ കൈയിലുണ്ട്. അത് നമ്മൾ ചർച്ച ചെയ്തതാണ്. അതിൽ അങ്ങ് പറഞ്ഞിരിക്കുന്ന കണക്കനുസരിച്ച് 1999-2000-ൽ പ്രതീക്ഷിക്കുന്ന ആഭ്യന്തര വൈദ്യുതി ഉല്പാദനം 8014 ദശലക്ഷം യൂണിറ്റാണ്. കേന്ദ്രപൂളിൽനിന്ന് മറ്റ് ഉൽപ്പാദകരിൽനിന്നും വാങ്ങുന്നത് 5878 ദശലക്ഷം യൂണിറ്റ്. അപ്പോൾ നമുക്ക് ലഭ്യമാകുന്ന വൈദ്യുതി 13892 ദശലക്ഷം യൂണിറ്റാണ്. അങ്ങനെ കിട്ടുന്ന 13892 ദശലക്ഷം യൂണിറ്റിൽ സംസ്ഥാന ഗവണ്മെന്റ് വിൽക്കുന്നതും വിതരണം ചെയ്യുന്നതും 11454 ദശലക്ഷം യൂണിറ്റാണ്. അപ്പോൾ പ്രസരണ നഷ്ടം എന്നു പറയുന്നത് 2438 ദശലക്ഷം യൂണിറ്റാണ്. 2438 ദശലക്ഷം യൂണിറ്റ് എന്നു പറയുന്നത് അങ്ങ് ഈ സഭയിൽ തന്നിരിക്കുന്ന ഉത്തരമനുസരിച്ച് 20% ആണ്. അങ്ങ് നൽകിയിരിക്കുന്ന, അങ്ങയുടെ പൂർവീകൻ നൽകിയിരിക്കുന്ന നമ്മുടെ നയമുണ്ടല്ലോ ആ നയമനുസരിച്ച് 2001-ൽ നമ്മൾ സ്വയം പര്യാപ്തമാകാൻ 17,000 ദശലക്ഷം യൂണിറ്റ് വൈദ്യുതി നമുക്ക് ലഭ്യമാകണം.

സർ, 17,000 ദശലക്ഷ യൂണിറ്റ് വൈദ്യുതി ലഭ്യമാകുമ്പോൾ ഇപ്പോഴത്തെ പ്രസരണ ശതമാനം ഇരുപത് ശതമാനത്തിൽനിന്ന് എത്രയാകുമെന്ന് പറയണം. അങ്ങുതന്നെ പറഞ്ഞതനുസരിച്ച് അത് 28 ശതമാനമോ 29 ശതമാനമോ ആകും. 28 ശതമാനമോ, 29 ശതമാനമോ ആകുമ്പോൾ നമ്മൾ വാങ്ങുകയും നമ്മൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്ന വൈദ്യുതി വിൽക്കാൻ കഴിയും. ആ പ്രസരണ നഷ്ടത്തിന്റെ പേരിൽ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ടാകുന്ന നഷ്ടം ഒരു ദിവസം എത്ര കോടി ആയിരിക്കും? ഒരു ദിവസം ഇപ്പോൾ രണ്ടു കോടി എന്നു പറയുന്നത് അഞ്ചു കോടി ആകും. അഞ്ചു കോടി ആകുമ്പോൾ അടുത്ത വർഷം സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ ബാദ്ധ്യത എന്നു പറയുന്നത് ആയിരം കോടിയാണ്. ഈ ആയിരം കോടി പരിഹരിക്കാൻ ചാർജ്ജ് വർദ്ധനവല്ലാതെ എന്തെങ്കിലും മാർഗ്ഗം അങ്ങയുടെ മുൻപാകെയുണ്ടോ? ഉണ്ടെങ്കിൽ ഞങ്ങൾക്കറിയണം. കേരളത്തിലെ ജനങ്ങൾക്ക് അറിയണം. അതുകൊണ്ട് ഞാൻ പറയുന്നു അങ്ങേക്ക് ഒരു സർവ്വകാല റിക്കാർഡാകും. അഞ്ചു വർഷത്തിനിടയിൽ 16 പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച മന്ത്രിയാരെന്നു ചോദിച്ചാൽ അത് വൈദ്യുതിമന്ത്രി ശ്രീ. എസ്. ശർമ്മ എന്ന് എല്ലാവരും ഉത്തരം പറയുന്ന സ്ഥിതി, അപൂർവ ബഹുമതിക്ക് അർഹനാകും. എന്നിട്ട് ഈ പ്രതിസന്ധിയിൽ നിന്നും നമ്മുടെ സംസ്ഥാനത്തെ രക്ഷിക്കാൻ അങ്ങയുടെ മുൻപാകെ എന്ത് മാർഗ്ഗമുണ്ട്? അതല്ലേ നമുക്ക് അറിയേണ്ടത്. ഇവിടെ പ്രസരണമേഖലയെ ശക്തമാക്കുമെന്നാണ് പറയുന്നത്. വൈദ്യുതി നയം വളരെ കെങ്കേമമായിരിക്കുന്നു. അത് വായിച്ചാൽ തന്നെ നമുക്ക് മറ്റൊന്നും വേണ്ട. ഇതിൽ പറഞ്ഞിരിക്കുന്നു ഒരു യൂണിറ്റ് വൈദ്യുതി മിച്ചം പിടിക്കുന്നതിന് ഒരു യൂണിറ്റ് പുതിയതായി ഉൽപ്പാദിപ്പിക്കുന്നതിന് തുല്യമാണ് എന്ന്. മിച്ചം പിടിക്കാൻ നിങ്ങൾ എന്ത് ചെയ്തിട്ടുണ്ട്? ഉൽപ്പാദിപ്പിക്കുന്നു. വിൽക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. അപ്പോൾ മിച്ചം പിടിക്കാൻ എന്താണ് മാർഗ്ഗമുള്ളത്? പ്രസരണരംഗം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നു എന്ന് അങ്ങ് സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞു. 600 കോടി രൂപ കിട്ടിയാൽ പണമുണ്ടെങ്കിലും ആ പദ്ധതികൾ നടപ്പിലാക്കിവരുമ്പോൾ എത്ര വർഷം പിടിക്കും? കേരളം പോലെ ഡെൻസിറ്റിയുള്ള ഒരു സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രസരണമേഖലയെ ശക്തിപ്പെടുത്താനല്ലേ കൂടുതൽ കാലതാമസം വേണ്ടിവരുന്നത്? പദ്ധതി പ്രവർത്തനമാരംഭിക്കുന്നതിനേക്കാൾ എന്ത് മാർഗ്ഗമുണ്ട് എന്നതിനെ സംബന്ധിച്ചാണ് എനിക്കറിയാനു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. രണ്ടാമത്തെ കാര്യം ഈ ഗവണ്മെന്റിന്റെ ഏറ്റവും നല്ല മുഖമുദ്ര എന്നു പറയുന്ന വൈദ്യുതി ഉൽപ്പാദന രംഗത്ത് നിങ്ങൾ വലിയ വിപ്ളവം വരുത്തി എന്നു പറയുന്നത് കള്ള പ്രചരണമാണ്. രണ്ടായിരാമാണ്ടിൽ വൈദ്യുതി മിച്ച മാക്കാൻ കഴിഞ്ഞ 50 വർഷക്കാലം ഞങ്ങളൊന്നും ചെയ്യാത്തിടത്ത് നിങ്ങൾ മൂന്നുവർഷംകൊണ്ട് അത്ഭുതം പ്രവർത്തിച്ചു എന്നാണ് മുഖ്യമന്ത്രിയും അങ്ങും പറയുന്നത്. കള്ളം പറയുന്നത് ഭൂഷണമാക്കുന്ന ആളല്ലെങ്കിൽ ഞാൻ അങ്ങയോടു ചോദിക്കട്ടെ, ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ കാലത്ത് തുടക്കം കുറിച്ചതും പ്രവർത്തനമാരംഭിച്ചതുമല്ലാതെ ഏതെങ്കിലു മൊരു പദ്ധതി നമ്മുടെ സംസ്ഥാനത്ത് തുടങ്ങാനും മുന്നോട്ടു കൊണ്ടുപോ കാനും നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഞാൻ സമയപരിമിതിമൂലം ദീർഘിപ്പി ക്കുന്നില്ല. അങ്ങ് ഈ സഭയിലൊരു മറുപടി നൽകിയിട്ടുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. ബാബുവിനും നൽകിയ മറുപടിയിൽ (അൺസ്റ്റാർഡ് ക്വസ്റ്റൻ 579-ന്) ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ കാലത്ത് പവർ പർചേസ് എഗ്രിമെന്റിൽ ഒപ്പിട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 9. സമയമി ല്ലാത്തതുകൊണ്ട് പേര് ഞാൻ ഒഴിവാക്കാം. നിങ്ങൾ ഉദ്ഘാടനം ചെയ്ത ബി. എസ്.ഇ.എസ് ഉൾപ്പെടെ, ആർ.ജി.പി. ഉൾപ്പെടെ, കെ.പി.പി. നമ്പ്യാർ ഉൾപ്പെ ടെ, ഇ.ഡി.സി. സെന്റർ ഉൾപ്പെടെ നിങ്ങളുടെ കാലത്ത് ഉദ്ഘാടനം ചെയ്തു എന്നു നിങ്ങൾ പറയുന്ന മറ്റു സ്ഥാപനങ്ങൾ ഉണ്ടല്ലോ. നാലു പദ്ധതികൾ നിങ്ങൾ പറയുന്നു. ലോവർ പെരിയാർ 180 മെഗാവാട്ടിന്റേത്. പേപ്പാറ മൂന്നു മെഗാവാട്ടിന്റേത്. മാട്ടുപ്പെട്ടി രണ്ടു മെഗാവാട്ടിന്റേത്. ബ്രഹ്മപുരം 106 മെഗാവാ ട്ടിന്റേത്. ഇതിന്റെയൊക്കെ മേനി നിങ്ങൾ നടിക്കുകയല്ലേ? ലോവർ പെരിയാറി ന്റേയും ബ്രഹ്മപുരത്തിന്റേയും കായംകുളത്തിന്റേയും. ഞാൻ വാദത്തിനു വേണ്ടി സമ്മതിക്കുകയാണ്. നിങ്ങളുടെ കാലത്താണ് അന്ന് തുടങ്ങിയതെ ങ്കിൽ നിങ്ങൾ എന്തിനാണ് പാവപ്പെട്ട പത്മരാജന്റെ പുറകിൽ നടക്കുന്നത്. അപ്പോൾ നിങ്ങളുടെ കാലത്തല്ലല്ലോ തുടങ്ങിയത്. നിങ്ങൾക്ക് ഉദ്ഘാടനം ചെയ്യാൻ ബാക്കിയുള്ള വിഷയം എന്ന ഒറ്റ കാര്യത്തിന്റെ പേരിൽ നിങ്ങൾ തന്നെ തുടങ്ങിയെന്നു പറഞ്ഞ് കേരള സംസ്ഥാനത്തെ ജനങ്ങളെ മുഴുവൻ കബളിപ്പിക്കാമെന്നാണോ നിങ്ങളുടെ പ്രതീക്ഷ. ഞാൻ ഈ വിഷയം അവസാ നിപ്പിക്കുകയാണ്. നിങ്ങൾ പറയുന്നത് രണ്ടായിരാമാണ്ടിൽ വൈദ്യുതി മിച്ചമാ കുമെന്നാണ്. ആ ഒരു തോന്നൽ ഉണ്ട്. ചിലപ്പോൾ മിച്ചമായേയ്ക്കും. കാരണം രണ്ടായിരത്തിനാലാകുമ്പോൾ ഇവിടെ വൈദ്യുതി ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയാകും. വൈദ്യുതി ആഡംബര വസ്തുവാകും. ഇങ്ങനെ തുടർച്ചയായ ചാർജ്ജ് വർദ്ധനവിന്റെ ഫലമായി വ്യവസായ സ്ഥാപനങ്ങൾ ഒന്നൊന്നായി അടച്ചു പൂട്ടും. 26 സ്ഥാപനങ്ങൾ അവസാനത്തെ ചാർജ്ജ് വർദ്ധനവിനു ശേഷം, വൈദ്യുതി ചാർജ്ജിന്റെ വർദ്ധനവുമൂലം അവർക്ക് പിടിച്ചു നിൽക്കാൻ കഴിയാത്തതുകൊണ്ട് ഡിസ്കണക്ട് ചെയ്യണമെന്നാവശ്യപ്പെട്ടു എന്നാണ് മലയാള മനോരമ പത്രത്തിൽ എഡിറ്റോറിയൽ പറഞ്ഞിരിക്കുന്നത്. അപ്പോൾ ഒരു മാസംകൊണ്ട് ഇതാണ് സ്ഥിതിയെങ്കിൽ അടുത്ത രണ്ടു വർഷം കൂടി മുന്നോട്ടു പോകുമ്പോൾ കേരളത്തിലെ വ്യാവസായികാവശ്യത്തിന് വൈദ്യുതി വേണ്ടിവരില്ല. വൈദ്യുതി മിച്ചമാകും. വൈദ്യുതി ആഡംബര വസ്തുവാകും. നിങ്ങളുടെ നയത്തിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം പറയാം. പക്ഷേ നിരന്തരമായി വൈദ്യുതി മിച്ചമാകുമെന്ന് പറയുന്ന പ്രഖ്യാപനം കൊണ്ട് എന്ത് നേട്ടമുണ്ടാകുമെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. സമയപരി മിതികൊണ്ട് മുഴുവൻ കാര്യങ്ങളിലേക്കും ഞാൻ പോകുന്നില്ല. നിങ്ങളുടെ നയം സുതാര്യമല്ല. നിങ്ങൾ പറഞ്ഞിരിക്കുന്നു വൈദ്യുതി ബോർഡിനെ ലാഭ

LIBRARY ARCHIVES Kerala Legislative Assembly

കരമാക്കും, വൈദ്യുതിമേഖലയിൽ സ്വകാര്യപങ്കാളിത്തം അനുവദിക്കും എന്നൊക്കെ. ഒന്നാമത്തെ ഖണ്ഡികയിൽ ആറാമത്തെ പോയിന്റായി പറഞ്ഞിരിക്കുന്നു വൈദ്യുതി ഉല്പാദനത്തിൽ സ്വകാര്യ മൂലധനനിക്ഷേപം കേരളം അനുവദിക്കും. അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണ സംവിധാനങ്ങൾ പൊതുമേഖലയിൽ നിലനിൽക്കും. വൈദ്യുതി ബോർഡ് ഏതെങ്കിലും വിധത്തിൽ സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നില്ല. അതാണ് നയം. പക്ഷേ, അങ്ങു തന്നെ 25.2.99-ൽ ശ്രീ. കെ. ബാബുവിന് 4217-ാം നമ്പർ ചോദ്യത്തിനു നൽകിയ ഉത്തരം ഒന്നു വായിച്ചു നോക്കിയിട്ട് അങ്ങേക്ക് ഇത് പറയാൻ കഴിയുമോ? വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ നില നിർത്തും. സ്വകാര്യമേഖലയ്ക്ക് പങ്കാളിത്തം നൽകാനുദ്ദേശിക്കുന്നില്ല. പൊതുമേഖലയിൽ നിലനിർത്താൻ കഴിയുമോ എന്നാണ് എന്റെ ചോദ്യം. ഞാൻ ആ ചോദ്യത്തിന്റെ വിശദാംശത്തിലേക്ക് കടക്കുന്നില്ല. ഞാനൊന്നു വായിക്കട്ടെ. ചോദ്യം എസ്ക്രോ അക്കൗണ്ട് തുടങ്ങിയിട്ടുണ്ടോയെന്നാണ്? ബി.എസ്.ഇ.എസ്., ആർ.പി.ജി. എന്നീ സ്ഥാപനങ്ങൾക്ക് തുടങ്ങിയിട്ടുണ്ട് എന്നാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. എസ്ക്രോ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഒരു മാസത്തെ വൈദ്യുതി ചാർജ്ജ് ലഭ്യമാകത്തക്കവിധം ബോർഡിൽ ഒരു ഏരിയ ഇതിലേക്കായി ഡെസിഗ്നേറ്റ് ചെയ്തിട്ടുണ്ട്. വൈദ്യുതിയുടെ തുക നിശ്ചിത തീയതിക്കു മുൻപ് അടയ്ക്കാൻ വീഴ്ച വരുത്തിയാൽ ബോർഡിന്റെ മേൽപ്പടി ഏരിയായിൽനിന്ന് അടുത്ത ദിവസങ്ങളിലേക്കുള്ള റവന്യൂ എസ്ക്രോ അക്കൗണ്ടിൽകൂടി കമ്പനി അക്കൗണ്ടിലേക്ക് ആക്കപ്പെട്ടു എന്നു പറഞ്ഞാൽ ബോർഡിന്റെ ചാർജ്ജ് പിരിക്കാനുള്ള അധികാരം ഈ കമ്പനിക്കു കൊടുക്കുന്നു എന്നല്ലേ അർത്ഥം? ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിക്ക് കപ്പം കൊടുക്കുന്നതിനുവേണ്ടി പഴയ നാട്ടുരാജാക്കന്മാർ തീരുമാനിച്ചതുപോലെ, കപ്പം പിരിക്കാൻ അധികാരം കൈമാറിയതുപോലെ ഇലക്ട്രിസിറ്റി ബോർഡിലെ ചാർജ്ജ് പിരിക്കാൻ രണ്ടു പ്രൈവറ്റ് കമ്പനികളുമായി കരാറുണ്ടാക്കിയ നിങ്ങൾക്ക് സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുമെന്ന് പറയാൻ എങ്ങനെ കഴിയും? സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിനെ നിങ്ങൾ സ്വകാര്യ കമ്പനികൾക്ക് പണയം വച്ചിരിക്കുന്നു. നിങ്ങൾ സ്വകാര്യ മേഖലയ്ക്ക് തീറെഴുതിയിരിക്കുന്നു. പരസ്യമാകാതെ, ട്രാൻപേരൻസിയില്ലാത്ത കള്ളക്കച്ചവടത്തിൽ അങ്ങയുടെ പങ്ക് വളരെ ചെറുതാണെന്ന് ഞങ്ങൾക്കറിയാം. പക്ഷേ ആരാണ് ഉത്തരവാദികൾ? ഈ സംസ്ഥാനം അറിയണ്ടേ? അങ്ങ് പലപ്പോഴും പറയുന്നുണ്ടല്ലോ തല്ലു കൊള്ളാൻ ചെണ്ടയും കാശ് വാങ്ങാൻ മാരാരുമെന്ന്. ഈ മാരാർ ആരാണെന്ന് കേരളത്തിലെ ജനങ്ങൾക്കറിയണം. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ വൈദ്യുതിയെക്കുറിച്ചുള്ള കാര്യങ്ങൾ അവസാനിപ്പിക്കാം. ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിനെ നിയന്ത്രിക്കുന്നത് എസ്. എൻ.സി. ലാവലിൻ എന്നു പറയുന്ന ഒരു വിദേശ കമ്പനിയാണ്. വൈദ്യുതിഭവന്റെ അഞ്ചാമത്തെ നില നിങ്ങൾ അവർക്ക് കൈമാറി. മുൻപ് അദ്ദേഹം കൺസൾട്ടന്റായിരുന്നു. ഇപ്പോൾ കുറ്റ്യാടി പ്രോജക്ടിലെ കോൺട്രാക്ടർ ആണെന്നു മാത്രമാണോ? കോൺട്രാക്ടർക്ക് ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു ഹെഡ് ഓഫീസ് മുഴുവൻ കൈകാര്യം ചെയ്താൽ നാളെ നിങ്ങൾ പി.ഡബ്ല്യൂ.ഡി. വകുപ്പ് കരാറുകാർക്ക് കൈമാറിക്കൊടുക്കുമോ? അതു മാത്രമാണോ? എസ്.എൻ.സി. ലാവലിൻ കമ്പനിയെപ്പറ്റി ഞങ്ങൾക്ക് നല്ല അഭിപ്രായമില്ല, എന്നുള്ളതു പോകട്ടെ. നിങ്ങളുടെ അഭിപ്രായമെന്താണ്? എസ്.എൻ. സി. ലാവലിൻ കമ്പനി ബ്ളാക്ക് ലിസ്റ്റിൽപ്പെടുത്തേണ്ട കമ്പനിയാണ്. എന്തുകൊണ്ടാണ് ബ്ളാക്ക്ലിസ്റ്റിൽപ്പെടുത്തേണ്ടി വന്നത്? അവർ ഈ സംസ്ഥാ.

LIBRARY ARCHIVES Kerala Legislative Assembly

നത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ താല്പര്യങ്ങൾക്കെതിരായി പ്രവർത്തിച്ച തിന്റെ പേരിൽ അവർക്കെതിരെ വിജിലൻസ് കേസ്സുണ്ട്. വിജിലൻസ് കേസ്സെടുത്തത് ഞങ്ങളല്ല. ശ്രീ. ഇ.കെ. നായനാരുടെ ഗവണ്മെന്റാണ്. ശ്രീ. ഇ. കെ. നായനാരുടെ ഗവണ്മെന്റിന്റെ കാലത്ത് വിജിലൻസ്സന്വേഷണം നടത്തി. ആ വിജിലൻസ് ഡിപ്പാർട്ടുമെന്റ് ഒരു എഫ്.ഐ.ആർ. ഫയൽ ചെയ്തിട്ടുണ്ട്. എഫ്.ഐ.ആർ. ന്റെ നമ്പർ സി. 414/97 ആണ്. എഫ്.ഐ.ആർ. ലെ മൂന്നാമത്തെ പ്രതിയാണ് മിസ്റ്റർ ക്ലോസ് ലാവലിൻ, Vice President, S.N.C. Lavellin, incorporated Canada ഈ കമ്പനിയിലെ ഒന്നാമത്തെ പ്രതി ഇലക്ട്രിസിറ്റി ബോർഡിലെ മെമ്പറായിരുന്ന മാത്യുറോയ്, രണ്ടാമത്തെ ആൾ ബോർഡ് മെമ്പർ രാജശേഖരൻ നായർ, മൂന്നാമത്തെ പ്രതിയാണ് എസ്.എൻ.സി. ലാവലിന്റെ വൈസ് പ്രസിഡന്റ് ക്ലോസ് ലാവലിൻ. എന്താണ് കേസ്സെന്നറിയാമോ? എഫ്.ഐ.ആർ. ലെ വാചകത്തിലേക്ക് ഞാൻ പോകുന്നില്ല. And thereby caused the pecuniary advantage of 13,13,456 US dollar and also wrongful losses to the Kerala State Electricity Board. 13,13,000 യു.എസ്. ഡോളർ തട്ടിയെടുത്ത എസ്.എൻ.സി. ലാവലിനാണ് ഇലക്ട്രിസിറ്റി ബോർഡ് ഹാന്റ് ഓവർ ചെയ്തിരിക്കുന്നത്. എന്ത് ട്രാൻസ്പേരൻസിയാണുള്ളത്? ഇതിൽ കൂടുതൽ കള്ളകച്ചവടം നടക്കാനുണ്ടോ? സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് സ്വകാര്യ കമ്പനികൾക്ക് തീറെഴുതി സംസ്ഥാനത്തെ കൊള്ളയടിക്കുന്ന ഒരു വകുപ്പിനു വേണ്ടി, ബോർഡിനുവേണ്ടിയുള്ള ധനാഭ്യർത്ഥനയുമായിട്ടാണോ നിങ്ങൾ സഭയിൽ വരുന്നത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഞാൻ അവസാനിപ്പിക്കുകയാണ്. എനിക്ക് ഇനി രണ്ട് മിനിട്ട് തരണം. സഹകരണമേഖലയെക്കുറിച്ച് ചില കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. മുൻപ് തെരഞ്ഞെടുപ്പ് അട്ടിമറിക്കുകയായിരുന്നു. അഡ്മിനിസ്ട്രേറ്റർമാരെ വയ്ക്കുകയായിരുന്നു. അതിനുശേഷം പോലീസ് ഇടപെട്ട് സംഘങ്ങൾ പിടിച്ചെടുക്കുകയായിരുന്നു. ഏറ്റവും അവസാനത്തെ സ്ഥിതി എന്താണ്? ഇപ്പോൾ നാമനിർദ്ദേശ പത്രിക പോലും കൊടുക്കുന്നില്ല.

കൊല്ലം ജില്ലയിൽ വെളിയം എന്നു പറയുന്ന സ്ഥലത്ത് സഹകരണ സംഘത്തിലേയ്ക്ക് മത്സരിക്കാനുള്ള സ്ഥാനാർത്ഥികൾക്ക് നാമനിർദ്ദേശ പത്രിക കൊടുത്തില്ല. അവസാനം കോടതി ഇടപെട്ട് നാമനിർദ്ദേശ പത്രിക കൊടുക്കാൻ ഇടവന്നു. അങ്ങനെ എത്രയോ സംഭവങ്ങൾ ഈ സംസ്ഥാനത്ത് നടക്കുന്നു. അങ്ങ് തന്നെ പറഞ്ഞിരിക്കുന്നു. തെരഞ്ഞെടുപ്പു സംബന്ധിച്ച് പരാതികൾ, 106, അക്രമ സംഭവങ്ങൾമൂലം തെരഞ്ഞെടുപ്പ് നിറുത്തിവച്ചത്-4, അഡ്മിനിസ്ട്രേറ്റർമാർ ഭരണം നടത്തുന്നത് 1091, അങ്ങനെ പോകുന്നു സഹകരണ മേഖലയിലെ സ്ഥിതി. നമ്മുടെ സംസ്ഥാനത്ത് സഹകരണമേഖലയിൽ ഭരിക്കുന്നവർക്ക് ആണെങ്കിൽ എന്തുമാകാം അല്ലേ സർ, പ്രതിപക്ഷത്തുള്ളവർ നയിക്കുന്ന സഹകരണസ്ഥാപനം ആണെങ്കിൽ അവിടെ അന്വേഷണം. ക്രമക്കേട് എന്തെല്ലാം ആണ്, പക്ഷേ ഭരിക്കുന്ന കക്ഷികളുടെ സഹകരണ സ്ഥാപനങ്ങൾ ആണെങ്കിൽ എന്തുമാകാം. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി നിരവധി പ്രാവശ്യം ആവർത്തിച്ച് അങ്ങയോട് കോട്ടയം ജില്ലയിലെ കാര്യം ചോദിച്ചതാണ്. കോട്ടയം ജില്ലയിലെ എളങ്കുളം സർവീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുവെന്നാണ് മിനിഞ്ഞാന്ന് പറഞ്ഞത്. മൂന്ന് വർഷമായി വിജിലൻസ് അന്വേഷണം സംസ്ഥാനത്തെ മുൻ മന്ത്രിമാരുടെ പേരിലുള്ള അന്വേഷണം ഈവിധമാണെങ്കിൽ ഈ സംസ്ഥാനത്തെ വിജിലൻസ് വകുപ്പിന് ഒരു പ്രൈമറി സഹകരണസംഘത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിച്ച് ഉത്തരങ്ങൾ നല്കാൻ എത്ര വർഷം

LIBRARY ARCHIVES Kerala Legislative Assembly

വേണം. അങ്ങ് പറഞ്ഞിരിക്കുന്ന മറുപടി അനുസരിച്ച് മൂന്ന് ജീവനക്കാരെ സസ്പെൻഡ് ചെയ്തു. ഡയറക്ടർ ബോർഡിന്റെ പേരിൽ നടപടിയില്ല, നടപടിയെടുക്കാൻ പറ്റത്തില്ല. കാരണം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഏരിയ കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്ന മദൻമോഹൻ കർത്തയാണ് അവിടം ഭരിക്കുന്നത്. അതുകൊണ്ട് നിങ്ങൾക്ക് നടപടിയെടുക്കാൻ കഴിയുകയില്ല. 15 കോടി രൂപയാണ് ക്രമക്കേട്, അങ്ങ് കടലാസ് സംഘങ്ങൾക്ക് എതിരെ വളരെ വാചാലമായി സംസാരിക്കുന്ന ആൾ ആണ്. 15 കോടിയുടെ ക്രമക്കേടിൽ ഒരു പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റി മറ്റൊരു കടലാസ് സൊസൈറ്റിയായ കോട്ടയം ടൂറിസ്റ്റ് സൊസൈറ്റി, ആ ടൂറിസ്റ്റ് സൊസൈറ്റിക്ക് 3 കോടി രൂപ ക്രമ വിരുദ്ധമായി നല്കി എന്നാണ് അങ്ങ് നല്കിയ ഉത്തരം. ബഹുമാന്യനായ ഉമ്മൻചാണ്ടിയുടെ ചോദ്യത്തിന് നല്കിയ മറുപടിയാണ്. ഈ രൂപ 15 കോടിയുടെ തിരിമറിയിൽ കോട്ടയം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലുണ്ട്, ടൂറിസം സൊസൈറ്റിയിലുണ്ട്.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : അങ്ങ് പറയുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ മന്ത്രി ഭരിക്കുന്ന സഹകരണവകുപ്പിൽ മാർക്സിസ്റ്റുകാരുടെ പേരിൽ കേസ്സ് എടുക്കണമെന്നാണോ?

<u>ശ്രീ. ഇ.എം. അഗസ്തി</u> : മാർക്സിസ്റ്റ് പാർട്ടി ഭരിക്കുന്ന സഹകരണ സംഘത്തിൽ മാർക്സിസ്റ്റുകാരൻ മന്ത്രിയുള്ളപ്പോൾ മാർക്സിസ്റ്റുകാരുടെ പോലീസിനെക്കൊണ്ട് എങ്ങനെ കേസ്സെടുപ്പിക്കും. ആ ചോദ്യം ഈ സഭ ചർച്ച ചെയ്യണ്ട, മാർക്സിസ്റ്റ് പാർട്ടി ചർച്ച ചെയ്യട്ടെ. മൂന്നരക്കോടി രൂപ കോട്ടയം ടൂറിസം സൊസൈറ്റിയ്ക്കാണ്. അതിൽ ക്രമക്കേടുണ്ടെന്നാണ് അങ്ങ് മറുപടി പറഞ്ഞത്. ഈ മൂന്നരക്കോടി രൂപയുടെ ക്രമക്കേട് സംബന്ധിച്ച് കണ്ടുപിടിച്ച സൊസൈറ്റിയുടെ പ്രസിഡന്റ് ദേശാഭിമാനിയുടെ കോട്ടയം യൂണിറ്റിലെ മാനേജർ പ്രൊഫസർ എം.വി. ജോസഫ് ആണ്. മറ്റൊരു ഡയറക്ടർ കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റായ അങ്ങയുടെ പാർട്ടിയുടെ-ശ്രീമാൻ ഉമ്മൻചാണ്ടിയുടെ എതിർ സ്ഥാനാർത്ഥിയായിരുന്ന ശ്രീ. ടി.എൻ. മാധവനാണ്. ജില്ലാ സെക്രട്ടേറിയേറ്റ് മെമ്പർ ആണ്. മറ്റൊരു ഡയറക്ടർ മാർക്സിസ്റ്റ് പാർട്ടിയുടെ കോട്ടയം ജില്ലാ സെക്രട്ടറിയറ്റ് അംഗമായ കാഞ്ഞിരപ്പള്ളിയിലെ ജോർജ് ജെ. മാത്യുവിനോട് മത്സരിച്ച മുൻ എം.എൽ.എ. കെ.ജെ. തോമസാണ്, ഈ മൂന്ന് പ്രമുഖൻമാരുടെ സംഘത്തിൽ രണ്ടരകോടിയുടെ ക്രമക്കേട് നടന്നു. ക്രമക്കേടുവന്നാൽ അങ്ങയെ സംബന്ധിച്ച് അങ്ങ് മറുപടി പറയണ്ടേ? തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഒരു പ്രൈവറ്റ് കംപ്ലയിന്റ് വന്നു. ആ പ്രൈവറ്റ് കംപ്ലയിന്റിനെപ്പറ്റിയുള്ള വാർത്ത ദീപിക പത്രത്തിൽ വന്നിട്ടുണ്ട്. 1.5.1999-ൽ വന്ന വാർത്ത ശരിയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അങ്ങ് അന്വേഷിക്കണമെന്നാണ് ഞാൻ പറയുന്നത്. അതിലെ ഒരു വാചകം ദേശാഭിമാനി കോട്ടയം യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 2.48 ലക്ഷം രൂപ കോട്ടയം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും മാറ്റിയതായി വിജിലൻസ് കോടതിയിൽ കേസ്സ് ഫയൽ ചെയ്തിരിക്കുന്നു. പരാതിയിൽ കാണുന്നതാണ്, ഞാൻ പറയുന്നതല്ല. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ സംസ്ഥാനകൺവീനർ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമുന്നത നേതാവുമായ വി.എസ്. അച്യുതാനന്ദൻ ചെയർമാനായിട്ടുള്ള ദേശാഭിമാനി പ്രിന്റിംഗ് ആന്റ് പബ്ളിഷിംഗ് കമ്പനിക്ക് കോട്ടയം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്ന് രണ്ടര ലക്ഷം രൂപ തട്ടിയെടുക്കേണ്ട യാതൊരു ആവശ്യവുമുണ്ടെന്ന് ഞാൻ കരുതുന്നില്ല. അങ്ങനെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപം വന്നാൽ, ഈ രാജ്യത്തെ ഒരു പത്രത്തിൽ അങ്ങനെ ഒരു കേസ്സ് വന്നാൽ, അങ്ങനെ ഒരു വാർത്ത വന്നാൽ അതിനെ സംബന്ധിച്ച് അന്വേഷിക്കണ്ടേ? ഈ വാർത്തയെ സംബന്ധിച്ച് കേരളത്തിലെ ജനങ്ങളോട് മറുപടി പറയണ്ടേ? അങ്ങ് മറുപടി പറയണമെന്ന് വിനയപൂർവം സൂചിപ്പിച്ചുകൊണ്ട് സഹകരണ അക്കാഡമി ഉൾപ്പെടെ നിരവധി കാര്യങ്ങളെ സംബന്ധിച്ച് പറയാനുണ്ടെങ്കിലും സമയപരിമിതിമൂലം ഞാൻ അവസാനിപ്പിക്കുന്നു, ഞാൻ ഈ ഡിമാന്റുകളെ എതിർക്കുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഈ ഡിമാന്റുകളെ സർവ്വാത്മനാ പിന്താങ്ങുന്നു. വളരെ അഭിമാനത്തോടും അതിലേറെ സന്തോഷത്തോടും കൂടിയാണ് ഈ ഗവണ്മെന്റിനെ അനുകൂലിക്കുന്ന ഒരു നിയമസഭാ സാമാജികൻ എന്നുള്ള നിലയിൽ ഈ ഡിമാന്റുകളെ പിന്താങ്ങുന്നത്. കഴിഞ്ഞ 3 വർഷക്കാലത്തെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് ഏറ്റവും ശക്തിമത്തായിട്ടുള്ള, ഈ സംസ്ഥാനത്തിന്റെ വളർച്ചയുടെ ശരിയായിട്ടുള്ള ചിത്രം ചൂണ്ടിക്കാണിക്കാൻ പര്യാപ്തമാണ് വൈദ്യുതിമേഖലയിലെ വളർച്ചയെന്ന് പറയുന്നത്. ഇവിടെ ഒരു നയം കൊണ്ടുവന്നതിനെ സംബന്ധിച്ച് ബഹുമാന്യ സ്നേഹിതൻ അഗസ്തി ആക്ഷേപിക്കുന്നതു കേട്ടു. 1957 ഏപ്രിൽ മാസം രണ്ടാം തീയതിയാണ് വൈദ്യുതി ബോർഡ് നിലവിൽ വന്നത്. അതിനുശേഷം വിവിധ ഗവണ്മെന്റുകൾ മാറിമാറിവന്നു. പക്ഷേ ആദ്യമായിട്ട് ഒരു വൈദ്യുതിനയം, തികഞ്ഞ ലക്ഷ്യബോധത്തോടുകൂടിയിട്ടുള്ള ഒരു വൈദ്യുതി നയം, ഈ നിയസഭയിൽ പ്രഖ്യാപിച്ചത് ഈ ഗവണ്മെന്റാണ്. ആ നയത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ വൈദ്യുതി മേഖലയുടെ വളർച്ചയ്ക്കുവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിയ ഒരു ഗവണ്മെന്റിനെ എങ്ങനെയാണ് അപ്പുറത്തിരുന്നുകൊണ്ട് ആക്ഷേപിക്കുവാൻ വേണ്ടി കഴിയുക. അന്ധമായിട്ടുള്ള രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ, വൈദ്യുതി നയത്തേയും വൈദ്യുതിമേഖലയിലെ പ്രവർത്തനത്തേയും ആക്ഷേപിക്കുവാൻ കഴിയുന്നുവെന്നുള്ളതല്ലാതെ, നെഞ്ചിൽ കൈവച്ചുകൊണ്ട് നിങ്ങൾക്ക് നമ്മുടെ സംസ്ഥാനത്തെ വൈദ്യുതി-മേഖലയുടെ വളർച്ച കണ്ടില്ലായെന്ന് നടിക്കുവാൻ കഴിയുമോ? ഇവിടെ ശ്രീ. അഗസ്തി പറയുന്നതു കേട്ടു, ഇതിനിടയിൽ നാല് പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചുവെന്ന്. ശ്രീ. അഗസ്തിയുടെ നിയോജകമണ്ഡലത്തിൽ പ്രത്യേക വർദ്ധനവ് വന്നിട്ടുണ്ടോയെന്ന് എനിക്കറിയില്ല. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് നിങ്ങൾ 3 പ്രാവശ്യം വൈദ്യുതിചാർജ്ജ് വർദ്ധിപ്പിച്ചു. നിങ്ങളുടെ മൂന്ന് പ്രാവശ്യത്തെ വർദ്ധനവ് എന്ന് പറയുന്നത്, 56.11 ശതമാനമായിരുന്നു. ഇപ്പോൾ രണ്ടുപ്രാവശ്യം വർദ്ധിപ്പിച്ചു. അത് രണ്ട് പ്രാവശ്യത്തെ വർദ്ധനവും കൂടി ചേരുമ്പോൾ 56.5 ശതമാനം. അതിൽതന്നെ ഹൈ ടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ എന്നീ വിഭാഗങ്ങൾക്ക് 5 ശതമാനത്തിന്റെ ഇളവ് ഇപ്പോൾ തന്നെ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. അത് കുറയും, എന്നാലും 56.5 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിങ്ങൾ എന്തിനാണ് വർദ്ധിപ്പിച്ചത്. 17 മെഗാവാട്ട് ആണ് നിങ്ങളുടെ 5 വർഷക്കാലം ഈ സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനത്തിൽ വർദ്ധനവുണ്ടായത്. നിങ്ങൾ സംസ്ഥാനത്തെ ഇരുട്ടിലേയ്ക്ക് കൊണ്ട് പോകുകയായിരുന്നില്ലേ? ഇരുട്ടിലേയ്ക്ക് സ്റ്റേറ്റിനെ വലിച്ചിഴക്കാൻ വേണ്ടിയല്ലേ നിങ്ങൾ ജനങ്ങളുടെമേൽ അധികമായിട്ടുള്ള ഭാരം അടിച്ചേൽപ്പിച്ചത്. ഇപ്പോൾ എന്താണ്? നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലേ. ഇപ്പോൾ 537.6 മെഗാവാട്ട് വൈദ്യുതി ഈ 3 വർഷക്കാലത്തിനിടയിൽ നമ്മുടെ വൈദ്യുതിശൃംഖലയിൽ വന്നു ചേർന്നില്ലേ? നിഷേധിക്കുവാൻ കഴിയുന്ന കാര്യമാണോ? കക്കാട് ഉടനെ 251/2010.

LIBRARY ARCHIVES Kerala Legislative Assembly

തന്നെ കമ്മിഷൻ ചെയ്യാൻ പോകുകയാണ്- 50 മെഗാവാട്ട്, മലമ്പുഴ-5.25 മെഗാവാട്ട് ഉടനെതന്നെ കമ്മിഷൻ ചെയ്യാൻ പോകുകയാണ്. കോഴിക്കോട് ഡീസൽ നിലയം-128 മെഗാവാട്ട്. ഈ 17-ാം തീയതി കമ്മീഷൻ ചെയ്യാൻ പോകുകയാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്. ബി.എസ്.ഇ.എ സ്. ഇപ്പോൾ 40.5 മെഗാവാട്ട് അതുംകൂടി ചേരുമ്പോൾ 157 മെഗാവാട്ട് 2000-ാം ആണ്ടിന് മുൻപ് പൂർത്തീകരിക്കും. കായംകുളത്തെ മൂന്നാം യൂണിറ്റ് 120 മെഗാ വാട്ടിന്റേതാണ്. 2000-ാം ആണ്ടിൽ അതും പൂർത്തീകരിക്കും, ഇതെല്ലാം കൂടി ചേരുമ്പോൾ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വൈദ്യുതി യുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം മിച്ച സംസ്ഥാനമായി മാറത്തക്കത്തര ത്തിൽ, 15-ാം പവർ സർവ്വേ പറയുന്നത്, 2763 മെഗാവാട്ട് 2000 ആണ്ടിൽ ഉണ്ടാ ക്കണമെന്നുള്ളതാണ്. ആ 2763 മെഗാവാട്ട് ഉണ്ടാക്കാൻ കഴിയുന്ന തരത്തിൽ വൈദ്യുതി മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് ഈ ഗവണ്മെന്റ് മുന്നോട്ടുപോകുന്നുവെന്ന കാര്യം നിങ്ങൾക്ക് സമ്മതിക്കാൻ എന്താണ് വിഷമം? കണക്കുകൾ ഉദ്ധരിച്ചല്ലേ ഞങ്ങൾ പറയുന്നത്. നിങ്ങൾക്ക് സമ്മതി ക്കാൻ വിഷമം വരുന്നത് ഞാൻ നേരത്തേ പറഞ്ഞ അന്ധമായിട്ടുള്ള രാഷ്ട്രീയ തിമിരത്തിന്റെ പേരിൽ മാത്രമാണ്. ഞങ്ങൾ കൊണ്ടുവന്നതാണ്, ഇപ്പോൾ നിങ്ങൾ ഉദ്ഘാടനം ചെയ്യുന്നതെന്നാണ്, ശ്രീ. അഗസ്തി അതിന്റെ സ്ഥിതിയെന്ന് പറയുന്നത് നിങ്ങൾ കൊണ്ടുവന്നതാണോ? 1981 മുതൽ 1987 വരെയുള്ള കാര്യമെടുത്താൽ മതി. ഇടതുപക്ഷ സർക്കാർ കേന്ദ്രാനുമതി യ്ക്കായി വിവിധ പദ്ധതികൾ നമ്മുടെ സംസ്ഥാനത്തു സമർപ്പിച്ചു. പൂയംകുട്ടി -1981-ൽ സമർപ്പിച്ചതാണ്. കായംകുളം-1987-ൽ സമർപ്പിച്ചതാണ്. ബ്രഹ്മപുരം -1988-ൽ സമർപ്പിച്ചതാണ്. കുറ്റ്യാടി-1989 ൽ സമർപ്പിച്ചതാണ്. പാമ്പാറും മണി യാറും തൃക്കരിപ്പൂരും ഒക്കെതന്നെ 1989-ലാണ് സമർപ്പിക്കപ്പെട്ടത്. പള്ളി വാസൽ പുതിയത് 1990-ൽ സമർപ്പിച്ചതാണ്. ആതിരപ്പള്ളി-1990-ൽ സമർപ്പിച്ച താണ്. ചെമ്പുകാവ്-1990-ലാണ്, കാരപ്പാറ-1990-ലാണ്, ഭൂതത്താൻകെട്ട്-1990 ലാണ്, കാസർഗോഡ് 1990-ലാണ്, വിഷമിച്ചിട്ടൊന്നും കാര്യമില്ല. ഇതെല്ലാം നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷഗവണ്മെന്റുകൾ കൊണ്ടുവന്നതാണ്. ഇതിൽ യു.ഡി.എഫിന്റെ കാലത്ത് രണ്ടെണ്ണം തുടങ്ങി. ആ തുടങ്ങിയ രണ്ടെ ണ്ണവും നമ്മുടെ നാട്ടിൽ കുപ്രസിദ്ധമാകുകയും ചെയ്തിട്ടുണ്ട്. ഏതൊക്കെയാ ണെന്ന് ഞാൻ പറയണമോ? എന്നെക്കൊണ്ട് പറയിപ്പിക്കണമോ? ശ്രീ. പരമരാ ജൻ വക്കീലിനോട് വല്ല വിരോധവുമുണ്ടെങ്കിൽ എന്റെ കൈയിൽ സാധന മുണ്ട്. ഞാൻ എല്ലാം കൊണ്ടുവന്നിട്ടുണ്ട്, എല്ലാം പറയാം. യു.ഡി.എഫിന്റെ കാലത്ത് നിങ്ങൾ രണ്ടെണ്ണം തുടങ്ങി. രണ്ടും കുളമാക്കിയിട്ടുണ്ട്. ഒന്ന് ബ്രഹ്മ പുരം, രണ്ട് കായംകുളം. ബ്രഹ്മപുരം അഴിമതിയിൽ കുളിച്ചു. കായംകുളമാ ണെങ്കിൽ മാറിമാറി നിങ്ങളുടെ നേതാക്കൻമാർ കല്ലിട്ടു. വേറെ എന്താണ് ചെയ്തത്? മൂന്ന് കല്ല് മാറിമാറി ഇട്ടു എന്നുള്ളതല്ലാതെ കായംകുളം പദ്ധതി ക്കുവേണ്ടി നിങ്ങൾക്ക് വിരലനക്കാൻ കഴിഞ്ഞിട്ടുണ്ടോ? വലിയ വായിൽ വർത്തമാനം പറയുകയാണ്. 5 വർഷക്കാലംകൊണ്ട് ആകെ 17 മെഗാവാട്ട് ഉൽപ്പാദിപ്പിച്ച ആളുകളാണ് നിങ്ങൾ. എന്നിട്ടാണ് ആയിരംമെഗാവാട്ട് ഉൽപ്പാദി പ്പിക്കുന്നതിനുവേണ്ടി 5 വർഷത്തെ പദ്ധതിയുമായി മുന്നോട്ടുപോകുന്ന ഒരു ഗവണ്മെന്റിനെ ഭൽസിക്കാൻ ശ്രമിക്കുന്നത്. നിയമസഭാ സമ്മേളനം ആരംഭിച്ച പ്പോൾതന്നെ വൈദ്യുതിചാർജ്ജ് കൂട്ടി എന്നുപറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ നിങ്ങളെല്ലാവരുംകൂടി പുറത്തുപോയല്ലോ. അന്ന് അദ്ദേഹം വല്ലാതെ വേദനിച്ച് ഒരു കാര്യം പറയു ന്നുണ്ടായിരുന്നു. ഇന്ന് അദ്ദേഹം വന്നിട്ടില്ല. അദ്ദേഹം മദ്രാസിലെ പൊയസ്.

LIBRARY ARCHIVES Kerala Legislative Assembly

ഗാർഡനിൽ പോയതാണ്. എന്താണ് സ്ഥിതി എന്നറിഞ്ഞില്ല. വരുമ്പോൾ അദ്ദേഹത്തോട് ചോദിക്കേണ്ട ഒരു കാര്യമാണ്. അദ്ദേഹം അന്ന് ഇറങ്ങിപ്പോക്ക് നടത്തിയപ്പോൾ ഒരു പ്രസംഗം നടത്തി. ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രി സഭയേയും ജനങ്ങളേയും തെറ്റിദ്ധരിപ്പിക്കുകയാണ് എന്ന്. ഇവിടെ സി. ആന്റ് എ.ജി. റിപ്പോർട്ട് വച്ചപ്പോൾ അതിൽ ലാഭം കാണിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ നഷ്ടമാണെന്നു പറഞ്ഞിട്ട് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിരിക്കുകയാണ്, ഇത് സഭയേയും ജനങ്ങളേയും തെറ്റിദ്ധരിപ്പിക്കലാണ് എന്നെല്ലാം വളരെ വികാരപരമായി. അദ്ദേഹത്തിന് നല്ല അഭിനയസിദ്ധികൂടിയുള്ളതു കൊണ്ട് വളരെ മനോഹരമായി ഇവിടെ പ്രതിഫലിപ്പിച്ചു. നമ്മുടെ സംസ്ഥാനത്തെ വൈദ്യുതി ബോർഡിന് ഇങ്ങനെ ലാഭം ഉണ്ടാക്കാനുള്ള വിദ്യ കാണിച്ചു കൊടുത്തത് ആരാണ്? ഇനി സംസാരിക്കുന്ന എന്റെ മാന്യസ്നേഹിതന്മാർ പറഞ്ഞാൽ മതി. ശ്രീമാൻ എ.കെ. ആന്റണിയാണോ? അദ്ദേഹം മുഖ്യമന്ത്രി ആയിരുന്ന കാലത്താണോ നഷ്ടത്തിൽ വരുന്ന വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കാനുള്ള കൺകെട്ട് വിദ്യ കാണിച്ചു കൊടുത്തത്. ഈ മാർഗ്ഗങ്ങളെല്ലാം ചൂണ്ടിക്കാണിച്ചുകൊടുത്തതിന്റെ ഉത്തരവാദിത്വം ശ്രീമാൻ. എ.കെ. ആന്റണിക്ക് ആണോ? ആർക്ക് ആണ്? പറയേണ്ട കാര്യമുണ്ട്. നിങ്ങൾ കഴിഞ്ഞ 21-ാം തീയതി ഇറങ്ങിപ്പോയല്ലോ. അന്ന് ഈ സഭയിൽ പ്രധാനപ്പെട്ട ഒരു വിഷയം വരുന്നുണ്ടായിരുന്നു. ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉന്നയിച്ച അഴിമതി ആക്ഷേപങ്ങളെ സംബന്ധിച്ച് അന്വേഷിച്ച അന്വേഷണക്കമ്മീഷന്റെ റിപ്പോർട്ട് സഭയിൽ വയ്ക്കുന്ന ദിവസം. അത് കേട്ടു കൊണ്ടിരിക്കാനുള്ള ഒരു മനസാന്നിദ്ധ്യം ഇല്ലാത്തതുകൊണ്ട്, അതു കേൾക്കാൻ വിഷമമുള്ളതുകൊണ്ട് ആയിരിക്കാം നിങ്ങൾ ഇറങ്ങിപ്പോയത്. നിങ്ങൾ ആ റിപ്പോർട്ട് കണ്ടോ? കണ്ടില്ലല്ലോ. 1993 ഡിസംബർ മാസം 12-ാം തീയതി ഒപ്പുവച്ച കരാറിനെ സംബന്ധിച്ച് അന്നത്തെ വൈദ്യുതി മന്ത്രിയായിരുന്ന ശ്രീ. സി.വി. പത്മരാജനെതിരെ തെളിവുകൾ നിരത്തിക്കൊണ്ട് ഈ നിയമസഭയ്ക്ക് അകത്തും പുറത്തും ആക്ഷേപം ഉന്നയിച്ചല്ലോ. ആ ആക്ഷേപത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്തായിരുന്നു? ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടു. നിങ്ങൾ ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാണോ? തയ്യാറായില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. നമ്മുടെ നിയമനിർമ്മാണ സഭയിൽ നടന്ന ഒരു ട്രാൻസാക്ഷനെ സംബന്ധിച്ചാണ് അദ്ദേഹം ഇവിടെ പരാമർശിച്ചത്. ഞങ്ങൾ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട കൂട്ടത്തിൽ തന്നെയാണ്. ജുഡീഷ്യൽ അന്വേഷണം നടത്തുമ്പോൾ അതുമായി ബന്ധപ്പെട്ട രണ്ടു കേസ്സുകൾ ഒരുപോലെ വന്നു. എലഹങ്ക കരാറിനെ സംബന്ധിച്ചും കാസർഗോഡ് സംഭവത്തെക്കുറിച്ചും തർക്കമുണ്ടായി. ഞങ്ങൾ, കാസർഗോഡ് സംഭവത്തെക്കുറിച്ചും ബ്രഹ്മപുരത്തെക്കുറിച്ചും ഒരു പോലെ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടും ഏകപക്ഷീയമായി അന്വേഷണം നടത്തിയവരാണ് ഇവർ. അത് റൂൾ 307 അനുസരിച്ച് എക്സ്പഞ്ച് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അതു കൊണ്ട് അങ്ങയുടെ റൂളിംഗ് വേണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : എന്റെ മാന്യ സ്നേഹിതന്റെ വ്യഗ്രത കാണുമ്പോൾത്തന്നെ എന്തോ, എല്ലാം ചീഞ്ഞുനാറുന്നു എന്ന കാര്യം നമുക്കെല്ലാവർക്കും ബോധ്യപ്പെട്ടിരിക്കുകയാണ്. അന്ന് ആക്ഷേപം ഉന്നയിച്ച ആളിന്റെ പേരിൽ കേസ്സ് കൊടുക്കാൻ വേണ്ടിയാണ് നിങ്ങൾ തയ്യാറായത്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഗൗരവമുള്ള വിഷയം, എല്ലാ തെളിവുകളോടുംകൂടി നിയമസഭയ്ക്ക് അകത്തും പുറത്തും ആക്ഷേപം ഉന്നയിച്ചപ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കുക എന്ന കേവല മര്യാദ നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. മറിച്ച് അദ്ദേഹത്തെ കോടതി കയറ്റാൻ വേണ്ടിയാണ് നിങ്ങൾ ശ്രമിച്ചത്. അത് രാഷ്ട്രീയ പ്രേരിതമാണെന്നെല്ലാം നിങ്ങൾ ആക്ഷേപിച്ചു. ഇപ്പോൾ കമ്മിഷൻ റിപ്പോർട്ട് പുറത്തുവന്നല്ലോ. അന്ന് ശ്രീ. വി.എസ്. അച്ചുതാനന്ദനും അന്നത്തെ പ്രതിപക്ഷ നേതാക്കൻമാരും 25 കോടി രൂപയുടെ അഴിമതിയാണ് ആക്ഷേപമായി ഉന്നയിച്ചിരുന്നതെങ്കിൽ ഇന്നിപ്പോൾ കമ്മിഷൻ റിപ്പോർട്ട് പറയുന്നതെന്താണ്? ദി കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 1988 -ലെ റിപ്പോർട്ടാണ് എന്റെ കൈയിലിരിക്കുന്നത്. ഇത് അംഗീകരിക്കുമോ? ഇതും അംഗീകരിക്കില്ലേ? ഇതും സി.പി.ഐ. (എം) തയ്യാറാക്കിയത് ആണ് എന്നായിരിക്കാം പറയാൻ പോകുന്നത്. ഇതും അംഗീകരിക്കില്ലേ. അതിനകത്ത് പറയുന്നത്. 'The considerations for selection of the French firms without inviting global tenders for the supply of DG Sets and other equipments were that similar contract was finalised by Karnataka Electricity Board with those firms, the price agreed was the same and Indo-French Protocol Soft Loan was available for the project. However, the price agreed by the Board was higher by Rs.35.78 Crore and the finance made available for the project was Buyer's Credit entailing additional interest liability of Rs.20.53 Crore. ഇത് ആരാണ് പറഞ്ഞിരിക്കുന്നത്? നമ്മുടെ സംസ്ഥാന കമ്മിറ്റി ഓഫീസിൽ തയ്യാറാക്കിയ റിപ്പോർട്ടാണ്. സി.ആന്റ്.എ.ജി. യുടെ റിപ്പോർട്ട് ഞാൻ ഇനിയും വായിക്കണോ? വായിക്കണ്ട. മതിയായി. ടെണ്ടർ ക്ഷണിക്കാതെ ഫ്രഞ്ച് കമ്പനിയിൽനിന്നും ബ്രഹ്മപുരം ഡീസൽ നിലയത്തിന്റെ ജനറേറ്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലൂടെ വൈദ്യുതി ബോർഡിന് 56.31 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാക്കി എന്ന് ആഡിറ്റ് റിപ്പോർട്ടിൽ പറയുന്നു. ആ ആഡിറ്റ് റിപ്പോർട്ടിനകത്തെ വിശദാംശങ്ങൾ അന്വേഷിച്ചുകൊണ്ട് അതിന്റെ ഉത്തരവാദികൾ ആരെല്ലാമാണെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. ബ്രഹ്മപുരം പദ്ധതി നിശ്ചിത സമയത്ത് തീർക്കാത്തതുമൂലം അടങ്കൽ തുകയിൽ 119 കോടി രൂപയുടെ അധിക ചെലവും നേരിട്ടു എന്ന് ഈ റിപ്പോർട്ടിനകത്ത് പരാമർശിക്കുന്നുണ്ട്. ആസൂത്രണകമ്മിഷൻ അംഗീകരിച്ച പദ്ധതി ചെലവ് 281 കോടി രൂപയായിരിക്കെ 400 കോടി രൂപയാണ് പണി തീരുമ്പോൾ ചെലവ് നേരിടുന്നതെന്ന് റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നുണ്ട്. ആ റിപ്പോർട്ടിനകത്ത് പറയുന്ന കാര്യമാണ് ഇത്. ഈ റിപ്പോർട്ട് എങ്കിലും നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? നിങ്ങൾ രണ്ട് പ്രോജക്ടുകൾ ഇവിടെ നടപ്പിലാക്കാൻ വേണ്ടി ശ്രമിച്ചു. അതിൽ ഒരു പ്രോജക്ടിന്റെ കാര്യമാണ് ഞാൻ പറയുന്നത്. 281 കോടി രൂപ പ്ലാനിംഗ് കമ്മിഷൻ അംഗീകരിച്ച പദ്ധതി ചെലവ് ആയിരിക്കെ 400 കോടി രൂപ ചെലവഴിച്ചവരാണ് നിങ്ങൾ. അതിന് യാതൊരു വിഷമവും നിങ്ങൾക്ക് ഉണ്ടായില്ല. വളരെ ദീർഘമായിട്ടുള്ള വിഷയം ആയതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കമ്മിഷന്റെ റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. അതിൽ പറയുന്ന കാര്യം എന്താണ്? കമ്മിഷൻ റിപ്പോർട്ടിൽ ബ്രഹ്മപുരം ഡീസൽ വൈദ്യുതനിലയത്തിൽ സ്ഥാപിക്കാൻ വേണ്ട 5 ഡീസൽ ജനറേറ്ററുകൾ വാങ്ങുന്നതിനുള്ള വിലയും മറ്റ് വ്യവസ്ഥകളും കർണ്ണാടക സംസ്ഥാന വൈദ്യുതി ബോർഡ് എലഹങ്ക പ്രോജക്ടിനുവേണ്ടി സ്ഥാപിച്ച ഡീസൽ ജനറേറ്ററുകളുടെ വിലയ്ക്കും മറ്റ് വ്യവസ്ഥകൾക്കും സമാനമായിരുന്നില്ല എന്നു പറയുന്നു. ജനറേറ്ററുകളുടെ വില ഇറക്കുമതി ചെയ്ത ഉപകരണങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ക്വാട്ട, ഇൻഡ്യൻ ഉപകരണങ്ങളുടേയും സ്പെയർ പാർട്ട്സുകളുടേയും അളവ്, ഗ്യാരണ്ടി വ്യവസ്ഥകൾ എന്നിവയിൽ സാരമായ വ്യതിയാനങ്ങളും വ്യത്യാസങ്ങളും ഉണ്ടായിരുന്നു. കൂടാതെ കരാറിന്റെ കുറെ വ്യവസ്ഥകൾക്ക് വ്യത്യാസങ്ങളുണ്ടായിട്ടുണ്ട്. പ്രസ്തുത വ്യതിയാന വ്യത്യാസങ്ങൾ കാരണം കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് 71 കോടിരൂപയിലധികം നഷ്ടവും SEMT Pielstick കമ്പനിക്ക് അത്രയും തുകയുടെ ലാഭവുമുണ്ടായിട്ടുണ്ട്. അന്വേഷണ കമ്മിഷന്റെ റിപ്പോർട്ടാണിത്. ഞാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പു മന്ത്രിയോടും സംസ്ഥാന ഗവണ്മെന്റിനോടും വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നത് ഈ 71 കോടിരൂപയുടെ നഷ്ടം സംസ്ഥാനഗവണ്മെന്റിനുണ്ടായി എന്നുപറയുമ്പോൾ ഇതിന്റെ ലാഭം 71 കോടി രൂപ SEMT Pielstick Company-ക്ക് ലഭിച്ചുവെന്ന് പറയുമ്പോൾ ഈ പണം എവിടെയെല്ലാം ഒഴുകിയെത്തി എന്ന് വളരെ വിശദമായി പരിശോധിച്ചുകൊടുക്കാൻ, ഈ ആളുകളെ നമ്മുടെ മുന്നിൽ കൊണ്ടുവരാനുള്ള ബാധ്യത ഗവണ്മെന്റ് ഏറ്റെടുക്കേണ്ടതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നില്ലായിരുന്നു എങ്കിൽ ഈ അന്വേഷണ കമ്മിഷൻ ഉണ്ടാകുമോ? ഉണ്ടാവുകയില്ലല്ലോ. ഈ 71 കോടി രൂപ എങ്ങോട്ടാണ് പോയത്. 71 കോടി രൂപ ആരുടെയെല്ലാം പോക്കറ്റുകളിലേയ്ക്കു പോയി, പ്രതിപക്ഷത്തിരിക്കുന്നു എന്നുള്ളതുകൊണ്ട് ഇതൊന്നും അന്വേഷിക്കണ്ടായെന്നാണോ പറയുന്നത്. ഈ സംസ്ഥാനത്തിന്റെ സമ്പത്താണ് കവർച്ച ചെയ്യപ്പെട്ടിരിക്കുന്നത്. ആകെ ഒരു പദ്ധതിയാണ് അവരുടെ കാലഘട്ടത്തിൽ പ്രവർത്തനനിരതമാകുന്നതിന് പരിശ്രമിച്ചത്., ആ പദ്ധതിയുടെ കാര്യംതന്നെ ഈ അവസ്ഥയിലായിരുന്നുവെന്നുള്ള കാര്യം നമ്മുടെ രാജ്യത്തിലെ ജനങ്ങൾ ഗൗരവത്തോടുകൂടി കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. ആ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഇനി ഒരിക്കലും ഒരു പൊതുപ്രവർത്തകനും ഈ രൂപത്തിൽ മുന്നോട്ടുവരാൻ കഴിയാത്ത തരത്തിലുള്ള ശക്തമായ നിയമ നടപടികൾ സ്വീകരിക്കാൻ കഴിയണം. അന്നുള്ള ചില ഉദ്യോഗസ്ഥന്മാർ ഇപ്പോഴും ചില സ്ഥലങ്ങളിൽ ഇരിക്കുന്നുണ്ട്. ആർ. നാരായണന്റെ പേര് ഇതിൽ പരാമർശിച്ചിട്ടുണ്ട്. ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കമ്മിഷണറായിട്ട് അദ്ദേഹത്തിന് പുനർനിയമനം ലഭിച്ചിരിക്കുകയാണ്. ഗവണ്മെന്റ് ശ്രദ്ധിക്കേണ്ട ഒരു വിഷയമാണത്. രണ്ടായിരാമാണ്ടോടുകൂടി വൈദ്യുതിമേഖലയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം നമുക്ക് പൂർത്തീകരിക്കാൻ കഴിയത്തക്കതരത്തിലുള്ള പ്രവർത്തനങ്ങളുമായിട്ടാണ് ഈ ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. ഇപ്പോൾ ഗവണ്മെൻറ് കൊണ്ടുവന്നിരിക്കുന്ന എല്ലാ പദ്ധതികളും നമ്മുടെ സംസ്ഥാനത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നാം പരിശ്രമിക്കണം. അതോടൊപ്പം പ്രസരണ വിതരണരംഗത്ത് ഇന്ന് നിലവിലുള്ള ദൗർഭാഗ്യകരമായ സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേയ്ക്ക് നയിക്കുന്നതിനുവേണ്ടിയുള്ള ഭഗീരഥപ്രയത്നം ചെയ്ത മൂന്നുവർഷക്കാലം ഭരിച്ച രണ്ടുമന്ത്രിമാരായ ശ്രീ. പിണറായി വിജയനെയും, അതുപോലെ ശ്രീ. ശർമ്മയേയും ഹൃദ്യമായി അനുമോദിച്ചുകൊണ്ട് ആത്മാർത്ഥതയോടുകൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

<u>ശ്രീ. പി.കെ.കെ. ബാവ</u> : സർ, 'വെളിച്ചം ദു:ഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം'. ഈ ആപ്തവാക്യം അന്വർത്ഥമാക്കുന്ന രീതിയിലാണ് ഇടതുമുന്നണി ഗവണ്മെന്റ് വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്യുന്നത്. ഈ കാരണങ്ങൾകൊണ്ടുതന്നെ ഞാൻ ഈ ഡിമാന്റുകളെ ശക്തിയായി എതിർക്കുകയാണ്. ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ സംസാരിച്ചപ്പോൾ എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

തോന്നിയത് ഒന്നുകിൽ അദ്ദേഹം ഈ സഭയിലാണ് സംസാരിക്കുന്നത് എന്നുള്ളകാര്യം വിസ്മരിച്ചു. അല്ലെങ്കിൽ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിച്ചു. വളരെ ചെറിയ ഒരു കാര്യം ചോദിക്കട്ടെ. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതു തന്നെ പവർകട്ടിന്റെ പേരുപറഞ്ഞാണ്. അന്ന് കുംഭം, മീനം മാസത്തിൽ ഒരിറ്റു വെള്ളം കിട്ടാതെ വലഞ്ഞ കാലഘട്ടത്തിലാണ് പഴയ ഗവണ്മെന്റ് അരമണിക്കൂർ പവർകട്ട് ഏർപ്പെടുത്തിയത്. പുതിയ ഗവണ്മെന്റ് വന്നതിനുശേഷം അത് വർദ്ധിപ്പിച്ചു. പക്ഷെ പവർകട്ടിന്റെ പേരിൽ അധികാരത്തിൽ വന്ന ഈ ഗവണ്മെന്റ് കഴിഞ്ഞ മൂന്നുവർഷക്കാലം പിന്നിട്ടു. എന്നിട്ടും പൂർണ്ണമായ അർത്ഥത്തിൽ പവർകട്ട് ഒഴിവാക്കാനോ അരമണിക്കൂർ ലോഡ്ഷെഡ്ഡിംഗ് പിൻവലിക്കാനോ ശ്രമിച്ചില്ലെന്നുള്ളതാണ് സത്യം. 1997-98-ലെ ഉൽപ്പാദനം 5187.13 മില്യൻ യൂണിറ്റായിരുന്നു. ഇപ്പോൾ 1998-99-ൽ അത് 7841.91 മില്യൺ യൂണിറ്റായി വർദ്ധിച്ചിട്ടുണ്ട്. ഇത് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ 22-ാം തീയതി നിയമസഭയിൽ പറഞ്ഞ മറുപടിയിൽ വ്യക്തമാക്കിയതാണ്. ഏതാണ്ട് 2650 മില്യൻ യൂണിറ്റ് അധികമായി ഉൽപ്പാദിപ്പിച്ചിരിക്കുന്നു എന്നർത്ഥം. ഈ ഉൽപ്പാദനത്തിന്റെ പിന്നിൽ പ്രവർത്തിച്ചതാരാണ് എന്ന് ഞാൻ പറയേണ്ടതില്ല. കഴിഞ്ഞ ഗവണ്മെന്റിന് അവകാശപ്പെട്ടതാണ് അതിന്റെ ക്രെഡിറ്റ് മുഴുവൻ. ഇപ്പോൾ ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞത് പഴയകാലത്ത് ഞങ്ങളുടെ ഗവണ്മെന്റാണ് ഈ പദ്ധതികൾ കേന്ദ്രത്തിൽ സമർപ്പിച്ചതെന്നാണ്. ഏതായാലും സമർപ്പിച്ചു എന്നുള്ളിടത്ത് എത്തിയല്ലോ? സന്തോഷമേയുള്ളൂ. പക്ഷെ എന്റെ വാദം അതല്ല. ഇത്രയധികം വർദ്ധനവുണ്ടായിട്ടും ശനി, ഞായർ ദിവസങ്ങളിലും ചില വിശേഷ ദിവസങ്ങളിലും അതുപോലെ ജില്ലാ ആസ്ഥാനങ്ങളിലും മാത്രം ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞിട്ടുള്ളത്. ഇത് ജനങ്ങൾക്ക് സ്വീകാര്യമല്ല. തെരഞ്ഞെടുപ്പു അടുക്കുന്നതുവരെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ നിങ്ങൾ കാത്തിരിക്കുകയാണ്. അതുവരെ പോകരുത്. എത്രയുംവേഗം തെരഞ്ഞെടുപ്പു വരുന്നതിനുമുമ്പുതന്നെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കി ജനങ്ങളെ സഹായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പവർകട്ടിനു പുറമെ അപ്രഖ്യാപിത കട്ടുകളുടെ ഘോഷയാത്രതന്നെ പലയിടത്തും. വിശേഷിച്ച് മലപ്പുറം, കോഴിക്കോട് ജില്ലകളിലും മലബാർ പ്രദേശത്തുമൊക്കെ പകൽ സമയം പലപ്പോഴും വൈദ്യുതിയില്ല. രാത്രിസമയമാണെങ്കിൽ ഒരു ചെറിയ കാറ്റടിച്ചാൽ, മാനമൊന്ന് കറുത്താൽ മലബാർ മേഖലയിൽ വൈദ്യുതി അപ്രത്യക്ഷമാകുന്നു. പവർകട്ട് ഒഴിവാക്കിയതുകൊണ്ടുമാത്രമായില്ല, അപ്രഖ്യാപിത പവർകട്ടും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇലക്ട്രിസിറ്റി ഓഫീസുകളിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും ജനങ്ങളോടുള്ള മനോഭാവത്തിൽ മാറ്റമുണ്ടാകണം. എങ്ങനെ വൈദ്യുതി വിച്ഛേദിച്ച് ജനങ്ങളെ ദ്രോഹിക്കാം എന്നുള്ള സമീപനം മാറ്റി വൈദ്യുതിനൽകി എങ്ങനെ ജനങ്ങളെ സഹായിക്കാം എന്ന രീതിയിൽ ഉദ്യോഗസ്ഥന്മാർ വരണം. എങ്കിൽമാത്രമേ നമ്മുടെ നാട്ടിൽ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ സാധിക്കൂ.

ഇനി ചാർജ് വർദ്ധനവിന്റെകാര്യം. ചാർജ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ജനങ്ങളോട് യാതൊരു ദയാദാക്ഷിണ്യവും കാണിച്ചിട്ടില്ലെന്നു മാത്രമല്ല ബ്ളെയിഡ് കമ്പനികളെപ്പോലും നാണിപ്പിക്കുന്ന രീതിയിലാണ് ഗവണ്മെന്റും ബോർഡും ചേർന്ന് ചാർജ്ജ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഇതു കുറയ്ക്കണമെന്ന ആവശ്യം എല്ലാ ഭാഗത്തുനിന്നും ഉയർന്നുവരുമ്പോൾ ചില ചില്ലറ ഇളവു നൽകി ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണ് സർക്കാർ ശ്രമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് ചിലവ് കൂടുതലാണ് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇതിന് കണ്ടെത്തിയിട്ടുള്ള ന്യായീകരണം. ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം ഈ ന്യായീകരണം ആശാസ്യമല്ല. വൈദ്യുതിയുടെ കാര്യം ഒരു ബിസിനസ് മനഃസ്ഥിതിയോടു കൂടി കാണാൻ പാടില്ല. ജനങ്ങളെ പരമാവധി സഹായിക്കുന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഈ നിലയിൽ ചാർജ്ജ് വർദ്ധിപ്പിച്ചാൽ വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടിയേക്കാം. അതുമൂലം തൊഴിൽ നഷ്ടപ്പെട്ടുവെന്നും വരാം. പക്ഷെ ഗാർഹികരംഗത്ത് നിരക്കുകൂട്ടിയാൽ ജനങ്ങൾ എന്തുചെയ്യും? വീടുവിട്ടു പോകാൻ ആകുമോ? 37 ശതമാനം ചാർജ്ജ് വർദ്ധനവ് എന്നാണ് ഗവണ്മെന്റ് പറയുന്നത്. പക്ഷെ യഥാർത്ഥത്തിൽ 50 ശതമാനത്തിലേറെ ഗാർഹിക ഉപഭോക്താക്കൾക്ക് ചാർജ് വർദ്ധിപ്പിച്ചിരിക്കുന്നു എന്നതാണ് വസ്തുത. സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ഈ വർദ്ധനവ് പിൻവലിച്ചേ മതിയാവൂ. വൈദ്യുതി ബോർഡിന്റേയും വൈദ്യുതി ഭവനുകളുടേയും അനാവശ്യ ചെലവുകളും ധൂർത്തും ഇല്ലാതാക്കിയാൽ ഇവിടെ ചാർജ്ജ് വർദ്ധിപ്പിക്കേണ്ട ആവശ്യം വരുകയില്ല. വൈദ്യുത ബോർഡിന്റെ ധൂർത്തും അനാവശ്യമായ ചെലവുകളും അടിയന്തിരമായി ഉപേക്ഷിക്കണം. നമ്മുടെ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ (1990-2000 ആണ്ടിലേയ്ക്കുള്ള) 28-ാമത്തെ പാര പരിശോധിച്ചാൽ നമുക്കറിയാം, നമ്മുടെ സർക്കാരിന്റെ ഖജനാവ് വൈദ്യുതി ബോർഡിനുവേണ്ടി ചോർത്തികൊടുത്തകാര്യം. സമയക്കുറവുമൂലം ഞാനത് വായിക്കുന്നില്ല. സർക്കാരിനു കടവുംപലിശയുമായി നല്കുവാനുള്ള 1,550 കോടി രൂപയാണ് സർക്കാർ നിക്ഷേപമായി ബോർഡിനു മാറ്റിക്കൊടുത്തത്. നാം ഓർക്കേണ്ടതാണ്. ഇത് ഒരു കാരണവശാലും ന്യായീകരിക്കാവുന്നതല്ല. ഇങ്ങനെയൊക്കെ സർക്കാർ ഖജനാവ് ചോർത്തിക്കൊടുത്തിട്ടുപോലും ജനങ്ങളോട് നീതി പുലർത്താൻ വൈദ്യുതി ബോർഡിന് സാധിക്കുന്നില്ല എന്നതാണ് സത്യം. അതുപോലെ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യം പറയാനുള്ളത് വൈദ്യുതിയുടെ ദുരുപയോഗവും കർശനമായി തടയണം. ചാർജു വർദ്ധിപ്പിക്കുന്നതിനേക്കാൾ പ്രധാനമാണത്. പകൽസമയംപോലും വൈദ്യുതി പ്രകാശിച്ചുക്കിടക്കുന്ന ദൃശ്യം ഒരു നിത്യസംഭവമാണ്. ഇത് പഴയകാലത്തുമുണ്ട്. പക്ഷെ ഇപ്പോൾ ഇത് വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെ വൈദ്യുതി ദുരുപയോഗം നടത്തുന്ന ആളുകൾക്കെതിരെ കർശനമായ നടപടിയെടുക്കാൻ ഗവണ്മെന്റ് തയ്യാറാകണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ മാതൃക കാണിക്കണം. അതോടൊപ്പം തന്നെ ഉപയോഗവും കുറയ്ക്കണം. ഉപയോഗം കുറയ്ക്കുന്ന കാര്യത്തിൽ മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥന്മാരും മാതൃക കാണിക്കണം. അതുപോലെ പൊതുപ്രവർത്തകരെ ഇതിലേയ്ക്ക് പ്രേരിപ്പിക്കണം. സർക്കാർ ജീവനക്കാരെ ഇതിന്റെ പരിധിയിൽകൊണ്ടുവരാൻ ശ്രമിക്കണം. സാധാരണജനങ്ങളെ ഇതിലേയ്ക്ക് കൊണ്ടുവരാൻ പഞ്ചായത്ത് വാർഡുതലത്തിൽത്തന്നെ ബോധവൽക്കരണസംരംഭങ്ങൾ നടത്തുന്നതിനും ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായി ശ്രദ്ധിക്കണം. അല്ലാതെ ചാർജ് വർദ്ധിപ്പിക്കുന്നതുകൊണ്ടുമാത്രം ഇന്നത്തെ വൈദ്യുതിപ്രശ്നം പരിഹരിക്കപ്പെടില്ല. ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ലാത്ത പിന്നോക്ക പ്രദേശങ്ങൾ ധാരാളമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കരടുകണ്ടം എന്നൊരു പ്രദേശത്ത് ഇന്നുവരെ വൈദ്യുതി എത്തിയിട്ടില്ല. അങ്ങിനെയുള്ള പ്രദേശങ്ങളിൽ എങ്ങനെ വൈദ്യുതി ലഭ്യമാക്കുവാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ബഹുമാനപ്പെട്ട മന്ത്രി ആലോചിച്ച് പ്രത്യേക പദ്ധതി തയ്യാറാക്കി ആ പ്രദേശങ്ങളിൽ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

എത്തിക്കുവാൻ നടപടി സ്വീകരിക്കണം. ഒ.വൈ.ഇ.സി. ഇനത്തിൽ ഡെപ്പോസിറ്റ് വാങ്ങിയിട്ട് ഇതുവരെ ഒരു വർക്കും എടുക്കാത്ത ധാരാളം സംഭവങ്ങളുണ്ട്. മാത്രമല്ല, ആ തുക വൈദ്യുതി ബോർഡിന്റെ ദൈനംദിന ചെലവുകൾക്ക് വിനിയോഗിക്കുന്നു എന്ന ആക്ഷേപവും ധാരാളമായി ഉയരുന്നുണ്ട്. അതുകൊണ്ട് ഒ.വൈ.ഇ.സി. അടച്ച് കാത്തിരിക്കുന്നവർക്ക് വൈദ്യുതി നല്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണം. അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡെപ്പോസിറ്റ് സ്വീകരിച്ച് വർക്ക് നല്കുന്ന ഇനത്തിലുള്ള തുക ഉപയോഗിച്ചുള്ള പ്രവർത്തനവും ആരംഭിച്ചിട്ടില്ല. അത് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇനി സഹകരണരംഗത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. സാമുദായിക സംവരണം സഹകരണ ഡിപ്പാർട്ടുമെന്റിൽ നടന്നില്ല. എന്നാൽ ജില്ലാ സ്റ്റേറ്റ് ബാങ്കുകളിലെ നിയമനം പി.എസ്.സി. ക്ക് വിടുന്നതിനുവേണ്ടിയുള്ള നടപടി കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ട്. അതിന് ആവശ്യമായ നിയമനിർമ്മാണവും 1995-ൽ തന്നെ നടത്തിയിട്ടുള്ളതാണ്. പക്ഷെ ഇതുവരെ ആ നിയമനം പി.എസ്.സി. ക്ക് വിട്ടുകൊടുത്തിട്ടില്ല. എനിക്ക് മനസിലാക്കുവാൻ സാധിച്ചത് സംവരണ വ്യവസ്ഥയിൽ എന്തോ വെള്ളം ചേർക്കുന്നതിനുവേണ്ടിയുള്ള ഗൂഢാലോചന നടന്നു എന്നാണ്. സംവരണത്തിൽ വെള്ളം ചേർക്കാത്ത രീതിയിൽ 100 ശതമാനം നിയമനത്തിലും സംവരണം ഏർപ്പെടുത്തിക്കൊണ്ട് സഹകരണ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് വിടണമെന്ന ആവശ്യം ശക്തമായി ഉന്നയിക്കുന്നതോടൊപ്പം ഈ ഡിമാന്റുകളെ ഞാൻ ഒന്നുകൂടി എതിർക്കുന്നു.

<u>ശ്രീ. കെ. പ്രകാശ്ബാബു</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അപ്പുറത്തുനിന്നും സംസാരിച്ച ശ്രീ. ഇ.എം. അഗസ്തിയും ശ്രീ.പി.കെ.കെ. ബാവയും ഇന്ന് സഹകരണ രംഗത്തെക്കുറിച്ച് സംസാരിച്ചപ്പോൾ വാക്കുകൾക്ക് തപ്പേണ്ടിവന്നു. ഒരു സഹകാരികൂടിയായ ശ്രീ. ഇ.എം. അഗസ്തി കഴിഞ്ഞ നാളുകളിലെല്ലാം ഇവിടെ വാതോരാതെ സഹകരണരംഗത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നത് എന്തെല്ലാമായിരുന്നു? ഇപ്പോൾ അക്ഷരാർത്ഥത്തിൽ വാക്കുകൾക്കുവേണ്ടി തപ്പുകതന്നെയായിരുന്നു. ശ്രീ. ഇ.എം. അഗസ്തിയുടെ ഗവണ്മെന്റ് ഭരിച്ചിരുന്നപ്പോഴെല്ലാം ഈ നിയമസഭയിൽ സഹകരണരംഗത്തെക്കുറിച്ചുള്ള ചർച്ചകളിൽ അങ്ങോട്ടും ഇങ്ങോട്ടും ധാരാളം വാദപ്രതിവാദങ്ങൾ നടന്ന് കലുഷിതമായ അന്തരീക്ഷമായിരുന്നു, പക്ഷെ ഇന്ന് ആ സഹകാരികളായ അംഗങ്ങൾപോലും അതിനെക്കുറിച്ച് പറയണമെന്ന് തോന്നാതെ മാറേണ്ട ഒരു സാഹചര്യം ഉണ്ടായി എന്നതാണ് സഹകരണരംഗത്ത് ഈ ഗവണ്മെന്റിന്റെ നേട്ടം. ഒരുമിച്ച ചർച്ച ആയാലും അങ്ങനയേ വരൂ. രണ്ടായിട്ട് ചർച്ച ചെയ്താലും അതിൽ വേറൊന്നും പറയുവാനില്ല. ആ നേട്ടം കാണണമെന്നാണ് സഹകരണ രംഗത്തെക്കുറിച്ച് എനിക്ക് പറയുവാനുള്ളത്. കിടമത്സരങ്ങളെല്ലാം ഒഴിവാക്കി ശാന്തമായ അന്തരീക്ഷം, വിശ്വസ്തതയുടെ അന്തരീക്ഷം ഈ സഹകരണരംഗത്ത് ഉണ്ടാക്കി എടുക്കുവാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിനു കഴിഞ്ഞു എന്ന നേട്ടം പ്രതിപക്ഷം അംഗീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. യു.ഡി.എഫ്. ഗവണ്മെന്റ് അഞ്ചുവർഷം കാലാവധി ഉണ്ടായിരുന്ന സഹകരണബാങ്കിന്റെ ഭരണ മണ്ഡലങ്ങളിലെ കാലാവധി നിയമനിർമ്മാണത്തിൽകൂടി 3 വർഷമായി വെട്ടിച്ചുരുക്കി. എന്തിനുവേണ്ടിയായിരുന്നു? ആ സംഘങ്ങളെ പിടിച്ചെടുക്കുവാൻ. അവിടെ സ്വന്തം പാർട്ടിക്കാരെ അവരോധിക്കുവാൻവേണ്ടി. ആ നടപടി

LIBRARY ARCHIVES Kerala Legislative Assembly

യിൽക്കൂടി സഹകരണ അന്തരീക്ഷത്തെ കലുഷിതമാക്കിയ ഗവണ്മെന്റ് വക്താക്കളാണ് അപ്പുറത്തിരിക്കുന്നവർ എന്ന കാര്യം മറന്നുപോകരുത്. കൂടുതലായി ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ഇന്ന് ആ സഹകരണ ബാങ്കുകളിൽ പ്രത്യേകിച്ച്, പ്രൈമറി-അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ, പ്രൈമറി സൊസൈറ്റികൾ എന്നിവ അനുഭവിക്കുന്ന ചില ബുദ്ധിമുട്ടുകളുണ്ട്. അതിൽ ഒരു കാര്യം പറയാം, സഹകരണരംഗത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പറയുവാൻ വേണ്ടിയല്ല. നബാർഡുമായി ബന്ധപ്പെട്ട ഒരു കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നബാർഡ് കഴിഞ്ഞ കുറച്ചു നാളുകളായി കേരളത്തോട് തികഞ്ഞ അവഗണനയാണ് കാണിക്കുന്നത്. ഇക്കണോമിക് റിവ്യൂവിൽത്തന്നെ നബാർഡ് ഉൾപ്പെടെയുള്ള കേന്ദ്ര ധനകാര്യ സ്ഥാപനങ്ങൾ കേരളത്തോട് എടുക്കുന്ന സമീപനത്തെക്കുറിച്ച് വളരെ വ്യക്തമായി പറയുന്നുണ്ട്. അത് വിശദീകരിക്കുന്നതിനുവേണ്ടി അല്ല ഞാൻ പറയുന്നത്. എന്താണ് നബാർഡ് എടുക്കുന്ന സമീപനം? സഹകരണ ബാങ്കുകൾ കാർഷികരംഗത്ത് മുൻഗണന കൊടുക്കണമെന്ന കാര്യത്തിൽ ഒട്ടും തർക്കിക്കുന്ന ആളല്ല ഞാൻ. കൃഷിക്കാർ, ചെറുകിട കച്ചവടക്കാർ അവരെയാണ് സഹായിക്കേണ്ടത്. അതിനൊന്നും ഒരു മാറ്റവുമില്ല. ഒരിക്കലും പ്രോഫിറ്റ് മോട്ടീവ് രംഗത്തേയ്ക്ക് മാത്രം പോകുകയല്ല സഹകരണ ബാങ്കുകളുടെ ലക്ഷ്യം. എന്നാൽ ഇപ്പോൾ പ്രൈമറി ബാങ്കുകളും മറ്റ് ബാങ്കുകളും കൊടുക്കുന്ന വായ്പയുടെ 40 ശതമാനം അഗ്രികൾച്ചറൽ മേഖലയ്ക്ക് കൊടുക്കുന്നു എന്ന നിലയിൽ മിനിമം ഇൻവോൾവ്മെന്റ് എന്ന പേരിൽ വളരെ കർക്കശമായ നിലപാട് സ്വീകരിക്കുന്നതിന്റെ ഫലമായി വായ്പാ പ്രവർത്തനങ്ങൾതന്നെ തടസ്സപ്പെടുന്നു. അത് ബാങ്കുകളുടെ പ്രവർത്തനത്തെ, അതിന്റെ അസ്തിത്വത്തെത്തന്നെ ബാധിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വരുന്നു എന്നുള്ള വസ്തുത നമ്മുടെ കൺമുന്നിലുണ്ട്. ആ സമയത്ത് നബാർഡ് നമ്മളോട് എടുക്കുന്ന ആ തീരുമാനത്തിൽ മാറ്റംവരുത്തുകയും റീ ഫൈനാൻസിംഗിനുള്ള നടപടി മുമ്പുള്ളതുപോലെ ചെയ്യുന്നതിന് തയ്യാറാവുകയും ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. നമ്മൾ പലപ്പോഴും എതിർത്തിട്ടുള്ള വേൾഡ് ബാങ്ക് പോലും അവർ കൊടുക്കുന്ന പണം ചെലവഴിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. നബാർഡ് കൊടുക്കുന്ന പണം അതിന്റെ 40 ശതമാനം അഗ്രിക്കൾച്ചറൽ മേഖലയ്ക്ക് മാത്രം വിനിയോഗിക്കണമെന്ന് അവർ നിർബന്ധിച്ചാൽ ശരിയാണ്. ഞാൻ അതിനെ എതിർക്കുന്നില്ല. സ്വന്തം ഡെപ്പോസിറ്റ്, ഡെപ്പോസിറ്റ് മൊബലൈസേഷനിൽക്കൂടെ സ്വന്തമായിട്ട് ഉണ്ടാക്കുന്നത്, ആ ഡെപ്പോസിറ്റ് എങ്ങനെ വിനിയോഗിക്കണം എന്നതിനെ സംബന്ധിച്ച് നബാർഡ് സ്വീകരിക്കുന്ന ആ സമീപനങ്ങളോട് ഒരിക്കലും നമുക്ക് യോജിച്ചുപോകുവാൻ കഴിയുകയില്ല. അതുകൊണ്ട് നബാർഡിന്റെ സമീപനത്തിൽ മാറ്റം വരുത്തുന്നതിന് ഗവണ്മെന്റ് ശ്രമിക്കണം എന്നതാണ് എന്റെ അഭിപ്രായം. നബാർഡ് കഴിഞ്ഞ നാളുകളിൽ നമുക്ക് തന്നിട്ടുള്ള സാമ്പത്തികസഹായം 1998 മാർച്ച് വരെ ഉള്ളതിൽ, 34,282.5 കോടി രൂപ ആകെ അവർ വായ്പ വിതരണം ചെയ്തപ്പോൾ കേരളത്തിന് തന്നത് 4.3 ശതമാനം മാത്രമാണ്. മറിച്ച് കാർഷിക മേഖലയ്ക്ക് മുൻതൂക്കം കൊടുക്കണമെന്ന് പറയുമ്പോൾ അവർ ചെയ്തത്, തമിഴ്നാട് 7.3 ശതമാനം, ഉത്തർപ്രദേശ് 15.4 ശതമാനം, മഹാരാഷ്ട്ര 10.5 ശതമാനം, ആന്ധ്രാപ്രദേശ് 10.9 ശതമാനം, കർണ്ണാടക 7.8 ശതമാനം, മറ്റ് സംസ്ഥാനങ്ങളിൽ എല്ലാം വലിയ എമൗണ്ട് കൊടുക്കുവാൻ കഴിഞ്ഞപ്പോൾ കേരളത്തോട്, റോഡുകളുടെ കാര്യത്തിൽ, ഗ്രാമവികസന കാര്യത്തിൽ അതിലെല്ലാം നബാർഡ് സ്വീകരിക്കുന്ന സമീപനങ്ങൾ തിരുത്തേണ്ടതാണ്. അത് തിരുത്തു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് ആവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ ചോദ്യോത്തരവേളയിലും പ്രൈമറി ബാങ്കുകളെ സംബന്ധിച്ച് പറഞ്ഞപ്പോൾ എൻ.ആർ.ഐ. അക്കൗണ്ടുകളുടെ കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയുണ്ടായി. ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്കിൽ മാത്രമാണ് അതിനുള്ള അവകാശമുള്ളത്. ജില്ലാ ബാങ്കുകൾക്ക് റിസർവ് ബാങ്കുമായി ചർച്ച നടത്തി ചില തീരുമാനം എടുക്കുവാൻ പോകുന്നു എന്നു പറഞ്ഞു. അതോടൊപ്പം കൊമേഴ്സ്യൽ ബാങ്കുകളോട് കിടപിടിക്കണമെങ്കിൽ, നാഷണലൈസ്ഡ് സെക്ടർ ആയാലും അല്ലാത്ത സെക്ടറായാലും അവരോട് മത്സരിച്ച് നിൽക്കണമെങ്കിൽ പഞ്ചായത്തുകളിൽ മാത്രമായി പ്രവർത്തിക്കുന്ന നമ്മുടെ പ്രൈമറി ബാങ്കുകൾ-അവരുടെ ഡെപ്പോസിറ്റ് അവിടെ മാത്രമാണ് ചെലവാക്കുന്നത്. അത് അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നില്ല. ആ ബാങ്കുകൾക്കുകൂടി എൻ. ആർ.ഐ. അക്കൗണ്ട് തുടങ്ങുന്നതിനുള്ള തീരുമാനം കേന്ദ്ര ഗവണ്മെന്റിനെക്കൊണ്ടും റിസർവ് ബാങ്കിനെക്കൊണ്ടും എടുപ്പിക്കുവാൻ കഴിഞ്ഞാൽ കേരളത്തിന്റെ സഹകരണരംഗം അതിശക്തമായി മെച്ചപ്പെടും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

[12 Noon] വൈദ്യുതിരംഗത്തെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ, എൽ.ഡി.എഫ്. ഗവണ്മെൻറിന്റെ അജണ്ടയിൽ ഏറ്റവും പ്രധാനപ്പെട്ട ഇനമായിരുന്നു വൈദ്യുതി. നമ്മൾ പലപ്പോഴും അത് ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ മുന്നണി കേരളത്തിന്റെ വികസനത്തിന് മുൻഗണന തീരുമാനിച്ചപ്പോൾ ഏറ്റവും പ്രഥമമായ മുൻഗണന കൊടുത്തത് വൈദ്യുതിക്ക് വേണ്ടിയാണ്. ആ ലക്ഷ്യത്തിൽ എത്തുന്നതിനുവേണ്ടി 2000-ാമാണ്ട് എത്തുമ്പോൾ വൈദ്യുതിയുടെ ഉല്പാദനത്തിന്റെ കാര്യത്തിൽ കേരളം മെച്ചപ്പെട്ട സംസ്ഥാനമായി മാറും എന്ന ലക്ഷ്യത്തോടുകൂടി വളരെ നിശ്ചയദാർഢ്യത്തോടുകൂടി ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിച്ച ഒരു ഗവണ്മെന്റ് 3 വർഷം പിന്നിട്ടു. അതുകൊണ്ടുതന്നെ കേരളത്തിന്റെ വൈദ്യുതിയുടെ ആവശ്യം കണക്കിലെടുത്ത്, 15-ാമത് പവർ സർവേ പറഞ്ഞതനുസരിച്ച്, 2,763 എന്തോ ആണെന്ന് തോന്നുന്നു, അത്രയും മെഗാവാട്ട് വൈദ്യുതി 2000-ാമാണ്ട് എത്തുമ്പോൾ നമുക്ക് വേണ്ടതായിട്ടുണ്ട്. ആ ലക്ഷ്യത്തിൽ എത്തിച്ചേരാനാണ് ഈ ഗവണ്മെന്റ് ശ്രമിക്കുന്നത്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 17 മെഗാവാട്ട് മാത്രമാണ് ആകെ ഉത്പാദിപ്പിച്ചത്. അത് തെൻമലയിലെ 15 മെഗാവാട്ടും, മണിയാറിലെ 2 മെഗാവാട്ടുമാണ്. ആ രണ്ടു പ്രോജക്ടിലെ യൂണിറ്റുകൾ മാത്രമാണ് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്. വൈദ്യുതിയുടെ കാര്യത്തിൽ കള്ള പ്രചരണം നടത്തുന്നു എന്നാണ് ശ്രീ. ഇ.എം. അഗസ്തി ഇവിടെ പറഞ്ഞത്. 1980-82-ൽ കേരളത്തിലുണ്ടായിരുന്ന ഇടതുപക്ഷജനാധിപത്യമുന്നണി കൊണ്ടുവന്നതാണ് ലോവർ പെരിയാർ പദ്ധതി. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയോട് ശ്രീ. അഗസ്തി ചോദിച്ചുനോക്കൂ. നിങ്ങളുടെ മുന്നണിയോടു ചോദിച്ചുനോക്കൂ. 1980-ലാണ് കല്ലട പദ്ധതി തുടങ്ങിയത്. ശ്രീ. ടി. ശിവദാസമേനോൻ ഇവിടെയുണ്ട്. അദ്ദേഹം വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഇറക്ട് ചെയ്ത പ്രോജക്ടാണ്. അങ്ങനെ ഇടതുമുന്നണി ഗവണ്മെന്റു കൊണ്ടുവന്ന പ്രോജക്ടുകളാണ് സിംഹഭാഗവും. ബഹുമാനപ്പെട്ട അഗസ്തി ഓർക്കുന്നില്ലേ, കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനു വേണ്ടി ശ്രീ. അഗസ്തിയും ഞാനുമുൾപ്പെടെയുള്ള എം.എൽ.എ. മാർ വൈദ്യുതിവകുപ്പു മന്ത്രിയുടെ ഓഫീസിൽ പോകുമായിരുന്നു. ഞാൻ കുറ്റം

LIBRARY ARCHIVES Kerala Legislative Assembly

പറയുകയല്ല. എന്താണ് കാര്യം? സ്പെഷ്യൽ ഓർഡറിനാണ്. മന്ത്രിയെ കാണാൻ പറ്റാത്തവർക്ക്, എം.പി. മാരെയും എം.എൽ.എ. മാരെയും രാഷ്ട്രീയ നേതാക്കളെയും കാണാൻ സാധിക്കാത്തവർക്ക് വൈദ്യുതി കൊടുക്കാൻ നിങ്ങളുടെ ഗവണ്മെന്റിനു കഴിഞ്ഞോ? ഈ ഗവണ്മെന്റിന്റെ ഏറ്റവും വലിയ നേട്ടം സ്പെഷ്യൽ ഓർഡർ സംവിധാനം എടുത്തുകളഞ്ഞു എന്നതാണ്. അതു നിർത്തലാക്കിയതു കൊണ്ട്, ഇപ്പോൾ മന്ത്രിയെ കാണേണ്ട, എം.എൽ.എ. യെ കാണേണ്ട, എം.പി. മാരെ കാണേണ്ട, രാഷ്ട്രീയനേതാക്കളെ കാണേണ്ട. നേരെ മറിച്ച് വൈദ്യുതി ഓഫീസിൽ പോയി പണം അടച്ചാൽ കണക്ഷൻ കിട്ടും. മൂന്നു വർഷംകൊണ്ട് 9 ലക്ഷം ഇലക്ട്രിക് കണക്ഷൻ കൊടുക്കാൻ ഈ ഗവണ്മെന്റിനു കഴിഞ്ഞു, വൈദ്യുതി ബോർഡിനു കഴിഞ്ഞു. 9 ലക്ഷം പേർക്കാണ് വൈദ്യുതി കണക്ഷൻ കൊടുക്കാൻ കഴിഞ്ഞത്. അതൊരു ചെറിയ കാര്യമല്ല. മൂന്നുവർഷംകൊണ്ട് കഴിഞ്ഞതാണ്. സ്പെഷ്യൽ ഓർഡർ സംവിധാനം എടുത്തുകളഞ്ഞതുകൊണ്ടു തന്നെ പാവപ്പെട്ടവന് വൈദ്യുതി കൊടുക്കുന്നതിന്, അതിന്റെ മുൻഗണനാക്രമത്തിൽ വൈദ്യുതി കൊടുക്കാൻ കഴിഞ്ഞു എന്നത് വലിയൊരു നേട്ടമാണ്. പ്രൊഡക്ഷന്റെ കാര്യത്തിൽ, 1996-ൽ കേരളത്തിൽ ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ 1505 മെഗാവാട്ട് മാത്രം ഉൽപ്പാദനം ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ ലോവർ പെരിയാർ പോലുള്ള പല പദ്ധതികളും കമ്മിഷൻ ചെയ്തു. സമയക്കുറവുകൊണ്ട് ഞാൻ കൂടുതൽ അതിനെക്കുറിച്ച് പറയുന്നില്ല. ഇപ്പോൾ 537.6 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ മൂന്നു വർഷംകൊണ്ട് ഈ ഗവണ്മെൻറിനു കഴിഞ്ഞു; വൈദ്യുതി ബോർഡിനു കഴിഞ്ഞു. നിങ്ങൾ ചെയ്തത് കേവലം 17 മെഗാവാട്ട് മാത്രമാണ്. അഞ്ചു വർഷം കൊണ്ടാണ് നിങ്ങൾ അതുൽപ്പാദിപ്പിച്ചത്. ആ സ്ഥാനത്താണ് 537.6 മെഗാവാട്ട്. നിശ്ചയമായും ഈ ഗവണ്മെന്റ് രണ്ടായിരാമാണ്ട് എത്തിച്ചേരുമ്പോൾ പുതിയ തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ, ആ ലക്ഷ്യത്തിലേയ്ക്കെത്താൻ കഴിയുന്ന നിലയിലേയ്ക്ക് നീങ്ങും. അതിൽ ഈ ഗവണ്മെന്റിന്റെ നിശ്ചയദാർഢ്യം, ഈ മുന്നണിയുടെ ലക്ഷ്യം, മുന്നണിയുടെ മുൻഗണനാക്രമം അതിന്റെ വകുപ്പു നയിച്ച ശ്രീ. പിണറായി വിജയനും ആ ദൗത്യം പൂർത്തിയാക്കുന്ന ശ്രീ. ശർമ്മയുടെയും ലക്ഷ്യബോധത്തിനു മുന്നിൽ നിങ്ങൾ നമോവാകം പറയേണ്ടതാണ്. അതാണു വേണ്ടത്. നിശ്ചയമായും ഈ ഗവണ്മെന്റ് ആ ലക്ഷ്യത്തിൽ എത്തിച്ചേരുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. കറപ്ഷന്റെ കാര്യം, ബ്രഹ്മപുരമാണ് അവരുടെ ഏറ്റവും വലിയ ക്രെഡിറ്റായി പറഞ്ഞുകൊണ്ടിരുന്നത്. ഇപ്പോഴെന്തായി? ബഹുമാനപ്പെട്ട മുഖ്യമന്ത്രി കമ്മിഷൻ റിപ്പോർട്ട് നിയമസഭയിൽ വായിച്ചു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഒരു പ്രസ്താവനയും നടത്തി. അന്ന് ശ്രീ. കെ.ഇ. ഇസ്മയിൽ, ശ്രീ. സി.കെ. ചന്ദ്രപ്പൻ, ശ്രീ. വി.എസ്. അച്ചുതാനന്ദൻ എന്നിവർ നിയമസഭയിൽ ഈ പ്രശ്നം കൊണ്ടുവന്നതാണ്. അതിന്റെ ഗ്രൗണ്ട് ലെവലിംഗിന്റെ കാര്യത്തിൽ, ഇറക്ഷന്റെ കാര്യത്തിൽ, അതിൽ നടന്നിട്ടുള്ള അഴിമതിയുടെ കാര്യത്തിൽ സഭയിൽ പറഞ്ഞപ്പോൾ ഇല്ലാത്ത എലഹങ്കയുടെ പേരു പറഞ്ഞുകൊണ്ട് തടി തപ്പിയതാണ്. സഖാവ് വി.എസ്. അച്ചുതാനന്ദന്റെ പേരിൽ നിങ്ങൾ കേസ്സു കൊടുത്തില്ലേ? ഇപ്പോൾ ഭാസ്കരൻ നമ്പ്യാർ കമ്മീഷന്റെ റിപ്പോർട്ടു പുറത്തു വന്നപ്പോൾ അന്നത്തെ നിയമസഭയിൽ ഉന്നയിച്ച ആരോപണത്തെക്കാളും മൂന്നിരട്ടി സാമ്പത്തിക നഷ്ടം ഉണ്ടായിരിക്കുന്നു എന്നു കണ്ടെത്തി. അങ്ങനെ കേസ്സു കൊടുത്ത് ഡിഫമേഷനുവേണ്ടി പോയ ആളുകളാണ് യു.ഡി.എഫിന്റെ പ്രതിനിധികളെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ചാർജു വർദ്ധനയുമായി ബന്ധപ്പെട്ട് ഒന്നു രണ്ടു കാര്യങ്ങൾ പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ചാർജു വർദ്ധനയിൽ ചില അപാകതകൾ കടന്നു കൂടിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞപ്പോൾ മനസ്സിലാക്കി. ഗവണ്മെന്റിന്റെ തീരുമാനത്തിൽനിന്ന് വ്യത്യസ്തമായി ഇലക്ട്രിസിറ്റി ബോർഡിന്റെ ചില തീരുമാനത്തിൽ മാറ്റം വന്നിട്ടുണ്ട്. ഗവണ്മെന്റിന്റെ തീരുമാനം, ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞത്, ഒരിക്കലും ഇലക്ട്രിസിറ്റി ഡ്യൂട്ടി ഉൾപ്പെടെ, ഡ്യൂട്ടി ഒഴിവാക്കിക്കൊണ്ടല്ല ചാർജ് വർദ്ധനവു പറഞ്ഞിട്ടുള്ളത് എന്നാണ്. പക്ഷെ ബോർഡിറക്കിയ നോട്ടിഫിക്കേഷനുണ്ട്. അതെന്റെ കയ്യിലുണ്ട്. അതിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കിക്കൊണ്ടാണ് അവർ ചാർജ് വർദ്ധന വരുത്തിയിരിക്കുന്നത്. അഡീഷണൽ ബില്ലുകൾ വന്നു. അഡീഷണൽ ബില്ലുകളുടെ കാര്യം ഓർഡറിനകത്ത് വ്യക്തമാക്കിയിട്ടുണ്ട്. ഗവണ്മെന്റിന്റെ തീരുമാനത്തിൽ 1999 മേയ് മാസം 15-ാം തീയതി മുതലുള്ളതേ ഫോഴ്സിൽ വരൂ എന്നാണ് ഉറപ്പു പറഞ്ഞത്. എന്നാൽ അഡീഷണൽ ബില്ലുകൾ വന്നത് വളരെ വ്യാപകമായ പ്രതിഷേധം ഉണ്ടാക്കിയിട്ടുണ്ട്. ചില ഇന്റർപ്രെട്ടേഷന്റെ ഭാഗമായിട്ടായാലും ശരി, അറിഞ്ഞുകൊണ്ടുള്ള മിസ്റ്റേക്കായാലും ശരി അതിൽ വന്നിട്ടുള്ള അപാകതകൾ തിരുത്തുന്നതിന് ബോർഡ് തയ്യാറാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ത്രീ ഫേസ് ലൈൻ ഉപയോഗിക്കുന്ന മുഴുവൻ കൺസ്യൂമേഴ്സിനും സ്ലാബിന്റെ വ്യത്യാസമില്ലാതെ തന്നെ 100 യൂണിറ്റുപയോഗിച്ചതായി കണക്കാക്കി ബിൽ ചെയ്യുമെന്നാണ്. അതൊക്കെ അപാകതകളാണ്. അതു ഗവണ്മെന്റിന്റെ തീരുമാനത്തിൽ നിന്ന്, ബോർഡിൽ വന്നിട്ടുള്ള മാറ്റങ്ങളാണ്. അതു പുനഃപരിശോധിക്കണം. അതിന് മാറ്റങ്ങൾ വരുത്തണം, ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുകൊണ്ടുതന്നെ ശക്തമായ നിലയിൽ ബോർഡിനെ കൊണ്ടുപോകുന്നതിന് ഈ ഗവണ്മെന്റിനു കഴിയും. ആ ഉദ്ദേശലക്ഷ്യത്തിലേയ്ക്കെത്തിച്ചേരുന്നതിന് വേണ്ടി പരിശ്രമിക്കുന്ന ഒരു ഗവണ്മെന്റ് എന്നുള്ള നിലയിൽ, നിശ്ചയമായും ഊർജ്ജോൽപ്പാദന രംഗത്ത് ലക്ഷ്യം കൈവരിക്കാൻ കഴിയുന്ന ഒരു ഗവണ്മെന്റിന്റെ ധനാഭ്യർത്ഥനകൾ എന്നുള്ള നിലയിൽ, വൈദ്യുതി കണക്ഷൻ രംഗത്തുണ്ടായിരുന്ന വിവേചനം അവസാനിപ്പിച്ച ഒരു ഗവണ്മെന്റിന്റെ ധനാഭ്യർത്ഥന എന്ന നിലയിൽ, സഹകരണ രംഗത്ത് കലുഷിതമായ അന്തരീക്ഷം മാറ്റി സമാധാനത്തിന്റെയും വിശ്വാസ്യതയുടെയും അന്തരീക്ഷമുണ്ടാക്കിയ ഗവണ്മെന്റിന്റെ ധനാഭ്യർത്ഥനകൾ എന്ന നിലയിൽ ഞാൻ ഇതിനെ പിന്താങ്ങുന്നു.

<u>ശ്രീ. മാമ്മൻ മത്തായി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചും അനിശ്ചിതമായി ലോഡ് ഷെഡ്ഡിംഗ് നീട്ടിയും ജനജീവിതം ദുസ്സഹമാക്കിയ വിദ്യുച്ഛക്തി വകുപ്പിന്റെയും മാർക്സിസ്റ്റുപാർട്ടിയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സഹകരണമേഖലയുടെ ജനാധിപത്യ സംവിധാനങ്ങളുടെ കടയ്ക്കൽ കത്തി വയ്ക്കുന്ന സഹകരണ വകുപ്പിന്റെയും ധനാഭ്യർത്ഥനകൾ എന്ന നിലയിൽ ഇതിനെ എതിർക്കാതിരിക്കാൻ നിർവാഹമില്ല. ഭരണപക്ഷത്തുനിന്ന് പ്രസംഗിച്ച ബഹുമാന്യരായ കടകംപള്ളി സുരേന്ദ്രനും പ്രകാശ്ബാബുവും ഈ ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളെ വാനോളം പുകഴ്ത്തി. ശ്രീ. കെ. പ്രകാശ്ബാബുവിന്റെ അഭിപ്രായത്തിൽ പ്രതിപക്ഷത്തിന് സഹകരണമേഖലയെപ്പറ്റി ഒന്നും പറയാനില്ല എന്നാണ്. അദ്ദേഹം പറഞ്ഞ ഒരു ആരോപണം ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ കാലത്ത് സഹകരണമേഖല പിടിച്ചെടുക്കുന്നതിനുവേണ്ടി 5 വർഷമെന്നുള്ളത് 3 വർഷമാക്കി കുറച്ചു എന്നതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ചെയ്തതെന്താണ്? സഹകരണമേഖല

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചടക്കുന്നതിനുവേണ്ടി മാർക്സിസ്റ്റു പാർട്ടിയുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി നോൺ ക്രെഡിറ്റ് സംഘങ്ങളെ മുഴുവൻ പിരിച്ചുവിട്ട് സഹകരണ മേഖലയാകെ കയ്യടക്കി. എന്താണ് സർ, വ്യത്യാസം? സഹകരണ മേഖലയെപ്പറ്റി സംസാരിക്കുമ്പോൾ, ഇന്ന് ഈ മേഖലയോട് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടു. വിശ്വസിച്ച് വോട്ടു ചെയ്യാൻ പോകാൻ സഹകാരികൾക്കു കഴിയുന്നില്ല. സഹകരണമേഖല പിടിച്ചടക്കുന്നതിനുവേണ്ടി കത്തികളും വടിവാളും വാരിക്കുന്തവുമായി മാർക്സിസ്റ്റു പാർട്ടിയുടെ സഹകാരികൾ നിൽക്കുകയാണ്. പോലീസ് സഹായത്തോടുകൂടിയാണ് അവിടെ നിൽക്കുന്നത്. തിരുവല്ലയിലെ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കാര്യം എനിക്കറിയാം. ആ ബാങ്ക് ഇലക്ഷനു ഞാൻ അവിടെ സന്നിഹിതനായിരുന്നു. ഞാൻ തന്നെ ആറു കേസ്സുകൾ പിടിച്ചു പോലീസിനെ ഏൽപ്പിച്ചു. ഒരേ വ്യക്തിയുടെ ഫോട്ടോ മൂന്നും നാലും കാർഡുകളിലൊട്ടിച്ചാണ് മാർക്സിസ്റ്റുപാർട്ടിയും കേരളാ കോൺഗ്രസ്സിന്റെ ബഹുമാന്യനായ ടി.എസ്. ജോണും കൂടിപരസ്യമായി വിതരണം ചെയ്തത്. അത്തരം കാർഡുകളുമായി കള്ള വോട്ടുചെയ്തവരെ പിടിച്ച് പോലീസിനെ ഏൽപ്പിച്ചു. ഒരു നടപടിയും ഇതുവരെയുണ്ടായില്ല. പിന്നെ എന്തുകൊണ്ട് ഈ വകുപ്പിനെക്കുറിച്ച് ഒന്നും പറയുന്നില്ല. എന്നുചോദിച്ചാൽ ഈ വകുപ്പിനെ മുടിച്ച് അതു നശിപ്പിച്ച് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുത്തി. അതുകൊണ്ട് മാത്രമാണ് അതിനെപ്പറ്റി പറയാത്തത്. വിദ്യുച്ഛക്തി വകുപ്പെന്നു പറയുന്നത്, ഇടതുമുന്നണിയുടെ നേട്ടങ്ങൾ ചൂണ്ടിക്കാണിക്കാവുന്ന ഒരു വകുപ്പാണെന്ന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. നേട്ടങ്ങളുണ്ടാക്കിയില്ല എന്നു ഞാൻ പറയുന്നില്ല. പക്ഷേ കാര്യങ്ങളൊക്കെ ഭംഗി. പുറത്തിറങ്ങി നടക്കാൻ വയ്യാത്ത സ്ഥിതിയാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ശർമ്മ പുറത്തിറങ്ങിയാൽ അദ്ദേഹമാണെന്നറിഞ്ഞാൽ ജനങ്ങൾ കല്ലെറിയുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മൂന്ന് പ്രാവശ്യമാണ് വൈദ്യുതി ചാർജ് കൂട്ടിയതെന്നു ഇവിടെ ബഹുമാനപ്പെട്ട മെമ്പർ അഗസ്തി സൂചിപ്പിക്കുകയുണ്ടായി. കണക്കുകളെടുത്തു പരിശോധിച്ചു നോക്കിയാൽ, ഗാർഹികേതര, കാർഷികേതര ഉപഭോക്താക്കൾക്കൊഴിച്ച് മറ്റുള്ള മേഖലയ്ക്കെല്ലാം 1997 മേയിൽ വർദ്ധനവുണ്ടായി. 1998-ൽ വർദ്ധനവുണ്ടായി. 1999-ൽ വർദ്ധനവുണ്ടായി. ഗാർഹികേതര ഉപഭോക്തക്കളെ സംബന്ധിച്ചിടത്തോളം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ നിന്നുപോകുന്ന സമയത്ത് 40 യൂണിറ്റിന് 26 രൂപ 40 പൈസ മാത്രം കൊടുത്തിരുന്ന സ്ഥാനത്ത് 1997 മേയ് മാസത്തിൽ ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചത് 28 രൂപ 60 പൈസയാണ്. ഈ മേയിൽ വീണ്ടും വർദ്ധിപ്പിച്ച്, 31 രൂപയാക്കി. 17 ശതമാനം വർദ്ധനവ്. 80 യൂണിറ്റുണ്ടായിരുന്ന ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 61 രൂപ 70 പൈസയാണ് കൊടുത്തിരുന്നത്. ഇപ്പോൾ 79 രൂപയായി വർദ്ധിച്ചിരിക്കുന്നു. 28 ശതമാനം വർദ്ധനവാണ്. 100 യൂണിറ്റുള്ള ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് 77 രൂപയായിരുന്നു കൊടുത്തുകൊണ്ടിരുന്നതെങ്കിൽ ഇപ്പോൾ 108 രൂപ കൊടുക്കേണ്ടതായി വരുന്നു. 40% വർദ്ധനവ്. 150 യൂണിറ്റുള്ളവരെ സംബന്ധിച്ചിടത്തോളം 126.50-ൽ നിന്നും 189 ആയി ഉയർന്നിരിക്കുന്നു. 49% വർദ്ധനവ്. 200 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നവരെ സംബന്ധിച്ചിടത്തോളം 187 രൂപയിൽനിന്നും 305 രൂപയായി വർദ്ധിച്ചിരിക്കുന്നു. 63% വർദ്ധനവ്. ഇതാണ് ഗാർഹിക ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളമെങ്കിൽ ഒരു കിലോ വാട്ട് കണക്ടഡ് ലോഡും 100 യൂണിറ്റ് പ്രതിമാസ ഉപ

LIBRARY ARCHIVES Kerala Legislative Assembly

യോഗവുമുള്ള നമ്മുടെ നാട്ടിലെ ചെറുകിട കച്ചവടക്കാരനടക്കമുള്ള പെട്ടിക്ക ച്ചവടക്കാരന് കൊടുക്കേണ്ട തുക എത്രയാണെന്നറിയാമോ? ഐക്യജനാതിപ ത്യമുന്നണി ഭരിക്കുമ്പോൾ 110 രൂപ കൊടുത്തിരുന്ന സ്ഥാനത്ത് ഇന്ന് 343 രൂപ കൊടുക്കണം. അതായത് 120% വർദ്ധനവ്. 100 യൂണിറ്റിനുമുകളിലാണെങ്കിൽ 365 രൂപ കൊടുത്ത സ്ഥാനത്ത് 753.50 രൂപ കൊടുക്കണം. 104% വർദ്ധനവ്. 18 കിലോവാട്ട് കണക്ടഡ് ലോഡും 100 യൂണിറ്റ് പ്രതിമാസ ഉപഭോഗവുമുള്ള വ്യവസായ സ്ഥാപനങ്ങൾ 1397 രൂപ കൊടുത്ത സ്ഥാനത്ത് 3113 രൂപ കൊടുക്കണം. 123% വർദ്ധനവ്. വെറും നിസ്സാര വർദ്ധനവാണെന്നാണ് പറയുന്നത്, വർദ്ധനവേ ഇല്ലെന്നാണ് പറയുന്നത്. ഈ വർദ്ധനവുകൊണ്ട് ഈ രാജ്യത്തെ ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. നമ്മുടെ പൊതുമേഖലാ വ്യവസായസ്ഥാപന ങ്ങൾ ഉദാഹരണത്തിന് എഫ്.എ.സി.ടി. കഴിഞ്ഞവർഷം 50 ലക്ഷം രൂപ നഷ്ട മുണ്ടായിരുന്നത് ഈ വർഷം നഷ്ടം കോടിയിലേയ്ക്ക് നീങ്ങാൻ പോവുക യാണ്. ടി.സി.സി. പോലുള്ള നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവ സായ മേഖലയിൽ ഈ ചാർജ് വർദ്ധനവോടുകൂടി മുടിഞ്ഞ് നശിക്കാൻ പോകുന്ന കാഴ്ചയാണ് നമ്മുക്ക് കാണാൻ കഴിയുന്നത്. അതുപോലെതന്നെ സമുദ്രോല്പന്ന കയറ്റുമതി രംഗം പാടെ നശിക്കുകയാണുണ്ടായത്. നമ്മുടെ നാട്ടിലെ ചെറുകിട കച്ചവടക്കാർ, ഹോട്ടലുകാർ, തട്ടുകടക്കാർ ഇവർക്കൊക്കെ അവരുടെ തൊഴിലുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം ഇന്നുണ്ട്. ഈ രാജ്യത്ത് പലപ്പോഴും വൈദ്യുതി ചാർജ് വർദ്ധനവ് വന്നിട്ടുണ്ട്. ആ സമയത്തൊക്കെ 20 യൂണിറ്റുവരെയെങ്കിലും ഒഴിവാക്കാനുള്ള ഒരു സാമാന്യ മര്യാദ ആ സർക്കാർ കാണിച്ചിരുന്നു. ഇപ്പോഴത്തെ സ്ഥിതിയെ ന്താണ്? 500 വാട്ട് കണക്ടഡ് ലോഡുള്ള ഒരാൾക്ക് 20 യൂണിറ്റിനുമുകളിൽ പോയാൽ അവന് വൈദ്യുതി ചാർജ് വർദ്ധനവിന്റെ തിക്ത ഫലം അനുഭവി ക്കണം. എനിക്ക് ഒന്നുമാത്രമേ സൂചിപ്പിക്കാനുള്ളൂ. ബോർഡ് സർക്കാർ നിർദ്ദേശങ്ങൾക്ക് വിപരീതമായി പ്രവർത്തിക്കുന്നുവെന്ന് ശ്രീ. പ്രകാശ് ബാബു ഇവിടെ സൂചിപ്പിച്ചു. ബോർഡ് നിർദ്ദേശങ്ങൾ മാത്രം വച്ചുകൊണ്ട് കാര്യങ്ങൾ പഠിക്കാതെ തീരുമാനമെടുക്കേണ്ടിവന്നതുകൊണ്ടു മാത്രമാണ് ഇത്ര വലി യൊരു വർദ്ധനവ് ആവശ്യമായി വന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താ വന വായിക്കുകയുണ്ടായി. വൈദ്യുത ചാർജ്ജു വർദ്ധനവിൽക്കൂടി 492 കോടി രൂപയുടെ അധികവരുമാനം മാത്രമാണുണ്ടാകുന്നതെന്നാണ് മന്ത്രി പറയു ന്നത്. പക്ഷേ ഒന്ന് മനസ്സിലാക്കേണ്ടത് 595 കോടി രൂപയുടെ വരുമാന വർദ്ധ നവ് ഈ വൈദ്യുതി ചാർജ് വർദ്ധനവുകൊണ്ടുണ്ടാകുന്നു. ബോർഡ് പ്രതീ ക്ഷിച്ചതിനേക്കാൾ കൂടുതൽ, 76.75 കോടി രൂപയുടെ വർദ്ധനവ് ഈ വൈദ്യുതി ചാർജ് വർദ്ധനവുകൊണ്ടുണ്ടാകുന്നുവെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കൊന്നുമാത്രമേ പറയാനുള്ളൂ. ആ തുകയിൽ കുറച്ചെ ങ്കിലും കേരളത്തിലെ ജനങ്ങൾക്ക് നൽകുവാൻ നിങ്ങൾ തയ്യാറാകണം. അതു പോലെതന്നെ നഷ്ടത്തിന്റെ കാര്യം പറയുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ 28-ാം തീയതിയിലുള്ള മലയാള മനോരമ പത്ര മെടുത്തു നോക്കിയാൽ കേന്ദ്രവിഹിതം പൂർണ്ണമായും വാങ്ങാൻ നമ്മുടെ വൈദ്യുതി ബോർഡിന് കഴിഞ്ഞിട്ടില്ല എന്നുകാണാം. ഇടുക്കിയിലെ 3 ജനറേറ്ററുകൾ നിർത്തിവച്ചിരിക്കുന്നു, എന്തിനുവേണ്ടിയാണ്? കായംകുളം താപനിലയത്തിലെ വൈദ്യുതി എടുക്കണമെന്ന് ബോർഡിലെ ചില ഉദ്യോഗ സ്ഥൻമാരുടെ താല്പര്യം മാനിച്ചുകൊണ്ട് ഇടുക്കിയിൽ 3 ജനറേറ്ററുകൾ നിർത്തിവച്ചിരിക്കുകയാണ്. കായംകുളത്ത് ഉല്പാദിപ്പിക്കുന്ന കറന്റിന്റെ 68% വൈദ്യുതി എടുക്കാൻ മാത്രമേ കരാറിൽ ഞങ്ങൾ ഒപ്പുവച്ചിട്ടുള്ളൂ എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. അങ്ങനെ 68% മാത്രം നമ്മൾ എടുക്കുകയാണെങ്കിൽ 37 ലക്ഷം യൂണിറ്റ് ഒരുദിവസം എടുത്താൽ മതിയാകും. അങ്ങനെ വന്നാൽ ഈ ബോർഡിന് ഒരുവർഷം 250 കോടി രൂപയുടെ ലാഭമുണ്ടാകും. എനിക്ക് ഒന്നു മാത്രമേ സൂചിപ്പിക്കാനുള്ളൂ. ഭാവനാപൂർണ്ണവും ദീർഘവീക്ഷണമില്ലാത്തതുമായ ബോർഡിന്റെ നടപടികൾ കൊണ്ടുള്ള ബോർഡിന്റെ ധൂർത്തും കെടുകാര്യസ്ഥതയും ഒഴിവാക്കി കേരളത്തിലെ ജനങ്ങളെ ഈ വർദ്ധിച്ച വൈദ്യുതി ചാർജിൽനിന്നും രക്ഷിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ഡോ. കെ.സി. ജോസഫ് : സർ, കേരളത്തിന്റെ സമഗ്രമായ വികസനത്തിന് ഏറ്റവും അടിസ്ഥാന ഘടകമായ വൈദ്യുതി രംഗത്ത് അഭൂതപൂർവ്വമായ നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ഒരുവർഷം ഏറ്റെടുക്കുവാനുള്ള പുതിയ പദ്ധതികൾക്കുവേണ്ടി കൊണ്ടുവന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ അഭിമാനത്തോടുകൂടി അനുകൂലിക്കുകയാണ്. ശ്രീ. പ്രകാശ്ബാബു സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട, ഏറ്റവും കൂടുതൽ മുൻഗണന കൊടുത്ത ഒരു മേഖല വൈദ്യുതി മേഖലയാണ്. കഴിഞ്ഞ മൂന്നുവർഷത്തെ പ്ലാൻ വിഹിതമെടുത്തു പരിശോധിച്ചാൽ വൈദ്യുതിക്ക് മൂന്നിലൊന്ന് ഭാഗം പ്ലാൻ അസിസ്റ്റൻസ് കൊടുത്തുകഴിഞ്ഞു. ഇതിനുമുമ്പ് ഒരിക്കലും ആ നിലയിൽ വൈദ്യുതി ബോർഡിന് പദ്ധതിയിനത്തിൽ സഹായകമായി നൽകിയിട്ടില്ലായെന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്. അതുകൊണ്ട് മുൻഗണന ഏതുവിഷയത്തിന് നൽകണമെന്ന് പരിശോധിച്ച് തീരുമാനിച്ച് അതനുസരിച്ച് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കഴിയുക എന്നുള്ളതാണ്, തീർച്ചയായും പ്രതിപക്ഷങ്ങളും ഇത് അനുകൂലിക്കേണ്ടതാണ്. നിർഭാഗ്യവശാൽ ഇപ്പോൾ വൈദ്യുതി ചാർജ് വർദ്ധനയിൽ വന്നിട്ടുള്ള ചില അപാകതകളാണ് അവർ ആശ്രയിക്കുന്നത്. ഈ വിഷയത്തെ സംബന്ധിച്ച് ഇവിടെ അടിയന്തിരപ്രമേയം വന്നപ്പോൾ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി പറഞ്ഞത് ഞാൻ ഓർക്കുന്നു. വൈദ്യുതി ചാർജ് വർദ്ധനവ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് പോകുന്നതിനുമുമ്പ് തന്നെ വേണമെന്ന് തത്വത്തിൽ തീരുമാനിച്ചിരുന്ന കാര്യമാണ്. അദ്ദേഹം അന്ന് പരസ്യമായിട്ടുതന്നെ വാക്കൗട്ട് വേളയിൽ പറഞ്ഞ ഒരു കാര്യമാണത്. മറ്റുചില പ്രശ്നങ്ങളാൽ അവർക്ക് അന്നത് നടപ്പാക്കാൻ കഴിഞ്ഞില്ല എന്നേയുള്ളൂ. അന്ന് ഓരോരോ മുട്ടുന്യായങ്ങൾ പറഞ്ഞ് നീട്ടിക്കൊണ്ടുപോയത് അനിവാര്യമായത് ഇവിടെ സംഭവിച്ചിരിക്കുന്നു. എന്നാൽ ഇത് നടപ്പാക്കുമ്പോഴുണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ തീർച്ചയായും ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും മുൻകൈ എടുക്കണം. സാധാരണക്കാരുടെമേൽ വന്നിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 100% പവർക്കട്ടാണ് വ്യാവസായിക മേഖലയിലുണ്ടായിരുന്നത്. വൈദ്യുതി ചാർജ് വർദ്ധനവുകൊണ്ട് വ്യാവസായിക മേഖലയിലുണ്ടാകുന്ന നഷ്ടത്തെ സംബന്ധിച്ചും മനോരമയിൽ വന്ന വാർത്തയെ സംബന്ധിച്ചുമെല്ലാം ഇവിടെ പരാമർശിച്ചു. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നേരത്തേ 100% പവർക്കട്ട് ഏർപ്പെടുത്തിയപ്പോൾ അവിടത്തെ വ്യാവസായിക ഉല്പാദനം ഇല്ലായ്മ വന്നതിനുമാത്രം നഷ്ടം 2500 കോടി രൂപയായിരുന്നു. വൈദ്യുതി കൊടുക്കാൻ കഴിയാതെ വന്നതുകൊണ്ട് വൈദ്യുതി ചാർജിന്റെ വർദ്ധനവുകൊണ്ടുണ്ടാകുന്ന നഷ്ടം ഏതായാലും അതിനോടൊപ്പം എത്തുകയില്ലെന്ന് നാം ഓർക്കണം. അങ്ങനെ പരിശോധിക്കുമ്പോൾ ഉല്പാദന രംഗത്തും വരുമാന രംഗത്തും നമുക്ക് മുന്നോട്ടു പോകാനാണ് കഴിഞ്ഞിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

തെന്ന് നാം അംഗീകരിക്കേണ്ടതുണ്ട്. 50 വർഷക്കാലം നമ്മുടെ സംസ്ഥാന ത്തിന് ഉല്പാദിപ്പിക്കാൻ കഴിഞ്ഞ വൈദ്യുതിയുടെ 40 ശതമാനത്തോളം, അതായത് 1505 മെഗാവാട്ട് വൈദ്യുതി 50 വർഷംകൊണ്ട് ഉല്പാദിപ്പിച്ചപ്പോൾ കഴിഞ്ഞ മൂന്നുവർഷംകൊണ്ട് ഇപ്പോൾ കമ്മിഷൻ ചെയ്യാൻ പോകുന്ന കക്കാ ടിന്റെ 50 മെഗാവാട്ട് കൂടി കണക്കാക്കിയാൽ 627 മെഗാവാട്ട് ഉല്പാദനരംഗത്ത് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു എന്നത് തീർച്ചയായും അഭിമാനിക്കാൻ കഴിയുന്ന നേട്ടമാണ്. അതിന് മുൻകൈ എടുത്ത് പ്രവർത്തനം നടത്തിയ ഗവൺമെന്റി നേയും മന്ത്രിയേയുമൊക്കെത്തന്നെ പ്രത്യേകമായി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. എന്നാൽ ഉല്പാദന രംഗത്തു ണ്ടായിട്ടുള്ള വർദ്ധനവിനനുസരണമായി അത് പ്രസരണ രംഗത്തും വിതരണ രംഗത്തും പൂർണ്ണമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം നാം അംഗീകരിക്കണം. അതുകൊണ്ടാണ് ഇപ്പോഴും നമുക്ക് ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായി ഒഴിവാക്കാൻ കഴിയാതെ വരുന്നത്. Peak hour load താങ്ങാനായി നമ്മുടെ ഇന്നത്തെ സിസ്റ്റത്തിന് കഴിയാതെ വന്നിരിക്കുന്നു. അതുകൊണ്ട് ഉല്പാദന രംഗത്തിനുകൊടുത്ത പ്രാധാന്യം ട്രാൻസ്മിഷൻ രംഗത്തും വിതരണ രംഗത്തും കൊടുക്കുന്നതിനുവേണ്ടി ഇനിയെങ്കിലും തയ്യാ റാകണം. തീർച്ചയായും അതിനുവേണ്ടി പുതിയ സബ്സ്റ്റേഷനുകൾ 150 എണ്ണം തുടങ്ങാനായി എടുത്തിട്ടുള്ളതും പുതിയ ലൈനുകൾ വലിക്കാൻ എടുത്തിട്ടുള്ളതുമായ തീരുമാനങ്ങൾ മറന്നുകൊണ്ടല്ല, എന്നാൽ അത് വേഗ ത്തിൽ പൂർത്തീകരിക്കാൻ നടപടി ഉണ്ടാകണം. ചില സ്ഥാപനങ്ങൾ ഏറ്റെടു ത്തിട്ടുള്ള സബ്സ്റ്റേഷൻ പണികൾ വളരെയേറെ താമസമുണ്ടാക്കുന്നതായി കാണാൻ കഴിയും. അതുകൊണ്ട് വളരെ വേഗതയിൽ കൃത്യസമയം നിശ്ച യിച്ച് പുതിയ സബ്സ്റ്റേഷന്റേയും ലൈനിന്റേയും നിർമ്മാണം പൂർത്തിയാ ക്കാനും ട്രാൻസ്മിഷൻ രംഗത്തും ഡിസ്ട്രിബ്യൂഷൻ രംഗത്തുമുള്ള അപാകത കൾ പരിഹരിക്കുന്നതിനും പ്രത്യേകം നടപടികൾ എടുക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം മറ്റുചില പ്രത്യേക മേഖലകളിലുമുണ്ട്, അവിടെ ചില പ്രത്യേക തീരുമാനങ്ങൾ ഗവൺമെന്റ് കൈക്കൊണ്ടാൽ മാത്രമേ കഴിയുകയുള്ളൂ. പ്രത്യേകിച്ച് കുട്ടനാടുപോലുള്ള പ്രദേശങ്ങളിൽ ഇപ്പോൾ ബോർഡ് വ്യാപക മായി ഉപയോഗിക്കുന്ന ആർ.സി. പോസ്റ്റുകൾ ഉപയോഗിക്കാൻ കഴിയുകയി ല്ല. അത് മണ്ണിൽ നിൽക്കുകയില്ല താഴ്ന്ന് പോകും, അതുകൊണ്ട് ഇവിടെ ഉപ യോഗിച്ചുകൊണ്ടിരുന്നത് തേക്ക് കൊണ്ടുള്ള പോസ്റ്റുകളാണ്. അതിനെ സംബന്ധിച്ച് കോടതി വിധിയും സ്റ്റേയുമൊക്കെ നിലനിൽക്കുന്നതുകൊണ്ട് ഒരു പോസ്റ്റ് ഒടിഞ്ഞാൽ ഒടിയുന്നിടം വച്ച് മുറിച്ചിട്ട് വീണ്ടും താഴ്ത്തിയിടുകയാണ് ചെയ്യുന്നത്. ഇത് അപകടകരമായ സ്ഥിതിയാണ്. ലൈനുകൾ മുഴുവൻ താഴ്ന്ന് കിടക്കുന്നു. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ വള്ളത്തിൽപ്പോലും യാത്രചെയ്യാൻ കഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. ലൈനുകൾ വെള്ളത്തിൽ മുങ്ങിക്കിടക്കുന്നു, ആളുകൾ ധാരാളമായി മരിക്കു ന്നുണ്ട്, ആ ഒരു സ്ഥിതിവിശേഷം പരിഹരിക്കേണ്ടതായിട്ടുണ്ട്. ഭാരം കുറഞ്ഞ ലോഹമുപയോഗിച്ചുള്ള പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റിന്റെ മാതൃകയിൽ നിർമ്മിച്ച് ഈ മേഖലയിൽ ഉപയോഗിക്കാൻ ഇപ്പോൾ റിട്ടയർ ചെയ്ത ചെയർമാനായ ശ്രീ. സിദ്ധാർത്ഥ മേനോൻ തീരുമാനമെടുത്തിരുന്നു. അത് നട പ്പാക്കുന്നുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. ആ തീരുമാനം നടപ്പിലാക്കണമെ ന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കോടതിയിൽ കേസ്സ് കഴിഞ്ഞാലും തേക്കുംതടി കൊണ്ടുവന്ന് പോസ്റ്റ് നിർമ്മിക്കാൻ കഴിയുകയില്ല, ആർ.സി. പോസ്റ്റുകൾ പ്രായോഗികവുമല്ല. ആ നിലയിൽ പുഞ്ചപ്പാടങ്ങളിൽ നെല്ലുല്പാ ദനവുമായി ബന്ധപ്പെട്ട് പ്രകൃതിക്ഷോഭ വേളയിൽ പൂർണ്ണമായും വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്താൽ മാത്രമേ കൃഷി സംരക്ഷിക്കാൻ കഴിയുകയുള്ളൂ. ആ സാഹചര്യം കണക്കിലെടുത്ത്, കൃഷി സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം കണക്കിലെടുത്ത് ഡിസ്ട്രിബ്യൂഷൻ ലൈൻ നന്നാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ഇപ്പോൾ എല്ലായിടത്തും 110 കെ.വി.സബ്സ്റ്റേഷനാണ് കൊണ്ടുവരുന്നത്. എന്നാൽ കുട്ടനാട്ടിൽ ഇപ്പോഴും ഒരു 66 കെ.വി. സബ്സ്റ്റേഷനാണുള്ളത്. അതുകൊണ്ട് ഇപ്പോഴും പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുകയില്ല, അതുകൊണ്ട് 110 കെ.വി. സബ്സ്റ്റേഷനാക്കുകയും ഏറ്റെടുത്തിട്ടുള്ള എടത്വാ സബ്സ്റ്റേഷൻ, അത് 1987-ൽ സാംഗ്ഷൻ ചെയ്ത സബ്സ്റ്റേഷനാണ്, 12 കൊല്ലമായി, ഇപ്പോൾ ഒരു വശത്തുനിന്ന് ലൈൻ വലിക്കാൻ തുടങ്ങിയിട്ടുണ്ട്, പക്ഷെ ഭൂമി ഏറ്റെടുത്ത് കൈവശപ്പെടുത്താനുള്ള നടപടി അകാരണമായി നീണ്ടുപോകുന്നു. ബഹുമാനപ്പെട്ട മന്ത്രി അതിലിടപെട്ട് ഏറ്റവും വേഗത്തിൽ അതിന്റെ പണി നടത്തണമെന്നഭ്യർത്ഥിക്കുകയാണ്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഇവിടത്തെ കാർഷികവും വ്യാവസായികവുമായിട്ടുള്ള വികസനം ഭംഗിയായി കൊണ്ടുപോകുന്നതിന് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്ന നിശ്ചയദാർഢ്യത്തോടെ പോകുന്ന ഗവൺമെന്റിന്റെ നടപടികളെയും അതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ധനാഭ്യർത്ഥനയേയും ഞാൻ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ പ്രധാനപ്പെട്ട രണ്ട് വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥന ചർച്ചയാണ് നടക്കുന്നത്. ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി കൈകാര്യം ചെയ്യുന്ന രണ്ട് വകുപ്പുകളിൽ വൈദ്യുതി മേഖലയെക്കുറിച്ച് ആദ്യം പറയാം. അദ്ദേഹം കാര്യമൊന്നും മനസ്സിലാക്കുന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ ഇലക്ട്രിസിറ്റി ബോർഡ് ഒരു വെള്ളാനയായി മാറിയിരിക്കുകയാണ്. ഈ ബോർഡിന്റെ പിടിപ്പുകേടും ബോർഡിന്റെ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ ഭാവനയില്ലായ്മയുമാണ് താരിഫ് വർദ്ധന വരുത്തിയിരിക്കുന്നത്. ബഹുമാന്യനായ മന്ത്രി ഓരോ വർഷത്തേയും നഷ്ടത്തെപ്പറ്റി ഓർക്കണം. നഷ്ടം നികത്താൻ താരിഫ് വർദ്ധന, ചാർജ് കൂട്ടൽ അതല്ലേ നടക്കുന്നത്. ബഹുമാന്യനായ മന്ത്രി പറയുന്നു ഇലക്ട്രിസിറ്റി ബോർഡ് നഷ്ടത്തിലാണ്, അതുകൊണ്ടാണ് ചാർജ് വർദ്ധനവെന്നല്ലേ. അങ്ങ് ഈ നിയമസഭയിൽ പറഞ്ഞത് എന്താണ്? 23-3-99-ൽ അങ്ങ് എന്റെ നക്ഷത്രചിഹ്നമിടാത്ത 278-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരം എന്റെ കൈയിലുണ്ട്. 1995-96, 1996-97, 1997-98 എന്നീ മൂന്ന് വർഷങ്ങളിൽ വൈദ്യുതി ബോർഡ് ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത്? എന്റെ ചോദ്യമതായിരുന്നു. ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത് എന്നാണ് അദ്ദേഹം ഉത്തരം പറഞ്ഞത്. മേൽപ്പറഞ്ഞ മൂന്ന് വർഷങ്ങളിലും ലാഭത്തിലാണ് പ്രവർത്തിച്ചത്. പ്രസ്തുത കാലയളവുകളിൽ ഓരോ വർഷവും മൂന്ന് ശതമാനം ലാഭത്തിലാണ് ബോർഡ് പ്രവർത്തിച്ചിരുന്നത് എന്നാണ്. നിയമസഭയിൽ പറഞ്ഞ ഒരു ഉത്തരമാണ്, ഞങ്ങൾക്ക് അതല്ലേ വിശ്വസിക്കാൻ പറ്റുകയുള്ളൂ. ആ ഉത്തരം വിശ്വസിച്ച് മുന്നോട്ട് പോകുമ്പോൾ മന്ത്രി ഇപ്പോൾ പറയുന്നത് ബോർഡ് നഷ്ടത്തിലാണ്, ആ നഷ്ടം നികത്താനാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതെന്നാണ്. മൂന്ന് ശതമാനം ലാഭത്തിൽ പ്രവർത്തിച്ചിരുന്നുവെന്ന് നിയമസഭയിൽ നൽകിയ ഉത്തരമാണ്. നിയമസഭയിൽ പറഞ്ഞ ഉത്തരം കളവാണോ? അങ്ങ് പറയണം. കഴിഞ്ഞ ദിവസം അടിയന്തിരപ്രമേയത്തിന്റെ മറുപടി പറഞ്ഞപ്പോൾ അങ്ങ് ഒന്ന് സൂചിപ്പിച്ചു. പക്ഷെ ഞങ്ങൾക്ക് അറിയേണ്ടത് അങ്ങ് നിയമസഭയിൽ രേഖാമൂലം നൽകിയ ഉത്തരം കളവാണോ? അതോ അങ്ങ് ഇപ്പോൾ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

താണോ ശരി. ഇപ്പോൾ ചാർജ് വർദ്ധിപ്പിച്ചത് ബോർഡിന്റെ നഷ്ടം നികത്താൻ വേണ്ടിയാണെന്ന് പറയുന്നതാണോ ശരി. ഇത് ഞങ്ങൾക്ക് അറിയണം. 26 വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ പോകുകയാണ്. വാണിജ്യവ്യവസായ മേഖല സ്തംഭിച്ച് ഒരു കാരണവശാലും മുന്നോട്ടുപോകാനാകാത്ത സ്ഥിതിവന്നിരിക്കുന്നു. ഇവിടെ ആളുകൾക്ക് ബുദ്ധിമുട്ടില്ല എന്നാണ് അപ്പുറത്തിരിക്കുന്ന ശ്രീ. പ്രകാശ് ബാബുവും ശ്രീ. കടകാപള്ളി സുരേന്ദ്രനുമൊക്കെ പറയുന്നത്. അപ്പുറത്ത് പത്ത് തൊണ്ണൂറ് എം.എൽ.എ. മാർ ഉണ്ടല്ലോ, അവരൊന്നും നാട്ടിൽ പോകാറില്ലേ? നാട്ടിലെ ജനങ്ങളോട് ചോദിക്കണം, വീട്ടിൽ അന്വേഷിക്കണം. നിങ്ങളും വൈദ്യുതി ചാർജ് കൊടുക്കുന്നവരല്ലേ? ബഹുമാന്യനായ മന്ത്രിയോട് കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല, അങ്ങ് പറയുന്നത് 35 ശതമാനം വർദ്ധനവേയുള്ളു എന്നല്ലേ. ഞാൻ എന്റെ അനുഭവം പറയുകയാണ്, ഞാൻ 276 രൂപയാണ് കറന്റ് ചാർജ് കൊടുത്തുകൊണ്ടിരുന്നത്. എന്നാൽ ഈ മാസം ഞാൻ കൊടുത്തത് 486 രൂപയാണ്. എത്ര ശതമാനമാണെന്ന് അങ്ങ് കണക്കാക്കുക. എനിക്ക് വരുമാനം വർദ്ധിച്ചിട്ടില്ല അപ്പുറത്തിരിക്കുന്ന ആളുകൾക്കും ഇതല്ലേ അനുഭവം. സംസ്ഥാനത്തെ പാവപ്പെട്ട ആളുകൾക്ക് ജീവിക്കാൻ മാർഗ്ഗമില്ല. ഇന്ന് അവരൊക്കെ അക്ഷരാർത്ഥത്തിൽ ഷോക്കേറ്റ് മരവിച്ചുകിടക്കുകയാണ്. ഈ വൈദ്യുതി ചാർജ് വർദ്ധനവുകൊണ്ട് അങ്ങുൾപ്പെടെ മരവിച്ചിരിക്കുകയാണ്. വീട്ടിൽ വൈദ്യുതി ചാർജ് അടയ്ക്കുന്നവരൊക്കെ ഷോക്കേറ്റ് മരവിച്ചിരിക്കുകയാണ്. ഇവിടെ അങ്ങ് ശാസ്ത്രീയമായിട്ടാണോ വർദ്ധനവ് വരുത്തിയിരിക്കുന്നത്. അങ്ങ് കൊണ്ടുവന്ന വൈദ്യുതി ഊർജ്ജം നയം എന്റെ കൈവശമുണ്ട്. ആ ഊർജ്ജം നയത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളിലേയ്ക്കും ഞാൻ കടക്കുന്നില്ല. ആ നയത്തിൽ എട്ടാം വകുപ്പിൽ പറഞ്ഞിട്ടുള്ള കാര്യം അങ്ങ് ഒന്ന് വായിക്കണം. കാലാകാലങ്ങളിൽ താരിഫ് ഘടന പരിശോധിച്ച് കുറ്റമറ്റ ശുപാർശ നൽകുന്നതിന് ഇലക്ട്രിസിറ്റി ബോർഡിൽ റെഗുലേറ്ററി കമ്മീഷൻ രൂപീകരിക്കും. നമ്മുടെ സംസ്ഥാനത്ത് റെഗുലേറ്ററി അതോറിറ്റി ഇപ്പോൾ രൂപീകരിച്ചിട്ടുണ്ടോ? കേന്ദ്ര ഗവൺമെന്റ് ഇതുസംബന്ധിച്ച് നിർദ്ദേശം നൽകിയിട്ട് രണ്ടു വർഷം കഴിഞ്ഞില്ലേ? വൈദ്യുതി റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ എന്താണ് കാലതാമസം. കൈയിലിരിക്കുന്ന അധികാരം താഴോട്ട് കൊടുക്കാൻ കഴിയുന്നില്ല അതല്ലേ കാരണം. റെഗുലേറ്ററി അതോറിറ്റിക്ക് രൂപം കൊടുത്താൽ ശാസ്ത്രീയമായ കാര്യങ്ങൾ അവർ നോക്കും, അതിനുള്ള സംവിധാനം വരും. അപ്പോൾ, അധികാരം കൈയിൽനിന്നും പോകും എന്നുള്ളതുകൊണ്ട് രണ്ട് വർഷമായി റെഗുലേറ്ററി അതോറിറ്റി രൂപീകരണം കടലാസിൽ ഇരിക്കുകയാണ്. ഇവിടെ അങ്ങ് പറഞ്ഞല്ലോ വർദ്ധനവ് വരുത്തിയത് നഷ്ടം നികത്താനാണെന്ന്. ഇതിൽ എന്ത് മാനദണ്ഡമാണ് വൈദ്യുതി ബോർഡ് സ്വീകരിച്ചത്? അങ്ങേയ്ക്ക് പറയാമോ? അത് ശാസ്ത്രീയമായിട്ടാണോ വരുത്തിയത്? അങ്ങ് അതേക്കുറിച്ച് മനസ്സിലാക്കിയോ എന്നെനിക്കറിഞ്ഞുകൂടാ, അങ്ങ് സത്യത്തിൽ വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥർ എഴുതിത്തരുന്നത് പറയുകയല്ലേ ചെയ്യുന്നത്. വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥൻമാർ തെറ്റായ രീതിയിൽ ഈ സംസ്ഥാനത്തെ ജനങ്ങളെ ദ്രോഹിക്കുന്നതിനുവേണ്ടി അങ്ങയെപ്പോലും തെറ്റിദ്ധരിപ്പിച്ച്, ആ ശാസ്ത്രീയമായ രീതിയിൽ താരിഫ് വർദ്ധനവ് കൊണ്ടുവന്നാൽ അംഗീകരിക്കാനുള്ള മനോഭാവമാണോ നാം കാണിക്കേണ്ടത്. അത് തെറ്റാണെന്ന് കാണിച്ച് തിരുത്തണം. ശാസ്ത്രീയമായിട്ടാണെങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡങ്ങളെന്താണെന്നുള്ളത് സംബന്ധിച്ച രേഖ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാകുമോ? ഈ ചാർജ് വർദ്ധിപ്പിക്കാൻ അങ്ങ് ആസ്പദമാക്കിയ, ഗവൺമെന്റ് ആസ്പദമാക്കിയ, രേഖ

LIBRARY ARCHIVES Kerala Legislative Assembly

മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാകുമോ? നമ്മുടെ നാല് സംസ്ഥാനങ്ങളിൽ മാത്രമാണ് ഇനിയും കേന്ദ്ര നിർദ്ദേശമനുസരിച്ചുള്ള റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ കാലതാമസം വരുത്തുന്നത്. കേരളവും അതിലോട്ട് പോകണമോ. നമ്മുടെ സംസ്ഥാനത്തെ ഇന്നത്തെ സ്ഥിതി അങ്ങേയ്ക്കറിയാമല്ലോ? ഇന്ന് എല്ലാ മേഖലയും സ്തംഭിച്ചു, അങ്ങയുടെ നാടുൾപ്പെടെ സ്തംഭിച്ചു. വ്യാപാരി വ്യവസായികൾ വൈകുന്നേരം ആറ് മണിമുതൽ കടകൾ അടച്ചിടാൻ തീരുമാനിച്ചിരിക്കുകയാണ്. അങ്ങേയ്ക്കറിയാമല്ലോ. പാവപ്പെട്ട തൊഴിലാളികൾ പണി കഴിഞ്ഞ് ആറ് മണിക്കാണ് അവർ വീട്ടിൽ വരുന്നത്. സാധനം വാങ്ങാൻ കടയിൽ പോകണം. വ്യാപാരികൾ ആറ് മണിക്ക് കടയടച്ചാൽ അവർ എങ്ങനെ സാധനങ്ങൾ വാങ്ങും. എന്നിട്ടും അപ്പുറത്തിരിക്കുന്ന മെമ്പർമാർ പറയുന്നത് ഒരു ബുദ്ധിമുട്ടുമില്ലയെന്നാണ്. അപ്പുറത്തിരിക്കുന്നവർ കൂടി പ്രതിനിധാനം ചെയ്യുന്ന ജനവിഭാഗങ്ങളുടെ പാവപ്പെട്ട തൊഴിലാളികളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി അശാസ്ത്രീയമായ വൈദ്യുതി ചാർജ് പിൻവലിക്കാൻ തയ്യാറാകണം. കേരളത്തിലെ ജനങ്ങളോട് അല്പമെങ്കിലും കാരുണ്യമുണ്ടെങ്കിൽ ഈ വൈദ്യുതി ചാർജ് പിൻവലിച്ച് റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചുകൊണ്ട്, ശാസ്ത്രീയമായ രീതിയിൽ വൈദ്യുതിച്ചാർജ് ആവശ്യമെങ്കിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ കൊണ്ടുവരാൻ കഴിയണം. സഹകരണ മേഖലയെക്കുറിച്ച് ഒരു വാക്ക് പറയുവാൻ ആഗ്രഹിക്കുകയാണ്. സഹകരണമേഖലയാകെ ആന കരിമ്പിൻ തോട്ടത്തിൽ കയറിയതുപോലെയായി. അങ്ങ് വന്നിട്ട് കുറച്ചുകാലമേ ആയിട്ടുള്ളു, ഒരു ബില്ല് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്, അതിൽ മാറ്റങ്ങൾ വരുത്താൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. ഈ മേഖലയിൽ ജനവികാരമുണ്ടായിരിക്കുന്നു. ഈ ദുഷിച്ച പ്രവണത എന്നത്തേക്കുമായി അവസാനിപ്പിക്കുവാൻ, ശാസ്ത്രീയമായ ഭേദഗതികളോടെ ആ നിയമം കുറ്റമറ്റതാക്കി മാറ്റാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഇന്ന് സഹകരണമേഖലയിൽ കാണുന്ന ദുഷിച്ച പ്രവണതകൾ അവസാനിപ്പിക്കാൻ കഴിയുകയുള്ളു. ഈ രണ്ട് മേഖലയിലും പ്രത്യേകിച്ച് വൈദ്യുതി മേഖലയിൽ ഷോക്കേറ്റ് നിൽക്കുന്ന ജനങ്ങളെ സംരക്ഷിക്കാൻ യാതൊരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ലാത്തതുകൊണ്ടും അതിനുവേണ്ടി പണം മാറ്റിവയ്ക്കാത്തതുകൊണ്ടും ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.സി. ജോസഫ്)

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ശക്തവും ബലിഷ്ഠവുമായ ഒരു സഹകരണ അടിത്തറയുള്ള സംസ്ഥാനമാണ് കേരളം. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അതികായൻമാരായിട്ടുള്ള സഹകാരികളുടെ വർഷങ്ങളായിട്ടുള്ള പ്രവർത്തന ഫലമായിട്ടാണ് നമ്മുടെ സംസ്ഥാനത്ത് സഹകരണ സംവിധാനം ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുള്ളത്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്പർശിക്കുന്ന സർവ്വതലസ്പർശിയായ ഒരു സഹകരണ സംസ്കാരം വളർത്തിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഈ രംഗത്ത് പരമാവധി ജനാധിപത്യവത്ക്കരണത്തിന്റെ പാതയിലൂടെ മുന്നോട്ടുപോകാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. ഇവിടെ നോൺ ക്രെഡിറ്റ് സംഘങ്ങളെ ജില്ലാ സഹകരണ ബാങ്കുകൾ പിടിച്ചെടുക്കാൻവേണ്ടി ഒഴിവാക്കി എന്നുള്ള ആക്ഷേപം ബഹുമാനപ്പെട്ട മാമ്മൻ മത്തായി ഉന്നയിക്കുകയുണ്ടായി. ജില്ലാ ബാങ്കുകളെയും സഹകരണ ബാങ്കുകളെയും അതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ക്രെഡിറ്റ് ബാങ്കുകളുടെ മാത്രം അടിത്തറയിൽ കൊണ്ടുവരണമെന്നുള്ളത് വർഷങ്ങളായി സഹകരണ രംഗത്ത് നിലനിൽക്കുന്ന ആശയ

LIBRARY ARCHIVES Kerala Legislative Assembly

മാണ്. അതിന്റെ സാക്ഷാത്കാരമാണ് വാസ്തവത്തിൽ അതിലൂടെ ഉണ്ടായിട്ടുള്ളത് എന്നത് കാണാൻ സാധിക്കും. ഈ രംഗത്ത് വളരെ പുരോഗമനപരമായ നീക്കങ്ങൾ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കുറ്റമറ്റ ഒരു സഹകരണ ഭേദഗതി നിയമം കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട ജോണി നെല്ലൂർ ആവശ്യപ്പെടുകയുണ്ടായി. അതിനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ ഈ ഗവൺമെന്റും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെ ഒരു ദ്രോഷൈകദൃക്കിന്റെ ഭാവത്തിൽനിന്നുകൊണ്ട് കാണാതെ, അതിനെ കൂടുതൽ ജനാധിപത്യവത്ക്കരിച്ചുകൊണ്ട്, കൂടുതൽ കുറ്റമറ്റതാക്കാനുള്ള ശ്രമമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് എന്നാണ് എനിക്ക് പറയാനുള്ളത്. സഹകരണ രംഗം കുറെ തെറ്റായ പ്രവണതകൾ കൂടി ഉൾക്കൊണ്ടുകൊണ്ടാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. സഹകരണ രംഗത്തെ സ്ഥാപനവത്ക്കരണവും ധൂർത്തും ഒഴിവാക്കേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം. തിരുവനന്തപുരത്തെ സഹകരണ കോൺഗ്രസ്സ് ഉൾപ്പെടെ ആ ധൂർത്തിന്റെ പാതയിൽ മുന്നോട്ടുപോകുന്നുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് പരിശോധന നടത്താൻ കഴിയണമെന്നുള്ളതാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്. ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെയും പ്രൈമറി സഹകരണ സംഘങ്ങളുടെയും അടിത്തറയെന്നു പറയുന്നത് ഈ നാട്ടിലെ കർഷകരാണ്. ആ കർഷകരുടെ നോവും നൊമ്പരവും ഉൾക്കൊള്ളാൻ സഹകരണ സംഘങ്ങൾക്ക് കഴിയണം. നമ്മുടെ സംസ്ഥാനത്തെ കർഷകർ പലപ്പോഴും കൃഷിനാശത്തിലും പ്രകൃതിക്ഷോഭത്തിലുംപെട്ട് ഉഴലുന്നവരാണ്. ആ സന്ദർഭങ്ങളിൽ അവരെ സഹായിക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് കഴിയേണ്ടതായിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ മിച്ചം ഫണ്ടിൽനിന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. സഹകരണ സ്ഥാപനങ്ങളുടെ മിച്ചം ഫണ്ട് ഉപയോഗിച്ചുകൊണ്ട് കൃഷിക്കാരുടെ പേരിൽ ഒരു ഇൻഷ്വറൻസ് പോളിസി എടുത്തുകൊണ്ട് നാശനഷ്ടം കണക്കാക്കി കർഷകരെ സഹായിക്കാനുള്ള സംവിധാനം ഉണ്ടാകണം.

വൈദ്യുതി മേഖലയിൽ തികഞ്ഞ ഇച്ഛാശക്തിയോടുകൂടി, നിശ്ചയദാർഢ്യത്തോടുകൂടി, യാഥാർത്ഥ്യബോധത്തോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. മറ്റ് ഏതൊരു രംഗത്തും കൊടുക്കുന്നതിനെക്കാൾ പ്രാധാന്യം വൈദ്യുത മേഖലയ്ക്ക് ഈ ഗവൺമെന്റ് കൊടുക്കുന്നുണ്ട് എന്നുള്ളത് കാണാൻ കഴിയും. വൈദ്യുത രംഗത്ത് പൂർത്തിയാകാതെ കിടന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഈ മേഖലയിൽ നമുക്ക് മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞത്. ഈ പദ്ധതികളിൽ പലതും കഴിഞ്ഞ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തുള്ളവയാണ്. പക്ഷെ അന്നത്തെ കെടുകാര്യസ്ഥതകൊണ്ടും അലംഭാവംകൊണ്ടും പൂർത്തീകരിക്കപ്പെടാതെ മുടങ്ങിക്കിടന്ന ആ പദ്ധതികൾ നിശ്ചയദാർഢ്യത്തോടുകൂടി പൂർത്തീകരിക്കാനുള്ള ശ്രമം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി. എന്നുള്ളതുതന്നെയാണ് ഗവൺമെന്റ് ആ രംഗത്തു നടത്തിയിട്ടുള്ള സംഭാവനകളും സേവനവും എന്നു പറയാൻ ആഗ്രഹിക്കുകയാണ്. കെ.എസ്.ഇ.ബി യുടെ 1025 കോടി രൂപയുടെ കടം, അതുപോലെ 528 കോടി പലിശ, അത് ഓഹരി മൂലധനമാക്കിക്കൊണ്ട് ഇലക്ട്രിസിറ്റി ബോർഡിനെ കൂടുതൽ ശക്തമാക്കാനുള്ള നടപടികൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി. 2000-മാണ്ടിൽ കമ്മീഷൻ ചെയ്യാനുള്ള പദ്ധതികൾ ടാർജറ്റ് വച്ചുകൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ശ്രമമാണ് നടത്തിക്കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിരിക്കുന്നത്. ചില കാര്യങ്ങളിൽ കുറെക്കൂടി ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇടുക്കി ജില്ലയിൽപ്പെടുന്ന വടക്കേപ്പുഴ പദ്ധതി ഉടനെ പൂർത്തിയാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ആ പദ്ധതിയുടെ ഓഗ്മെന്റേഷൻ സ്കീമിന്റെ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വനംവകുപ്പുമായിട്ട് ഭൂമി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചുള്ള ചില പ്രശ്നങ്ങളുണ്ട്. ആ ഭൂമി ഏറ്റെടുത്തുകൊണ്ട് ഏറ്റവും വേഗം നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച് മുന്നോട്ടുപോകാൻ കഴിയണം. ജലവൈദ്യുത പദ്ധതികൾ, തെർമൽ പ്ലാന്റുകൾ, ആണവ നിലയങ്ങൾ എല്ലാം ഈ രംഗത്ത് കുടുങ്ങിക്കിടക്കുന്ന ഒരു വൈദ്യുത ഉല്പാദന സമീപനമാണ് നിർഭാഗ്യവശാൽ നമുക്കുള്ളത്. ഇവിടെ തെർമൽ പ്ലാന്റുകളും ആണവനിലയങ്ങളും സൃഷ്ടിക്കുന്ന അന്തരീക്ഷ മലിനീകരണവും അത് സൃഷ്ടിക്കുന്ന അനാരോഗ്യകരമായ സാഹചര്യങ്ങളും കാണാതെ മുന്നോട്ടുപോകാൻ കഴിയുകയില്ല. അതുപോലെ വൻകിട ജലവൈദ്യുത പദ്ധതികൾ സൃഷ്ടിക്കുന്ന ഭൂമിയുടെയും വനത്തിന്റേയും നഷ്ടം, അത് സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ, എന്നിവ കാണാതെ മുന്നോട്ടുപോകാൻ കഴിയുകയില്ല. ഇവിടെ കുറെ നല്ല പ്രവണതകൾ തെളിഞ്ഞു കാണുന്നുണ്ട്. ചൈനയിലെ എച്ച്.ഐ.സി. യുമായി ബന്ധപ്പെട്ടുകൊണ്ട് 18 ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുക്കാനുള്ള നല്ല സൂചനകൾ കാണുന്നുണ്ട്. നമ്മുടെ മലയോര പ്രദേശങ്ങൾ പരിശോധിച്ചാൽ ഇടുക്കി ജില്ലയിൽ മാത്രമായി ഏതാണ്ട് 257-ഓളം ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ആ നിലയിൽ ഈ സംസ്ഥാനത്ത് ഒട്ടാകെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കാനും അതുപോലെ കാറ്റിൽനിന്നും തിരമാലയിൽനിന്നും സൂര്യപ്രകാശത്തിൽനിന്നും ലഭ്യമായിട്ടുള്ള മുഴുവൻ ഊർജ്ജസ്രോതസ്സുകളെയും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു സമീപനം ബഹുമാനപ്പെട്ട ഗവൺമെന്റിന്റേയും വകുപ്പുമന്ത്രിയുടേയും ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. ബാബു ദിവാകരൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും കാതലായ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിഞ്ഞു എന്നതാണ് കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഏറ്റവും തിളക്കമാർന്ന മുഖമെന്നു ചൂണ്ടിക്കാണിക്കാൻ കഴിയുന്നതാണ് വൈദ്യുത രംഗത്തെ പ്രവർത്തനം. കുറെ കാലങ്ങളായി നമ്മുടെ സംസ്ഥാനം നേരിടുന്ന രൂക്ഷമായ ഊർജ്ജക്ഷാമത്തിൽനിന്നും സംസ്ഥാനത്തെ മോചിപ്പിക്കുവാൻ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ നിശ്ചയദാർഢ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിരിക്കുന്നു. നമുക്ക് 2000-2002 ആണ്ടോടുകൂടി നമ്മുടെ സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യങ്ങൾ നിറവേറ്റാൻ കഴിയത്തക്കനിലയിലേയ്ക്ക്, മിച്ച സംസ്ഥാനമായി മാറുന്ന സ്ഥിതിയിലേയ്ക്ക്, കാര്യങ്ങൾ നീങ്ങുന്നു എന്നുള്ളത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. നമ്മുടെ സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കണമെന്നു പറയുമ്പോൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമുക്ക് ഒരു പ്രത്യേകതയുണ്ട്. മറ്റ് ഇതര സംസ്ഥാനങ്ങളെക്കാൾ ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കിയിരുന്ന ഒരു സംസ്ഥാനം എന്നുള്ളത് നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക കാര്യങ്ങളിൽ ഏറ്റവും അനുകൂലമായ സാഹചര്യമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ വൈദ്യുത നിരക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ സൂചിപ്പിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻമാർക്കും അതേ വാദമുഖമാണുള്ള ത്. ഇത് ഇനിയും കൂറച്ചുനിറുത്താൻ നമുക്ക് കഴിയണം. ഇവിടെ കുറവാണ് എന്നുള്ളതുകൊണ്ട് ഇത് മറ്റ് സംസ്ഥാനങ്ങളിലും ഇങ്ങനെ ആക്കിക്കൊള്ളണ മെന്ന് എവിടെയാണ് പറയുന്നത്? ഇക്കാര്യത്തിൽ നമ്മുടെ വൈദ്യുതി നയം പ്രഖ്യാപിച്ചപ്പോൾ ഉണ്ടായിട്ടുള്ള ഒരു സമീപനം എന്താണെന്നു വച്ചാൽ നമുക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന ജലസ്രോതസ്സുകളാണുള്ളതെന്നാണ്. 85% ഉല്പാദനവും ആ മേഖലയിൽ തന്നെയാണ്. മറ്റു സ്രോതസ്സുകൾ മുഴുവനായി ചെയ്താൽപ്പോലും നമ്മുടെ മൊത്ത ഉല്പാദനത്തിന്റെ 15% പോലും അതിൽ വരുന്നില്ല. രണ്ടു രൂപയ്ക്കു താഴെ ജലസ്രോതസ്സിൽനിന്നും ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയും ഇപ്പോൾ മറ്റു സ്രോതസ്സുകളിൽനിന്നും ഉപയോഗിക്കുന്ന വൈദ്യുതിയും തമ്മി ലുള്ള ഒരു മിക്സ്, അത് വരുമ്പോൾതന്നെ ഇത്രയും വൈദ്യുതി ചാർജ് വർദ്ധിപ്പിക്കേണ്ടതുണ്ടോ? ഒരു സ്വകാര്യ മുതലാളിയുടെ സമീപനത്തോടുകൂടി ഇലക്ട്രിസിറ്റി ബോർഡ് പ്രവർത്തിക്കണമോ? ഉല്പാദന ചെലവ് വർദ്ധിപ്പിച്ചി ട്ടുള്ളതുകൊണ്ടാണ് വില വർദ്ധിപ്പിക്കേണ്ടി വരുന്നത്. ഈ ചെലവ് ചുരുക്കി ക്കൊണ്ട് ഇക്കാര്യത്തിൽ എത്രത്തോളം നഷ്ടം ഒഴിവാക്കാൻ നമുക്ക് കഴിയും? നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പ്രത്യേകത, നമ്മുടെ സംസ്ഥാനത്തിന്റെ ഗാർഹിക ഉപയോഗം 48 ശതമാനമാണ്. പിന്നെ ഈ കച്ചവടസ്ഥാപനങ്ങൾ ഇവയെല്ലാം ഉപയോഗിക്കുന്നത് 52 ശതമാനവും. വ്യവസായ ഉപഭോഗത്തിൽ കഷ്ടിച്ച് 30 ശതമാനത്തിനു താഴെയാണ് വരുന്നത്. ഇനി വരാൻ പോകുന്ന നമ്മുടെ മാറ്റങ്ങൾക്കനുസരിച്ചാണെങ്കിൽ ഈ ഉല്പാദന മേഖലയിൽ വരുന്ന വർദ്ധനവനുസരിച്ചായിരിക്കില്ല വ്യവസായ മേഖലയുടെ ഡിമാന്റ്. അത് കണ ക്കിലെടുത്തുകൊണ്ട് ഇക്കാര്യത്തിൽ ഒരു കാഴ്ചപ്പാട് ഉണ്ടാകണം. ഗാർഹിക മേഖലയിൽ വൈദ്യുതി ചാർജ് വർദ്ധിക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. വൈദ്യുതി ബോർഡിന് ലാഭം ഉണ്ടാക്കാൻ വേണ്ടി മാത്രം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ പറ്റുമോ? നമുക്കുള്ള അനുകൂലമായ സാഹചര്യം നില നിർത്തിക്കൊണ്ടുതന്നെ പോകാൻ കഴിയണം. ഈ അടുത്ത കാലത്തുണ്ടാ ക്കിയ വൈദ്യുതി താരിഫ് വർദ്ധനവിൽ എന്തൊക്കെ പറഞ്ഞാലും ബഹുമാന പ്പെട്ട മന്ത്രി വളരെ ശ്രദ്ധ കാണിക്കണം. മന്ത്രി പറഞ്ഞത് ആകെ വർദ്ധനവ് 26% എന്നാണ്. പക്ഷേ നാട്ടിൽ ജനങ്ങൾക്ക് അത്രയുമല്ല അനുഭവപ്പെട്ടിട്ടുള്ളത് എന്നതാണ് യാഥാർത്ഥ്യം. അതിന്റെ ഇന്റർപ്രട്ടേഷനിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഏതാണ്? അങ്ങനെ പറയുമ്പോൾ ഒരുകാര്യം കൂടി ഇലക്ട്രിസിറ്റി ബോർഡിന്റെ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വരാനുണ്ട്. ഒരു സ്വകാര്യ മുതലാളിയുടെ സമീപനത്തോടുകൂടി ഇലക്ട്രിസിറ്റി ബോർഡ് പ്രവർത്തിക്കരുതെന്ന് ഞാൻ മുൻപേ പറഞ്ഞു. എന്തുകൊണ്ട്. ഈ താരിഫ് വർദ്ധനവ് ആവശ്യമായി വരുന്നു. അത് നമ്മുടെ കൂട്ടായ ഒരു ശ്രമം കൊണ്ട് ഈ മേഖലയിലെ പ്രതിസന്ധിയെ തരണം ചെയ്ത് ജനങ്ങൾക്കു കൂടി ബോദ്ധ്യപ്പെടുന്ന നിലയിൽ അതിനെ കൊണ്ടുവരണം. ഇലക്ട്രിസിറ്റി ബോർഡിൽ തോന്നിയതുപോലെ ബിൽ എഴുതിക്കൊടുക്കുന്ന ഒരു സ്ഥിതി വിശേഷമുണ്ട്. അതിനെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും ഒരു അപ്പീലു മായി സമീപിച്ചാൽ അവരോട് ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിക്കുന്ന സമീ പനം മോശമാണെന്ന് പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ആ സമീപന ത്തിന് ഒരു മാറ്റം വരണം. ഇലക്ട്രിസിറ്റി ബോർഡിന് ഇത്രയും ചെലവേറിയ ഒരു സംവിധാനം നിലനിർത്തിക്കൊണ്ട് പോകാൻ കഴിയുമോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം പരിശോധിക്കുമ്പോൾ ഓരോ വർഷവും ലാഭത്തി

LIBRARY ARCHIVES Kerala Legislative Assembly

ന്റേയും നഷ്ടത്തിന്റേയും കണക്കുപറയുമ്പോൾ എവിടെയൊക്കെയാണ് ലാഭം? എവിടെയൊക്കെയാണ് നഷ്ടം? നമ്മൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതി യെത്ര? വിൽക്കാൻ കഴിയുന്നതെത്ര? ചോർച്ചയെത്രയാണ്? ഇതൊക്കെ പരി ശോധിക്കാൻ നമുക്ക് കഴിയണം. അതുപോലെതന്നെ എനർജി കൺസർവേ ഷന്റെ കാര്യം. നമ്മൾ ഇന്ന് ഒരുപാട് വൈദ്യുതി പാഴാക്കിക്കളയുന്നുണ്ട്. നമ്മൾ ഇത്രയും അപൂർവ്വമായി ഉണ്ടാക്കുന്ന ഈ ഊർജ്ജം പാഴാക്കിക്കളയു ന്നതിനെക്കുറിച്ച് ഒരു അവബോധം സൃഷ്ടിക്കാൻ, ബോർഡിന്റെ ഈ മേഖല യിലെ നാനാമുഖമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാൻ കഴിയണം. അതുപോലെ എനർജി കൺസെർവ് ചെയ്യാൻ, കൂടുതൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി നമ്മുടെ ഉല്പാദന രംഗത്ത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയ ത്തക്ക നിലയിൽ, ക്രിയാത്മകമായി അത് വിനിയോഗിക്കാൻ കഴിയത്തക്ക നിലയിൽ ഉള്ള ഒരു സമീപനം ബോർഡിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. ഇപ്പോൾതന്നെ ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവിൽ സാധാരണ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള പരാതികളെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ ഒരു പരിശോ ധന ആവശ്യമാണ്. അത് എടുക്കാൻ കഴിഞ്ഞാൽ നമുക്ക് വൈദ്യുതി രംഗത്തു ണ്ടായ വൻപിച്ച കുതിച്ചു ചാട്ടം ഇല്ലാതാക്കാൻ കഴിയും. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ നാടിന്റെ ഏറ്റവും കാതലായ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിഞ്ഞിരിക്കുന്നുവെന്ന അഭിമാനബോ ധത്തോടുകൂടി തന്നെ ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാ ങ്ങുന്നു. സഹകരണ വകുപ്പിനെപ്പറ്റി ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് സഹകരണ മേഖലയിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട നിലയ്ക്ക് ആ നിയമനങ്ങളിൽ സാമുദായികാടിസ്ഥാനത്തിലുള്ള സംവരണതത്വം നിർബന്ധ മായും പാലിക്കാനുള്ള കാര്യം ഗവൺമെന്റ് കർശനമാക്കണം എന്നാണ്. അതുപോലെ സഹകരണ ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിട്ടുള്ള പ്രൊഫ.രഞ്ജിത് കമ്മിറ്റിയുടെ ശുപാർശകൾ താമസി യാതെ ഈ രംഗത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കണം. അതുപോലെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് റിസർവ് ബാങ്കിന്റെ നിബന്ധനകൾക്കു വിധേയമായി ആകർഷകമായ നടപടി കൾ സ്വീകരിക്കുന്നത് കുറെ നന്നായിരിക്കും എന്നുള്ളതാണ്. സഹകരണ രംഗത്തെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് അവ മെച്ചപ്പെടുത്തുവാനും ഏകീകരിക്കുവാനും ജീവനക്കാരുടെ സംഘടിതമായ സമരങ്ങൾ ധാരാളമായി നടന്നു. കുറെയൊക്കെ ഗവൺമെന്റ് പരിഹരിച്ചിട്ടു മുണ്ട്. എങ്കിലും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഹരിക്കാ നുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. സഹകരണ ബാങ്കുകളിൽ ക്രമക്കേടുകൾ ഉണ്ടാകാം. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ പരിഹരി ക്കുന്നതിന് സംസ്ഥാന പോലീസ് വകുപ്പിന്റേയും സംസ്ഥാന വിജിലൻസ് വകുപ്പിന്റേയും സഹായ സഹകരണങ്ങൾ എന്തുകൊണ്ട് തേടിക്കൂടാ? അതു കൊണ്ട് ആ കാര്യങ്ങൾ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

വിദ്യുച്ഛക്തിയെ സംബന്ധിച്ച് ഒരു കാര്യം പറയാനുള്ളത് എന്താ യാലും ശരി ഉല്പാദന വിതരണ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ വിപ്ലവകരമായ മുന്നേറ്റം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട് എന്നതിൽ തർക്ക മില്ല. അതിന് ചുക്കാൻ പിടിച്ച മുൻ ഇലക്ട്രിസിറ്റി മന്ത്രിയേയും ഇപ്പോഴത്തെ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയേയും അഭിനന്ദിക്കേണ്ടതാണ്. പല വിമർശനങ്ങളും ഉണ്ടാകാം. വിമർശനത്തിനുവേണ്ടി മാത്രം നിൽക്കുന്ന പ്രതിപക്ഷങ്ങൾക്ക് അതിന് ഒരു കൂസലും ഉണ്ടാകില്ല. ഇപ്പോൾ ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവിനെ സംബന്ധിച്ച് അവർ ചൂണ്ടിക്കാണിച്ചതെന്താണ്? ഇപ്പോഴത്തെ പ്രതിപക്ഷം അന്നത്തെ ഭരണപക്ഷമായിരുന്നു. ആ ഭരണപക്ഷം ഇന്നത്തെ പ്രതിപക്ഷമായിരിക്കുന്നു. '1992-'93 ൽ 39.52% വർദ്ധിപ്പിച്ചില്ലേ? അതുപോലെ '93-'94 തൊട്ടടുത്ത വർഷം നിങ്ങൾ 10.96% ചാർജ് വർദ്ധിപ്പിച്ചില്ലേ? അതിനടുത്ത വർഷം '94-'95 ൽ 5.63% വർദ്ധിപ്പിച്ചു. തുടർച്ചയായി നിങ്ങൾ മൂന്നു വർഷം ചാർജ് വർദ്ധിപ്പിച്ചു. ഉല്പാദന രംഗത്ത് നിങ്ങൾ കാര്യക്ഷമമായ നടപടി എടുത്തു പോയോ? നിങ്ങൾ പറയുന്നത് നിങ്ങളാണ് ഈ എല്ലാ പദ്ധതികളും ആവിഷ്ക്കരിച്ചതെന്ന്. 1987-1990 കാലഘട്ടത്തിൽ, അന്നത്തെ എൽ.ഡി.എഫ്.ഗവൺമെന്റ് അധികാരത്തിൽ ഇരുന്നപ്പോൾതന്നെ വ്യക്തമാക്കിയതാണ് 14 പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റിന് അയച്ചിട്ടുണ്ടെന്ന്. 1995-1996-ലും അതിനു മുൻപും അധികാരത്തിലിരുന്നപ്പോൾ മൂന്നു പ്രോജക്ടുകളാണ് കേന്ദ്ര ഗവൺമെന്റിന് അയച്ചത്. പക്ഷെ അത് നേടിയെടുക്കുവാൻ എന്തു ചെയ്തുവെന്ന് ആലോചിച്ചാൽ മതി. നിങ്ങൾ തുടങ്ങിയെന്നതല്ല, എന്തു തുടങ്ങിയെന്നതല്ല പ്രശ്നം. തുടങ്ങി വച്ചിട്ടുള്ള മുടങ്ങിയിട്ടുള്ള ദീർഘകാലമായ പദ്ധതികൾ കാര്യക്ഷമതയോടുകൂടി ജനങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി, സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനുവേണ്ടി പൂർത്തീകരിക്കാൻ ആര് പരിശ്രമിച്ചുവെന്നാണ് നോക്കേണ്ടത്. നിങ്ങൾക്ക് അങ്ങനെ പറഞ്ഞ് രക്ഷപ്പെടാൻ പറ്റില്ല. ഈ ഗവൺമെന്റ് വൈദ്യുതി രംഗത്ത് വിപ്ലവകരമായ ഒരു നടപടിയെടുത്തുകൊണ്ടാണ് നീങ്ങുന്നത്. അതേ സമയത്തു തന്നെ ഉല്പാദന ക്ഷമത കൈവരിക്കുന്നു. രണ്ടായിരാമാണ്ടോടുകൂടി വൈദ്യുതി രംഗത്തെ ക്ഷാമം മാറുന്നു. ക്ഷാമം മാറിയാലും ജനങ്ങളുടെ ഉപയോഗം പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചുവെന്ന് വരില്ല. എന്തുകൊണ്ട്? കാര്യക്ഷമത ഈ പ്രസരണ വിതരണ രംഗത്ത് പാലിക്കാൻ കഴിയണം. അപ്പോൾ ഉല്പാദനം കൊണ്ടുമാത്രമല്ല, ഉല്പാദിപ്പിക്കപ്പെടുന്ന അതേയവസത്തിൽ തന്നെ ഈ പ്രസരണ രംഗത്ത് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കാര്യക്ഷമതയോടുകൂടി ബോർഡിന്റെ പ്രവർത്തനം ആവിഷ്കരിക്കാൻ നമുക്ക് സാധിക്കുമെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. പല വിധത്തിലുള്ള വൈകല്യങ്ങൾ ഉണ്ടാകാം. ജീവനക്കാരുടെ ഭാഗത്ത്, ഓഫീസിന്റെ ഭാഗത്ത്, ബോർഡിന്റെ ഭാഗത്ത്, ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്ത് ഇവിടെയൊക്കെയുള്ള വൈകല്യങ്ങൾ, ഉദാസീനതകൾ ഇവയൊക്കെ മാറ്റി സമൂലമായ ഒരു കാര്യക്ഷമത കൈവരിക്കാൻ കഴിയില്ലെങ്കിൽ ഇലക്ട്രിസിറ്റി വർദ്ധിപ്പിച്ചതുകൊണ്ട് ജനങ്ങൾക്ക് പ്രയോജനം ഉണ്ടാകണമെന്നില്ല. അതുകൊണ്ട് ഞാൻ ചൂണ്ടിക്കാണിക്കുന്നത് മുൻ ഗവൺമെന്റിന്റെ കാലത്ത് ഒരു ലൈൻ വലിക്കാൻ ഉത്തരവ് കൊടുക്കുകയും ബോർഡ് ഒരു തീരുമാനം എടുക്കുകയും ബോർഡിന്റെ ചെലവിൽ തന്നെ ലൈൻ വലിക്കാൻ തീരുമാനമെടുക്കുകയും ഈ രണ്ട് ഉത്തരവുകളും ആഫീസുകളിൽ ചെന്നപ്പോൾ അത് പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്ത കുറെ കാര്യങ്ങളുണ്ട്. അതുപോലെ തന്നെ നമ്മുടെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കോളനികൾ ഉണ്ട്. ഐ.എച്ച്.ഡി.പി. സെന്ററുകൾ ഉണ്ട്. അംബേദ്ക്കർ വില്ലേജുകൾ ഉണ്ട്. അവിടെയൊക്കെയുള്ള വെളിച്ചത്തിന് ആവശ്യമായ നടപടികൾ എടുക്കുന്ന കാര്യത്തിൽ പ്രത്യേക അധികാരവും അത് കൊടുക്കാനുള്ള ശുഷ്ക്കാന്തിയും ബോർഡിനും ഗവൺമെന്റിനും ഡിപ്പാർട്ടുമെന്റിനും വേണം. അത് ഞങ്ങൾ പറയുമ്പോൾ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ നീങ്ങു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. പക്ഷേ ഫലപ്രദമാകുന്നില്ല. ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ചിട്ടുള്ള അംബേദ്കർ കോളനിയുൾപ്പെടെയുള്ള സ്ഥലത്ത് ഇന്നും വൈദ്യുതി നൽകാതെ കിടക്കുന്നുണ്ട്. അതൊക്കെ നമ്മുടെ കാര്യക്ഷമതയുമായി ബന്ധപ്പെട്ടതാണെങ്കിൽ അത് പരിശോധിക്കാൻ നമുക്ക് കഴിയണ്ടേ? എനിക്ക് തന്നെയുള്ള ഒരു അനുഭവമാണ് ഞാൻ മുമ്പ് ചൂണ്ടിക്കാണിച്ചത്. ശൂരനാട് നോർത്ത് പഞ്ചായത്തിലേയും ഓരുവഴി പഞ്ചായത്തിലേയും ഒരു പ്രത്യേക ഇരുളടഞ്ഞ പരിഷ്കാരമില്ലാത്ത ഒരു ഭാഗമുണ്ട്. അവിടെയൊക്കെ ലൈൻ വലിക്കാൻ അന്നത്തെ ഇലക്ട്രിസിറ്റി മന്ത്രിയുടെ ഉത്തരവുണ്ടായിരുന്നു. അതു നടക്കാതെ വന്നപ്പോൾ ബോർഡിന്റെ ഉത്തരവു വാങ്ങി. അത് ഇന്നും അപൂർണ്ണമായിക്കിടക്കുകയാണ്. ഇതുപോലെയുള്ള നിരവധി കാര്യങ്ങൾ ഉണ്ട്.

സർ, ഞാൻ ചൂണ്ടിക്കാണിക്കുന്നത് നമ്മൾ കോടിക്കണക്കിന് രൂപാ ചെലവ് ചെയ്ത് വളരെ ശുഷ്ക്കാന്തിയോടുകൂടി പദ്ധതികൾ പൂർത്തിയാക്കി ഉൽപ്പാദനം വർദ്ധിപ്പിച്ചൊക്കെ നിർത്തിയാലും നമ്മുടെ നാട്ടിലെ സാധാരണ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ഉണ്ടാകാൻ ആവശ്യമായ കാര്യക്ഷമത കൈവരിക്കൻ കഴിയണം എന്നുള്ളതാണ്.

അതുപോലെതന്നെ കാർഷിക മേഖലയെ സംബന്ധിച്ച്, കുട്ടനാട്ടിലെ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ അങ്ങ് ഇവിടെ പറഞ്ഞു, എനിക്കും അറിയാം. അവിടെ സമുദ്ര നിരപ്പിനെക്കാൾ താഴെയുള്ള കുട്ടനാടൻ പ്രദേശത്തിലെ കൃഷിക്കാർ, അതുപോലെ മറ്റു പ്രദേശങ്ങളിലെ കൃഷിക്കാർ, കേരളത്തിലെ കൃഷിക്കാർ ഇവർക്കൊക്കെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിന് എട്ടും ഒൻപതും പത്തും മാസമായാലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അത് കാര്യക്ഷമതയുടെ കുഴപ്പം കൊണ്ടാണ്. അതിനുവേണ്ടിയുള്ള നിവേദനങ്ങൾ കൊടുത്താൽ കാർഷിക ഉൽപ്പാദന മേഖല വർദ്ധിപ്പിക്കണമെന്ന് ആഗ്രഹിക്കുന്ന ഈ അവസരത്തിൽ അതെല്ലാം വളരെ നല്ല നിലയിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം. അതുപോലെ വ്യവസായ രംഗത്ത് വ്യവസായ യൂണിറ്റ് ആരംഭിക്കാൻ, ഈ രംഗത്തൊക്കെ മുൻ ഗവൺമെന്റ് ഗ്രീൻചാനൽ ആവിഷ്കരിച്ചു. ചാനൽ ഇല്ലായിരുന്നു ഗ്രീൻ മാത്രമായി മാറി. അതുകൊണ്ട് ഈ ഗവൺമെന്റ് അക്കാര്യത്തിൽ ആ കുറവുകൂടി പരിഹരിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിൻതാങ്ങുന്നു.

<u>ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സന്തോഷപൂർവ്വം പിൻതാങ്ങുന്നു. ഇന്നത്തെ ചർച്ച കേട്ടപ്പോൾ മറുപക്ഷത്ത് ഇരിക്കുന്നവരൊക്കെ തന്നെ വളരെ ക്രിയാത്മകമായി ഇതിനോട് സഹകരിക്കുന്നതായിട്ടാണ് കാണുന്നത്. കാരണം വളരെ പുരോഗതി നേടിയ രണ്ടു വകുപ്പുകളെക്കുറിച്ചുള്ള ചർച്ച ആയതുകൊണ്ടാണെന്ന് തോന്നുന്നു. നമ്മുടെ വൈദ്യുതി രംഗത്ത് പ്രത്യേകിച്ചും ഉൽപ്പാദനരംഗത്ത് കഴിഞ്ഞ മൂന്നു വർഷം നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ നമ്മൾ ഒരു വലിയ മുന്നേറ്റമാണ് നടത്തിയിരിക്കുന്നത്. 35% നമ്മൾ ഉൽപ്പാദനം വർദ്ധിപ്പിച്ചപ്പോൾ തമിഴ്നാട് 16%, ആന്ധ്രാപ്രദേശ് 23%, കർണ്ണാടക 15% എന്നിങ്ങനെയാണ്. നമ്മൾ ഈ 1999 ഡിസംബർ ആകുമ്പോഴേക്കും അത് 63% മായിട്ട് മാറ്റും. അത് ഏറ്റവും വലിയ ഒരു നേട്ടമായിട്ടുതന്നെ നിങ്ങൾ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം കഴിഞ്ഞകൊല്ലങ്ങളിലൊക്കെ തന്നെ ഇവിടെ ധനാഭ്യർത്ഥനകൾ നടത്തുമ്പോൾ അതിരൂക്ഷമായിട്ടുള്ള വിമർശനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളാണ് നിങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടായത്. നിങ്ങൾ ഒരു കാര്യം മനസിലാക്കേണ്ടത് നിങ്ങൾ ഭരണം വിട്ട് ഒഴിയുന്ന സമയത്ത് 17 മെഗാവാട്ടേ ഉണ്ടായിരുന്നുള്ളൂ. അത് നിങ്ങളും ഞങ്ങളും, ലോകം മുഴുവനും സമ്മതിക്കുന്നതാണ്. നിങ്ങളുടെ കാലഘട്ടത്തിൽ നിങ്ങൾക്ക് ഒരു പ്രത്യേകമായിട്ടുള്ള സാഹചര്യമുണ്ടായിരുന്നു. കേരളത്തിലെ വ്യവസായസംരംഭകർ കേരളത്തെ ഏറ്റവുമധികം ഉറ്റുനോക്കിയിരുന്ന ഒരു അവസരത്തിലാണ് നിങ്ങൾ ഭരിച്ചത്. എന്താ അതിനു കാരണം? 1991-ൽ ഇറാക്ക്-കുവൈറ്റ് യുദ്ധത്തെ തുടർന്ന് അവിടെ ഉണ്ടായിരുന്ന മലയാളികൾ, ഗൾഫ് മേഖലയിലെ ആളുകളൊക്കെതന്നെ കേരളത്തിലേയ്ക്ക് ഇൻവസ്റ്റ് ചെയ്യാൻ വരുന്ന ഒരു കാലമായിരുന്നു. അവർ ആവശ്യപ്പെട്ടത് വൈദ്യുതി ആയിരുന്നു. 1992 ഡിസംബർ 6-നു ശേഷം ഇന്ത്യയിലെ വൻ നഗരങ്ങളിൽ നിക്ഷേപം നടത്തിയ കേരളത്തിലെ വ്യവസായികൾ കേരളത്തിലേയ്ക്ക് വരാൻ താത്പര്യം പ്രകടിപ്പിച്ചു. എന്താ കാരണം? ഇവിടെ സെക്കുലർ ഫോഴ്സസിന് വലിയ തോതിലുള്ള ആധിപത്യം ഉള്ളതുകൊണ്ടും, അതുപോലെ വർഗ്ഗീയ ലഹളകൾക്ക് വലിയ സാദ്ധ്യത ഇല്ലാത്തതുകൊണ്ടുമാണ് കേരളം അവർ ഇൻവെസ്റ്റ്മെന്റിനായി തെരഞ്ഞെടുത്തത്. എന്നാൽ നിങ്ങൾ എന്താ ചെയ്തത്? നിങ്ങൾ 17 മെഗാവാട്ട് വൈദ്യുതി പുതുതായി ഉല്പാദിപ്പിച്ച് കേരളത്തെ ഇരുട്ടിലേയ്ക്ക് കൊണ്ടുപോകുകയായിരുന്നു. അവർ തിരിച്ചുപോയിക്കഴിഞ്ഞിരുന്നു. എനിക്കറിയാം. നിങ്ങളുടെ കാലത്ത് നിരവധി ആളുകൾ കേരളത്തിലേയ്ക്ക് ഇൻവെസ്റ്റ് ചെയ്യാൻ വേണ്ടി വന്നപ്പോഴൊക്കെ നിങ്ങൾ സഹായിച്ചത് ആരെയാണെന്നറിയാമോ? 1991-1996 കാലഘട്ടത്തിൽ കേരളത്തിലെ മാർക്കറ്റ് മുഴുവൻ പിടിച്ചടക്കിയിട്ടുള്ള ബഹുരാഷ്ട്ര കുത്തകകളെയാണ് നിങ്ങൾ സഹായിച്ചത്. അതാണ് അതിന്റെ പ്രശ്നം. ബഹുരാഷ്ട്ര കുത്തകകൾക്ക് അവരുടെ മാർക്കറ്റ് സുലഭമായിട്ട് വിട്ടുകൊടുത്തുകൊണ്ട് ഇവിടെ ഉൽപ്പാദന പ്രക്രിയയെ നശിപ്പിക്കാനുള്ള രീതിയിൽ നിങ്ങൾ വൈദ്യുതി രംഗത്ത് ഉൽപ്പാദന രംഗം മുരടിപ്പിക്കുകയാണ് ചെയ്തത്. ഞങ്ങൾ അതല്ല ചെയ്തത്. ഞങ്ങൾ വൈദ്യുതി രംഗത്ത് വളരെ വ്യക്തമായിട്ട് സുവ്യക്തമായ തീരുമാനങ്ങൾ എടുത്തിട്ടാ പോയത്. നിങ്ങൾ വിചാരിക്കുന്നത് ഇവിടെ വ്യവസായം വരുന്നത് മൾട്ടി നാഷണൽസിൽ നിന്നാണെന്നാ. നിങ്ങൾ ഒരു കാര്യം മനസിലാക്കേണ്ടത് ഓരോ ഘട്ടത്തിലും നമ്മൾ ഇവിടെ വളരെ സൂക്ഷ്മതയോടുകൂടിയാണ് സാമ്രാജ്യത്വത്തിനുവേണ്ടി പ്രവർത്തിക്കുന്നത്. കോയമ്പത്തൂർ കലാപം വെറുതെ ഉണ്ടായതാ! കോയമ്പത്തൂർ ഉണ്ടായ കലാപത്തിന്റെ അടിസ്ഥാന കാരണങ്ങൾ നമ്മൾ അന്വേഷിക്കണം. അവിടെ വർഗ്ഗീയ കാരണങ്ങൾ മാത്രമായിരുന്നില്ല ഉണ്ടായിരുന്നത്. കോയമ്പത്തൂർ ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായ നഗരമായി മാറിക്കൊണ്ടിരിക്കുമ്പോഴാണ് അവിടെ വർഗ്ഗീയ ലഹള ഉണ്ടാകുന്നത്. സാമ്രാജ്യത്വ ശക്തികൾ കേരളത്തിൽ വ്യവസായവൽക്കരണം നടത്താതിരിക്കാൻ വേണ്ടിയിട്ട് വൈദ്യുതി ഉൽപ്പാദന രംഗം തുരങ്കം വയ്ക്കാൻവേണ്ടി ശ്രമിക്കുന്നുണ്ട്. നിങ്ങൾ അവരുടെ ഭാഗമാകരുത് എന്നാണ് എനിക്ക് പറയാനുള്ളത്. അവരുടെ ഭാഗം പിടിച്ച് നിങ്ങൾ ഈ നാടിന്റെ വികസനത്തെ തുരങ്കം വയ്ക്കാൻ വേണ്ടിയിട്ട് അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്നു, ഇതിനെ തടസപ്പെടുത്തുന്ന രീതിയിൽ ഉന്നയിക്കുന്നു. നിങ്ങൾക്ക് എവിടെനിന്നാണ് ഇത് കിട്ടുന്നതെന്നൊക്കെ എനിക്കറിയാം. ഇന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസംഗിക്കുമ്പോൾ എന്താ പറയുന്നത് എന്ന് അറിയാം. പക്ഷെ നിങ്ങൾ ഈ നാടിന്റെ വികസനത്തെ ഒറ്റിക്കൊടുക്കാൻ വേണ്ടി ശ്രമിക്കുന്നു. നിങ്ങൾ ബഹുരാഷ്ട്ര കുത്തകകളെ സഹായിക്കുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉൽപ്പാദന രംഗം മുടക്കുന്നതിലൂടെ അത് തടസ്സപ്പെടുകയും ചെയ്യുന്നു. വലിയ നേട്ടങ്ങളാണ് നമ്മൾ ഉണ്ടാക്കിയിട്ടുള്ളത്. എനിക്ക് പറയാനുള്ളത് രാജ്യസ്നേഹികളാണെങ്കിൽ, നിങ്ങൾ ഈ നാടിന്റെ വികസനം ആഗ്രഹിക്കുന്നു എങ്കിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽനിന്ന് പിൻമാറണം. ഈ നാട്ടിലേയ്ക്ക് വൻതോതിലുള്ള ഇൻവെസ്റ്റുമെന്റ് വരാൻപോകുന്ന ഈ കാലഘട്ടത്തിൽ വൈദ്യുതി ഉൽപ്പാദന രംഗത്ത് നമ്മൾ നേടിയ നേട്ടം കണ്ടുകൊണ്ടുതന്നെ വരാനിരിക്കുന്ന നാളുകളിൽ വലിയ തോതിലുള്ള സംഭാവനകൾ നൽകാൻ തയ്യാറായിരിക്കുന്ന ഈ ഗവൺമെന്റും വൈദ്യുതി വകുപ്പു മന്ത്രിയും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം.എ. തോമസ്</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ദൈവം കനിഞ്ഞ നാടാണ് കേരളം. ഈ മനോഹരമായ എല്ലാ അടിസ്ഥാന . സൗകര്യങ്ങളുമുള്ള സംസ്ഥാനത്തേക്ക് വ്യവസായികളെ ആകർഷിച്ചിരുന്ന ഒരു പ്രധാന ഘടകം വൈദ്യുതിയായിരുന്നു. Quality Power at comparatively cheaper rate. എന്നാൽ കുറേ നാളുകളായി സ്ഥിതി ആകെ മാറിയിരിക്കുകയാണ്. വ്യവസായികൾ പണം മുടക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചാൽതന്നെ ആവശ്യത്തിന് ഇലക്ട്രിസിറ്റി കിട്ടാത്തതുകൊണ്ട് പലപ്പോഴും മാറ്റിവച്ചുനിൽക്കുന്ന സംഭവങ്ങൾ പലതുമുണ്ട്. യു.ഡി.എഫ്.ന്റെ കാലത്തെ 100% പവർ കട്ട്, 3 മണിക്കൂർ ലോഡ് ഷെഡിംഗ് ഈ ദുഃസ്ഥിതി മാറ്റിയെടുക്കുന്നതിനുള്ള തീവ്രമായ ശ്രമത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. രണ്ടായിരാമാണ്ടോടുകൂടി വൈദ്യുതി രംഗത്ത് സ്വയം പര്യാപ്തത നേടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനുവേണ്ട നേതൃത്വം കൊടുക്കുന്ന മന്ത്രിമാരെയും, ഉദ്യോഗസ്ഥൻമാരെയും ഞാൻ അഭിനന്ദിക്കുകയാണ്. വൈദ്യുതി രംഗത്തു മാത്രമല്ല, എല്ലാ രംഗത്തും വിസ്മയമായ നേട്ടങ്ങൾ കൈവരിച്ച് വിജയത്തിന്റെ വെന്നിക്കൊടി പാറിച്ച് മുന്നേറുകയാണ് ഈ ഗവൺമെന്റ്. ഇതൊക്കെ കാണുമ്പോൾ യു.ഡി.എഫ്. കാർക്കൊക്കെ ഒരു വെപ്രാളം. ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാട്ടുന്നു എന്നുപറഞ്ഞതുപോലെ അതുമിതും പറഞ്ഞ് ജനശ്രദ്ധ തിരിച്ചു വിടുന്നതിനുള്ള പാഴ്ശ്രമത്തിലാണ് യു.ഡി.എഫ്. കായംകുളം താപനിലയം ഉദ്ഘാടനം ചെയ്തപ്പോൾ അവർ പറഞ്ഞു ഞങ്ങളാണ് കല്ല് ഇട്ടതെന്ന്. ബ്രഹ്മപുരം പദ്ധതി ഉദ്ഘാടനം ചെയ്തപ്പോൾ പറഞ്ഞു ഞങ്ങളാണ് ഇത് തുടങ്ങിവച്ചത് എന്ന്. നെടുമ്പാശ്ശേരി ഇന്റർനാഷണൽ എയർപോർട്ട് ഉദ്ഘാടനം ചെയ്തപ്പോൾ പറഞ്ഞു ഞങ്ങളാണ് ഇതിന് ഉത്തരവാദികൾ എന്ന്. എട്ടുകാലി മമ്മൂഞ്ഞിന്റെ സ്വഭാവമാണ്. എം. മുകുന്ദന്റെ ദൈവത്തിന്റെ വികൃതികൾ എന്നുപറയുന്ന നോവലിൽ അൽഫോൺസച്ചൻ എന്ന ഒരു കഥാപാത്രമുണ്ട്. അൽഫോൺസച്ചൻ മയ്യഴിയുടെ സൃഷ്ടാവ് താനാണെന്ന് അവകാശപ്പെടുന്നു. ആടിനെ പോറ്റുന്ന ചാത്തുവും, ആടിനെ പോറ്റാത്ത ചാത്തുവും എല്ലാം എല്ലാം തന്റെ സൃഷ്ടികളാണെന്ന് അദ്ദേഹം പറയുന്നു. ശ്രീമാൻ എ.കെ. ആന്റണി 21-ാം തീയതി ഈ സഭയിൽ പ്രസംഗിച്ച സമയത്ത് അദ്ദേഹം പറയുകയുണ്ടായി ഇലക്ട്രിസിറ്റി താരിഫ് വർദ്ധന കണ്ടപ്പോൾ ഞെട്ടിപ്പോയി എന്ന്. ഭയങ്കര ഞെട്ടലായിരുന്നു അദ്ദേഹത്തിന്. കഴിഞ്ഞ 32 വർഷമായി ഇന്ത്യയിലെ ഏറ്റവും വലിയതും കഴിഞ്ഞ വർഷം സെന്റിനറി ആഘോഷിച്ചതുമായ ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ സെക്രട്ടറിയായി ഞാൻ പണിയെടുത്തിട്ടുണ്ട്. ഇന്നും അതിന്റെ അഡ്വൈസർ എന്ന നിലയിൽ തുടരുകയാണ്. കേരളത്തിന്റെ സമഗ്രമായിരിക്കുന്ന വികസനത്തെ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യമാക്കി അനേകം നാഷണൽ ആന്റ് ഇന്റർ നാഷണൽ കോൺഫറൻസുകൾ പ്രത്യേകിച്ച് ഇൻഡസ്ട്രി, ഇലക്ട്രിസിറ്റി എന്നീ വിഷയങ്ങളെക്കുറിച്ച് നടത്തിയിട്ടുണ്ട്. ഇതിൽ പങ്കെടുക്കുന്നവർ ആരും കേരളത്തിലെ ഇലക്ട്രിസിറ്റിയുടെ ചാർജിനെക്കുറിച്ച് സംസാരിക്കാറേയില്ല. ആവശ്യത്തിന് ഉള്ള ഇലക്ട്രിസിറ്റി കിട്ടുകയാണെങ്കിൽ അവർ കേരളത്തിലേയ്ക്ക് വരാനും പണം മുടക്കാനും തയ്യാറാണ്. ഈ കഴിഞ്ഞ പ്രാവശ്യവും ഇലക്ട്രിസിറ്റി ചാർജ് കൂടിയ സമയത്ത് ചേംബേഴ്സ് ഓഫ് കോമേഴ്സിന്റെ ഭാഗത്തുനിന്ന് ഒരു പ്രതിഷേധമോ അല്ലെങ്കിൽ മറ്റുതരത്തിലുള്ള പ്രകടനങ്ങളോ ഉണ്ടായില്ല. കേരള വ്യാപാരി-വ്യവസായി ഏകോപന സമിതി എന്നുപറയുന്ന ചെറുകിട കച്ചവടക്കാർ ഉൾക്കൊള്ളുന്ന ആളുകൾ ഒരു പ്രതിഷേധ പ്രകടനം നടത്തുകയുണ്ടായി. അല്ലാതെ വലിയ ഇൻഡസ്ട്രീയലിസ്റ്റായ അവരാരും ഈ ഇലക്ട്രിസിറ്റി ചാർജ് കൂടിപ്പോയി, അതുകൊണ്ട് ഇവിടെ വ്യവസായം വരില്ല എന്നുള്ള ഒരു കാര്യം പറഞ്ഞില്ല. മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി എന്നീ പ്രദേശങ്ങളിൽ ഇലക്ട്രിസിറ്റിയുടെ ഗുരുതരമായിരിക്കുന്ന ചില തകരാറുകളുണ്ട്. വോൾട്ടേജ്ക്ഷാമം- അത് പരിഹരിക്കണമെങ്കിൽ അരൂർ, മട്ടാഞ്ചേരി 110 കെ. വി.യുടെ പണി അതിവേഗം തീർക്കണം. ഏതാണ്ട് 90% പൂർത്തിയായിരിക്കുകയാണ്, അൽപ്പം ചില പണികൾ മാത്രമേ ബാക്കിയുള്ളൂ. ആ പണിയും കൂടി പൂർത്തീകരിച്ച് മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി പ്രദേശങ്ങളിൽ എല്ലായിടത്തും ഉണ്ടായിരിക്കുന്ന ഈ വൈദ്യുതി കോട്ടങ്ങൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്.

[1.00 P.M]

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : സർ, എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ ഭരണനേട്ടങ്ങളുടെ തൊപ്പിയിൽ ഒരു സ്വർണ്ണതൂവലാണ് വൈദ്യുതി രംഗത്തെ നേട്ടങ്ങൾ. രണ്ടായിരാമാണ്ടോടുകൂടി കേരളത്തിൽ വൈദ്യുതി രംഗത്ത് സ്വയം പര്യാപ്തത നേടുകയെന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നേടിയെടുക്കുന്നതിന് ഉറച്ച കാൽവയ്പുമായി നിശ്ചയദാർഢ്യത്തോടുകൂടി മന്ത്രി ശർമ്മയുടെ നേതൃത്വത്തിൽ വൈദ്യുതി വകുപ്പ് മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ മൂന്നു വർഷംകൊണ്ട് കേരളത്തിലെ വൈദ്യുതി രംഗത്തുണ്ടായ സർവതോമുഖമായ അഭിവൃദ്ധിയും നേട്ടങ്ങളും ദേശീയ തലത്തിൽത്തന്നെ പ്രശംസിക്കപ്പെട്ടു. 15-ാം പവർ സർവ്വേ പ്രകാരം രണ്ടായിരാമാണ്ടിൽ കേരളത്തിന്റെ വൈദ്യുതി ആവശ്യകത 2,761 മെഗാവാട്ടാണ്. 1996-ൽ നമ്മുടെ വൈദ്യുതി ശേഷി 1505 മെഗാവാട്ട് ആയിരുന്നു. ലക്ഷ്യത്തിലെത്താൻ 1528 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കണം എന്നായിരുന്നു 1996-ലെ അവസ്ഥ. 1991-96-ലെ യു.ഡി.എഫ്.സർക്കാരിന്റെ ഭരണകാലത്ത് അഞ്ചുവർഷംകൊണ്ട് 17 മെഗാവാട്ട് വൈദ്യുതി മാത്രമാണ് പുതുതായി ഉൽപ്പാദിപ്പിച്ചതെന്ന് എല്ലാപേരും സമ്മതിച്ച ഒരു വസ്തുതയാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ 537.5 മെഗാവാട്ട് വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിച്ചു. യു.ഡി.എഫ്.ന്റെ ഭരണകാലത്തേതിനേക്കാൾ ഇരുപത്തിനാലിരട്ടി വൈദ്യുതി എൽ.ഡി.എഫ്.ന്റെ മൂന്നു വർഷക്കാലത്ത് വർദ്ധിപ്പിച്ചു. പ്രസരണരംഗത്ത് യു.ഡി.എഫ്. സർക്കാർ അഞ്ചുകൊല്ലംകൊണ്ട് 403.51 സർക്യൂട്ട് കിലോമീറ്റർ ലൈൻ വലിച്ചു എങ്കിൽ എൽ.ഡി.എഫ്. സർക്കാർ മൂന്നു വർഷത്തിനകം 1098 സർക്യൂട്ട് കിലോമീറ്റർ ലൈൻ വലിച്ചു. 272 ശതമാനമാണ് അതിന്റെ വർദ്ധനവ്. വൈദ്യുതി രംഗത്ത് എൽ.ഡി.എഫ്. സർക്കാർ നേടിയ നേട്ടങ്ങളെ പ്രതിപക്ഷം കണ്ടില്ലായെന്നു നടിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എൽ.ഡി.എഫ്. നെ രൂക്ഷമായി എതിർക്കുകയെന്നത് പ്രഖ്യാപിത നയമായി സ്വീകരിച്ചിട്ടുള്ള മലയാള മനോരമ പത്രംപോലും വൈദ്യുതി രംഗത്തെ ഈ സർക്കാരിന്റെ പ്രവർത്തനത്തെക്കുറിച്ച് നല്ലതു പറയാനുള്ള മര്യാദ കാണിച്ചു. ഈ സർക്കാരിനെ രൂക്ഷമായി വിമർശിക്കുന്ന പത്രമാണ് മലയാളമനോരമ. പക്ഷെ ഈ സർക്കാരിന്റെ മൂന്നാം വാർഷികവുമായി ബന്ധപ്പെട്ടുകൊണ്ട് മനോരമ എഴുതിയ മുഖപ്രസംഗത്തിൽ വൈദ്യുതിരംഗത്തെ നേട്ടങ്ങളെ മുക്ത കണ്ഠം പ്രശംസിച്ചുകൊണ്ട് അവർ എഴുതി. 'വൈദ്യുതി ഉൽപ്പാദനത്തിൽ കാര്യമായ വർദ്ധനവു വരുത്തി പവർകട്ട് നീക്കി എന്നാണ് സർക്കാർ അവകാശപ്പെടുന്നതും പരക്കെ അംഗീകരിക്കപ്പെടുന്നതുമായ നേട്ടം. മൂന്നു വർഷത്തിനുള്ളിൽ 537 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനവ് ഉണ്ടായി. അടുത്ത വർഷം സ്വയംപര്യാപ്തത നേടുമെന്നാണ് പ്രതീക്ഷിക്കുന്നത്, നിശ്ചയമായും അത് ഒരു നേട്ടം തന്നെ. ഇഴഞ്ഞുനീങ്ങിയ പദ്ധതികളുടെ പണി ത്വരിതഗതിയിൽ ആക്കിയത് നന്നായി', മനോരയുടെ മുഖപ്രസംഗമാണ്. മനോരമയുടെ ഭക്തൻമാർ മനസ്സിലാക്കണം. സി.പി.എം. സംസ്ഥാന സെക്രട്ടറി ആയതിനെ തുടർന്ന് അന്നത്തെ വൈദ്യുതി മന്ത്രിയായിരുന്ന സഖാവ് ശ്രീ. പിണറായി വിജയൻ മന്ത്രി സ്ഥാനം രാജിവച്ചപ്പോൾ മന്ത്രിയെന്നുള്ള നിലയിൽ വൈദ്യുതി രംഗത്ത് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ മാധ്യമങ്ങൾ മാത്രമല്ല യു.ഡി.എഫ്.ന്റെ പ്രമുഖ നേതാക്കൾപോലും മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. 22.10.98-ലെ മാതൃഭൂമി പത്രത്തിലെ മുഖപ്രസംഗത്തിലെ പ്രസക്തഭാഗം ഞാൻ വായിക്കാം. ''വൈദ്യുതി ഉൽപ്പാദന രംഗത്ത് ഗണ്യമായ നേട്ടങ്ങൾ വിജയന്റെ കാലത്തുണ്ടായി. വിജയൻ മന്ത്രിയാകുന്ന സമയത്ത് വ്യവസായങ്ങൾക്ക് നൂറു ശതമാനം പവർകട്ട് ആയിരുന്നു. വീടുകൾക്ക് ലോഡ്ഷെഡിംഗ് വേറെ. എല്ലാംകൂടി മൂന്നു വർഷത്തിനകം വ്യവസായങ്ങൾക്കുള്ള പവർക്കട്ട് മുഴുവൻ നീക്കാൻ വിജയന് കഴിഞ്ഞു. ലോവർപെരിയാറിൽനിന്നും ബ്രഹ്മപുരത്തിൽനിന്നും വൈദ്യുതി കിട്ടാൻ തുടങ്ങി. കക്കാട് പദ്ധതിക്ക് പുനരുജ്ജീവനമായി. ആതിരപ്പള്ളിയും കുറ്റ്യാടിയും വീണ്ടും ചലിച്ചുതുടങ്ങി. കേരളത്തിനുവേണ്ടി ഒരു വൈദ്യുതി വികസന നയം പ്രഖ്യാപിച്ചത് വിജയനായിരുന്നു.'' മാതൃഭൂമിയുടെ മുഖപ്രസംഗമാണ് ഇത്. ഇത് നിഷേധിക്കാൻ ആകുമോ. എൽ.ഡി.എഫ്. സർക്കാരിന്റെ മൂന്നാം വാർഷികത്തിൽ പത്രങ്ങൾക്കു നല്കിയ അഭിമുഖത്തിൽ ഈ നല്ല കാര്യങ്ങളിൽ ഒരു വാക്ക് എങ്കിലും പറയാൻ പ്രതിപക്ഷനേതാവിന് കഴിഞ്ഞില്ല. പ്രതിപക്ഷനേതാവ് ഇവിടെയില്ലെങ്കിൽ ബഹുമാനപ്പെട്ട തങ്കച്ചൻസാർ ഇവിടെയിരുപ്പുണ്ട്, ഒരു വാക്കുപോലും പറയാനുള്ള മര്യാദ അദ്ദേഹം കാണിച്ചില്ല. ബഹുമാനപ്പെട്ട പത്മരാജനും, കാർത്തികേയനും വൈദ്യുതി മന്ത്രിമാരായി കേരളം ഭരിച്ചപ്പോൾ ആ വകുപ്പ് ഒരു ഈജിയൻ തൊഴുത്തായിരുന്നു. ദുർഗന്ധമായിരുന്നു. അഞ്ചു വർഷം കൊണ്ട് ഉൽപ്പാദിപ്പിച്ച വൈദ്യുതി 17 മെഗാവാട്ട്. പവർകട്ടിന്റെ ദുരിതത്തിൽ ജനങ്ങൾ മുങ്ങിത്താണു. കോൺഗ്രസിന്റെ ബഹുമാന്യനായ നേതാവായ ശ്രീ. വി.എം.സുധീരൻ പറഞ്ഞ വാക്കുകൾ 27-9-94-ന്റെ മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്, അദ്ദേഹം പറഞ്ഞു, ''കായംകുളം താപനിലയംപോലും തറക്കല്ലിടലിൽ ഒതുങ്ങിയിരിക്കുകയാണ്'' എന്ന്. ദേശാഭിമാനിയല്ല, വി.എസ്. അച്ചുതാനന്ദനല്ല, ഇ.കെ. നായനാരല്ല പറഞ്ഞത്. കായംകുളം താപനിലയംപോലും തറക്കല്ലിടലിൽ പ്രഹസനം അല്ലാതെ ഭൂതകാല, ഹ്രസ്വ കാല വൈദ്യുത പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി വൈദ്യുതി പ്രതിസന്ധിക്ക് കാരണക്കാർ നമ്മൾതന്നെയാണെന്ന് സ്വയം ആത്മരോഷം കൊണ്ടു. ഇവിടെ വൈദ്യുതി

LIBRARY ARCHIVES, Kerala Legislative Assembly

വിലവർദ്ധവിനെക്കുറിച്ചു പറഞ്ഞു, സർ, യു.ഡി.എഫ്. ഭരണത്തിൽ മൂന്നു തവണയാണ് കറണ്ടുചാർജ് വർദ്ധിപ്പിച്ചത്. 92,93,94,136 ശതമാനമായിരുന്നു വർദ്ധനവ്, ചാർജുവർദ്ധിപ്പിച്ചത് ഇരുട്ടിനായിരുന്നു, വെളിച്ചത്തിനല്ല, കാസർഗോടുകാർക്ക്, ബഹുമാനപ്പെട്ട സി.ടി. അഹമ്മദാലിക്കൊക്കെ അറിയാം. അത് ഞങ്ങൾ അനുഭവിച്ചവരാണ്. ഇരുട്ടിന് ചാർജ് ഈടാക്കിയ ഭരണമായിരുന്നു ആന്റണിയുടേത്. ഒരു യൂണിറ്റ് വൈദ്യുതി പോലും ഉൽപ്പാദിപ്പിക്കാൻ കഴിയാത്തവർ. വൈദ്യുതി മേഖലയിൽ വൻപിച്ച മാറ്റം വരുത്തിയെന്ന് ജനങ്ങൾക്കു ബോദ്ധ്യമുള്ള എൽ.ഡി.എഫ്. സർക്കാർ നാമമാത്രമായി കുറച്ച് ചാർജു വർദ്ധിപ്പിച്ചതിനെതിരെ കോൺഗ്രസ്(ഐ.) നടത്തിയ സമരത്തിൽ ഘടകകക്ഷികൾ പങ്കെടുത്തില്ല. സി.പി.ഐ.(എം)-നെ രൂക്ഷമായി വിമർശിക്കുന്ന ഒരു മലയാളം വാരികയിൽ പ്രസംഗം എഴുതി അതിൽ ഒരു വാചകം ഞാൻ വായിക്കുകയാണ്. " വൈദ്യുതിനിരക്കു വർദ്ധനവിന് എതിരായ കോൺഗ്രസ്സിന്റെ എതിർപ്പും പ്രതിഷേധവും ഒരു രാഷ്ട്രീയ അഭ്യാസം മാത്രമല്ല ജനങ്ങളുടെ കണ്ണിൽ മണ്ണിടാനുള്ള തട്ടിപ്പും കൂടിയാണ്. അതിന്റെ പേരിൽ ഹർത്താൽ നടത്തുന്നത് ആഭാസകരമാണ്. എനിക്കു ഈ ചാർജു വർദ്ധനവിനെപ്പറ്റി പ്രതിപക്ഷം പറയുന്ന പൊരുളിനെപ്പറ്റി മനസ്സിലാകുന്നില്ല. ഇത് എല്ലാ വൈദ്യുതി ഓഫീസിനു മുമ്പിലും വൈദ്യുതി ബോർഡിലും പ്രദർശിപ്പിക്കുന്ന പബ്ലിക് റിലേഷന്റെ ഒരു പ്രസിദ്ധീകരണമാണ്. അവിടെ 30 യൂണിറ്റ് വൈദ്യുതിക്ക് പഴയനിരക്ക് 21 രൂപ, പുതിയ നിരക്ക് 23 രൂപ. രണ്ടു രൂപയുടെ വർദ്ധനവ് ആണ്. സംശയമുണ്ടെങ്കിൽ നോക്കാവുന്നതാണ്. 100 യൂണിറ്റിന് എത്രയാണ് വർദ്ധനവ്, ഇത് ഔദ്യോഗികമായി പ്രസിദ്ധീകരിച്ച് എല്ലാ വൈദ്യുതി ഓഫീസിന് മുൻപിലും വച്ചിട്ടുള്ളതാണ്. തർക്കിച്ചിട്ട് കാര്യമില്ല. കണ്ണുണ്ടായാൽ പോര കാണണം. 100 യൂണിറ്റിന് പഴയനിരക്ക് 90 രൂപ, ഇപ്പോൾ 108 രൂപ, 18 രൂപയുടെ വർദ്ധനവ്. ഞാൻ ചോദിക്കട്ടെ 100 യൂണിറ്റിന് 18 രൂപ മാത്രം വർദ്ധനവ്. 1000 യൂണിറ്റു വരെയുള്ള കറന്റു ചാർജു വർദ്ധനവ് വളരെ കൃത്യമായിട്ട് ഇവിടെ കൊടുത്തിട്ടുണ്ട്. യു.ഡി.എഫ്.ന്റെ കാലത്ത് ബഹുമാനപ്പെട്ട പത്മരാജനും അതുപോലെ കാർത്തികേയനും മന്ത്രിമാർ ആയിരിക്കുമ്പോൾ രണ്ടു തവണ ചാർജു വർദ്ധിപ്പിച്ചു. അന്ന് എന്താണ് ബഹുമാനപ്പെട്ട ശ്രീ. എ.കെ. ആന്റണി പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസ്താവന ഞാൻ വായിക്കാം, 21-1-96-ലെ കേരളകൗമുദിയിലെ അദ്ദേഹത്തിന്റെ പ്രസ്താവനയാണ്, 'കേരളത്തിലെ ഇന്നത്തെ വൈദ്യുതി പ്രശ്നത്തിന് കാരണക്കാരെ കണ്ടെത്താൻ ഒരു പോസ്റ്റുമാർട്ടം നടത്തിയിട്ടു കാര്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവിച്ചു, പവർകട്ടും ലോഡ്ഷെഡ്ഡിംഗും നിവൃത്തിയില്ലാതെ വന്നപ്പോൾ ഏർപ്പെടുത്തേണ്ടിവന്നതാണ്. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾ സഹിച്ചേപറ്റൂ. പ്രതിസന്ധിഘട്ടത്തിൽ എല്ലാപേരും രാജ്യസ്നേഹപരമായ നിലപാട് സ്വീകരിച്ചു,'-- എന്നാണ് ബഹുമാനപ്പെട്ട ശ്രീ. ആന്റണി പറഞ്ഞത്. ഒരുകാര്യം അദ്ദേഹം സമ്മതിച്ചു 1991-നുശേഷം കോടിക്കണക്കിന് രൂപ ജലവൈദ്യുത പദ്ധതികൾക്ക് ചെലവഴിച്ചിട്ടും 17 മെഗാവാട്ട് വൈദ്യുതിമാത്രമാണ് പുതുതായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് എന്ന് വളരെ 'ദയനീയമായി അദ്ദേഹം പറഞ്ഞു. ഇത് ഈ വർഷത്തെ മനോരമ ഇയർ ബുക്കാണ്. എൽ.ഡി.എഫ്. സർക്കാരിനെ രൂക്ഷമായി വിമർശിക്കുമെങ്കിലും വസ്തുതകൾ അവർ എഴുതിയിട്ടുണ്ട്. ഇതിന്റെ ഹെഡ്ഡിംഗ് വൈദ്യുതി ക്ഷാമം തീരുന്നുവെന്നാണ്. ഇവിടെ വൈദ്യുതി രംഗത്ത് നടപ്പിലാക്കിയ ഓരോ പ്രവർത്തനത്തേയും അക്കമിട്ട് ചൂണ്ടിക്കാണിച്ചു. അതിന്റെ അൻപത്തിയാറാമത്തെ പേജിൽ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

ചാർജു വർദ്ധനവിനെക്കുറിച്ചു പറയുന്ന അഭിപ്രായം ഞാൻ വായിക്കാം. '1985-86-ൽ നാം ഉപയോഗിച്ചിരുന്ന ജലവൈദ്യുതിയുടേയും താപവൈദ്യുതിയുടേയും ഉപയോഗ അനുപാതം 80:20 ആയി. എങ്കിലും കൂടുതൽ താപനിലയങ്ങൾ വരുന്നതോടെ 30:70 എന്ന സ്ഥിതിയിൽ എത്തും. ചെലവേറിയ താപവൈദ്യുതിയുടെ ഉപയോഗം വൈദ്യുതി താരിഫിൽ എത്തും. താരിഫിന്റെ വർദ്ധനവ് ഒഴിച്ചുകൂടാൻ ആവാത്തതാണെന്ന് മനസ്സിലാക്കിയാൽ സ്വീകരിക്കാൻ ജനങ്ങൾ നിർബന്ധിതരാകും എങ്കിലും തടസ്സമില്ലാതെ വൈദ്യുതി എന്ന സൗകര്യം ഉറപ്പായാൽ അതിൽപ്പരം ആശ്വാസകരമായ സ്ഥിതിവിശേഷം ഉണ്ടാകാനിടയില്ല'' എന്നാണ് ആധികാരികമായി പ്രസിദ്ധീകരിച്ച മനോരമയുടെ ഇയർ ബുക്കിൽ പറയുന്നത്. ഇതെല്ലാം മറച്ചുവച്ചുകൊണ്ട് കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിച്ചാൽ ഈ നാട്ടിലെ ജനങ്ങൾ അത് തള്ളിക്കളയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. യു.ഡി.എഫ്.ന്റെ കാലത്ത് ബഹുമാനപ്പെട്ട ശ്രീ. കാർത്തികേയൻ മന്ത്രിയായിരിക്കുമ്പോൾ മനോരമ സഹികെട്ട് എഴുതിയ മുഖപ്രസംഗമുണ്ട്. അതിന്റെ ഹെഡ്ഡിംഗ് ആർക്കുവേണ്ടിയാണ് ഈ സംഹാരം എന്നാണ്.

സർ, ഞാൻ അതിലെ പ്രസക്തഭാഗം മാത്രം വായിക്കാം. ''വെള്ളവും വെളിച്ചവും വൈദ്യുതിയുമൊക്കെ ഇപ്പോൾ കാട്ട പ്രകാരമേ ജനങ്ങൾക്ക് കിട്ടുന്നുള്ളൂ. ഇനി പ്രാണവായുവും കൂടി അങ്ങനെയായാൽ പൂർണ്ണ കാട്ടാരാജ് ഏർപ്പെടുത്തിയ ചാരിതാർത്ഥ്യത്തോടെ സർക്കാരിന് പിരിയാം. മൂന്നര മണിക്കൂർ മാത്രമാണ് കട്ട് എന്ന് മന്ത്രിയും അധികാരികളും പറയുന്നു. പക്ഷേ, നിത്യവുമുള്ള ദുരിതം പ്രസ്താവനകൊണ്ട് കുറഞ്ഞുകിട്ടുകയില്ല. വ്യവസായശാലകൾ ശത്രുക്കളാണെന്ന മട്ടിലാണ് വൈദ്യുതി ബോർഡിന്റെ നടപടികൾ. ചെറുകിട വ്യവസായങ്ങൾ ലക്ഷക്കണക്കിന് ആളുകൾക്ക് ജീവിതമാർഗ്ഗം നൽകുന്നതാണോ അവരുടെ കുറ്റം?'' ഇവിടെ അഴിമതിയെക്കുറിച്ച് പറഞ്ഞല്ലോ. മനോരമയുടെ മുഖപ്രസംഗത്തിൽ അത് ഹിന്റ് ചെയ്യുന്നുണ്ട്. ജനങ്ങളുടെ സംശയം ഇതുകൊണ്ട് തീരുന്നില്ല. അവർക്ക് മനസ്സിലാക്കാൻ കഴിയാത്തതാണ് ചെറുകിട വ്യവസായങ്ങൾക്ക് ഇപ്പോഴത്തെ വൈദ്യുതി നിഷേധം. മനോരമാ മുഖപ്രസംഗത്തിന്റെ അടുത്ത വാചകം വളരെ പ്രസക്തമാണ്. 'അതിന്റെ പിന്നിൽ ആരോപിക്കപ്പെടുന്ന അഴിമതിയുടെ സാദ്ധ്യത തള്ളിക്കളയാനാവില്ല.' ആരാണ് എഴുതിയത്? ഇനിയുമുണ്ട്. അഴിമതിയുടെ പ്രതിഫലനമാണ് വൈദ്യുതി ക്ഷാമമെങ്കിൽ അത് ഉടനേ അവസാനിപ്പിക്കണം. ആ നിലയിൽ അതിരൂക്ഷമായി മലയാള മനോരമയ്ക്കുപോലും നിങ്ങളെ എതിർക്കേണ്ടിവന്നിട്ടുണ്ട്. അതുകൊണ്ട് ഞാൻ പറയുന്നത് ഈ രംഗത്ത് ഏറ്റവും ഊർജ്ജസ്വലമായ നേതൃത്വം രണ്ടരവർഷക്കാലംകൊണ്ട് മുന്നോട്ടുവച്ച ബഹുമാനപ്പെട്ട മന്ത്രി പിണറായി വിജയന്റെ കാലത്ത് മിന്നൽപ്പിണറിന്റെ വേഗതയിലാണ് ഈ പ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. ആ പാതയിൽ സുശക്തമായ ദാർഢ്യത്തോടെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാത്രം പറയുക, അക്ഷരംപ്രതി അത് നടപ്പിലാക്കുക എന്ന നിശ്ചയദാർഢ്യത്തോടുകൂടി അദ്ദേഹം നടപ്പിലാക്കിയ ആ പാത ഏറ്റവും ഊർജ്ജസ്വലതയോടെ ഇന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ശർമ്മ പിന്തുടരുകയാണ്. അതുകൊണ്ട് രണ്ടായിരാമാണ്ടിൽ വൈദ്യുതിരംഗത്ത് സ്വയം പര്യാപ്തത നേടുമെന്ന മഹത്തായ ലക്ഷ്യത്തിലേയ്ക്ക് കേരളം മുന്നോട്ടു പോവുകയാണ്. ആ ലക്ഷ്യത്തിൽ എത്തുന്നതിനുവേണ്ടിയുള്ള ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് വൈദ്യുതിരംഗത്ത് ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. ഏതെങ്കിലും ഒരു വകുപ്പിൽ ജനശ്രദ്ധ ആകർഷിക്കാൻ നടത്തിയ കാര്യങ്ങൾ ഉണ്ടെന്ന് പറയാനുള്ള ആർജ്ജവം പ്രതിപക്ഷം കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, സഹകരണരംഗത്തെക്കുറിച്ച് കുറച്ച് കാര്യങ്ങൾകൂടി പറയാനുണ്ട്. സഹകരണമേഖലയെ ജനജീവിതവുമായി കൂടുതൽ ബന്ധിപ്പിക്കാനും സമഗ്രവികസനം ഉറപ്പാക്കാനും മൂന്നുവർഷത്തെ പ്രവർത്തനംകൊണ്ട് കഴിഞ്ഞിട്ടുണ്ട്. ചില സർക്കാരിന്റെ കാലത്ത് ചില വകുപ്പുകളിൽ കമ്മിറ്റിയെ നിയമിച്ചാൽ ആ കമ്മിറ്റിയുടെ റിപ്പോർട്ട് വെളിച്ചം കാണുന്നത് എത്രയോ വർഷം കഴിഞ്ഞിട്ടായിരിക്കും. അത് നടപ്പിലാക്കാൻ വീണ്ടും വർഷങ്ങൾ വേണ്ടിവരും. പക്ഷേ, ഈ സർക്കാർ വന്നതിനുശേഷം നാല് കമ്മിറ്റികളെ നിയമിച്ചു. ഒന്ന്, ജില്ലാ ബാങ്കിനെക്കുറിച്ച് പഠിക്കാനുള്ള ഇ.വി. കുമാരൻ കമ്മിറ്റി, രണ്ട്, പ്രാഥമിക സഹകരണ സംഘങ്ങളെക്കുറിച്ച് ആർ. പരമേശ്വരൻ പിള്ള കമ്മിറ്റി, മൂന്ന് സംസ്ഥാന സഹകരണ ബാങ്കിംഗ് മേഖലയെക്കുറിച്ച് പഠിക്കാൻ പ്രൊ.രഞ്ജിത് കമ്മിറ്റി, നാല്, ആതുര സേവനരംഗത്തെക്കുറിച്ച് പഠിക്കാൻ ഇ. നാരായണൻ കമ്മിറ്റി. ഈ കമ്മിറ്റികളുടെയെല്ലാം റിപ്പോർട്ടുകൾ സ്വീകരിക്കുകയും പല റിപ്പോർട്ടിന്മേലും ഗവൺമെന്റ് നടപടികളെടുത്തു തുടങ്ങുകയും ചെയ്തു.

സർ, അതുപോലെ നമ്മുടെ സാഹിത്യ സഹകരണസംഘം. സാഹിത്യരംഗത്ത് വളരെ താല്പര്യമുള്ള ശ്രീ. കാർത്തികേയന് അതറിയാമെന്നാണ് ഞാൻ കരുതുന്നത്. ഹിനിക്സ് പക്ഷിയെപോലെയാണ് സാഹിത്യ പ്രവർത്തക സഹകരണസംഘം ഉയർത്തെഴുന്നേറ്റത്. അതുപോലെ വികസന പ്രവർത്തനങ്ങളെ സഹായിക്കാൻ കണ്ണൂർ, കാസർഗോഡ് ജില്ലയെപോലുള്ള കുഗ്രാമങ്ങളെ വികസിപ്പിക്കുന്നതിനുവേണ്ടി ഒരു കൺസോർഷ്യം പദ്ധതിക്ക് ഒരുകോടി രൂപ നൽകി. അതുപോലെ വയനാട് ജില്ലയിലെ കാപ്പിക്കൃഷിക്കാർക്കായി വയനാട് കോഫി .....

ശ്രീ. കെ.സി. വേണുഗോപാൽ : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചു സഹകരണമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് നടപടി സ്വീകരിക്കാൻവേണ്ടി മൂന്നുനാല് കമ്മിറ്റികളെ നിയമിച്ചു എന്ന്. നിയമിച്ചിരിക്കുന്ന കമ്മിറ്റികളെല്ലാം മുൻധാരണയോടുകൂടി സി.പി.ഐ.(എം) നുവേണ്ടി ഓരോ സംഘടനകളുണ്ടാക്കാൻ വേണ്ടിയാണെന്ന് മനസ്സിലായിട്ടുണ്ടോ?

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : സർ, ആ ചോദ്യത്തിനുള്ള മറുപടി കോൺഗ്രസിന്റെ പ്രമുഖനായ നേതാവും സഹകാരിയുമായിരുന്ന ശ്രീ. തച്ചടി പ്രഭാകരൻ തന്നെ കൃത്യമായി പറഞ്ഞിട്ടുണ്ട്. സഹകരണമേഖലയിൽ മൂന്നു വർഷംകൊണ്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏറ്റവും നന്നായി ശ്ലാഘിക്കാൻ കോൺഗ്രസിന്റെ നേതാക്കന്മാർ തയ്യാറായിട്ടുണ്ട്. ഞാൻ അതുമാത്രം വായിക്കാം. ബഹുമാന്യനായ കെ.പി.സി.സി. സെക്രട്ടറി എം.എം. ഹസ്സൻ കോൺഗ്രസ് അല്ലെന്ന് നിങ്ങൾ പറയുകയില്ലല്ലോ. ശ്രീ. പിണറായി വിജയൻ സ്ഥാനം ഒഴിയുമ്പോൾ യാത്ര അയപ്പ് യോഗത്തിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം ഈ സഹകരണരംഗത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങളെ വിലയിരുത്തിയത് ഞാൻ വായിക്കാം. ' രാഷ്ട്രീയത്തിലെ പോരാളിക്ക് ഒരു നല്ല ഭരണാധികാരിയാകാൻ കഴിഞ്ഞു എന്ന് വരില്ല. അതിനുള്ള അവതാരമായിരുന്നു ശ്രീ. പിണറായി വിജയൻ എന്നായിരുന്നു' ശ്രീ. എം.എം. ഹസ്സൻ സർട്ടിഫിക്കറ്റ് എഴുതിക്കൊടുത്തിരിക്കുന്നത്. മിൽമയുടെ ചെയർമാനും കോൺഗ്രസിന്റെ പ്രമുഖ നേതാവുമായ പ്രയാർ ഗോപാലകൃഷ്ണൻ സഹകരണരംഗത്തെക്കുറിച്ച് പറഞ്ഞത് എന്താണ്? 'ഭരണപക്ഷവും പ്രതിപക്ഷവും പരസ്പരം ഗോളടിക്കുന്ന ഫുട്ബാൾ കോർട്ടായിരുന്നു സഹകരണരംഗം. അതിന് മാറ്റം വരുത്താൻ ശ്രീ. പിണറായി വിജയന് കഴിഞ്ഞു' എന്നാണ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, സാധാരണ നമ്മൾ അനുശോചനായോഗത്തിനും യാത്ര അയപ്പിനുമൊക്കെ നല്ലതേ പറയാറുള്ളൂ.

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : സർ, അനുശോചന പ്രസംഗമോ യാത്ര അയപ്പോ നടത്തിയതായിട്ട് എനിക്ക് തോന്നുന്നില്ല. ഏതായാലും സഹകരണരംഗത്തെക്കുറിച്ച് കക്ഷിരാഷ്ട്രീയത്തിനതീതമായി അഭിപ്രായം പ്രകടിപ്പിക്കാൻ യു.ഡി.എഫ്. അംഗങ്ങളും നേതാക്കന്മാർപോലും തയ്യാറായിട്ടുണ്ട്. വളരെ അഭിമാനത്തോടുകൂടി ശിരസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് പറയാൻ കഴിയും ഈ നാട്ടിലെ ജനങ്ങൾക്ക് വൈദ്യുതി രംഗത്തേയും സഹകരണരംഗത്തേയും കീഴടക്കാൻ കഴിയുമെന്ന്. ഞാൻ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ അനുകൂലിക്കുന്നു.

<u>ശ്രീ. കെ. ബാബു</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. കുറേക്കാലമായി നമ്മുടെ സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവിനും ട്രാൻസ്പോർട്ട് ചാർജ് വർദ്ധനവിനുമൊക്കെ എതിരായി മന്ത്രിമാരുടെ കാറിന് മുന്നിൽ ചാടിവീണ് പ്രതിഷേധ സമരങ്ങൾ നടത്തിയിരുന്ന ബഹുമാനപ്പെട്ട മന്ത്രി ശർമ്മ തന്നെ ഈ ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവിനെ ന്യായീകരിക്കുന്നത് കാണാൻ നല്ല ചേലുണ്ട്. ഇതൊരു വിധി വൈപരീത്യം എന്നുതന്നെ പറയട്ടെ. ഇവിടെ ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങളുടെ പ്രസംഗം കേട്ടപ്പോൾ ഇവർ ഈ നാട്ടിലല്ലേ ജീവിക്കുന്നതെന്ന് എനിക്ക് തോന്നി. കാരണം, നമ്മുടെ സംസ്ഥാനത്ത് കൂടുതൽ പവ്വർ കിട്ടാൻവേണ്ടി ഓരോ ഫാക്ടറികളും ഗവൺമെന്റിനെ സമീപിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ, ഇന്നത്തെ സ്ഥിതിയെന്താണ്? കേരളത്തിലെ 26 ഫാക്ടറികൾ കറന്റ് സറണ്ടർ ചെയ്യാൻ ഉള്ള അനുവാദത്തിന് അപേക്ഷിച്ചിരിക്കുകയാണ്. വരുന്ന 29-ാം തീയതി എറണാകുളം ജില്ലയിലെ ട്രേഡ് യൂണിയനുകൾ സംയുക്തമായി കറന്റ് ചാർജ് വർദ്ധനവിനെതിരായി സമരം ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ആരൊക്കെയാണ്? നിങ്ങളുടെ ബുദ്ധി ഉപദേശകൻ, ചന്ദ്രൻ പിള്ള, എ.ഐ.ടി.യു.സി നേതാക്കൾ, ഞങ്ങൾ ഐ.എൻ.ടി.യു.സി.കാർ, എറണാകുളം ജില്ലയിലെ മുഴുവൻ ട്രേഡ് യൂണിയനുകളും ഒരുമിച്ച് ചേർന്ന് കറന്റ് ചാർജ് വർദ്ധനവിനെതിരായി സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. ഞങ്ങളെല്ലാംകൂടി രണ്ടുപ്രാവശ്യം മന്ത്രി ശർമ്മയ്ക്ക് നിവേദനം കൊടുത്തു. അതിൽ ഒരു രാഷ്ട്രീയവുമില്ല. അത്ര കടുത്ത പ്രതിസന്ധിയെയാണ് കേരളത്തിലെ വ്യവസായങ്ങൾ നേരിടുന്നത്. ഈ നിലയിൽ വെളിച്ചവിപ്ലവം നടത്തി പോയാൽ വൈദ്യുതി കൂടുതൽ ഉല്പാദിപ്പിച്ചുവെന്ന് ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിക്ക് അവകാശപ്പെടാം. പക്ഷേ, മന്ത്രി ശ്രീമതി സുശീലാ ഗോപാലന്റെ കാര്യത്തിൽ എഴുതുമ്പോൾ കേരളത്തിലെ ഏറ്റവും കൂടുതൽ വ്യവസായങ്ങൾ പൂട്ടിച്ച മന്ത്രി എന്നുകൂടി എഴുതേണ്ടിവരും. അത് തന്നെയാണ് നിങ്ങളുടെ ഉദ്ദേശമെന്ന് ഞങ്ങൾക്കറിയാം. അത് നിങ്ങളുടെ പാർട്ടിയിലെ പ്രശ്നം. ഇവിടെ ഈ വൈദ്യുതി നിരക്കുമായി മുന്നോട്ടുപോയാൽ കേരളം വ്യവസായങ്ങളുടെ ശവപ്പറമ്പായി മാറുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആശുപത്രികളിലെ ഐ.സി. യൂണിറ്റിൽ വളരെ ഗുരുതരമായ രോഗം ബാധിച്ച് പ്രവേശിപ്പിച്ച രോഗികളുടെ ദിവസങ്ങൾ എണ്ണി കാത്തുകഴിയുന്ന ബന്ധുക്കളെപ്പോലെയാണ് കേരളത്തിലെ വ്യവസായികളുടേയും വ്യവസായമേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടേയും സ്ഥിതി. എന്നുവേണമെങ്കിലും പൂട്ടുമെന്നുള്ളതാണ് സ്ഥിതി. ഇവിടെ ആർക്കും തർക്കമില്ലെന്ന് പറഞ്ഞല്ലോ. ഇത് വ്യാപാരി-വ്യവസായികളുടെ ഒരു നോട്ടീസാണ്. നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

തർക്കമില്ലെന്ന് പറഞ്ഞു. ശ്രീ. അച്ചുതാനന്ദൻ വേറെ ഒരു സംഘടനയുണ്ടാക്കാൻ യോഗം വിളിച്ചുകൂട്ടിയല്ലോ. അവർ എല്ലായിടത്തും പ്രകടനം നടത്തി. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ പറഞ്ഞു ലോഡ് ഷെഡിംഗ് പിൻവലിക്കുമെന്ന്. നിങ്ങൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടത്തിയ മെഴുകുതിരി സമരവും നിശ്ചല സമരവും തെറ്റാണെന്ന് പറഞ്ഞ് ജനങ്ങളോട് മാപ്പ് പറയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രി. പറഞ്ഞു 48 കൊല്ലംകൊണ്ട് ഉല്പാദിപ്പിച്ച വൈദ്യുതിയുടെ പകുതി ഞങ്ങൾ ഇപ്പോൾ ഉല്പാദിപ്പിച്ച് എന്ന്. എന്നിട്ടും ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാൻ പറ്റുന്നില്ല. എന്താണ് കാരണം? ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു സിസ്റ്റം ആ നിലയിൽ ഇപ്പോൾ ശരിയായിട്ടില്ലെന്ന്.

സർ, ഞങ്ങളുടെ കാലത്ത് രൂക്ഷമായ വരൾച്ച തുടങ്ങിയ എല്ലാ പ്രശ്നങ്ങളുമുണ്ടായി. സിസ്റ്റം ഇത്രയും മെച്ചപ്പെട്ടിരുന്നില്ല. ഇത്രയും വൈദ്യുതി ഉണ്ടായിരുന്നില്ല. നിങ്ങൾ അന്ന് യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചുകൊണ്ട് മെഴുകുതിരി സമരം നടത്തി, നിശ്ചലസമരം നടത്തി. അങ്ങനെ സമരങ്ങൾ നടത്തിയ ഇടതുമുന്നണി കേരളത്തിലെ ജനങ്ങളോട് മാപ്പുപറയണം.

സർ, സഹകരണമേഖലയിൽ എല്ലാം ശാന്തമാണെന്നാണ് പറയുന്നത്. എനിക്ക് സി.പി.ഐ.കാരോട് ഒരു കാര്യം പറയാനുണ്ട്. നിങ്ങൾ ഇലക്ട്രിസിറ്റിയെക്കുറിച്ച് പറയുന്ന ന്യായങ്ങൾ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ സെക്രട്ടറി ശ്രീ.എ.എൻ. രാജനെ ബോദ്ധ്യപ്പെടുത്തിക്കൊടുത്താൽ മതി. അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടാൽ ഞങ്ങൾക്ക് ഈ കാര്യം ബോദ്ധ്യമാകും. കേരളത്തിൽ സഹകരണമേഖലയിൽ എല്ലാം ഭംഗിയായി നടക്കുന്നുവെന്നാണ് പറയുന്നത്. ഹൈക്കോടതിയിൽനിന്നുള്ള പ്രൊട്ടക്ഷനില്ലാതെ ഒരു സഹകരണസംഘത്തിലും തെരഞ്ഞെടുപ്പ് നടത്താൻ പറ്റുന്നില്ല. 44 സഹകരണസംഘങ്ങൾക്കാണ് ഹൈക്കോടതി പ്രൊട്ടക്ഷൻ കൊടുത്തത്. മാർക്സിസ്റ്റുപാർട്ടിയുടെ ജനാധിപത്യവിരുദ്ധ നിലപാടുമൂലം സ്വതന്ത്രമായി തെരഞ്ഞെടുപ്പ് നടത്താൻ പറ്റാത്ത സാഹചര്യം സഹകരണമേഖലയിൽ ഉണ്ടായിരിക്കുകയാണ്. നിങ്ങളുടെ ജനാധിപത്യവിരുദ്ധ നിലപാടുമൂലം 44 സംഘങ്ങളിൽ സഹകാരികൾ കോടതിയിൽപ്പോയി പ്രൊട്ടക്ഷൻ വാങ്ങി.

സർ, സഹകരണബാങ്കുകളിലെയും അപ്പക്സ് സ്ഥാപനങ്ങളിലെയും പി.എസ്.സി.നിയമനത്തെക്കുറിച്ച് ഇന്നലെയും ഞാൻ ചോദിച്ചു. നിങ്ങൾക്ക് ഇക്കാര്യത്തിൽ ആത്മാർത്ഥതയുണ്ടോ? ഞങ്ങളുടെ കാലത്ത് 1995-ൽ ശ്രീ.എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ സഹകരണമേഖലയിലെ നിയമനം പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചു. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ മുഖമുദ്ര കാര്യക്ഷമത എന്നാണല്ലോ പയുന്നത്. മൂന്നുവർഷംകൊണ്ട് നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട സഹകരണമേഖലയിലെ സ്ഥാപനങ്ങളിൽ ഒരാളെ നിയമിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? നിങ്ങൾ പിൻവാതിലിലൂടെ മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ നിങ്ങളുടെ പാർട്ടിക്കാരെ കുത്തിത്തിരുകാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണെന്ന് ഞാൻ ആരോപിക്കുകയാണ്. നിങ്ങൾക്ക് ഈ കാര്യത്തിൽ ആത്മാർത്ഥതയില്ല. പ്രൊഫഷണൽ കോളേജുകൾക്കുവേണ്ടി ഇപ്പോൾ ഒരു അക്കാദമി രൂപീകരിച്ചിട്ടുണ്ടല്ലോ. അവിടത്തെ നിയമനം പി.എസ്.സി.ക്ക് വിടാൻ നിങ്ങൾ തയ്യാറാകുമോ? പി.എസ്.സി.ക്ക് വിടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പരിയാരം മെഡിക്കൽകോളേജ് ഞങ്ങൾ സഹകരണമേഖലയിലുണ്ടാക്കി. അപ്പോൾ നിങ്ങൾ അതിനെ എതിർത്തു. അന്ന് സഹകരണമേഖലയിൽനിന്ന് പണം

LIBRARY ARCHIVES Kerala Legislative Assembly

സമാഹരിച്ചത് എങ്ങനെയാണ്? ഫിക്സഡ് ഡെപ്പോസിറ്റും ഷെയറുമായി പിരിച്ചു. നിങ്ങൾ എങ്ങനെയാണ് പിരിക്കുന്നത്? നിങ്ങൾ സംഭാവനയായിട്ടാണ് പിരിക്കുന്നത്. സാധാരണക്കാരായ കൃഷിക്കാർക്ക് വായ്പ കൊടുക്കേണ്ട പണം ജനറൽ ഫണ്ടിൽ നിന്ന് നിങ്ങൾ സംഭാവനയായി പിരിക്കുന്നു. വകുപ്പുമന്ത്രി നിർദ്ദേശിച്ചാൽ പിന്നെ നിർബന്ധമായിട്ട് പിരിവ് കൊടുക്കാതിരിക്കുമോ? സർ, കേരളത്തിലെ കൃഷിക്കാരുടെ സ്ഥിതിയെന്താണ്? ഓരോ വിഭാഗം കൃഷിക്കാരും തകർന്നിരിക്കുകയാണ്. ഓരോ കൃഷിക്കാരുടെയും വീടുകളിൽ സെയിൽസ് ടാക്സ് ഓഫീസർമാർ ജപ്തി നടപടികളുമായി പൊയ്ക്കൊണ്ടിരിക്കുകയാണ്. ആ സന്ദർഭത്തിൽ കൃഷിക്കാരെ ആശ്വസിപ്പിക്കാനുള്ള യാതൊരു നടപടിയും സഹകരണ മേഖലയിൽ സ്വീകരിക്കുന്നില്ല. സഹകരണ സ്ഥാപനങ്ങളിലെ ജനറൽ ഫണ്ടിൽനിന്നും സംഭാവനയായി കോടിക്കണക്കിന് രൂപ അക്കാദമിക്കുവേണ്ടി പിരിക്കുകയാണ്.

സർ, പരിയാരം മെഡിക്കൽകോളേജിൽ രണ്ടുതരത്തിൽ അഡ്മിഷൻ ഉണ്ടായിരുന്നു. ഒന്ന് ഫീസ് വാങ്ങിയും മറ്റൊന്ന് മെറിറ്റിലും. നിങ്ങൾ വലിയ വിപ്ലവം നടപ്പാക്കി. എന്താണ് വിപ്ലവം? രണ്ടുതരം ഫീസ് നിറുത്തലാക്കി, എല്ലാം മെറിറ്റിലെന്ന് തീരുമാനിച്ചു. സഹകരണമേഖലയിൽ ഈ വരാൻ പോകുന്ന പ്രൊഫഷണൽ കോളേജിൽ ഏത് അടിസ്ഥാത്തിലായിരിക്കും അഡ്മിഷൻ? സംഭാവന പിരിക്കുമോ? മന്ത്രി അത് വ്യക്തമാക്കണം.

സഹകരണരംഗത്ത് ഇപ്പോൾ നബാർഡിന്റെയും റിസർവ് ബാങ്കിന്റെയും നിർദ്ദേശങ്ങൾ കാറ്റിൽ പറത്തിയിരിക്കുകയാണ്. നിങ്ങളുടെ ഈ പോക്ക് കേരളത്തിലെ സഹകരണമേഖലകളുടെ അടിത്തറതന്നെ ഇളക്കും. അതുകൊണ്ട് കേരളത്തിന്റെ ഭാവിക്കും സഹകരണമേഖലയുടെ നിലനിൽപിനും അപകടമാകുന്ന പ്രവർത്തനങ്ങൾ ഗവൺമെന്റ് ഉപേക്ഷിക്കണം. അതിനുള്ള മാർഗ്ഗങ്ങൾ കാണണം.

സർ, പുത്തൂർ ബാങ്ക് ബഹുമാനപ്പെട്ട ബാലറാമിന്റെ മണ്ഡലത്തിലാണ്. അവിടെ 5000 പേരുടെ മെമ്പർഷിപ്പാണ് നീക്കം ചെയ്തത്. പേരൂർക്കട ബാങ്കിലെ നിയമനങ്ങളിൽ മാർക്സിസ്റ്റുകാരെ കുത്തിത്തിരുകിയെന്നുള്ള വാർത്തയുണ്ട്. ഇത്തരം കാര്യങ്ങളെക്കുറിച്ചൊക്കെ അന്വേഷിക്കണം. സഹകരണമേഖലയിൽ ഇതുപോലുള്ള പ്രവർത്തനങ്ങൾ ധാരാളമായി നടന്നുകൊണ്ടിരിക്കുകയാണ്.

സർ, നമ്മുടെ ഇലക്ട്രിസിറ്റിബോർഡിൽ ആവശ്യകത കണക്കാക്കുന്നതിന് ആധാരമാക്കുന്ന പല ഘടകങ്ങൾ ഉണ്ട്. അതിലൊന്ന് വ്യവസായ വളർച്ചയാണ്. ഇലക്ട്രിസിറ്റിബോർഡ് വ്യവസായ വളർച്ച കഴിഞ്ഞ വർഷം കണക്കാക്കിയിരുന്നത് 6 ശതമാനമാണ്. നമുക്ക് എത്ര വളർച്ചയുണ്ടായി? 2% വളർച്ചയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 1999-2000 ആണ്ടിലേയ്ക്ക് 3000 മെഗാവാട്ട് വൈദ്യുതി വേണമെന്ന് കണക്കാക്കി. എത്ര വേണ്ടിവന്നു? 2300 മെഗാവാട്ട് വേണ്ടിവന്നു. ആവശ്യത്തിൽക്കവിഞ്ഞ് സ്വകാര്യ സ്ഥാപനങ്ങളെ കൊണ്ടുവരാൻവേണ്ടി മനഃപൂർവ്വമായിട്ട് ഡിമാന്റ് കൂട്ടിവയ്ക്കുകയാണ്. സാങ്കേതികമായിട്ട് demand forecast എന്നാണ് അതിനെ പറയുന്നത്. അതുകൂടി വച്ചുകൊണ്ട് ചാർജ് കൂടിയ വൈദ്യുതി കേരളത്തിലെടുക്കാൻവേണ്ടി മനഃപൂർവ്വമായിട്ടുള്ള കണക്കുകളാണ് ഇലക്ട്രിസിറ്റിബോർഡ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

സർ, ഇവിടെ കറന്റ് വാങ്ങിയതിനെ സംബന്ധിച്ച് ഒരു കാര്യംകൂടി പറയാം. ഈ നിലയ്ക്ക് പോയാൽ കെ.എസ്.ഇ. ബി.യുടെ ജലവൈദ്യുത പദ്ധ

LIBRARY ARCHIVES Kerala Legislative Assembly

തികൾ അടച്ചുപൂട്ടേണ്ടിവരും. യൂണിറ്റിന് നാലുരൂപ കവിയുമ്പോൾ എല്ലാ വിലയും കൂട്ടിയാലും ഒരു രൂപ പത്തുപൈസയിൽ നിൽക്കുന്ന ജലവൈദ്യുത പദ്ധതികൾ പൂട്ടിയിടുന്ന അവസ്ഥ വരുന്നത് ഒഴിവാക്കണം. പാകിസ്ഥാനിൽ അടുത്ത കാലത്തുണ്ടായ സാമ്പത്തിക തകർച്ചയ്ക്ക് ഒരു പ്രധാന കാരണം ഇതുപോലുള്ള തെർമൽ പ്ലാന്റുകളായിരുന്നുവെന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇത് നമ്മുടെ സമ്പദ്‌വ്യവസ്ഥയെ തകർക്കും. നാഫ്ഥലായി ഉൽപാദിപ്പിക്കുന്ന കേന്ദ്രങ്ങളിൽ വൈദ്യുതിയുൽപാദനം നടക്കുന്നില്ല. സെൻട്രൽ പൂളിൽനിന്ന് അലോക്കേറ്റഡ് ഷെയറും അൺ-അലോക്കേറ്റഡ് ഷെയറുമുണ്ട്. ഇതിൽ അലോക്കേറ്റഡ് ഷെയർ നിശ്ചിതമാണ്. അൺ-അലോക്കേറ്റഡ് ഷെയർ അനുവദിച്ചത് എടുത്തില്ലെങ്കിൽ വൈദ്യുതി ആവശ്യമില്ലെന്നുള്ള നിഗമനത്തിൽ കേന്ദ്ര ഗവൺമെന്റ് എത്തിച്ചേരും. കേരളത്തിൽ നമ്മൾ അൺ-അലോക്കേറ്റഡ് ഷെയർ വാങ്ങുന്നില്ല. ഇതിന്റെ ഫലമായിട്ട്, ഇവിടെ വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിച്ചുവെന്ന് വീമ്പിളക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിൽനിന്ന് കുറഞ്ഞ നിരക്കിൽ കിട്ടുന്ന വൈദ്യുതി, അൺ-അലോക്കേറ്റഡായി കിട്ടുന്ന വൈദ്യുതി, എടുക്കാത്തതുമൂലം വരുംവർഷങ്ങളിൽ ഇത് കേരളത്തിന്റെ താൽപ്പര്യത്തിനെതിരായിവരുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സർ, കേരളത്തിൽ വൈദ്യുതി ചാർജിന്റെ കെടുതിയെ സംബന്ധിച്ച് പറയുമ്പോൾത്തന്നെ ബോർഡിലെ കെടുകാര്യസ്ഥതയെക്കുറിച്ച് ഒരു കാര്യം പറയാം. പെരിങ്ങൽകുത്ത്, നേരിയമംഗലം എന്നീ അണക്കെട്ടുകളിൽനിന്ന് ഇത്തവണ വെള്ളം ഒഴുകിപ്പോയി. വൈദ്യുതി കൃത്യസമയത്ത് ജനറേറ്റ് ചെയ്യാൻ നമുക്ക് കഴിയുന്നില്ല. കഴിഞ്ഞ ഒന്നരവർഷമായി പെരിങ്ങൽക്കുത്തിൽ എട്ട് മെഗാവാട്ടിന്റെ ഒരു ജനറേറ്റർ തകരാറായി കിടക്കുകയാണ്. കഴിഞ്ഞ മൺസൂണിൽ 3.6 കോടി രൂപയുടെ വൈദ്യുതി ഉൽപാദിപ്പിക്കാവുന്ന വെള്ളം പെരിങ്ങൽക്കുത്തിൽനിന്ന് ഒഴുകിപ്പോയി. ഈ സീസണിലും അത് ആവർത്തിച്ചിരിക്കുകയാണ്. ചെങ്കുളത്ത് ഒരു പമ്പുസെറ്റ് കേടായിട്ട് ഒരു വർഷമായി. ബാക്കി രണ്ട് പമ്പുസെറ്റുകൾ 24 മണിക്കൂറും പൂർണ്ണമായി പ്രവർത്തിക്കുന്നുമില്ല. 5 കോടി യൂണിറ്റ് വൈദ്യുതി നഷ്ടമായി. 1998-99-ലെ വൈദ്യുതിബോർഡിന്റെ പ്രവർത്തന റിപ്പോർട്ടിൽത്തന്നെ ഇക്കാര്യം ചൂണ്ടക്കാണിക്കുന്നുണ്ട്. പള്ളിവാസലിൽ ഒരു ജനറേറ്റർ കേടായിട്ട് മൂന്നു വർഷം കഴിഞ്ഞു. 36 കോടി രൂപയുടെ നഷ്ടമുണ്ടായി. ബോർഡുതന്നെ ബോർഡിന്റെ റിപ്പോർട്ടിൽ ഈ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. പുതിയത് വാങ്ങിയാൽപ്പോലും ഇത്ര സംഖ്യ നഷ്ടം വരികയില്ലായിരുന്നു.

സർ, ടി.ഒ.ഡി. മീറ്ററിംഗ് സമ്പ്രദായത്തെക്കുറിച്ച് പറയട്ടെ. ഇപ്പോൾ വൈകിട്ട് ആറുമണിമുതൽ 10 മണിവരെ ഉപയോഗിക്കുന്ന കറന്റിനെ ടി.ഒ.ഡി. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങ് മന്ത്രിയാകുന്നതിനുമുൻപ് അങ്ങും ഞാനും ഉൾപ്പെടെ ടി.സി.സി. കമ്പനിക്കും എറണാകുളം മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾക്കുംവേണ്ടി മന്ത്രി ശ്രീ. പിണറായി വിജയനെ കണ്ട് നിവേദനം നടത്തിയതാണ്. അതുകഴിഞ്ഞ് അങ്ങ് മന്ത്രിയായപ്പോൾ പറഞ്ഞു, ഒരു മാസത്തേയ്ക്ക് പരീക്ഷിക്കുകയാണ് എന്ന്. ഇപ്പോൾ മാസമെത്രയായി? അങ്ങേയ്ക്ക് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞോ? 24 മണിക്കൂറും പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളിൽ ടി.ഒ.ഡി. മീറ്ററിംഗ് ഏർപ്പെടുത്തിക്കൊണ്ട് ആ കമ്പനികൾക്ക് കൂടുതൽ ഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ഈ ടി.ഒ.ഡി. മീറ്ററിന്റെ പേരിൽക്കൂടി ഉപയോഗിക്കുന്ന മൊത്തം കറന്റിന് 8

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം കൊടുക്കണം. നിങ്ങൾ എല്ലാത്തിനും മാതൃകയാക്കുന്നത് ബംഗാളിനെയാണല്ലോ? ബംഗാളിൽ ഇന്ന് എന്താണ് സ്ഥിതി? ബംഗാളിൽ 1995-നു ശേഷം ആരംഭിച്ച സ്ഥാപനങ്ങൾക്കു മാത്രമേ ടി.ഒ.ഡി.മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളു. അങ്ങനെ ഏർപ്പെടുത്തിയ കമ്പനികൾക്കുതന്നെ കേരളത്തിൽ നിശ്ചയിച്ചിട്ടുള്ള അത്ര റേറ്റ് ഇല്ല. താരതമ്യേന കുറഞ്ഞ റേറ്റാണ്. അതുകൊണ്ട് ടി.ഒ.ഡി.മീറ്ററിംഗ് സമ്പ്രദായം പുനഃപരിശോധിക്കണം. വ്യവസായങ്ങളെ രക്ഷിക്കണം.

സർ, കൺസ്യൂമർ ഫെഡറേഷനിലെ സേവന-വേതന വ്യവസ്ഥകൾ അങ്ങയുടെ വകുപ്പിൽപ്പെട്ടതാണല്ലോ. കരാർ കാലാവധി കഴിഞ്ഞിട്ട് മൂന്നു കൊല്ലത്തോളം കഴിഞ്ഞു. അതൊന്ന് പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ ഉദയംപേരൂർ സബ് സ്റ്റേഷനെ സംബന്ധിച്ച് അങ്ങേയ്ക്ക് ഞാൻ നിവേദനം തന്നു. ഞാൻ ഇവിടെ സബ്മിഷനും കൊണ്ടുവന്നു. അത് യു.ഡി.എഫിന്റെ കാലത്ത് അനുവദിച്ചിട്ടിരിക്കുകയായിരുന്നു. അതിന്റെ സ്ഥലമെടുത്ത് പണി തുടങ്ങിയാൽ മതി. നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളെയും സ്വകാര്യമേഖലയിലുള്ള സ്ഥാപനങ്ങളെയും ബാധിക്കുന്ന അന്യായമായ കറന്റ് ചാർജ് വർദ്ധനവ് പിൻവലിക്കണം. സാധാരണക്കാരായ ജനങ്ങൾ പൊറുതിമുട്ടുകയാണ്. കവി അക്കിത്തം ഇവിടെ കവിത എഴുതിയത് നിങ്ങളുടെ ഈ കറന്റ് ചാർജ് വർദ്ധനവ് വരുമെന്ന് കണക്കാക്കിയിട്ടാണ്. നിങ്ങൾ കറന്റ് ചാർജ് വർദ്ധിപ്പിക്കുമെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് അക്കിത്തം വളരെ ഭാവനാപൂർവ്വം അന്നുതന്നെ എഴുതിയ കവിതയാണ്. "വെളിച്ചം ദുഃഖമാണുണ്ണി, തമസ്സല്ലോ സുഖപ്രദം" എന്നുള്ളത്. കേരളത്തിലെ എല്ലാ രംഗത്തെയും സ്തംഭിപ്പിക്കുന്ന, ജനങ്ങൾക്ക് ജീവിതഭാരം അടിച്ചേൽപ്പിക്കുന്ന ഒരു നയമാണ് ഇലക്ട്രിസിറ്റി ബോർഡിന്റേത്. വൈദ്യുതി നയം നടപ്പാക്കി 2000 ആണ്ടിൽ നിങ്ങൾ വെളിച്ച വിപ്ലവം വിജയിപ്പിക്കുമ്പോൾ ഇത് ഉപയോഗിക്കാൻ കേരളത്തിൽ വ്യവസായങ്ങളുണ്ടാവുകയില്ലെന്നുള്ള വസ്തുതകൂടി ഓർമ്മിപ്പിക്കുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കണമെന്നാണ് നമ്മൾ സാധാരണ പറയാനുള്ളത്. ഇത് ജനങ്ങളോട് യുദ്ധം പ്രഖ്യാപിച്ചിട്ടുള്ള ഒരു ഗവൺമെന്റാണ്. ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേരളത്തിലെ വൈദ്യുത മേഖലയിലെ ഉൽപാദന വർദ്ധനവ് ദേശീയ അടിസ്ഥാനത്തിൽതന്നെ പ്രശംസിക്കപ്പെട്ടിരിക്കുകയാണ്. അതിനുള്ള ഒരുപാട് രേഖകൾ ഇവിടെയുണ്ട്. സമയക്കുറവുമൂലം അത് ഞാൻ പറയുന്നില്ല. കേരളത്തിലെ എല്ലാ പത്രങ്ങളും മുഖപ്രസംഗം എഴുതിയതു ഉൾപ്പെടെയുള്ള കാര്യങ്ങൾ ശ്രീ. സതീശ് ചന്ദ്രൻ ഇവിടെ പറഞ്ഞു. കേന്ദ്ര പവർസെക്രട്ടറി ശ്രീ. വി.കെ. പാന്ഥെ നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിന് കത്തെഴുതി. പത്തിരുപതു വർഷങ്ങളായി തുടങ്ങിയ കക്കാട് പദ്ധതി പൂർത്തീകരിക്കാനുള്ള കേരള ഗവൺമെന്റിന്റെ ശ്രമങ്ങളെ അഭിനന്ദിച്ചുകൊണ്ടുള്ള കത്താണ് അത്. ആ പദ്ധതി 17-ാം തീയതി കമ്മിഷൻ ചെയ്യാൻ പോകുന്ന വിവരം ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറഞ്ഞു. കണക്കുകൾ വളരെയേറെ ഞങ്ങളുടെ കയ്യിലുണ്ട്. നിങ്ങളുടെ കയ്യിലും കാണും. കണ്ണടച്ച് ഇരുട്ടാക്കാൻ എപ്പോഴും കഴിയില്ല. കണക്കുകൾ ഒക്കെ ഒന്നുകൂടി നന്നായി നോക്കി കേരളത്തിൽ വൈദ്യുതി ഉൽപാദന രംഗത്തുണ്ടായ വളർച്ച അംഗീകരിക്കണമെന്നാണ് പ്രതിപക്ഷത്തോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിങ്ങൾ ഭരിച്ച

LIBRARY ARCHIVES Kerala Legislative Assembly

സമയത്ത് പതിനേഴ് മെഗാവാട്ടേ ഉൽപാദനവർദ്ധനവ് ഉണ്ടായിരുന്നുള്ളു. അതൊരു വസ്തുതയാണ്. അത് അംഗീകരിക്കാതെ ഇങ്ങോട്ട് കൊഞ്ഞനം കുത്തിയിട്ട് കാര്യമില്ല. ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്ന് വർഷം കൊണ്ടുതന്നെ പതിനേഴ് മെഗാവാട്ടിനു പകരം 406.6 മെഗാവാട്ട് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. എത്ര ഇരട്ടിയാണ് ഉൽപ്പാദിപ്പിച്ചിരിക്കുന്നത്. കക്കാടും മറ്റു ചില പദ്ധതികളുംകൂടി കമ്മീഷൻ ചെയ്തു കഴിഞ്ഞാൽ രണ്ടു വർഷം കഴിയുമ്പോഴേക്കും നമ്മൾ സ്വയംപര്യാപ്തതയിലേക്ക് എത്തും. ഇവിടെ ജലസമ്പത്ത് ഉപയോഗിച്ചു ഉൽപാദിപ്പിക്കുന്ന വൈദ്യുതി, കേന്ദ്രത്തിൽ നിന്നുള്ള ഷെയർ, എൻ.ടി.പി.സി. യിൽ നിന്നും നെയ്വേലിയിൽനിന്നും കിട്ടുന്ന ആണവഊർജ്ജം- ഇങ്ങനെ പല രീതിയിൽ നമുക്ക് വൈദ്യുതി കിട്ടുന്നു. ഇതിനെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തി കേരളത്തിന്റെ വൈദ്യുതി ക്ഷാമവുമായി ബന്ധപ്പെടുത്തിക്കൊണ്ട് വേഗതയിൽ പൂർത്തിയാകത്തക്ക വൈദ്യുതി ഉൽപ്പാദന പദ്ധതികൾ ആവിഷ്കരിക്കണം. വൈദ്യുതി ചാർജ്ജ് വർദ്ധനവിനെ ആരും അനുകൂലിക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്യുന്നില്ല. വൈദ്യുതി ചാർജ്ജ് വർദ്ധനവിന് സാഹചര്യങ്ങളാണ് ഇടയാക്കുന്നത്. വൈദ്യുതി ബോർഡിന് വരുന്ന നഷ്ടം നികത്താൻ മറ്റു മാർഗ്ഗങ്ങളില്ലെങ്കിൽ ചാർജ്ജ് വർദ്ധിപ്പിക്കേണ്ടിവരുന്നു എന്നാണ് സർക്കാർ പറയുന്നത്. അതുകൊണ്ട് ഉൽപാദന വർദ്ധനവിനും ചെലവുകുറഞ്ഞ വൈദ്യുതി ഉൽപാദനത്തിനും കഴിയുന്നതുപോലുള്ള പദ്ധതികൾക്ക് ഊന്നൽ കൊടുക്കേണ്ടതുണ്ട്. നമ്മൾ ജലവൈദ്യുത പദ്ധതികളിലേക്കു തിരിച്ചുപോകണം. 1970-കളിൽ സഖാവ് എം.എൻ. ഗോവിന്ദൻ നായർ കേരളത്തിൽ വിദ്യുച്ഛക്തി മന്ത്രിയായിരുന്ന കാലത്ത് നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞ ഇടുക്കി പദ്ധതി പോലുള്ളവ വീണ്ടും ആരംഭിക്കണം. സർപ്ലസ് വൈദ്യുതി നമ്മൾ ഉപയോഗപ്പെടുത്തിയതു സംബന്ധിച്ച രേഖകളുണ്ട്. സഖാവ് ടി.വി. തോമസ് വ്യവസായ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ മറ്റ് സ്റ്റേറ്റുകളിലേക്ക് നമ്മുടെ വൈദ്യുതി കൊടുത്തിട്ട് നമ്മുടെ വ്യവസായങ്ങൾക്ക് ആവശ്യമുള്ള പല അസംസ്കൃത വസ്തുക്കളും വാങ്ങാനുള്ള കരാറുണ്ടാക്കി. ആ കാലഘട്ടം പോയി. ഇന്ന് പരിസ്ഥിതി പ്രശ്നങ്ങളുടെയും മറ്റു പല പ്രശ്നങ്ങളുടെയും പേരിൽ നമ്മുടെ ജലവൈദ്യുത പദ്ധതികൾ പതുക്കെപ്പതുക്കെ പുറകോട്ടു പോയി. നമ്മൾ 33% മഴവെള്ളമാണ് ഉപയോഗപ്പെടുത്തുന്നത്. തമിഴ്നാട് 80% മഴവെള്ളം ഉപയോഗപ്പെടുത്തുന്നതായാണ് കണക്ക്. എന്തുകൊണ്ട് സമയബന്ധിതമായി ജലവൈദ്യുത പദ്ധതികൾ നമുക്ക് ഏറ്റെടുക്കാൻ കഴിയുന്നില്ല. അതിരപ്പിള്ളിയിൽ 162 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാനുള്ള അനുമതി കിട്ടി. ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണൻ പങ്കെടുത്ത ചടങ്ങിൽ വച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കല്ലിട്ടത്. പൂയംകുട്ടി അനിശ്ചിതത്വത്തിൽ കിടക്കുകയാണ്. അതിന് അനുമതി വാങ്ങണം. മാനന്തവാടി പദ്ധതിക്ക് തടസ്സമായി നിൽക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് അതിന് അനുമതി കിട്ടാനുള്ള നടപടിയെടുക്കണം. മുന്നൂറോളം ചെറുകിട വൈദ്യുത പദ്ധതികൾ ഇന്ന് വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ട്. 660 മെഗാവാട്ട് അധികമുലം ഉൽപ്പാദിപ്പിക്കാൻ കഴിയും. നമ്മുടെ പൊതുമേഖലാ സ്ഥാപനമായ സിഡ്കിക്ക് വളരെയേറെ പ്രോജക്ടുകളുണ്ടാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്തും, ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ സ്വദേശമായ മണലൂർ ഗ്രാമ പഞ്ചായത്തും ഉൾപ്പെടെ വൈദ്യുതി ഉൽപ്പാദന രംഗത്തേക്ക് വന്നിരിക്കുകയാണ്. അതിനാൽ ജലവൈദ്യുത പദ്ധതികൾക്ക് കൂടുതൽ ഊന്നൽ കൊടുത്താൽ വൈദ്യുതി ചാർജ് വർദ്ധനവ് നമുക്ക് കുറച്ച് കൊണ്ടുവരാൻ കഴിയും. കായംകുളം പദ്ധതി നമുക്ക് മാത്രമായി തന്നതുകൊണ്ട് എൻ.ടി.പി.സി.

LIBRARY ARCHIVES Kerala Legislative Assembly

കരാറു പ്രകാരമുള്ള വൈദ്യുതി നമുക്ക് 2.75 രൂപയ്ക്കാണ് തരുന്നത്. അവർ മറ്റു സ്ഥലങ്ങളിൽ കൊടുക്കുന്നതും നമുക്ക് തന്നെ എൻ.ടി.പി.സി.യുടെ സെൻട്രൽ പൂളിൽനിന്ന് തരുന്നതും 1.30 രൂപയ്ക്കാണ്. ഇവിടെ കായംകുളത്തുനിന്നുള്ള വൈദ്യുതിക്ക് 2.75 രൂപ കൊടുക്കണം. ഇത് നിങ്ങളുടെ കാലത്തുണ്ടാക്കിയ കരാറാണ്. ആ കരാറ് മാറ്റാൻ സമ്മർദ്ദം ചെലുത്തി എൻ.ടി.പി.സി.യുടെ കായംകുളം പ്രോജക്ടിൽനിന്നും നമുക്ക് കിട്ടുന്ന വൈദ്യുതി പൂൾ ചെയ്ത റേറ്റിൽ നിശ്ചയിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് ഞാൻ വിചാരിക്കുന്നു. ..... ചെയ്ത റേറ്റിലേക്ക് നമുക്ക് വൈദ്യുതി കൊണ്ടുവരണം. ബ്രഹ്മപുരത്തു നിന്നുള്ള റേറ്റാണെങ്കിൽ 2.95 രൂപയാണ്. കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കുറയണം. ഉൽപ്പാദനചെലവുകുറവുള്ള ജലവൈദ്യുത പദ്ധതികളിലേക്ക് നമ്മൾ തിരിച്ചു വന്നേ പറ്റൂ. ഈവക കാര്യങ്ങളെപ്പറ്റി ഒരു പുനഃപരിശോധന ഉണ്ടാകണം. ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചതിനെക്കുറിച്ച് പറഞ്ഞു. ഒൻപതു ലക്ഷത്തോളം കണക്ഷൻ ഈ കാലയളവിൽത്തന്നെ കൊടുത്തില്ലേ? ഇക്കഴിഞ്ഞ പത്തു കൊല്ലം കൊണ്ടുകൊടുത്തതിന്റെ ഇരട്ടിയാണ്. ഉപഭോക്താക്കളുടെ എണ്ണത്തിൽ നൂറു ശതമാനം വർദ്ധനവാണ്. അതിന് അനുസൃതമായ ഉൽപാദനമുണ്ടാകുന്നില്ല. ഉൽപ്പാദന മേഖലയിൽ നിങ്ങളുടെ ഗവൺമെന്റ് കുറ്റകരമായ അനാസ്ഥ കാണിച്ചിരിക്കുന്നു. ഒരുപാട് കല്ലിട്ടു എന്നുള്ളത് ശരിയാണ്. പക്ഷെ കണ്ണടച്ച് ഇരുട്ടാക്കരുത്. ചിലർ വെളിച്ചം വരാതിരിക്കാൻ മുറം കൊണ്ട് സൂര്യനെ മറയ്ക്കാൻ ശ്രമിക്കും. അപ്പോൾ വെളിച്ചമുണ്ടാവുകയില്ലല്ലോ എന്നാണവരുടെ വിചാരം. അങ്ങനെ മറച്ചിട്ട് കാര്യമില്ല. വെളിച്ചം വരും. പരമാവധി വൈദ്യുതി ഉൽപ്പാദനം നടത്തി ഉപഭോക്താക്കൾക്ക് ചെലവു കുറഞ്ഞതോതിൽ വൈദ്യുതി നൽകാൻ കഴിയണം. നമ്മൾ കൂട്ടായി ആലോചിക്കണം. ജലവൈദ്യുത പദ്ധതികളുണ്ടാക്കാനും പ്രസരണ വിതരണ നഷ്ടം കുറയ്ക്കാനും ലൈനുകൾ മെച്ചപ്പെടുത്താനും പുതിയ സബ്സ്റ്റേഷനുകളുണ്ടാക്കാനും നടപടി സ്വീകരിക്കണം. നിരവധി സബ്സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്തു. എന്റെ നിയോജകമണ്ഡലത്തിൽ ചേർപ്പിൽ ദീർഘകാലമായി ജനങ്ങൾ ആഗ്രഹിച്ചിരുന്ന 110 കെ.വി. സബ്സ്റ്റേഷന്റെ പണി ആരംഭിച്ചു. നമ്മുടെ ജനറേറ്ററുകൾ പുതുക്കാൻ ഇപ്പോൾ തീരുമാനിച്ചു. ഇത് ചർച്ചാവിഷയമായതു കൊണ്ട് പറയുകയാണ്. ബാലാനന്ദൻ കമ്മിറ്റി വളരെ പ്രഗത്ഭമായ ഒരു കമ്മിറ്റിയാണ്. ആ കമ്മിറ്റിയിൽ ശ്രീ. രവീന്ദ്രനാഥ്, ശ്രീ. ദിവാകരൻ, ബോർഡിലെ ട്രേഡ് യൂണിയൻ നേതാക്കളായ സഖാവ് ഹബീബ്, സഖാവ് രാജൻ, സഖാവ് ഉണ്ണിത്താൻ തുടങ്ങിയ ആളുകളും ടെക്നിക്കൽ വിദഗ്ദ്ധരും നിങ്ങളുടെ റാവുത്തരും ഒക്കെ ഉണ്ടായിരുന്നു. ആ കമ്മിറ്റി നല്ലൊരു റിപ്പോർട്ട് സർക്കാരിനു നൽകി. പവർ ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കാൻ തീരുമാനിച്ചത് ഈ ശുപാർശയുടെ അടിസ്ഥാനത്തിലാണ്. പള്ളിവാസൽ, ചെങ്കുളം പദ്ധതികളുടെയൊക്കെ ജനറേറ്ററുകൾ മാറ്റുന്ന കാര്യത്തിൽ കമ്മിറ്റി ചില അഭിപ്രായം പ്രകടിപ്പിച്ചു. ഇപ്പോൾ ജനറേറ്റർ മാറ്റി സ്ഥാപിക്കാൻ കരാർ കൊടുത്തു. അതിന്റെ പദ്ധതികളൊക്കെയായി ബോർഡു മുന്നോട്ട് പോകുന്നു. അവിടെയുള്ളത് പഴയ കാലത്തെ ജനറേറ്ററുകളാണ്. അത്രയും ഗുണമേന്മയുള്ള ജനറേറ്ററുകളാണ് അവ. അതുപോലെ നല്ലതും, ഗുണമേന്മയുള്ളതുമായ ജനറേറ്ററുകൾ ഇനി കിട്ടില്ല. അതുകൊണ്ട് ഒരു സെക്കൻഡ് ഒപ്പീനിയൻ തേടേണ്ടതായിരുന്നു എന്നാണ് എന്റെ അഭിപ്രായം. ആ അഭിപ്രായം ഞാൻ സൂചിപ്പിക്കുകയാണ്. ഇപ്പോൾ, വിവിധ ടാസ്ക് ഫോഴ്സ് കമ്മിറ്റികൾ രൂപീകരിച്ചു. പല കമ്മിറ്റികളും രൂപീകരിച്ചു. എന്തിനാണ് ടാസ്ക് ഫോഴ്സിൽ നൂറു പേർ.

LIBRARY ARCHIVES Kerala Legislative Assembly

വെറും എട്ടുപേരാണ് ട്രേഡ് യൂണിയന്റെ പ്രതിനിധികൾ. ബാക്കിയെല്ലാം ഉദ്യോഗസ്ഥൻമാരാണ്. ഉദ്യോഗസ്ഥൻമാരെ വച്ച് അവരുടെ പോസ്റ്റ് കൂട്ടലും അവരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കലും ഒക്കെയായി മാറരുത് ഈ കമ്മിറ്റികൾ. ട്രേഡ് യൂണിയൻ നേതാക്കൾ 'സഖാവ് ഹബീബും, സഖാവ് രാജനും ഒക്കെ അതിനെക്കുറിച്ച് ചില അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ എട്ട് ട്രേഡ് യൂണിയൻ തൊഴിലാളി പ്രതിനിധികളെ വച്ചുകൊണ്ട് ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം മൊത്തത്തിലുള്ള റിവ്യൂ, മോണിറ്ററിംഗ് എന്നീ കാര്യങ്ങളിൽ ഗവൺമെന്റ് കാണിക്കുന്ന ശുഷ്കാന്തി കുറെക്കൂടി നല്ല രീതിയിലാകണം.

ബോർഡിന്റെ പ്രവർത്തനങ്ങളിലെ പ്രധാനപ്പെട്ട കാര്യം, വ്യവസായ തൊഴിൽ ബന്ധമാണ്. ബോർഡിനകത്ത് തൊഴിലാളികളിൽ എൺപത് എൺപത്തിയഞ്ചു ശതമാനം തൊഴിലാളികളും എൽ.ഡി.എഫ്.നോടൊപ്പം നിൽക്കുന്നവരൊക്കെത്തന്നെയാണ്. തൊഴിലാളി സംഘടനകൾ ഉന്നയിച്ചിട്ടുള്ള ചില കാര്യങ്ങളെക്കുറിച്ച് ചിലത് പറയാനുണ്ട്. ലോംഗ് ടേം എഗ്രിമെന്റ് നടപ്പിലാക്കുന്നതിൽ എന്തുകൊണ്ടാണ് വീഴ്ചവന്നതെന്ന് എനിക്ക് മനസ്സിലായില്ല. 1998 ജൂലൈ 31-ന് കാലാവധി കഴിഞ്ഞതാണ്. ഇപ്പോൾ ഒരു വർഷം കഴിഞ്ഞു. കഴിഞ്ഞ ലോംഗ് ടേം സെറ്റിൽമെന്റിലെ പല പ്രധാനപ്പെട്ട കാര്യങ്ങളും നടപ്പിലാക്കിയിട്ടില്ല. ജീവനക്കാരുടെ മുമ്പിൽ അസംതൃപ്തിയുള്ള വിഷയമാണ്, പരിഹരിക്കേണ്ട വിഷയമാണ്. ഇവിടെ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു. ജോലി കൂടി, അതിന്റെയൊക്കെ അടിസ്ഥാനത്തിൽ ബോർഡ് മാനേജ്മെന്റും ട്രേഡ് യൂണിയനുകളും തമ്മിലുണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം 8105 ആളുകളെ പുതുതായി നിയമിക്കണം. അതിൽ കുറെ റീഡിപ്ലോയ്മെന്റൊക്കെ വരുമായിരിക്കും. ബോർഡിലുണ്ടാകുന്ന നാലായിരത്തോളം പുതിയ തൊഴിലവസരങ്ങൾക്കുവേണ്ടി ഒരു എഗ്രിമെന്റ് അന്ന് ഒപ്പു വച്ചതാണ്. അതനുസരിച്ച് ആളെ നിയമിക്കുന്നില്ല. കുറെ എഞ്ചിനീയർമാരെ വച്ചു. അതുകൊണ്ടുമാത്രമായില്ല. ഇതിനകത്ത് എഗ്രിമെന്റ് പ്രകാരമുള്ള തൊഴിലാളികളെ നിയമിക്കണം. ഗ്രാറ്റുവിറ്റി കൊടുക്കുന്നതിന് ഉള്ള മാനദണ്ഡം അടിസ്ഥാന ശമ്പളം പ്ലസ് ഡി.എ.യാണ്. അതുസംബന്ധിച്ച് തൊഴിലാളി പ്രവർത്തകർക്കറിയാം. പക്ഷേ ഇലക്ട്രിസിറ്റി ബോർഡിൽ ഇപ്പോൾ ഗ്രാറ്റുവിറ്റി കണക്കാക്കുന്നത് അടിസ്ഥാന ശമ്പളം മാത്രം വച്ചുകൊണ്ടാണ്. അതുപോലെതന്നെയാണ് പെൻഷനും കണക്കാക്കുന്നത്. ഇതൊക്കെ ചെറിയ കാര്യമായിരിക്കാമെങ്കിലും ജീവനക്കാരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. മാത്രമല്ല, അവരുടെ പല ആനുകൂല്യങ്ങൾ അതിന്റെയൊക്കെ സീലിംഗ് കേന്ദ്രഗവൺമെന്റിലും സ്റ്റേറ്റ്ഗവൺമെന്റിലുമുള്ള രീതിയിൽ, ആ തോതിലേക്ക് മാറണം. അവർക്ക് കൊടുക്കുന്ന ലോണൊക്കെ വർദ്ധിപ്പിക്കാമെന്ന് ലോംഗ് ടേം സെറ്റിൽമെന്റിലുള്ളതാണ്. അതുപോലെ ക്ഷാമബത്ത സർക്കാർ ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം ലയിപ്പിച്ചു, അതും ലോംഗ് ടേം സെറ്റിൽമെന്റിലുള്ളതാണ്. അതുപോലെതന്നെ ഹൗസ്ലോൺ. ഇതൊക്കെ ചെറിയ കാര്യമായിരിക്കാമെങ്കിലും ബോർഡ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. ഈ ഗവൺമെന്റ് ഇപ്പോഴത്തെ യൂണിയനുകളുമായി നിരന്തരമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ട്. കഴിഞ്ഞ ലോംഗ് ടേം സെറ്റിൽമെന്റിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ ശ്രമിക്കണം. പുതിയ കരാറിന് വേഗം ശ്രമം തുടങ്ങണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം നമ്മുടെ പദ്ധതികൾ എന്തുകൊണ്ടാണ് പൂർത്തിയാക്കാൻ വൈകുന്നത്? ഇവിടെ നടക്കുന്ന അഴിമതി എത്രയോ വർഷങ്ങളായി തുടരുന്നതാണ്. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് കക്കാട്. ബ്രഹ്മപുര

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. 75 കോടി രൂപയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. അന്നത്തെ പ്രതിപക്ഷനേതാവും, സഖാവ് കെ.ഇ. ഇസ്മയിലും, സഖാവ് ചന്ദ്രപ്പനും, കൃഷ്ണൻകുട്ടിയുമൊക്കെ അന്നത്തെ നിയമസഭയിൽ നടത്തിയ പ്രസംഗങ്ങളൊക്കെ ഞാൻ വായിച്ചുനോക്കി. 25 കോടി രൂപയുടെ അഴിമതി നടത്തി എന്നാണവർ അന്ന് ആരോപണമുന്നയിച്ചത്. അന്ന് നിങ്ങൾ എന്ത് ആക്ഷേപം നിയമസഭയിൽ പറഞ്ഞതാണ്. അന്ന് നിയമസഭയിൽ നടത്തിയ പ്രസംഗങ്ങളുടെ രേഖകൾ ഇവിടെയുണ്ട്. ഇപ്പോൾ അന്വേഷണം നടത്തിയപ്പോൾ അത് 75 കോടിയായി. ഏത് പരിപാടി നടത്തിയാലും ഒരു കിക്ക് ബാക്ക്. ബോഫോഴ്സ് വന്നു, ഒരു കിക്ക് ബാക്ക്. ആഗോളവൽക്കരണം വന്നു, എല്ലാ കാര്യത്തിലും ഒരു കിക്ക് ബാക്ക്. പാം ഓയിൽ ഇടപാടിലും ഒരു കിക്ക് ബാക്ക്. ബ്രഹ്മപുരം പദ്ധതി വന്നു, മറ്റൊരു കിക്ക് ബാക്ക്. എൻ.ടി.പി.സി.യുമായിട്ട് വന്നു, അവരെ മാറ്റണം, അവരെ മാറ്റി, ബി.പി.എല്ലിനെയാക്കണം. മാടക്കത്തറ സബ്സ്റ്റേഷന്റെ ജനറേറ്റർ സ്ഥാപിക്കേണ്ട പ്രശ്നം വന്നു, ഉടൻ ടെൽക്കിനെ മാറ്റി, സഹകാര്യസ്ഥാപനത്തിന് കരാർ കൊടുക്കാൻ നീക്കം നടന്നു. ഈ രീതിയിൽ ഈ പദ്ധതിയിലൊക്കെ കിക്ക് ബാക്കാണ്. എ.ജി. യുടെ റിപ്പോർട്ട് പി.യു.സി. കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഭീമമായ കൊള്ളയല്ലേ കക്കാടിൽ നടന്നത്? ഇതൊക്കെ അതിന്റെ രേഖകളാണ്. ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻമാർക്ക് കമ്മിറ്റിയുടെ മുൻപാകെ വ്യക്തമായി മറുപടി പറയാൻ കഴിഞ്ഞില്ല. മറുപടി പറയാൻ പറ്റുകയില്ല. ഉദ്യോഗസ്ഥൻമാരൊക്കെ മാറിപ്പോയി. കക്കാട് പദ്ധതിയുടെ ഓരോ കരാറുകളിലും ലക്ഷങ്ങളുടെ അഴിമതിയല്ലേ നടന്നത്? ഗവൺമെന്റ് സപ്ലൈ ചെയ്ത സാധനങ്ങൾക്ക് വില കൂടിയെന്നുപറഞ്ഞ് കരാറുകാരൻ ഏതാണ്ട് പത്ത് തൊണ്ണൂറ് ലക്ഷം രൂപ വാങ്ങിച്ചുകൊണ്ടുപോയി. സർക്കാർ സപ്ലൈ ചെയ്ത സാധനങ്ങൾക്കാണ്. ഒരു കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ബോർഡിന് അനുകൂലമായി വിധിച്ചു, 420 ലക്ഷം രൂപ കരാറുകാരന്റെ കൈയിൽനിന്ന് ഈടാക്കാൻ. ഇരുപത് ലക്ഷംപോലും തിരിച്ചുവാങ്ങിക്കാൻ കഴിഞ്ഞില്ല. അതുപോലെ എടരിക്കോടുള്ള കെല്ലിൽ വൈദ്യുതിക്ഷാമം രൂക്ഷമായപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് കെല്ലുമായി ഒരു എഗ്രിമെന്റുണ്ടാക്കി. മൂന്നുനാല് സ്ഥലങ്ങളിൽ പുതിയ ഡീസൽ പ്ലാന്റ് ആരംഭിക്കാൻ. ഒരു കോടി രൂപ കൊടുത്തു. പിന്നീട് ഒന്നും നടന്നില്ല. പൊതുമേഖലാസ്ഥാപനമായ കെല്ലിന്റെ ആറര കോടി രൂപ വെള്ളത്തിലായില്ലേ? പദ്ധതിയുമില്ല, പ്രോജക്ടുമില്ല, പണം കൊടുക്കാൻ ആളുമില്ല. ഈ രീതിയിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ കോടിക്കണക്കിന് രൂപ ചോരുകയാണ്. അത് തടയാൻ ശക്തമായ നടപടിയുണ്ടാകണം.

സഹകരണ വകുപ്പിനെക്കുറിച്ച് ഒരു വാക്ക് പറയാനാഗ്രഹിക്കുകയാണ്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിനെക്കുറിച്ചാണ് ആദ്യമായി എനിക്ക് പറയാനുള്ളത്. സുശക്തമായ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുള്ള ഒരു സ്റ്റേറ്റാണിത്. ഇവിടത്തെ വികസനത്തിൽ, ഇവിടത്തെ വ്യവസായത്തിൽ തൊഴിൽ ബന്ധത്തിലൊക്കെ ഇവിടത്തെ ട്രേഡ് യൂണിയൻ നേതാക്കൻമാരുടെ, ട്രേഡ് യൂണിയൻ സംഘടനകളുടെ പങ്ക് ചെറുതല്ല. ശ്രീ. ചിത്തരഞ്ജൻ ആരാണ്? എ.ഐ.ടി.യു.സി.യുടെ ദേശീയ നേതാവാണ്, പ്രസിഡന്റാണ്. ഈ സഭയിൽ ദീർഘകാലം അംഗമായിരുന്ന ആളാണ്. മന്ത്രിയും ആയിരുന്നു. ഇപ്പോൾ രാജ്യസഭാ മെമ്പറുമാണ്. 38 ലക്ഷം തൊഴിലാളികളുടെ പ്രസിഡന്റാണ്.

251/2010.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്)

സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ എം.ഡി. ചിത്തരഞ്ജൻ ആരാണെന്ന് ചോദിച്ച് മനസ്സിലാക്കണം. മാന്യമായി പെരുമാറുകയാണ് ആർക്കും നല്ലത്. ഞാൻ ക്ഷമിക്കുകയാണ്. സ്വയം നിയന്ത്രിക്കുകയാണ്. എന്തായാലും അനാവശ്യമായ സ്ഥിതിയുണ്ടാക്കരുതെന്ന് എം.ഡി.യോട് അടുപ്പമുള്ളവർ അദ്ദേഹത്തോട് പറയുന്നത് നന്നായിരിക്കും. കേരളത്തിൽ നല്ല തൊഴിൽ ബന്ധം വളർത്തിക്കൊണ്ടുവരാൻ വലിയ പങ്ക് വഹിക്കുന്ന ട്രേഡ് യൂണിയൻ നേതാക്കൻമാരെ ആക്ഷേപിക്കാൻ തുനിഞ്ഞാൽ അത് ശക്തമായ തിരിച്ചടിക്ക് ഇടവരുത്തും. കേരളത്തിൽ വൈദ്യുതിയുടെ കാര്യത്തിൽ ഇത്രയും വിപുലമായ നേട്ടങ്ങൾ കൈവരിച്ച, അതിന് നേതൃത്വം കൊടുത്ത, ഈ കാര്യത്തിൽ ദൃഢനിശ്ചയത്തോടുകൂടി മുന്നോട്ടുപോകുന്ന ബഹുമാനപ്പെട്ട മന്ത്രി ശർമ്മയേയും കേരളാ ഗവൺമെന്റിനേയും മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്താങ്ങുന്നു.

<u>ശ്രീ. എം.കെ. മുനീർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആഗ്രഹങ്ങളെ ഗർഭം ധരിച്ച് സ്വപ്നങ്ങളെ പ്രസവിക്കുന്ന സാങ്കൽപ്പിക ലോകത്ത് അതിശയോക്തിയുടെ പൂമെത്തയിൽ കിടക്കുന്ന കുറെ സ്വപ്നജീവികളെയാണ് നിർഭാഗ്യവശാൽ അപ്പുറത്ത് കാണുന്നത്. രണ്ടായിരാമാണ്ടോടുകൂടി വൈദ്യുതി മിച്ച സംസ്ഥാനമാകും കേരളം. വാദത്തിനുവേണ്ടി ഞാൻ സമ്മതിക്കുന്നു. ഇത് പിന്നെ ഒരു ബക്കറ്റിലാക്കി അയൽ സംസ്ഥാനത്തിലേക്ക് കൊണ്ടുപോയി കൊടുത്ത് പൊന്നാക്കി നട്ടെല്ലൊടിഞ്ഞ് കിടക്കുന്ന ഉപഭോക്താക്കളുടെയും ജീവച്ഛവമായി കിടക്കുന്ന വ്യവസായികളുടെയും ചുണ്ടിലേക്ക് മൃതസഞ്ജീവനിയായി പകർന്നുകൊടുക്കുമെന്ന് പറയുമ്പോൾ, വ്യാമോഹമേ നിന്റെ പേരോ ഭരണമുന്നണിയെന്ന് ചോദിച്ചുപോകുകയാണ്. രണ്ടായിരാമാണ്ടോടുകൂടി വൈദ്യുതി മിച്ചംവരുമെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട അഗസ്തി പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. മിക്കവാറും കുറെ മിച്ചം വരും. കാരണം വ്യവസായികളൊക്കെ നാടുവിടാൻ തീരുമാനിച്ചു. പുതിയ സംരംഭകർ ഇങ്ങോട്ടുവരുന്ന പ്രശ്നവുമില്ല. അപ്പോൾ ഇനിയും കൂടിയൊഴിച്ച് പോകാനുള്ളവരുടെ ഒരു നീണ്ട നിരതന്നെ ഇവിടെ കാത്ത് നിൽക്കുന്ന ഒരു സാഹചര്യത്തിൽ നമുക്ക് വൈദ്യുതി എന്ത് ചെയ്യണമെന്നുള്ളതിനെക്കുറിച്ചാണ് ആലോചിക്കാനുള്ളത്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറയുകയുണ്ടായി, എല്ലാ വർഷവും വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നുവെന്ന് ഞങ്ങൾ പറയുന്നത് ശരിയല്ലെന്ന്. ഞാൻ ഒരു ഗസറ്റ് വിജ്ഞാപനത്തിൽ പറയുന്ന കാര്യം വായിക്കാം. The tariff applicable to E.H.T. consumers shall be, ...according to the Second Part, tariffs. The rates applicable from 1-2-1997 to 31-1-1998 are given below. There shall be 10 percent high count demand and energy charge, every year from the Ist day of February, commencing from 1-2-1998. എല്ലാ വർഷവും ചാർജ് വർദ്ധിപ്പിക്കുമെന്ന് ആദ്യമേ പറഞ്ഞുവച്ചാൽ പിന്നെ ഓരോ വർഷവും ഞങ്ങൾ ചാർജ് വർദ്ധിപ്പിച്ചുവെന്ന് പറയേണ്ടതില്ലല്ലോ. ബഹുമാനപ്പെട്ട മട്ടാഞ്ചേരി അംഗം പറയുകയുണ്ടായി, ഞങ്ങൾ ഇത് അടച്ചുപൂട്ടണമെന്ന് ഒരു വ്യവസായിയും പറഞ്ഞിട്ടില്ലെന്ന്. The Kerala High Tension and Extra High Tension Industrial Electricity Consumers Association, അവരുടെ നിവേദനത്തിൽ പറയുന്നുണ്ട്, 1997 ഫെബ്രുവരി 1-ന് ഏതാണ്ട് 48% വർദ്ധനവ് ഇവരുടെമേൽ ചുമത്തി. 1998 ഫെബ്രുവരി 1-ന് 10%, 1999 ഫെബ്രുവരി 1-ന് 10%. 1998 ഫെബ്രുവരി 1-ന് പ്രാബല്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽവന്ന ടി.ഒ.ഡി.ഡിഫറൻഷ്യൽ പ്രോസസിംഗിന്റെ ഫലമായി ഏതാണ്ട് 8% കഴിഞ്ഞ മേയ് 15-ന് 40%. തൽഫലമായി മൊത്തം ഏതാണ്ട് 170% വർദ്ധനവ് 1997 ജനുവരിയിൽ നിലവിലുണ്ടായിരുന്ന നിരക്കുകളെ അപേക്ഷിച്ച് ഈ കൂട്ടർക്ക് താങ്ങേണ്ടിവന്നിട്ടുണ്ട്. എന്നിട്ട് അവർ പറയുന്നു, വൈദ്യുതിയുടെ ഭീമമായ നിരക്ക് വർദ്ധനവ് ഈ സ്ഥാപനങ്ങളുടെയെല്ലാം തന്നെ ഉൽപ്പാദന ചെലവ് ഗണ്യമായ തോതിൽ ഉയർത്തിയിട്ടുള്ളതിനാൽ അവരുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ വിറ്റഴിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം സംജാതമാക്കിയിട്ടുണ്ടെന്ന്. ഇതിനാൽ അടച്ചുപൂട്ടേണ്ട ഗതികേടിലേക്ക് ഈ സ്ഥാപനങ്ങളെല്ലാം നിൽക്കുകയാണെന്ന് വ്യവസായികൾ സ്പഷ്ടമായിട്ട് പറഞ്ഞിട്ടുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചുവെന്ന കാരണത്താൽ ഒരു വ്യവസായവും അടച്ചുപൂട്ടേണ്ടി വരില്ലെന്ന്. അതിന്റെ പിന്നിൽ എന്താണ് അദ്ദേഹം ഉദ്ദേശിച്ചതെന്ന് ഞങ്ങൾക്കറിയില്ല. ഏതായാലും ആ പ്രസ്താവന മൂന്നുനേരം വെള്ളംകൂട്ടി കഴിച്ചാൽ ഈ പറയുന്ന വ്യവസായികൾക്ക് അൽപം ശമനം ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അതിനപ്പുറം രേഖകൾ പരിശോധിക്കുകയാണെങ്കിൽ സാധാരണക്കാരനും അതുപോലെ വ്യവസായികൾക്കും നിലനിൽക്കാൻ കഴിയാത്ത സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നതെന്ന് മനസ്സിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ചാർജ് വർദ്ധനവിനെക്കുറിച്ച് ഞാൻ അധികം പറയുന്നില്ല. വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ച മന്ത്രിസഭായോഗത്തിനു ശേഷം വൈദ്യുതി ബോർഡിന് സാമ്പത്തിക അച്ചടക്കം ഉണ്ടാക്കാനും അത്യാവശ്യം ചെലവുകൾ കുറയ്ക്കാനും വേണ്ടി പഠിച്ച് ശുപാർശകൾ സമർപ്പിക്കാനായി കെ.എസ്.ഇ.ബി.ഫൈനാൻസ് മെമ്പർ ചെയർമാനായി മെമ്പർ (ഡിസ്ട്രിബ്യൂഷൻ) ചീഫ് ആഡിറ്റ് അംഗങ്ങളിൽനിന്നും ഒരു കമ്മിറ്റിയെ നിയമിക്കുമെന്നും ഈ കമ്മിറ്റി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുമെന്നും പത്രത്തിൽ വായിച്ചു. അപ്പോൾ സാമ്പത്തിക അച്ചടക്കമില്ലെന്നും അനാവശ്യ ചെലവുകൾ ഉണ്ടെന്നും ഈ സർക്കാർ സമ്മതിക്കുന്ന സാഹചര്യത്തിൽ, സമിതി ഇതിനെക്കുറിച്ച് പഠിക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ അവരുടെ റിപ്പോർട്ട് കിട്ടിയശേഷം പോരായിരുന്നോ ഈ വൈദ്യുതി ചാർജ് പരിഷ്കരിക്കുകയെന്ന് ഞാൻ ചോദിക്കുകയാണ്. "Domestic Consumers to whom 3 phase power supply is provided shall be paid for minimum of 100 units per month even if their monthly consumption is below 100 units". ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ് കൊടുക്കണമെന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുകയാണ്. അപ്പോൾ ഞങ്ങൾ ഇവിടെ പറഞ്ഞതുപോലെ കണ്ണടച്ച് ഇരുട്ടാക്കുകയോ ഇരുട്ടിനെ നമ്മൾ നോക്കിക്കാണുകയോ ആണ്. ഈ വൈദ്യുതി ചാർജ് വർദ്ധനവിനെക്കുറിച്ച് പറയുമ്പോൾ നമ്മുടെ ഇന്നത്തെ വൈദ്യുതി നയം ഒന്ന് പരിശോധിക്കേണ്ടതുണ്ട്. താപവൈദ്യുതിനിലയങ്ങൾ വന്നു. അതിനെ എതിർക്കാൻ ഉദ്ദേശിക്കുന്നില്ല. യഥാർത്ഥത്തിൽ നമ്മൾ ചെയ്യേണ്ടത് താപവൈദ്യുതി നിലയങ്ങളുടെ അധിക ബാദ്ധ്യതയെ ക്രോസ് സബ്സിഡൈസ് ചെയ്യാൻവേണ്ടി ആയിരിക്കണം ജലവൈദ്യുതി നിലയങ്ങൾ നമ്മൾ ഉപയോഗിക്കേണ്ടത്. പക്ഷെ ഇവിടെ താപവൈദ്യുതി നിലയങ്ങളെ പരിപോഷിപ്പിക്കാൻ ജലവൈദ്യുതി നിലയങ്ങൾ അടച്ചിടുന്ന അവസ്ഥയിലേക്ക് പോകുന്നത് അപകടകരമാണ്. ഇടുക്കിയിൽ മൂന്നു ജനറേറ്ററുകൾ മഴക്കാലത്ത് അടച്ചിടുന്നതിന്റെ കാരണം സ്പെരിക്കൽ വാൽവിന്റെ കുഴപ്പമാണെന്ന് പുറത്ത് പറയാൻ സാധിക്കുമെങ്കിലും നമ്മൾ അതിന്റെ യഥാർത്ഥ വസ്തുത എന്താണെന്ന് പരിശോധിക്കണം. അപ്പോൾ നമുക്ക് മിച്ചം വന്നു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ ആ മിച്ചം ഗുണകരമായ അവസ്ഥയാണോ കേരളത്തിന്റെ സമ്പദ്ഘടനയിൽ ഉണ്ടാക്കുകയെന്ന് ഉജ്ജ്വലമായ ഒരു ചർച്ചയുടെ ആവശ്യമുണ്ട്. എല്ലാ രാഷ്ട്രീയ കക്ഷികളും ചർച്ച ചെയ്യേണ്ട കാര്യമാണ്. രണ്ടായിരത്തിൽ നമുക്കാവശ്യം 1290 കോടി യൂണിറ്റാണ്. താപനിലയങ്ങളിൽനിന്നും 882.7 കോടി യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കും. ജലവൈദ്യുതി പദ്ധതികളിൽനിന്നും ശരാശരി 809.5 കോടി യൂണിറ്റ് വൈദ്യുതി കിട്ടും. താപവൈദ്യുത നിലയങ്ങൾ ഉണ്ടാക്കുന്നതിൽനിന്നും ഒരു നിശ്ചിത ശതമാനം വൈദ്യുതി നാം എടുത്തിരിക്കണമെന്ന് നിർബന്ധമുണ്ട്. അപ്പോൾ 882.7 കോടി യൂണിറ്റ് താപ വൈദ്യുത നിലയങ്ങളിൽ നിന്നും എടുത്തേ മതിയാവു. ശിഷ്ടം ജലവൈദ്യുത നിലയങ്ങളിൽനിന്ന് എടുക്കുന്നത് 407 കോടി യൂണിറ്റാണ്. അപ്പോൾ ഒരു യൂണിറ്റും ഉൽപ്പാദിപ്പിക്കാതെ ജലവൈദ്യുത നിലയങ്ങൾ അടച്ചിടേണ്ടി വരും. ജലവൈദ്യുത നിലയങ്ങളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ഊർജ്ജത്തിന് 1.10 രൂപ യാണ്. എന്നാൽ താപവൈദ്യുതി നിലയങ്ങളിൽ നിന്നും കിട്ടുന്നതിന്റെ യഥാർത്ഥ വില എത്രയാണ് അത് ഇപ്പോഴും നമുക്ക് തിട്ടപ്പെടുത്താൻ കഴിയുന്നില്ല. BSES ഉണ്ടാക്കിയ വൈദ്യുതി എത്ര രൂപയ്ക്കാണ് നമ്മൾ വാങ്ങിയിട്ടുള്ളത്. യൂണിറ്റിന് 2.75 രൂപ. പിന്നെ ട്രാൻസ്മിഷൻ ലോസ്സും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസും കൂടി കൺസ്യൂമേഴ്സ് പോയിന്റിൽ എത്തുമ്പോൾ 4 രൂപ ശരാശരി വരാനുള്ള സാദ്ധ്യതയുണ്ട്. മാത്രമല്ല ഇവിടെ പറഞ്ഞിരിക്കുന്നത് പ്രസരണ ശൃംഖല അവതാളത്തിലാണെന്നാണ്. അപ്പോൾ ഗ്രിഡ്ഡിലേയ്ക്ക് അബ്സോർബ് ചെയ്യാൻ ഇപ്പോൾ പറ്റുകയില്ല. പ്രസരണ ശൃംഖല വേറെ തന്നെ വേണം. അല്ലാതെ ഇപ്പോഴത്തെ ശൃംഖലയിലേയ്ക്ക് കൊടുക്കുകയാണെങ്കിൽ അത് താങ്ങാനുള്ള ശക്തി തീർച്ചയായും ഇന്നില്ല. പക്ഷെ ജനറേറ്റ് ചെയ്യുന്ന യൂണിറ്റിന് നമ്മൾ പൈസ കൊടുക്കണം. നമ്മൾ അത് വാങ്ങുന്നോ ഇല്ലയോ എന്നുള്ളതല്ല. ജനറേറ്റിംഗ് യൂണിറ്റിന് നമ്മൾ പൈസ കൊടുത്തുകൊണ്ടിരിക്കണം. പ്രസരണ ശൃംഖല നമ്മൾ ഇവിടെ ശക്തമാക്കിയിട്ടില്ല. വലിയ അപകടത്തിലേയ്ക്കാണ് നമ്മൾ പോകുന്നത്. ബി. എസ്.ഇ.എസ് അവരുടെ ഫോറിൻ എക്സ്ചേഞ്ച് കോമ്പണന്റ്, അത് 39 മില്യൻ ഡോളർ വിദേശ കോമ്പണന്റ് ആണ്, ആ കോമ്പണന്റ് ആര് വഹിക്കണം, ആര് സഹിക്കണം, അത് എങ്ങനെയാണ് സാധാരണക്കാരിൽ വന്നെത്തുക എന്നുള്ളതിനെക്കുറിച്ച് വ്യക്തമായ യാതൊന്നും നമുക്ക് കാണാൻ കഴിയുന്നില്ല. കായംകുളം പദ്ധതിയിൽ അതിന്റെ indicative പ്രൈസ് മാത്രമേ നമ്മൾ ചർച്ച ചെയ്തിട്ടുള്ളു. നമ്മളെ സംബന്ധിച്ചിടത്തോളം ഇവിടെ ഉൽപ്പാദനം ആരംഭിച്ചശേഷം വിലപേശൽ ആണ് നടന്നുകൊണ്ടിരിക്കുന്നത്. വ്യക്തമായ ധാരണ ഇല്ലാത്തതിന്റെ പേരിൽ 4 രൂപ താപനിലയം ചോദിക്കുന്നു, 3.75 രൂപ കൊടുക്കുമെന്നു പറയുന്നു. അവസാനം 2.75 രൂപ ബിൽ ചെയ്യുന്നു. ഇതിലൊന്നും ഡീറ്റെയിൽഡ് ഫൈനൽ പവർ purchase എഗ്രിമെന്റ് എന്നു പറയുന്ന അവസ്ഥയിലേക്ക് എത്തിക്കാൻ വേണ്ടി നമുക്ക് സാധിച്ചിട്ടില്ല. ഞാൻ വേറെ ഒന്നുകൂടി പറയാൻ ആഗ്രഹിക്കുന്നത് വൈദ്യുതി നയത്തിൽ പറയുന്ന ഒരു കാര്യമാണ്. കാലാകാലങ്ങളിൽ താരിഫ് ഘടന പരിശോധിച്ച് കുറ്റമറ്റ ശുപാർശ നൽകാൻ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ രൂപീകരിക്കും. ഈ കമ്മീഷന്റെ ശുപാർശകൾ അന്തിമവും നടപ്പിലാക്കാൻ ബാദ്ധ്യതപ്പെട്ടതുമായിരിക്കും. അതായത് ഈ കമ്മീഷൻ ഭൂമിയിലെ ദൈവങ്ങളായിട്ട് ഇവിടെ നിൽക്കും. അവർ പറയുന്നത് അപ്പടി നമ്മൾ അംഗീകരിച്ച് കൊടുക്കണമെന്നാണ്. അതിന്റെ പേരിൽ ശക്തമായ ഒരു ചർച്ച ലോക്സഭയിലുണ്ടായി. ശ്രീമതി ജയലളിത അടക്കം ചർച്ചയിൽ പങ്കെടുത്തു. ആദ്യഘട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങൾക്ക് നിർബന്ധമായും റെഗുലേറ്ററി കമ്മീഷൻ ഉണ്ടാക്കുന്നതിൽ സെൻട്രലിന്റെ നിയന്ത്രണമുണ്ടാകുമെന്നു പറഞ്ഞപ്പോൾ സ്റ്റേറ്റുകൾക്ക് അവ രുടേതായിട്ടുള്ള വിവേചനാധികാരം കൊടുക്കണമെന്ന് പറഞ്ഞത് അനുവദിച്ച താണ്. പക്ഷെ അങ്ങനെയുള്ള അനുവാദം കിട്ടിയിട്ട് നമ്മൾ അന്തിമമായും അവസാനമായും ഈ കമ്മീഷന്റെ ശുപാർശകളെ കാണണമെന്നു പറയുന്ന അവസ്ഥയിലേക്ക് വന്നത് കാര്യങ്ങൾ എത്ര അപകടകരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏതായാലും എക്കോണമിക് ആന്റ് പൊളിറ്റി ക്കൽ വീക്കിലിയിൽ വന്നിട്ടുള്ള ലേഖനം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആ ലേഖനത്തിൽ നമ്മുടെ കേരളവും ചെന്നെ ത്താൻ പോകുന്ന അപകടത്തെക്കുറിച്ച് നമ്മുടെ സാമ്പത്തിക ഘടന എങ്ങനെ തകരാൻ പോകുന്നുവെന്നുള്ളതിനെക്കുറിച്ചും താങ്ങാൻ കഴിയാത്ത വൈദ്യുതി ചാർജ് വർദ്ധനവ് ഇനിയും വർഷംതോറും വർദ്ധിപ്പിക്കേണ്ട അവ സ്ഥയെ കുറിച്ചും വ്യക്തമായി പറയുന്നുണ്ട്. അത് അങ്ങ് പരിശോധിക്കണം. അതായത് ഇനി കേരളത്തിൽ ഉണ്ടാകാൻ പോകുന്ന അവസ്ഥ ശ്രീ. അക്ബർ കക്കട്ടിൽ എഴുതിയ ഒരു കഥയാണ് "ഈ ന്യൂനപക്ഷങ്ങളുടെ പ്രശ്നം" എന്ന കഥ. അതിൽ കാക്കയോടും കോഴിയോടും സംസാരിച്ച് ഭ്രാന്തായ ഒരാളിനെ കുതിരവട്ടം ആശുപത്രിയിൽ കൊണ്ടുപോയി കിടത്തിയപ്പോൾ അദ്ദേഹത്തെ കാണാൻ വരുന്ന അച്ഛനോടും ഭാര്യയോടും പറയുന്നുണ്ട് ഇന്ന് ഞങ്ങൾ ന്യൂനപക്ഷമാണ്. പക്ഷെ ഞങ്ങൾ ഭൂരിപക്ഷമായി നിങ്ങളെയെല്ലാം വകവരു ത്തുന്ന ഒരു കാലം വരും. മാനസികരോഗികൾ ഭൂരിപക്ഷമാകാൻ പോകുന്ന കേരളത്തിലെ അവസ്ഥ ഞാൻ കാണുകയാണ്. മാനസിക രോഗികൾക്ക് ഷോക്ക് ചികിൽസ കൊടുക്കാൻ പോലും ഈ പറയുന്ന വൈദ്യുതി ഉപയോ ഗിക്കാൻ കഴിയാത്തവണ്ണം കേരളം അവതാളത്തിലായി, കേരളം ഭ്രാന്താലയ മെന്നു പറഞ്ഞ പഴയകഥ യാഥാർത്ഥ്യമാകുമെന്ന് ഭയപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സി.പി. ബാലൻവൈദ്യർ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഉള്ളതു പറയുമ്പോൾ കള്ളിക്ക് തുള്ളൽ വരുമെന്ന് എന്റെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്. ഭരണപക്ഷത്തുനിന്നും കുറെ വിശദാംശങ്ങൾ പ്രതിപക്ഷ മെമ്പർമാരുടെ മുമ്പാകെ അവതരിപ്പിച്ചുകൊണ്ട് ഞങ്ങളുടെ ഭാഗ ത്തുനിന്നും എനിക്ക് മുമ്പ് ചില സ്നേഹിതൻമാർ സംസാരിച്ചു. അതിനെ നിഷേധിച്ചുകൊണ്ടോ തിരുത്തിക്കൊണ്ടോ അപ്പുറത്തുനിന്നു സംസാരിച്ച ആർക്കെങ്കിലും പറയാൻ കഴിഞ്ഞിട്ടുണ്ടോ? ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ഡോ. മുനീർ അക്ബറുടെ ചില കഥാപാത്രങ്ങളെ അവതരി പ്പിച്ചു. ആ കഥാപാത്രങ്ങളുടെ കൂട്ടത്തിൽ അദ്ദേഹവും പെടാതിരിക്കട്ടെ എന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്. കാരണം അദ്ദേഹത്തിന്റെ പ്രസംഗം ഈ സഭയിൽ പല ഘട്ടത്തിലും കേട്ടിട്ടുണ്ട്. പക്ഷെ ഇത്ര മോശമായി കേട്ടിട്ടില്ല.

[2 PM] സർ, 1996-ലെ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഇവിടെ മൂന്നു മണിക്കൂർ പവർകട്ടാണ്. എന്റെ സ്നേഹിതൻ ശ്രീ. പി.കെ. കെ. ബാവ സാഹിബ് പ്രസംഗിച്ചപ്പോൾ പറഞ്ഞത് അര മണിക്കൂർ കട്ടെന്നാണ്. അത് ഇപ്പോഴും തുടരുന്നു എന്നാണ്. അങ്ങേക്ക് എന്തു പറ്റി? എന്തോ കാര്യമായ അപകടം അങ്ങേയ്ക്കു പറ്റിയിട്ടുണ്ട്. ഒരൊറ്റ കണക്ഷൻ നിങ്ങൾ അക്കാലത്ത് കൊടുത്തില്ല. ഇതാണ് സ്ഥിതി. 1996-ലെ തെരഞ്ഞെടു പ്പിൽ യു.ഡി.എഫ്. തന്നെ ഈ സംസ്ഥാനത്ത് ജയിച്ചിരുന്നുവെങ്കിൽ ഈ സംസ്ഥാനം അന്ധകാരത്തിലാകുമായിരുന്നു എന്ന കാര്യത്തിൽ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

സംശയവുമില്ല. ഈ സംസ്ഥാനത്തെ ജനങ്ങളുടെയും ഈ സംസ്ഥാനത്തിന്റെയും താല്പര്യത്തിന് അന്ന് യു.ഡി.എഫ്. തോറ്റതാണ്. ഞാനിത് വെറുതെ പറയുകയല്ല. എന്താണ് സ്ഥിതി? കഴിഞ്ഞ മൂന്നുകൊല്ലംകൊണ്ട് ഉൽപ്പാദിപ്പിച്ചതിന്റെ കണക്ക് ഇവിടെ പറഞ്ഞു. ആ കണക്കുകളിലേക്ക് ഞാൻ പോകുന്നില്ല. പള്ളിവാസൽ പദ്ധതി 1940-ൽ തുടങ്ങിയതിനുശേഷം കേരളത്തിന്റെ ചരിത്രത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ വിദ്യുച്ഛക്തി ഉൽപ്പാദനരംഗത്ത് സർക്കാരിന്റെ മുഴുവൻ ശക്തിയും കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിച്ച ഒരു കാലഘട്ടമുണ്ടായിട്ടുണ്ടോ? ആർക്കെങ്കിലും പറയാൻ കഴിയുമോ? 537.5 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. കൊച്ചിയിൽ 40 മെഗാവാട്ട്. കോഴിക്കോട് സെപ്റ്റംബറിൽ കമ്മിഷൻ ചെയ്യാൻ പോകുന്നു. ഇതെല്ലാം വരാൻ പോകുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. കേരളത്തെ യു.ഡി.എഫ്. ന്റെ കയ്യിൽനിന്നും ഇരുട്ടിൽനിന്നും രക്ഷിച്ചത് രണ്ടു കൊല്ലത്തിലധികം ചുമതലയെടുത്ത ബഹുമാനപ്പെട്ട പിണറായി വിജയൻ ചാർജ് വഹിച്ചപ്പോഴും അതിനുശേഷം ശ്രീ. ശർമ്മ ഈ ചുമതല വഹിച്ചുകൊണ്ട് എടുക്കുന്ന നടപടികളുമാണ്. ആ രണ്ടു മന്ത്രിമാരുടെയും പ്രവർത്തനങ്ങളെ അഭിനന്ദിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. കേരളത്തെ ഈ സ്ഥിതിയിലേക്ക് എത്തിച്ചത്, അപ്പുറത്തു പലരും പറഞ്ഞതും ഇതിന്റെ സൃഷ്ടാക്കൾ അവരാണ്, പിതൃത്വം അപ്പുറത്താണെന്നാണ്. പക്ഷേ പിതാവ് പിശാചാകരുത്. ഒരു പക്ഷേ നിങ്ങളെപ്പോലെത്തെ പ്രതിപക്ഷം കേരളത്തിലുണ്ടാകുമെന്ന് കണ്ടതുകൊണ്ടായിരിക്കും വൈക്കം മുഹമ്മദുബഷീർ 'എട്ടുകാലി മമ്മൂഞ്ഞ്' എന്ന ഒരു കഥാപാത്രത്തെ അവതരിപ്പിച്ചത്. ഇവിടെ പറഞ്ഞില്ലേ ഒരോ പദ്ധതിയും ഏതേത് കൊല്ലമാണ് കേന്ദ്രത്തിൽ സമർപ്പിച്ചതെന്ന്. അത് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുംപോൾ പറയുമോ? നിങ്ങളുടെ കാലത്ത് കേന്ദ്രത്തിൽ സമർപ്പിച്ച പത്തെണ്ണത്തിന്റെ പേര് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ വെല്ലുവിളിക്കുകയാണ്. ഞങ്ങൾ ഇവിടെ എണ്ണിയെണ്ണി പറഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അതു മാത്രമാണോ? 1987-91 വരെയുള്ള കാലത്ത് അന്നത്തെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റാണ് കേരളത്തെ ഇരുട്ടിൽ നിന്ന് രക്ഷിക്കാനുള്ള ഫലപ്രദമായ തീരുമാനവും നടപടിയും എടുത്തത്. തെർമൽ പവർസ്റ്റേഷനെ സംബന്ധിച്ച് കേരളത്തിലാദ്യമായി ചിന്തിച്ചത് ആരാണ്? ആ ഗവൺമെന്റല്ലേ? അന്ന് ശ്രീ.ടി. ശിവദാസമേനോനാണ് ഈ വകുപ്പിന്റെ ചുമതല. ശ്രീ.ടി. ശിവദാസമേനോന്റെ നേതൃത്വത്തിൽ അന്ന് കേരളം എടുത്തിട്ടുള്ള ധീരമായ തീരുമാനവും നടപടികളുമാണ് നിങ്ങൾ അഞ്ചുക്കൊല്ലം ഭരിച്ചപ്പോൾ, ശ്രീ. പത്മരാജനും ശ്രീ. കരുണാകരനും ഭരണത്തിൽ വന്നപ്പോൾ, അതെല്ലാം കുളത്തിലിറക്കിയത്. വീണ്ടും ശ്രീ. പിണറായി വിജയനും ശ്രീ. ശർമ്മയും വന്നപ്പോൾ ആ നടപടികളുമായി മുന്നോട്ടുപോയി. തെർമൽ പവർസ്റ്റേഷനെ സംബന്ധിച്ച് ആലോചിച്ചത് ഞങ്ങളാണ്. ബ്രഹ്മപുരം ഡീസൽ പ്ലാന്റിനെപ്പറ്റി തീരുമാനമെടുത്തത് ആരാണ്? ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്തല്ലേ? കായംകുളം 2000 മെഗാവാട്ടിന്റെ സൂപ്പർ പവർ സ്റ്റേഷൻ ഞങ്ങളുടെ ഗവൺമെന്റല്ലേ തീരുമാനിച്ചത്? അന്ന് സെൻട്രൽ ഗവൺമെന്റ് മൂന്നു സംസ്ഥാനത്ത് സൂപ്പർ പവർ സ്റ്റേഷന് അനുവാദം കൊടുത്തു. മധ്യപ്രദേശിനും കർണ്ണാടകത്തിനും കേരളത്തിനും. എൽ.ഡി.എഫ്. അധികാരത്തിൽനിന്നു പോയി. നിങ്ങൾ അധികാരത്തിൽ വന്നു. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ കായംകുളം നിങ്ങൾ തുലച്ചു. മറ്റു രണ്ടു സംസ്ഥാനങ്ങളിലും സൂപ്പർ പവർ സ്റ്റേഷന്റെ പ്രവർത്തനമാരംഭിച്ചു. സോവി

LIBRARY ARCHIVES Kerala Legislative Assembly

യറ്റ് സഹായം കേരളത്തിൽ ഉപയോഗപ്പെടുത്താൻ നിങ്ങൾ തയ്യാറായില്ല. നിങ്ങൾക്ക് അന്ന് അതിന് താല്പര്യമുണ്ടായില്ല. അതിന്റെ ഭാഗമായി നഷ്ടപ്പെടുത്തി. ഞങ്ങളുടെ ഗവൺമെന്റാണ് ഇതിനെല്ലാം തുടക്കം കുറിച്ചത് എന്ന വസ്തുത നിഷേധിക്കാൻ കഴിയില്ല. ബ്രഹ്മപുരം ഡീസൽ പ്ലാന്റുമായി ബന്ധപ്പെട്ട കഥകൾ ഇവിടെ പറഞ്ഞു. അപ്പുറത്തുനിന്ന് സംസാരിച്ച ആരെങ്കിലും ശ്രീ. ബാബു പറഞ്ഞപ്പോഴും ഒരു വർത്തമാനവും പറഞ്ഞില്ലല്ലോ. 75 കോടി രൂപയുടെ അഴിമതി നടന്നു. 25 കോടി രൂപയാണ് ഞങ്ങൾ അന്ന് ഉന്നയിച്ചിരുന്നത്. 'കടിച്ചതിനെക്കാളും വലുത് മാളത്തിൽ കിടക്കുന്നു' എന്നു പറഞ്ഞതുപോലെ 75 കോടി രൂപയിലെത്തി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് എന്താണ് പറയാനുള്ളത്? ഒരു പക്ഷെ നിങ്ങൾ പറയും ശ്രീ. സുഖ്റാമിന്റെയും ശ്രീ.പി.വി. നരസിംഹറാവുവിന്റെയും ആയിരങ്ങളുടെ, കോടികളുടെ കണക്കിൽ ഈ 75 കോടിയുടെ അഴിമതി പറയുന്ന ആളുകൾ മോശക്കാരാണ് എന്ന്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് എ.ജി.യുടെ റിപ്പോർട്ട് തെറ്റാണെന്നു പറയാമോ? എന്തെങ്കിലും ഒന്നു പറയാമോ? അല്ലെങ്കിൽ ഈ കമ്മീഷൻ റിപ്പോർട്ടിനോട് നിങ്ങളുടെ പാർട്ടിയെടുക്കുന്ന, പ്രതിപക്ഷം എടുക്കുന്ന, സമീപനം തുറന്നു പറയണം. ശ്രീ.പത്മരാജൻ നടത്തിയ അഴിമതികളോട് എന്താണ് നിങ്ങളുടെ സമീപനം? ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ നിങ്ങൾ പറയണം. നിങ്ങൾ അഴിമതി നടത്തുന്നവരാണ്. ബ്രഹ്മപുരത്തിന്റേത് ഇവിടെ പറഞ്ഞു. ഞങ്ങളുടെ നാട്ടിൽ കോഴിക്കോട് ഒരു ഡീസൽ പ്ലാന്റിന് ശ്രീ. ശിവദാസമേനോന്റെ കാലത്ത് തീരുമാനിച്ചതാണ്. ചീഫ് വിപ്പിന്റെ മണ്ഡലമായ നല്ലളത്ത്, റെയിൽവേ സ്റ്റേഷന്റെ തൊട്ടടുത്ത് തുടങ്ങാനുള്ള തീരുമാനമൊക്കെ ആയി. ഒരു ഒഴിഞ്ഞ സ്ഥലമാണ്. പക്ഷേ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ നിങ്ങൾ ആ സ്ഥലം മാറ്റി. തലക്കുളത്തൂർ പഞ്ചായത്തിലെ ഏലിയോട് മലയിലേക്ക് കൊണ്ടുപോയി. എന്താണ് അവിടെ കൊണ്ടു പോകാനുള്ള കാരണം? ഏലിയോട് മലയെന്നു പറയുന്നത് കോഴിക്കോട് പട്ടണത്തിൽ നിന്ന് 20 കിലോമീറ്റർ അപ്പുറത്താണ്. പുല്ലുപോലും മുളയ്ക്കാത്ത ഒരു മല. 35-40 കൊല്ലങ്ങൾക്കുമുൻപ് ഇരുമ്പയിരുണ്ടോയെന്ന് പരിശോധിക്കാൻ വേണ്ടി കോഴിക്കോട് ഒരു പ്രമാണി കുടുംബം വിലയ്ക്കെടുത്ത സ്ഥലമാണ്. ഇരുമ്പയിര് കുഴിച്ചെടുക്കാൻ സാധിച്ചില്ല. അങ്ങനെ വെറുതെ കിടക്കുകയാണ്. ലക്ഷക്കണക്കിന് രൂപ അവർ മുടക്കി. അപ്പോൾ യു.ഡി.എഫ്. ഭരണം വന്നു. ആ യു.ഡി.എഫ്. ഭരണത്തെ അവർ സ്വാധീനിച്ചു. ആ ഡീസൽ പ്ലാന്റിനുള്ള സ്ഥലം അവിടെ നിന്നു വാങ്ങണമെന്നു തീരുമാനിച്ചു. അങ്ങനെ അവിടെയ്ക്കായി. എന്നിട്ട് നിങ്ങൾ അവിടെ തറക്കല്ലിട്ടു. അക്വിസിഷൻ നടപടി നടന്നില്ല. ഒരു നടപടിയും എടുത്തില്ല. അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും അന്നത്തെ വിദ്യുച്ഛക്തിവകുപ്പുമന്ത്രി ശ്രീ.സി.വി. പത്മരാജനും കൂടി അവിടെ തറക്കല്ലിട്ടു. അന്ന് ഡൽഹിയിൽ മുഖ്യമന്ത്രിക്ക് എന്തോ തിരക്കിട്ട ചർച്ചകളായിരുന്നു. അദ്ദേഹം പ്രത്യേക വിമാനത്തിൽ കോഴിക്കോട് വന്നു. എന്നിട്ട് അവിടെ തറക്കല്ലിട്ടു. തറക്കല്ലിടൽ കർമ്മത്തിൽ കലാപരിപാടികൾ സംഘടിപ്പിച്ചു. അവിടെ ആളിനെ കിട്ടില്ലായെന്ന് കണ്ടിട്ടാണ് കലാപരിപാടികൾ സംഘടിപ്പിച്ചത്. എന്റെ വീട്ടിന്റെ സമീപത്താണ്. ഇന്നത്തെ ആരോഗ്യമന്ത്രിയേയും എന്നേയും ക്ഷണിച്ചു. ഞങ്ങൾ അതിൽ പങ്കെടുത്തില്ല. തറക്കല്ലിടൽ കഴിഞ്ഞു. പക്ഷേ ശ്രീ. കരുണാകരൻ പോകുന്നതുവരെ ഒരു നടപടിയുമുണ്ടായില്ല. ശ്രീ. ജി.കാർത്തികേയൻ ഈ വകുപ്പിന്റെ ചുമതല എടുത്തുവെങ്കിലും, ഒരു നടപടിയും നീക്കിയില്ല. എന്താണ് സംഗതി? അവിടേയ്ക്ക് പുതിയ റോഡുണ്ടാക്കണം. 20 കിലോമീറ്റർ

LIBRARY ARCHIVES Kerala Legislative Assembly

പുതിയ റോഡ് വേണം. ഇപ്പോൾ ബേപ്പൂർ പോർട്ടിൽ ഇറക്കിയിട്ട് അതിന്റെ മെഷീൻ കൊണ്ടുവന്നത് 126 ചക്രമുള്ള ലോറിയിലാണ്. ബേപ്പൂർ റോഡെന്നു പറഞ്ഞാൽ സെക്രട്ടേറിയറ്റിനു മുൻപിലുള്ള റോഡിനേക്കാൾ വീതിയുള്ള റോഡാണ്. എന്നിട്ട് 126 ചക്രമുള്ള ആ ലോറിയിൽ മെഷീൻ കൊണ്ടുവന്നു. മരം വെട്ടി മാറ്റേണ്ടതായും ലൈൻ മാറ്റികൊടുക്കേണ്ടതായ സ്ഥിതിയും വന്നു. ഇതുപോലെയുള്ള മെഷീൻ കൊണ്ടുവരാൻ 126 ചക്രമുള്ള ലോറിയിൽ അന്തിക്കാട് അങ്ങാടി എന്നുപറയുന്ന സ്ഥലത്ത്, അവിടെ ഓട്ടോറിക്ഷ.....

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : 126 ചക്രമുള്ള വണ്ടി കണ്ടിട്ടുണ്ടോ?

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : ഒരു ഓട്ടോറിക്ഷ ബ്രേക്ക് ചെയ്ത് ഒട്ടിച്ചെടുത്താണ് അതുപോലെയുള്ള വളവുകളിൽ പോകേണ്ടത്. മര്യാദയ്ക്കു പോകാൻ കൂടി കഴിയാത്ത ഒരു കുഗ്രാമത്തിൽ റോഡുകൾ ഇല്ലാത്ത സ്ഥലത്താണ് തറക്കല്ലിട്ടത്. ആ കല്ലിന്റെ സ്ഥിതി എന്താണെന്ന് ഞാൻ പോയി നോക്കിയിട്ടില്ല. ലക്ഷക്കണക്കിന് രൂപ കെ.എസ്.ഇ.ബി.യ്ക്ക് അവിടെ ചെലവാക്കേണ്ടിവന്നു. എനിക്ക് ഈ ഗവൺമെന്റിനോട് പറയാനുള്ളത്, ലക്ഷക്കണക്കിന് രൂപ അതിനുവേണ്ടി ധൂർത്തടിച്ചിട്ടുള്ള അന്നത്തെ മുഖ്യമന്ത്രിയിൽനിന്നും അന്നത്തെ ഇലക്ട്രിസിറ്റി മന്ത്രിയിൽനിന്നും ആ പണം ഈടാക്കിയെടുക്കണം. പോക്കറ്റടിക്കാരന് ഒരു കുട്ടിയുണ്ടായ ഒരു കഥയുണ്ട്. സമർത്ഥനായ ഒരു പോക്കറ്റടിക്കാരൻ എവിടെ വച്ചും ഏത് സമയത്തും പോക്കറ്റടിക്കും, പക്ഷേ അദ്ദേഹത്തിന് കുട്ടിയില്ല. അയാളുടെ വൈദഗ്ദ്ധ്യം പഠിപ്പിച്ചു കൊടുക്കാനായിട്ട് ഒരു കുട്ടി ഉണ്ടാകാത്ത ദു:ഖം, പല സ്ഥലത്തും വഴിപാട് നടത്തി, അവസാനം ഒരു കുട്ടിയുണ്ടായി, ആൺകുട്ടിയാണ്. ജനിച്ച പ്പോൾ മുതൽ വലത്തേക്കൈ മുറുക്കി പിടിച്ചുകൊണ്ടാണ് ജനിച്ചത്. അയാൾ കുട്ടിയുണ്ടായതിൽ കുട്ടി ഇല്ലാത്തതിനേക്കാൾ നിരാശനായി, കാരണം, പോക്കറ്റടിക്കണമെങ്കിൽ വലത്തേ കൈ വേണം. കുട്ടി വലത്തേക്കൈ മുറുക്കിപ്പിടിച്ചിരിക്കുന്നു. അവസാനം വിദഗ്ദ്ധനായ ഒരു ഡോക്ടറുടെ അടുത്തുക്കൊണ്ടുപോയി പരിശോധിച്ചപ്പോൾ കുട്ടിയുടെ കൈ തുറന്നു നോക്കിയപ്പോൾ പ്രസവിക്കുന്ന സമയത്ത് പേറ്റിച്ചിയുടെ മോതിരവും അടിച്ചുകൊണ്ടാണ് ജനിച്ചത്. അതുപോലെ ബ്രഹ്മപുരം, നിങ്ങൾ അഴിമതിക്കുവേണ്ടി ഒരു സ്ഥലം കച്ചവടമാക്കുന്നതിനുവേണ്ടി കോഴിക്കോട് ഡീസൽ പ്ലാന്റ് തകർത്തില്ലേ. ഈ സെപ്റ്റംബർ മാസം ഇത് ഉദ്ഘാടനം ചെയ്യാൻ പോകുന്നു, അന്ന് നിങ്ങൾ വരണം, റെയിൽവേ സ്റ്റേഷനടുത്താണ്. ആ നിലയിൽ നിങ്ങൾ ഇതിനോട് കാണിച്ചിട്ടുള്ള ഓരോ രംഗത്തും എടുത്ത നടപടി ധാരാളമുണ്ട്. കേരളത്തിൽ വിദ്യുച്ഛക്തി രംഗത്ത് ഏറ്റവും വലിയശാപം പ്രസരണ നഷ്ടമായിരുന്നു. 1987 - കാലത്ത് 29 ശതമാനത്തോളം പ്രസരണനഷ്ടമുണ്ടായിരുന്നു ഈ സംസ്ഥാനത്ത്. മലബാർ പ്രദേശത്ത് 220 കെ.വി.ലൈൻ ഉണ്ടായിരുന്നില്ല. അതിന് ശക്തമായ തീരുമാനവും നടപടിയും എടുത്തത് ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ്. അത് പലതും ഈ ഗവൺമെന്റ് വന്നതോടുകൂടി പൂർത്തിയാക്കി. നിങ്ങൾ പറഞ്ഞല്ലോ എല്ലാം ഞങ്ങളാണ് ചെയ്തതെന്ന്, മാടക്കത്തറ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അതുപോലെ പാലക്കാട്-220, അരീക്കോട്-220, കല്പറ്റ -220, കണ്ണൂർ-220, കാസർകോട്-220. കേരളത്തിന്റെ ഒരറ്റം മുതൽ അങ്ങേയറ്റം വരെ ലൈനുകൾ സംഘടിപ്പിച്ചു കൊണ്ട് പ്രസരണനഷ്ടം ഏതാണ്ട് പതിനേഴരശതമാനമാക്കി ചുരുക്കുന്നതിലേയ്ക്ക് ഭാവനാപൂർണ്ണമായ തീരുമാനം എടുത്തത് 1987- ലെ ഗവൺമെന്റും

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റും ആണ്. എന്നിട്ട് 'എട്ടുകാലി മമ്മുഞ്ഞിനെ'പോലെ എല്ലാം നിങ്ങളാണ് ചെയ്തതെന്ന് പറഞ്ഞുനടക്കുകയല്ലേ ചെയ്യുന്നത്. ഇവിടെ ചാർജ് വർദ്ധിപ്പിച്ചതിനെപ്പറ്റി പറഞ്ഞു. അതുപോലെ ചില വ്യവസായങ്ങൾ അടച്ചുപൂട്ടുമെന്ന് എന്റെ സ്നേഹിതൻ മുനീർ ഇവിടെ സൂചിപ്പിച്ചു. കേരളത്തിൽ ചാർജ് വർദ്ധനവിന്റെ റേറ്റ് പറഞ്ഞാൽ, അയൽ സംസ്ഥാനത്തേത് പറയാം, ആന്ധ്ര- എച്ച്.ടി. വ്യവസായത്തിന് ഒരു യൂണിറ്റിന് 431 പൈസ, എൽ.ടി. വ്യവസായത്തിന് 331 പൈസ, എൽ.ടി. വാണിജ്യം 495 പൈസ, ഗാർഹികം 365 പൈസ, ശ്രീ.തിരുവഞ്ചൂർ എഴുതിയെടുക്കൂ എന്നിട്ട് ഇതിന് മറുപടിയും പറയണം. കർണ്ണാടകം- എച്ച്.ടി. വ്യവസായത്തിന് 502 പൈസ, എൽ.ടി. വ്യവസായത്തിന് 340 പൈസ, എൽ.ടി. വാണിജ്യം 535 പൈസ, ഗാർഹികം 145 പൈസ, തമിഴ്നാട്-എച്ച്.ടി. വ്യവസായം 413 പൈസ, എൽ.ടി. വ്യവസായം 378 പൈസ, എൽ.ടി. വാണിജ്യം 410 പൈസ, ഗാർഹികം 122 പൈസ. മഹാരാഷ്ട്ര- എച്ച്.ടി. വ്യവസായം 399 പൈസ, എൽ.ടി. വ്യവസായം 323 പൈസ, എൽ.ടി. വാണിജ്യം 450 പൈസ, ഗാർഹികം 210 പൈസ. കേരളം- എച്ച്.ടി. വ്യവസായത്തിന് 295 പൈസ, എൽ.ടി. വ്യവസായം 255 പൈസ, എൽ.ടി. വാണിജ്യം 470 പൈസ, ഗാർഹികം 104 പൈസ. കേരളത്തിലെ റേറ്റിനെക്കാൾ കുറഞ്ഞ റേറ്റ് വേറൊരു സ്ഥലത്തുമില്ല. ഇന്ന് പവർകട്ട് ഇല്ലാത്ത സംസ്ഥാനമായി കേരളം നില്ക്കുന്നു. എന്റെ സ്നേഹിതൽ പി.കെ. കെ.ബാവ പറഞ്ഞു, കുംഭം-മീനം മാസമായതുകൊണ്ടാണ് അന്ന് കട്ട് ഉണ്ടായിരുന്നതെന്ന്. ഈ ഗവൺമെന്റ് വന്ന ആദ്യത്തെ കൊല്ലം ബുദ്ധിമുട്ടുണ്ടായി. രണ്ടാമത്തെ കൊല്ലം പവർകട്ട് ഒഴിവാക്കുന്നതിനുവേണ്ടി ബംഗാളിൽ നിന്നു പോലും കറന്റ് കൊണ്ടുവന്നു. കേരളത്തിലെ ഉപഭോക്താക്കളെ സഹായിക്കാൻ ധീരമായ നടപടിയെടുത്തത് ഈ ഗവൺമെന്റാണ്. ബാവയ്ക്ക് ഒരു ബക്കറ്റുമെടുത്ത് പോകാമായിരുന്നില്ലേ, അന്ന് മന്ത്രിയായിരുന്നില്ലേ? എവിടെയെങ്കിലും പോയി കുറച്ച് കറന്റ് കൊണ്ടുവന്നുകൂടായിരുന്നോ? തെരഞ്ഞെടുപ്പുകാലത്തുപോലും പവർകട്ട് ഒഴിവാക്കാൻ കഴിയാത്ത നിങ്ങൾക്ക് എന്തെങ്കിലും നിവൃത്തിയുണ്ടായിരുന്നെങ്കിൽ അന്ന് ചെയ്യുമായിരുന്നില്ലേ. ജല വൈദ്യുത പദ്ധതിയായ പൂയംകൂട്ടി പദ്ധതിയ്ക്ക് എം.എൽ.എ.മാരെ ബസ്സിൽകൊണ്ടുപോയി തറക്കല്ലിട്ടു, എന്നിട്ട് കിട്ടിയോ? പ്രതിപക്ഷനേതാവ് മറുപടി പറയണം. അങ്ങ് കേന്ദ്രത്തിൽ മന്ത്രിയായി, എ.ഐ.സി.സി. സെക്രട്ടറി ആയി. ഏതെങ്കിലും ഒരു ജല വൈദ്യുത പദ്ധതി അങ്ങ് കേന്ദ്രത്തിലുള്ള സ്വാധീനം കൊണ്ട് നേടിത്തന്നോ? സൈലന്റ് വാലി ഇന്ദിരാഗാന്ധി തകർത്തില്ലേ? പൂയംകുട്ടി കിട്ടിയിരുന്നുവെങ്കിൽ നമ്മുടെ ബുദ്ധിമുട്ട് തീരുകയില്ലേ. ജലവൈദ്യുത പദ്ധതിയായ കുരിയാർകുറ്റി-കാരപ്പാറയ്ക്ക് കേന്ദ്രഗവൺമെന്റ് അനുവാദം തരാത്തതുകൊണ്ടാണ് തെർമൽ പവർ സ്റ്റേഷനിൽ പോകേണ്ടിവന്നത്. ജലവൈദ്യുത പദ്ധതികൾക്ക് സമയത്തിന് അംഗീകാരം തന്നിരുവെങ്കിൽ നമ്മൾക്ക് ഈ ചാർജ് വർദ്ധനവ് ഒഴിവാക്കാൻ കഴിയുമായിരുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അതുകൊണ്ട് ചാർജ് വർദ്ധനവിന്റെ ഒന്നാം നമ്പർ പ്രതി കോൺഗ്രസ് ഐ-യാണ്. നിങ്ങളുടെ നേതൃത്വത്തിലുള്ള കേന്ദ്രഗവൺമെന്റാണ് മറുപടി പറയേണ്ടത്. സഹകരണരംഗം ജനകീയമാക്കാൻ പോകുന്നു. നീതി മെഡിക്കൽ സ്റ്റോറുകൾ, ത്രിവേണി സൂപ്പർ മാർക്കറ്റ്, പാചകവാതകവിതരണം, ത്രിവേണി നോട്ട് ബുക്ക് വിതരണം, പാചകവാതക ബോട്ട്ലിംഗ് പ്ലാന്റ്,

LIBRARY ARCHIVES Kerala Legislative Assembly

റബ്കോ നടത്തുന്ന റബ്ബർ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ, അങ്ങനെ പലതും തുടങ്ങി. സഹകരണമേഖല ജനകീയമായി തീർക്കുന്നതിന് വേണ്ടിയുള്ള ശക്തമായ നടപടികൂടി ഈ ഗവൺമെന്റ് എടുക്കുന്നു. അതുകൊണ്ട് ഈ ഗവൺമെന്റ് അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ സന്തോഷ പൂർവ്വം പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥന കളെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ബാലൻ വൈദ്യർ പറഞ്ഞു നിറു ത്തിയത് പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ്. ഒന്ന്, ഈ കേരള സംസ്ഥാനത്തിന്റെ വൈദ്യുതിയുടെ ചാർജ് ആണ് ഏറ്റവും കുറവു ള്ളത് എന്നാണ് അദ്ദേഹം പറഞ്ഞത്. ലോകത്ത് ഹൈഡൽ പ്രോജക്ടുക ളാണ് കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കുറഞ്ഞ വൈദ്യുതിനിർമ്മാണകേന്ദ്രം. കേരള സംസ്ഥാനത്ത് വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് 14 പൈസ യാണ് ഒരു യൂണിറ്റുനുള്ള വൈദ്യുതി ഉല്പാദനത്തിന്റെ ചെലവ്. കേരളത്തിലെ വൈദ്യുതിയുടെ 90 ശതമാനം ഉല്പാദിപ്പിക്കുന്നത് 14 പൈസ പെർ യൂണിറ്റിന് ചെലവ് ചെയ്താണ്. ഏറ്റവും ചെലവുകുറഞ്ഞ cost of production. അതേസമയം 10 ശതമാനം മാത്രമാണ് താപനിലയങ്ങളെ നമ്മൾ ആശ്രയിച്ചു കൊണ്ടിരിക്കുന്നത്. ശ്രീ. ബാലൻ വൈദ്യർ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെകുറിച്ച് പറഞ്ഞല്ലോ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഉല്പാദനചെലവ് വളരെ കൂടിയ താപനിലയങ്ങളിൽ നിന്നാണ് വൈദ്യുതി ഉണ്ടാക്കുന്നത്. സ്വാഭാവികമായും ആ താപനിലയത്തിലെ ചാർജ് വളരെകൂടി യിരിക്കും. അതുകൊണ്ട് കേരളത്തിൽ ഹൈഡൽ പ്രോജക്ടുകളിൽനിന്നുമെ ടുക്കുന്ന വൈദ്യുതിയും അതിന്റെ ചാർജും ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങ ളിലുള്ള താപനിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ ചാർജും തമ്മിൽ താര തമ്യം ഇല്ല. ആ താരതമ്യം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ കണക്കുണ്ട്. ഇവിടെ നിങ്ങളാണ് പുതിയ പദ്ധതികൾ കൊണ്ടുവന്നതെന്ന് പറഞ്ഞല്ലോ. ഞങ്ങളെക്കുറിച്ച് എന്തെല്ലാം ആക്ഷേപങ്ങളാണ് പറഞ്ഞത്, ഞങ്ങൾ എട്ടുകാലി മമ്മൂഞ്ഞുകളാണ്, ഞങ്ങളെ പറയാത്ത ആക്ഷേപങ്ങളൊന്നുമില്ല. ശബ്ദതാരാവലിയിൽ ക്കൂടി വായിക്കാൻ കഴിയുന്ന എല്ലാ പദപ്രയോഗവും ഉപയോഗിച്ച് പ്രതിപക്ഷമാണ് ഇതിന്റെ കുഴപ്പക്കാർ എന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടി ഭരണപക്ഷത്തു നിന്ന് ശ്രമിച്ചു. അത്രയും ഒരു കടുത്ത കൈ ചെയ്യേണ്ടിയിരുന്നില്ല എന്നാണ് എന്റെ അഭിപ്രായം. എന്റെ കൈയിലിരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ എക്സ്പെൻഡിച്ചറിന്റെ സ്റ്റേറ്റ്മെന്റാണ്. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അനുസരിച്ച് കേരളത്തിൽ യു.ഡി.എഫ്. ഭരിച്ച കാലത്തെ എക്സ്പെൻഡിച്ചർ ഇതിനകത്തുണ്ട്. എൽ.ഡി.എഫ്. ഭരിച്ച കാലത്ത് ഓരോ പദ്ധതികൾക്കുംവേണ്ടി അവർ മുടക്കിയിട്ടുള്ള എക്സ്പെൻഡിച്ചറുമുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് ഞങ്ങൾ പണി പൂർത്തിയാക്കിയതിന്റെ ബിൽ എൽ.ഡി.എഫ്. ഭരണകാലത്ത് കൊടുത്തതുപോലും എൽ.ഡി.എഫിന്റെ കണ ക്കിലാണ്. എന്നാൽപ്പോലും ഈ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിനെ ഞാൻ വിശ്വസിക്കുകയാണ്. ഈ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് അനുസരിച്ച് ലോവർ പെരിയാറിന് 228.94 കോടി രൂപ യു.ഡി.എഫ്. ഭരണകാലത്ത് മുടക്കുമ്പോൾ 88.42 കോടി രൂപ മാത്രമാണ് എൽ.ഡി. എഫിന്റെ ഭരണകാലത്ത് മുടക്കിയിട്ടു ള്ളത്. ബ്രഹ്മപുരത്തിന് 284 കോടി രൂപ മുടക്കുമ്പോൾ 145 കോടി രൂപയാണ് എൽ.ഡി.എഫിന്റെ ഭരണകാലത്ത് മുടക്കിയിട്ടുള്ളത്. പെരിങ്ങൽകുത്തിന് 20 കോടി 64 ലക്ഷം രൂപ ഞങ്ങൾ മുടക്കിയപ്പോൾ നിങ്ങൾ മുടക്കിയത് 14 കോടി

LIBRARY ARCHIVES Kerala Legislative Assembly

15 ലക്ഷം രൂപയാണ്. കക്കാടിന് 94.47 കോടി രൂപ ഞങ്ങൾ മുടക്കിയപ്പോൾ നിങ്ങളുടെ കാലത്ത്, ഇതുവരെ മുടക്കിയിട്ടുള്ളത് 33.72 കോടി രൂപയാണ്. ഏതു കാലത്താണ് ഈ പദ്ധതിക്ക് കൂടുതൽ ചെലവായത് എന്നതിനെക്കുറിച്ച് ഇനി ഞാൻ പറയേണ്ടതില്ലല്ലോ. നിങ്ങളുടെ ചോദ്യത്തിന് ഉത്തരം ഇലക്ട്രിസിറ്റി ബോർഡിന്റെ Expenditure Statement പറയുന്നു എന്നുള്ളതുകൊണ്ട് ഞാൻ ഇനി ആ ഉത്തരം വലിച്ചു നീട്ടാൻ ആഗ്രഹിക്കുന്നില്ല. ഈ പദ്ധതികളുടെയെല്ലാം സിംഹഭാഗവും ഐക്യജനാധിപത്യമുന്നണിയുടെ കാലത്തുള്ളതാണ്. എനിക്ക് ഒരൊറ്റ ചോദ്യം മാത്രമേയുള്ളു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിങ്ങൾ തറക്കല്ലിട്ട് ആരംഭിച്ച ഒരു പദ്ധതിയിൽനിന്നും കേരള സംസ്ഥാനത്ത് ഒരു യൂണിറ്റ് വൈദ്യുതി എങ്കിലും എടുത്തിട്ടുണ്ട് എങ്കിൽ അക്കാര്യം പറയണം. ഒരു യൂണിറ്റും നിങ്ങൾ എടുത്തിട്ടില്ല. അനുമതി കിട്ടാതെ കിടക്കുന്ന വേറെ പദ്ധതികൾ ഉണ്ട്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റെൻഷൻ പദ്ധതി, നേരിയമംഗലം എക്സ്റ്റെൻഷൻ പദ്ധതി, പള്ളിവാസൽ റീഹാബിലിറ്റേഷൻ, നിങ്ങൾക്ക് ജല വൈദ്യുതപദ്ധതിയോട് പ്രതിബദ്ധതയില്ല. എൽ.ഡി.എഫിന്റെ താൽപ്പര്യം ഡീസൽ നിലയം ആരംഭിക്കുക എന്നുള്ളതായിരുന്നു. ഡീസൽ നിലയം ആരംഭിക്കാൻ നിങ്ങൾ കൂടുതൽ താൽപ്പര്യം കാണിക്കുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യമല്ല, യന്ത്രസാമഗ്രികൾ വിദേശത്തുനിന്നും ഇറക്കികൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു മാർഗ്ഗം എന്നുള്ള നിലയിൽ നിങ്ങൾ താപനിലയങ്ങളെയും, ഡീസൽ നിലയങ്ങളെയും ആശ്രയിച്ചു കൊണ്ടിരിക്കുന്നു എന്നതാണ്. ഈ ലോകത്ത് അഴിമതി മാത്രം കയറ്റി അയച്ചുകൊണ്ടിരിക്കുന്ന 10 യൂറോപ്യൻ രാജ്യങ്ങൾ ഉണ്ട്. ആ യൂറോപ്യൻ രാജ്യങ്ങളിൽ പ്രധാനപ്പെട്ട സ്ഥാനത്ത് നിൽക്കുന്നത് ഫിൻലാന്റാണ്. ഫിൻലാന്റിലെ വാർട്ട്സിലാ കമ്പനിക്ക് ബി.എച്ച്.ഇ.എൽ. നെ മുന്നിൽ നിർത്തി കോഴിക്കോട് ഡീസൽ നിലയത്തിനുവേണ്ടി നിങ്ങൾ ഇങ്ങോട്ട് യന്ത്രസാമഗ്രികൾ ഇറക്കിയില്ലേ? വാർട്ട്സിലാ നിങ്ങൾ കമ്പനിക്ക് ബി.എച്ച്. ഇ.എൽ. നെ മുന്നിൽ നിർത്തി അതുകൊടുത്തു. ആ ഷെയ്ഡി ഡീലിനെക്കുറിച്ച് എത്രയോ വിവാദങ്ങൾ ആണ് നമ്മുടെ സംസ്ഥാനത്ത് നടന്നത്. ഞാൻ വീണ്ടും പറയുന്നു. ആ ഷെയ്ഡി ഡീലിനെക്കുറിച്ചുള്ള വാദവിവാദങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ കാസർഗോഡ് ആരംഭിക്കാൻപോകുന്ന പുതിയ ഡീസൽ നിലയവും ഈ വാർട്ട്സിലാ കമ്പനിക്ക്, ബി.എച്ച്.ഇ.എൽ നെ മുൻനിർത്തി കൊടുക്കുന്നതിനുവേണ്ടിയുള്ള അണിയറനീക്കങ്ങൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നു. സംസാരിക്കുന്ന രേഖകളാണ് എന്റെ കൈയിലുള്ളത്. ഇതനുസരിച്ച് ബി.എച്ച്. ഇ. എൽ.ന്റെ എ.സി. കട്ട്യാറിനെ നിങ്ങൾ അറിയുമോ? ഭാരത് ഹെവി ഇലക്ട്രോണിക്സിന്റെ അഡീഷണൽ ജനറൽ മാനേജരാണ്. ആ എസ്.സി. കട്ട്യാറിന്റെ കത്താണ് എന്റെ കൈയിലിരിക്കുന്നത്. ആവശ്യമുണ്ടെങ്കിൽ ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കാം 11-1-1999-ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ചെയർമാന് അയച്ചിട്ടുള്ള കത്താണ് ഇത്. ആ കത്തിനകത്ത് പറഞ്ഞിട്ടുള്ളത് എന്താണ്?

Subject: 60 MW Kasargod Diesel power project.

We thank for your kind courtesy for giving us opportuntiy to explain our points of view for the above project. We enclose herewith the list of points

എന്നു പറഞ്ഞാൽ ഈ കഴിഞ്ഞ 13,14 ദിവസങ്ങളിൽ തിരുവനന്തപുരത്ത് അവർ എത്തുമ്പോൾ ആ ടീമും ഇലക്ട്രിസിറ്റി ബോർഡിന്റെ ഔദ്യോഗിക

LIBRARY ARCHIVES Kerala Legislative Assembly

ഭാരവാഹികളുമായി സംസാരിക്കാം എന്നു പറഞ്ഞുകൊണ്ടുള്ള അതീവ രഹസ്യമായ ഒരു കത്താണ്. ഈ കത്തിനോടൊപ്പം ഉറങ്ങിക്കിടക്കുന്ന ചില ഭാഗങ്ങളുണ്ട്. ആ ഭാഗങ്ങൾ പറയാതിരിക്കാൻ കഴിയില്ല. അവർ പറയുന്നത് എന്താണെന്നറിയാമോ? അവർ പറയുന്നത് നിങ്ങൾ കേട്ടുകൊള്ളൂ. Kasargod diesel project can be considered as an extension of the tendering process of Kozhikode project. നിലവിൽ ഫിൻലാൻഡ് കമ്പനിയെ ഏൽപ്പിച്ചിട്ടുള്ള കോഴിക്കോട് പ്രോജക്ടിന്റെ തന്നെ മറ്റൊരു എക്സ്റ്റെൻഷനായി 60 മെഗാവാട്ട് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാനുള്ള കാസർഗോഡ് പദ്ധതിയെ രൂപാന്തരപ്പെടുത്തണമെന്നുള്ള നിർദ്ദേശമാണ് വച്ചിട്ടുള്ളത്. Generally repeat orders are placed within a period of one year without calling fresh tenders. ഫ്രഷ് ടെന്റേഴ്സ് ഇല്ലാതെ ഇത് നടത്തണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും നിങ്ങൾ 5-1-1999-ൽ ഒരു ടെന്റർ വിളിച്ചിട്ടുണ്ട്. എന്നാൽപ്പോലും ഈ ടെണ്ടർ മരവിപ്പിച്ചുകൊണ്ട് നിങ്ങൾ വീണ്ടും വാർട്ട്സിലാ കമ്പനിക്ക് ഇതു കൊടുക്കുന്നതിനു വേണ്ടിയുള്ള നീക്കം നടത്തിക്കൊണ്ടിരിക്കുകയാണ്. അതീവരഹസ്യമായ നീക്കങ്ങളാണ് ഈ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ വാർട്ട്സിലാ കമ്പനി നിങ്ങൾക്ക് തിരുവനന്തപുരത്ത് 80 മെഗാവാട്ടിന്റെ ഒരു പ്രോജക്ട് തുടങ്ങാൻ നടപടി എടുത്തതല്ലേ? ജനങ്ങളുടെ വിമർശനം വന്നപ്പോൾ തൽക്കാലത്തേയ്ക്ക് നിങ്ങൾ അതിനെ മാറ്റി വച്ചില്ലേ? യന്ത്രസാമഗ്രികളുടെ ഇറക്കുമതി മാത്രം ലക്ഷ്യം വച്ചുകൊണ്ട് നിങ്ങൾ മുന്നോട്ടു പോകുകയാണ്. വൈദ്യുതിയുടെ സ്വയം പര്യാപ്തതയല്ല, വൈദ്യുതിയുടെ സ്വയം പര്യാപ്തത എന്നു പറയുന്നതിന്റെ ഒരു പ്രത്യേകത, മുൻവശത്തു കാണിക്കുന്ന അജണ്ട മാത്രമാണ്. ഇതിനകത്ത് ഒരു ഹിഡൻ അജണ്ടയുണ്ട്. വേറെ ചിലയാളുകളുടെ സാമ്പത്തിക സ്വയംപര്യാപ്തതയാണ് ഇതിന്റെ പിന്നിൽ കളിച്ചുകൊണ്ടിരിക്കുന്നത് എന്നു പറയാതിരിക്കാൻ കഴിയുമോ? ഞാൻ ആളുകളുടെ പേരൊന്നും പറയുന്നില്ല. അതിനു വേണ്ടിയുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എസ്. ശർമ്മ അസംബ്ളിയിൽ തന്ന ഒരു ഉത്തരത്തിൽ അങ്ങ് പറഞ്ഞത് നമുക്ക് ഇപ്പോൾ ധാരാളം വൈദ്യുതിയുണ്ട്. പക്ഷെ ഈ വൈദ്യുതി പ്രസരണത്തിനു വേണ്ടി നമുക്ക് കൊടുക്കാൻ കഴിയാത്തതുകൊണ്ട് നമ്മുടെ നാട്ടിൽ ഇപ്പോൾ പവർകട്ട് നിൽക്കുന്നു, ലോഡ്ഷെഡിംഗ് നിൽക്കുന്നു എന്ന്. 1999-2000-ാം മാണ്ടിൽ ഹൈഡ്രൽ പ്രോജക്ടുകൾക്കും തെർമൽ പ്രോജക്ടുകൾക്കും ജനറേഷനും വേണ്ടി 393 കോടി രൂപ ഈ സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡ് മുടക്കിയപ്പോൾ ഹൈഡ്രൽ പ്രോജക്ടിനേയും തെർമൽ പ്രോജക്ടിനേയും വൈദ്യുത പ്രസരണത്തിനുവേണ്ടി നിങ്ങൾ ഉപയോഗിച്ചിട്ടുള്ളത് കേവലം അതിന്റെ 50 ശതമാനം വരുന്ന 157 കോടി രൂപയ്ക്കും താഴെയാണ്. വെറും 40 ശതമാനത്തിനും മേലെ മാത്രമേ വരുന്നുള്ളൂ. അതുകൊണ്ട് പവർകട്ട് നിലനിൽക്കും. ലോഡ്ഷെഡിംഗ് ഒഴിവാകില്ല. കാരണം നാട്ടിൽ പ്രസരണത്തിന് ലൈനില്ല. 1995-ലെ ഒരു കണക്ക് ഇവിടെ നേരത്തെ ശ്രീ. സതീശ് ചന്ദ്രൻ പറഞ്ഞു. എനിക്ക് അദ്ദേഹത്തോട് വ്യക്തിപരമായി സ്നേഹമുള്ളതുകൊണ്ട് കണക്ക് കള്ളക്കണക്കാണെന്ന് ഞാൻ അപ്പോൾ പറഞ്ഞില്ല എന്നു മാത്രമേയുള്ളൂ. എന്റെ കൈയിലിരിക്കുന്ന ഈ ബുക്ക് ഏതാണെന്ന് അറിയാമോ? ഈ ബുക്ക് സാമ്പത്തിക അവലോകനമാണ്. ഇതിലെ 96-ാം പേജ് എടുത്ത് നോക്കിക്കൊള്ളൂ. ആ പേജിനകത്ത് ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് എന്താണ്? ഐക്യജനാധിപത്യ മുന്നണി അധികാരത്തിലിരിക്കുമ്പോൾ 1995-96-ൽ ഇവിടെ 700 കിലോമീറ്റർ ലൈൻ വലിച്ചു എന്ന്. 1998-99-ൽ നിങ്ങൾ വലിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

കേവലം 300 കിലോമീറ്റർ മാത്രമാണ്. കാരണം നിങ്ങളുടെ ഉദ്ദേശം ഇവിടെ വൈദ്യുതി പ്രസരണമല്ല, ഇവിടെ യന്ത്രങ്ങൾ വരണം, ഇവിടെ ഡീസൽ നിലയങ്ങൾ ഉണ്ടാകണം. അങ്ങനെ ഇവിടെ വിദേശ യന്ത്രങ്ങൾ കൊണ്ടുവരണം. അതിനു വേണ്ടിയുള്ള മറ്റ് സാമ്പത്തികമായ സംവിധാനങ്ങളെക്കുറിച്ചാണ് നിങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. 1996-ൽ വൈദ്യുതി വകുപ്പിലെ ഒരു ഇലക്ട്രിക്കൽ മെമ്പറെക്കുറിച്ച് ശ്രീ. രാജേന്ദ്രൻ വലിയ ആക്ഷേപം പറഞ്ഞതാണ്. ആ ആക്ഷേപം ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. ആ ആൾ ചെന്ന് എന്തോ ഒരു ഒപ്പു വച്ചു. അതിനോടനുബന്ധിച്ചാണ് ഈ കുഴപ്പമെല്ലാം ആരംഭിച്ചത് എന്ന് വരുത്തിത്തീർക്കാനുള്ള ഒരു ശ്രമത്തിലായിരിക്കും ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇരിക്കുന്നത് എന്നാണ് എനിക്കു തോന്നുന്നത്. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നിവ വൈദ്യുതി വകുപ്പിലെ ഈ ഇലക്ട്രിക്കൽ മെമ്പർ 24-5-1996-ൽ ഒപ്പു വച്ചു എന്നു പറഞ്ഞ് തടി തപ്പുന്നതിനുള്ള ശ്രമത്തിലാണ് അങ്ങ്. എന്നാൽ ഇതിനെസംബന്ധിച്ച് റിനോവേഷനും മോഡേണൈസേഷനും 25-1-1997-ലെ ഫുൾ ബോർഡിലാണ് തീരുമാനമെടുത്തത്. ഈ ഡേറ്റ് വളരെ പ്രാധാന്യമുണ്ട്. 10-2-1997-ൽ എസ്.എൻ.സി. ലാവ്‌ലിനുമായി നിങ്ങൾ കരാർ ഒപ്പിട്ടു. എസ്.എൻ.സി. ലാവ്‌ലിനുമായി കരാറിൽ ഒപ്പിട്ടത് 10-2-1997-ലാണ്. നിങ്ങൾ ഈ കരാറിൽ ഒപ്പിടുമ്പോൾ നിങ്ങൾ വച്ച ഒരു രേഖ നിങ്ങളുടെ കൈയിലുണ്ട്. ഇത് സംസാരിക്കുന്ന രേഖയാണ്. ഇത് ശ്രീ. ബാലാനന്ദന്റെ നേതൃത്വത്തിൽ നിരവധിയാളുകൾ, എത്ര പേരാണ് ഈ കമ്മിറ്റിയെ വച്ചത്. മെമ്പർ സെക്രട്ടറിയടക്കം 26 ആളുകൾ ആ രേഖയ്ക്കകത്ത് സമ്മറി ഓഫ് റെക്കമെന്റേഷൻസിന്റെ രണ്ടാമത്തെ പേജിൽ അവസാനത്തെ ഭാഗത്ത് proposal for total replacement of generating machinery in Pallivasal-Chenkulam should be limited to the essential replacement of the parts and modernisation. ഈ റിപ്പോർട്ട് നിങ്ങളുടെ കൈയിലെത്തി. നിങ്ങൾ വച്ച കമ്മിറ്റി നിങ്ങളുടെ നേതാക്കന്മാർ, നിങ്ങൾക്ക് ഭൂരിപക്ഷമുള്ള കമ്മിറ്റി. ആ കമ്മിറ്റിയിലെ ശുപാർശ. ആ ശുപാർശ തള്ളരുതെന്നാണ് ശ്രീ. രാജേന്ദ്രൻ പറഞ്ഞത്. ഞാനും പറയുന്നു, ഈ ശുപാർശ കൈയിലിരിക്കുമ്പോൾ നിങ്ങൾ പിന്നെ എന്തിന് മറ്റൊരു കമ്പനിക്ക് ഈ ടെണ്ടർ കൊടുക്കാൻ തയ്യാറായി? മറ്റൊരു കമ്പനിയുമായി നിങ്ങൾ എന്തിന് കരാർ ഒപ്പു വച്ചു? കരാർ ഒപ്പു വച്ചു എന്നു മാത്രമല്ല, 243 കോടി രൂപയ്ക്ക് വേണ്ടിയാണ് ആ കരാർ ഒപ്പു വച്ചിരിക്കുന്നത്. 115.5 മെഗാവാട്ട് വൈദ്യുതിയാണ് ഈ മൂന്നു പ്രോജക്ടിൽനിന്നും കൂടി എടുക്കാൻ കഴിയുന്നത്. 115.5 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സാധാരണഗതിയിൽ ബി.എച്ച്.ഇ.എൽ. ക്വാട്ട് ചെയ്യുന്നത് എത്രയാണെന്നറിയാമോ? ഈ രേഖ കൂടി അങ്ങേയ്ക്ക് ആവശ്യമുണ്ടെങ്കിൽ ഞാൻ മേശപ്പുറത്തു വയ്ക്കാം. ബി.എച്ച്.ഇ.എൽ. നിങ്ങളുടെ മുൻപിൽ തന്നിട്ടുള്ള രേഖയാണ്. ആ രേഖയ്ക്കകത്ത് അവർ പറയുന്നത് ഒരു കിലോവാട്ടിന് 5175 രൂപയ്ക്ക് ഇതുമാതിരിയുള്ള ഒരു പദ്ധതി ചെയ്തു തീർക്കാൻ തയ്യാറാണ് എന്നാണ്. 5175 രൂപ എന്നു പറയുമ്പോൾ മെഗാവാട്ടിന് എത്ര രൂപയാണ്. 51 കോടി 75 ലക്ഷം രൂപ. അങ്ങനെ വരുമ്പോൾ 115.5 മെഗാവാട്ട് ഈ പദ്ധതിക്ക് റിനൊവേറ്റ് ചെയ്യണമെങ്കിൽ എത്ര രൂപ വേണ്ടിവരും. 58 കോടി രൂപയാണ് മൊത്തമായി വരുന്നത്. നിങ്ങൾ എത്ര രൂപയ്ക്കാണ് ഈ പദ്ധതി കൊടുത്തത്? 243 കോടി രൂപയ്ക്കാണ് നിങ്ങൾ ഈ പദ്ധതി വിദേശ കമ്പനിക്കു കൊടുത്തത്. എന്തിനു വേണ്ടിയാണ്. സംശയാസ്പദമായ സാഹചര്യം അതിൽ നിലനിൽക്കുകയാണ്. അതുകൊണ്ടുമാത്രമല്ല എസ്.എൻ.സി.ലാവ്‌ലിനു നിങ്ങൾ ഇതു കൊടുക്കുമ്പോൾ എസ്.എൻ.സി. ലാവ്‌ലിൻ കൊടുക്കുന്ന മറ്റാനുകൂല്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളെക്കുറിച്ച് പറയണ്ടേ? ഇവിടെ എസ്.എൻ.സി. ലാവ്‌ലിൻ ഇ.ഐ.എസ്.പി. എന്നു പറഞ്ഞാൽ Energy Infrastructure Service Project-ന് 43 കോടി രൂപ ഏൽപ്പിച്ചിട്ടില്ലേ. കുറ്റ്യാടി സ്റ്റേജ് 2-ന് അവരിപ്പോൾ പ്രീകാളിഫൈ ചെയ്തിട്ടില്ലേ. 220 കോടി രൂപ അല്ലേ ആ വർക്കിന് എല്ലാംകൂടി. എസ്. എൻ.സി ലാവ്‌ലിനു എത്ര കോടി രൂപയാണ്. ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ എന്ന് കേട്ടിട്ടേയുള്ളു. നിങ്ങൾക്ക് അപ്പോൾ 100 കോടി രൂപയുടെ ഒരു കാൻസർ ആശുപത്രി കിട്ടിയെന്നാണ് നിങ്ങളിപ്പോൾ പരസ്യമായി പറയാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഇവിടെ എസ്.എൻ.സി ലാവ്‌ലിന് ഒരു കരാറിന്റെ സ്റ്റാറ്റസാണോ ഈ ബോർഡിനുള്ളത്. ബോർഡിലെ ഉദ്യോഗസ്ഥൻമാരുണ്ടല്ലോ. അവർ ആലോചിക്കണമല്ലോ. കരാറുകാരനോടുള്ള ബാധ്യതയാണോ 2,500 സ്കയർ ഫീറ്റുള്ള ഒരു ഓഫീസ്, എയർകണ്ടിഷൻ ചെയ്ത് ടെലിഫോൺ സൗകര്യത്തോടുകൂടി വൈദ്യുതി ഭവനിൽ അവർക്ക് കൊടുത്തത്? കെ.ബി.റ്റി. 2800 ബെൻസ് കാറിൽ എസ്.എൻ.സി ലാവ്‌ലിനിന്റെ സായിപ്പൻമാർ ഇതിലെ റോന്തുചുറ്റിക്കൊണ്ടു നടക്കുന്നത് നിങ്ങൾ കണ്ടിട്ടില്ലേ? കരാറുകാരനാണോ? എന്തുകൊണ്ടാണ് നിങ്ങൾ ഈ ആനുകൂല്യം കൊടുക്കുന്നത്? ഈ ധൂർത്തും ഈ കെടുകാര്യസ്ഥതയും നമ്മുടെ നാട്ടിലെ പാവപ്പെട്ട വൈദ്യുതി ഉപഭോക്താക്കളുടെ നെഞ്ചത്തടിച്ചുകൊണ്ടാണ് പാവപ്പെട്ട 55 ലക്ഷം വൈദ്യുതി ഉപഭോക്താക്കൾക്ക് കുത്തനെ ഈ ചാർജ് വർദ്ധിപ്പിച്ചത്. അതിന്റെ വേദന ഞങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ബുദ്ധിമുട്ടാണ് കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്നത്. ആ ബുദ്ധിമുട്ടിൽ നിന്ന് കേരളത്തിലെ ജനങ്ങളെ രക്ഷപ്പെടുത്തണം. രണ്ടാമത് ശ്രീ. കടകംപള്ളി സുരേന്ദ്രൻ സംസാരിച്ചപ്പോൾ ഭാസ്ക്കരൻ നമ്പ്യാർ കമ്മീഷനും ബ്രഹ്മപുരവും ഈ രണ്ടുമാണ് പ്രധാനപ്പെട്ട പ്രശ്നം, ഇതുകൂടി ഒഴിവാക്കിയിരുന്നുവെങ്കിൽ കേരളം രക്ഷപ്പെട്ടേനേ എന്ന മട്ടിലാണ് പറഞ്ഞത്. ജസ്റ്റിസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ട് വാദത്തിനുവേണ്ടി ഞാൻ സമ്മതിക്കുന്നു. അതിനെക്കുറിച്ചുള്ള തർക്കങ്ങൾ പുറത്തു നിൽക്കട്ടെ. വാദത്തിനുവേണ്ടി ജസ്റ്റിസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ട് ഞാൻ അംഗീകരിക്കട്ടെ. അങ്ങനെയെങ്കിൽ എനിക്കൊരു ചോദ്യമുണ്ട്. ബ്രഹ്മപുരത്തിന്റെ സ്ഥാപിതശേഷി എത്രയാണ്? ബ്രഹ്മപുരം പദ്ധതിയുടെ സ്ഥാപിതശേഷി 106.6. മെഗാവാട്ടല്ലേ. ആ യന്ത്രത്തിന്റെ വില എത്രയാണ്? 162 കോടി 90 ലക്ഷം രൂപയാണ് യന്ത്രസാമഗ്രികൾക്ക് ഫ്രഞ്ച് കമ്പനിക്ക് കൊടുക്കേണ്ടത്. ഇറക്ഷൻ ചാർജ്ജ് എത്രയാണ്? സി.ഡി.ഇ. അത് 1.76 കോടി രൂപ. ഇൻഡ്യൻ കംപോണന്റ് എത്ര കോടി രൂപയാണ്? 5 കോടി 60 ലക്ഷം രൂപ. അപ്പോൾ ബ്രഹ്മപുരം പദ്ധതിക്കുവേണ്ടി നമ്മുടെ 106 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ബ്രഹ്മപുരത്തിന് നമ്മൾ മുടക്കേണ്ടി വരുന്നത് 170.26 കോടി രൂപ. ഞാൻ ചോദിക്കട്ടെ. കണക്ക് നമ്മുടെ കൈയിലുണ്ടല്ലോ. ഒരു മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ മെഷിനറിയുടെ വില ശരാശരി എത്ര രൂപയാണ്? 1.597 കോടി രൂപ. വാദത്തിനുവേണ്ടി 1 കോടി 60 ലക്ഷം രൂപ എന്നു വച്ചോ. വളരെ സീരിയസായ പ്രശ്നം സംസാരിക്കുകയാണ്. ബ്രഹ്മപുരത്തിന്റെ ഭാസ്കരൻ നംപ്യാരുടെ കണ്ടുപിടുത്തം എത്രയാണ്? ഭാസ്ക്കരൻ നമ്പ്യാർ പറയുന്നത് 71 കോടിരൂപയുടെ ക്രമക്കേട് നടന്നുവെന്നാണ്. 170 കോടി 26 ലക്ഷത്തിൽ നിന്നും ക്രമക്കേട് നടന്നുവെന്നുപറയുന്ന 71 കോടി രൂപ നമുക്ക് കുറയ്ക്കാം. അതു കുറച്ചാലോ 99 കോടി 26 ലക്ഷം രൂപയ്ക്ക് ബ്രഹ്മപുരം പദ്ധതി പൂർത്തിയാക്കണമായിരുന്നു. എന്നിട്ട് 71 കോടി രൂപ നഷ്ടപ്പെടുത്തി എന്നുള്ളതാണ് ജസ്റ്റിസ് ഭാസ്ക്കരൻ നമ്പ്യാരുടെ കണ്ടുപിടിത്തം. അതിന്റെയർത്ഥം 1 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

മെഷിനറിയുടെ ശരാശരി ചെലവ് 93,11,000 രൂപയേ ആകാൻ കഴിയൂ എന്നതാണ്. ഇവിടെ നിങ്ങൾ ആരംഭിച്ച ഒരു പദ്ധതിയുണ്ടല്ലോ. കോഴിക്കോട് താപനിലയം. ആദ്യമായി നമുക്കിത് കംപയർ ചെയ്യാം. കോഴിക്കോട് താപനിലയത്തിന്റെ സ്ഥാപിതശേഷി എത്രയാണ്? 128 മെഗാവാട്ട്. യന്ത്രവില എത്രയാണ്? വാർട്ട്സിലാ കമ്പനിക്കു കൊടുത്തത് 211.75 കോടിരൂപ. അതിന്റെ ഇറക്ഷൻ ചാർജ്ജ് എത്രയാണ്? 23.19 കോടി രൂപ. എൻ.റ്റി.പി.സി.യ്ക്കുള്ള നിങ്ങളുടെ സൂപ്പർവൈസേഴ്സ് ചാർജ്ജ് എത്രയാണ്? പതിനൊന്നര കോടിരൂപ. എന്നുപറഞ്ഞാൽ കോഴിക്കോട് താപനിലയത്തിന് മൊത്തമായി കൊടുക്കേണ്ടിവന്നത് 246.44 കോടിരൂപ. അതിന്റെ മെഷീൻ കോസ്റ്റ് പെർ മെഗാവാട്ട് എത്രയാണ്? ഒരു താപനിലയത്തിന് 1 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ 1,92,00,000 രൂപ മെഷീൻ കോസ്റ്റ് വരികയാണ്. ജസ്റ്റീസ് നമ്പ്യാരുടെ കണക്കാണല്ലോ നിങ്ങൾ വിശ്വസിക്കുന്നത്. ജസ്റ്റിസ് നമ്പ്യാരുടെ കണക്കാണ് കൃത്യമെന്ന് പറഞ്ഞല്ലോ. ജസ്റ്റിസ് നമ്പ്യാരുടെ കണക്കനുസരിച്ച് മെഷീൻ ചാർജ് പെർ മെഗാവാട്ട് 93.11 ലക്ഷം രൂപവച്ച് 119 കോടിരൂപയ്ക്ക് കോഴിക്കോട് താപനിലയം തീരണമെന്നായിരുന്നു. ജസ്റ്റീസ് നമ്പ്യാർ എഴുതി വച്ചിരിക്കുന്നത്. അതിന്റെയർത്ഥം എന്താണ്? അതിന്റെ അർത്ഥം, 246.44 കോടി രൂപയിൽനിന്ന് 119 കോടി രൂപ ഒഴിച്ച് 127 കോടി രൂപയുടെ അഴിമതി നിങ്ങൾ നടത്തിയെന്നാണ് ജസ്റ്റീസ് നമ്പ്യാർ പറയുന്നത്. നിങ്ങൾക്ക് അംഗീകരിക്കാൻ പറ്റുമോ? അത് അധികചെലവാണെന്നാണ് ജസ്റ്റീസ് നമ്പ്യാർ പറയുന്നത്. നിങ്ങൾക്ക് അംഗീകരിക്കാൻ പറ്റുമോ? XXXX XXXX

XXXX XXX[X]

<u>ശ്രീ. ജി. സുധാകരൻ</u> : ഒരു കമ്മീഷന്റെ നിഗമനങ്ങളെ വിമർശിക്കുന്നതിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷെ കമ്മീഷൻ അംഗമായ ജസ്റ്റീസ് നമ്പ്യാർ വളരെ സ്വാർത്ഥനും വളരെ മോശമായ ഉദ്ദേശത്തോടുകൂടിയുമാണ് റിപ്പോർട്ടെഴുതുന്നത് എന്ന് വ്യക്തിപരമായി പറയുന്നത് ഓർഡറിലല്ല. അത് രേഖയിൽ നിന്നും നീക്കം ചെയ്യണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : എനിക്ക് സംസാരിക്കാൻ അങ്ങ് അനുവാദം തന്നാൽ ഞാൻ എന്റെ സംസാരം തുടരാം. ഞാൻ ആരെക്കുറിച്ചും... സർ Statement of facts ആണ് പറയുന്നത്. ഞാൻ അതിൽ നിന്ന് ഒരിഞ്ചുപോലും അങ്ങോട്ടും ഇങ്ങോട്ടും മാറുന്നില്ല. പ്രീതിയോ ഭീതിയോ കൂടാതെ ഞാൻ എന്റെ കേസ്സ് വാദിക്കുകയാണ്. അതവിടെ നിൽക്കട്ടെ. ഇവിടെ പറഞ്ഞല്ലോ ജസ്റ്റീസ് നമ്പ്യാർ സാമാന്യനീതികളുടെ തത്വങ്ങൾ ലംഘിച്ചുകൊണ്ട് terms of reference-ന്റെ പരിധി ലംഘിച്ച് സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുത്തുവെന്നുള്ള ആക്ഷേപമുണ്ട്.

<u>മി. സ്പീക്കർ</u> : വ്യക്തിപരമായ പരാമർശങ്ങൾ ഉണ്ടെങ്കിൽ രേഖയിൽ നിന്നും നീക്കംചെയ്യാം. അത്രേയുള്ളൂ. ബാക്കിയുള്ള കാര്യങ്ങളുണ്ടാകും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ഞാൻ വ്യക്തിപരമായ പരാമർശം എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതിന് എനിക്ക് സന്തോഷമുണ്ട്. അത് പിൻവലിക്കുന്നതിൽ എനിക്ക് വിരോധമില്ല. ഇവിടെ 22-ാം തീയതി ശ്രീ. ടി.കെ. ഹംസ.. അദ്ദേഹം ഇവിടെ ഇല്ലല്ലോ... അദ്ദേഹം 22-ാം തീയതി നിയമസഭയിൽ നടത്തിയ പ്രസംഗത്തിൽ കാസർഗോഡ് വൈദ്യുതപ

X സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്തു. (ഫ:നം:618/ED/99/Leg. dt.3-7-1999)

LIBRARY ARCHIVES Kerala Legislative Assembly

ദ്ധതിയുടെ കാര്യത്തിലും അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി നമ്മുടെ ശ്രീ. ശിവദാസമേനോൻ കണ്ടിട്ടേയില്ല.. എന്നുപറഞ്ഞു. ഉണ്ടെങ്കിൽ ശ്രീ. മേനോൻ ഇവിടെ ഇരിക്കുന്നു, അദ്ദേഹം പറഞ്ഞോ? ഞാൻ അങ്ങേയ്ക്ക് വഴങ്ങിത്തരാൻ തയ്യാറാണ്. രണ്ട് കത്തുകൾ ഞാൻ മേശപ്പുറത്തുവയ്ക്കാം, ഈ കത്ത് അങ്ങ് എഴുതി ഒപ്പിട്ടിരിക്കുന്നതാണ്. ഈ കത്ത് ആരുടേതാണെന്ന് അറിയുമോ? ജെ.ടി.വി. പ്രോജക്ട് ഓഫ് ഇൻഡ്യാ ലിമിറ്റഡ് അത് ആരാണെന്നറിയുമോ? പീൽസ്റ്റിക്കി-ന്റെ ഇന്ത്യയിലെ ഏജൻസിയാണ്. അങ്ങ് പറയുന്ന വിദേശകമ്പനിയുടെ ഇൻഡ്യയുടെ ഏജൻസിയാണ്. ഡൽഹിയിൽ വച്ച് അങ്ങേയ്ക്ക്തന്ന ഒരു നിവേദനമുണ്ട്. അതിൽ അങ്ങ് സെക്രട്ടറിക്ക് സ്വന്തം കൈപ്പടയിൽ എഴുതിക്കൊടുത്തിരിക്കുന്നതാണ്. അങ്ങ് എഴുതിയിരിക്കുന്ന ഭാഗം മാത്രം ഞാൻ വായിക്കാം.

"The Scheme suggested to be beneficial to the State."Who ? This J.T.V. Company. "This proposal may be examined." They may be asked" - Who may be ? This J.T.V. Company along with the Peelstic Compay. They may be asked to send their team to Thiruvananthapuram to have discussions with the Power Secretary and Kerala State Electricity Board Officials at an early date.

Sivadasa Menon,

22-2-1991.

ഇവിടെ അങ്ങ് ഒപ്പിട്ടിരിക്കുകയാണ്. ശ്രീ. ടി.കെ. ഹംസ പറയുന്നത് അങ്ങ് ഇത് കണ്ടിട്ടേയില്ല എന്നാണ്. അത് മാത്രമല്ല, വിശദീകരിക്കുവാൻ ഒരു കത്തുകൂടിയുണ്ട്. അങ്ങയുടെ സ്വന്തം ലെറ്റർ ഹെഡ്ഡിൽ. ടി. ശിവദാസമേനോൻ, മിനിസ്റ്റർ ഫോർ ഇലക്ട്രിസിറ്റി ആന്റ് റൂറൽ ഡെവലപ്പ്മെന്റ്, 29.4.1991. അന്നത്തെ മന്ത്രി മൂന്ന് പ്രോജക്ടുകൾക്ക് അനുമതി കിട്ടണമെന്നുപറഞ്ഞ്, S.P. Malavya, Union Minister for Petroleum and Chemicals - അയച്ച കത്തിന്റെ രണ്ടാമത്തെ പാരഗ്രാഫ് മാത്രം ഞാൻ വായിക്കാം,

<u>മി.സ്പീക്കർ</u> : പാരഗ്രാഫൊന്നും വായിക്കണ്ട. കാര്യം പറഞ്ഞാൽ മതി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : Now there is a proposal to avail of bilateraly aids from French Government for the starting of Kasaragod fuel Thermal Station for which necessary proposal have been sent by the Kerala State Electricity Board to the Central Electricity Authority and the Department of Economic Affairs.

ഈ ഫയൽ അങ്ങ് കണ്ടിട്ടുണ്ടോ? എന്റെ ചോദ്യത്തിന് ഉത്തരം പറയണം. അങ്ങ് ഫയൽ കണ്ടിട്ടുണ്ടോ; ഈ ഫയലിൽ അങ്ങ് തൊട്ടിട്ടുണ്ടോ? എന്തിനാണ് ശ്രീ. ടി.കെ. ഹംസ കള്ളം പറഞ്ഞത്? അങ്ങ് കണ്ടിട്ടുണ്ടെങ്കിൽ ശ്രീ. ടി.കെ. ഹംസ കള്ളം പറഞ്ഞു. കള്ളം പറഞ്ഞ ശ്രീ. ടി.കെ. ഹംസ ഇവിടെ മാപ്പുപറയണം. ഈ സഭയെ തെറ്റിദ്ധരിപ്പിച്ചു. ഇത് രണ്ടും അങ്ങ് പരിശോധിക്കുവാൻവേണ്ടി ഞാൻ ഇവിടെ വയ്ക്കുകയാണ്. ഞാൻ ഇത് ടേബിൾ ചെയ്യുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, ഇതിൽ ആദ്യം വായിച്ച കത്ത് കാസർഗോഡ് ഒരു ഡീസൽ പ്ലാന്റിന് Techno-Economic Clearance - കിട്ടിയിട്ടില്ല, ഇൻഡസ്ട്രിയൽ ക്ലിയറൻസ് കിട്ടിയിട്ടില്ല,

LIBRARY ARCHIVES Kerala Legislative Assembly

എൻവയോൺമെന്റ് ക്ലിയറൻസ് കിട്ടിയിട്ടില്ല. There was only a proposal - ആ പ്രൊപ്പോസലിനെ സംബന്ധിച്ച് ഒരു കമ്പനി എന്നെ വന്നുകാണുന്നു. അവർ എഴുതിത്തരുന്ന കത്തിൽ I ask, my Office is not my, പേഴ്സണൽ സ്റ്റാഫ് ഇരിക്കുന്നതല്ല എന്റെ ഓഫീസ്. ഞാൻ പവർ മിനിസ്റ്റർ ആണെങ്കിൽ എന്റെ ഓഫീസ്, പവർ ഡിപ്പാർട്ടുമെന്റ് സെക്രട്ടേറിയറ്റിലാണ്. അവിടത്തെ സെക്രട്ടറിക്ക് Secretary may examine and discuss with the Board officials എന്നുപറഞ്ഞിട്ട് കൊടുക്കുന്നതിൽ എന്തെങ്കിലും കമ്മിറ്റ്മെന്റ് ഉണ്ടോ? ഒന്ന്, രണ്ടാമത്തേത്, My letter to the Minister for Petroleum and Chemicals പെട്രോളിയം പ്രോജക്ടും ലിംഗേജും വേണം. ആ ഫ്യൂവൽ ലിംഗേജിനു വേണ്ടി ചീഫ് സെക്രട്ടറി എഴുതിയിട്ടുണ്ട്. (Smt. Padma Ramachandran,) ഞാൻ എഴുതിയിട്ടുണ്ട്, ചീഫ് മിനിസ്റ്റർ എഴുതിയിട്ടുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : പ്രോജക്ട് ബെനഫിഷ്യലാണോ?

ശ്രീ. ടി. ശിവദാസമേനോൻ : പ്രോജക്ട് ബെനഫിഷ്യലാണ്. കാസർഗോടാണ്. കാസർഗോട് ഇന്ന കമ്പനിക്ക് കൊടുക്കണമെന്ന് അതിൽ എഴുതിയിട്ടില്ല. കാസർഗോട് ഇന്ന കമ്പനിക്ക് കൊടുക്കുവാനാണെന്ന് അതിൽ എഴുതിയിട്ടില്ല. സി.എ.ജി.യ്ക്ക് പ്രോജക്ട് റിപ്പോർട്ട് അയച്ചിട്ടുണ്ട്. അതിനു വേണ്ട ഫ്യൂവൽ ലിംഗേജ് തരാൻ കെമിക്കൽ ആന്റ് പെട്രോളിയം മിനിസ്റ്റർക്ക് പവർ മിനിസ്റ്റർ ഒരു കത്ത് എഴുതിയാൽ അത് എന്തോ ഒരു രേഖയാണെന്ന് പറഞ്ഞുകൊണ്ട് വയ്ക്കുന്നതിന് എന്താണ് അർത്ഥം? I admit that Letter. ആ കത്തിലുള്ള എല്ലാ കുറ്റവും ഞാൻ ഏല്ക്കുന്നു. നിങ്ങൾ എന്തു വേണമെങ്കിലും ചെയ്യൂ. As a Minister for Power, എനിക്ക് ഒരു proposed വൈദ്യുതി പദ്ധതിയെ സംബന്ധിച്ച് കാസർകോട് ലോഡ് സെന്ററാണ്, ആ ലോഡ് സെന്ററിനുവേണ്ടി ഫ്യൂവൽ ലിംഗേജിന് കത്ത് എഴുതുവാൻ പാടില്ലേ? കത്തെഴുതുവാൻ പാടില്ലെന്നാണോ? ഒരു പവർ മിനിസ്റ്റർക്ക് കെമിക്കൽ ആന്റ് പെട്രോളിയം മിനിസ്റ്റർക്ക് എഴുതിയ ഒന്നാണ് ഇപ്പോൾ ഏതോ രേഖ. അത് സെക്രട്ടേറിയറ്റിൽ ഫയലിലുണ്ട്. That is there? എന്റെ Letter pad എന്നു പറഞ്ഞാൽ in my official capacity, അത് ഓഫീസിലുണ്ട്. I don't deny that. Petroleum and Chemicals Minister-ക്ക് കാസർകോട് സ്ഥാപിക്കുന്ന പ്രോജക്ടിന് ഫ്യൂവൽ ലിംഗേജ് വേണമെന്ന് ഞാൻ എഴുതിയിട്ടുണ്ട്. അത് ശരിയാണ്. ആയിരംവട്ടം എഴുതും ഇനിയും എഴുതും. അതിൽ എന്താണ് തെറ്റ്? നേട്ടങ്ങൾ വളരെ മഹത്തരവുമാണ്. ഇനിയും കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയണമെന്ന കാഴ്ചപ്പാട് വെച്ചുകൊണ്ടാണ് ഈ മേഖലയിൽ സമഗ്രമായ നിയമഭേദഗതിക്ക് ഗവൺമെന്റ് മുൻകൈയെടുത്ത് സഹകാരികളുടെ അഭിപ്രായങ്ങൾ സ്വരൂപിച്ചുകൊണ്ട് ഒരു കരട് ബിൽ അവതരിപ്പിച്ചത്. ഭരണ-പ്രതിപക്ഷ വ്യത്യാസം കൂടാതെ ഈ സഭയിൽ ഉയർത്തിക്കൊണ്ടുവന്ന് ആ ബിൽ സെലക്ട് കമ്മിറ്റിക്ക് വിട്ടു. നാലഞ്ച് സിറ്റിംഗ് കഴിഞ്ഞു. ഇനിയും സിറ്റിംഗ് ആവശ്യമാണ്. ഈ മേഖലയുടെ സമഗ്രവും സർവ്വതോൻമുഖവുമായ വളർച്ചയ്ക്ക് കേരളീയ സമൂഹത്തിന് സഹകരണ പ്രസ്ഥാനത്തിന് നല്കുവാൻ കഴിയുന്ന വിലപ്പെട്ട സംഭാവന ഭാവിയിൽ എന്തായിരിക്കണമെന്ന് ഇതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ആ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ബിൽ സംബന്ധിച്ച് ഇവിടെ ചർച്ചചെയ്യുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഈ സഹകരണ മേഖലയെക്കുറിച്ച് നടത്തിയിട്ടുള്ള ക്രിട്ടിസിസം. തെളിവെടുപ്പിലൂടെയുള്ള അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ശരിയായ ദിശാബോധം എല്ലാ അർത്ഥത്തിലും കൈവരിക്കുവാൻ സഹായിക്ക

LIBRARY ARCHIVES Kerala Legislative Assembly

ത്തക്കവിധത്തിൽ പരസ്പരം ചർച്ചയിലൂടെ കൊണ്ടുപോകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ മേഖലയിൽ സാമ്പത്തികമായി അനാരോഗ്യമായിട്ടുള്ള പ്രവണതകൾ പല സംഘങ്ങളിലും ഉണ്ടായിട്ടുണ്ട്. അതൊരു സത്യമാണ്. ചർച്ച തുടങ്ങിവച്ച ബഹുമാനപ്പെട്ട ഇ.എം.അഗസ്തി സൂചിപ്പിച്ചു, ഒന്നുരണ്ട് സംഘങ്ങളുടെ കാര്യം അദ്ദേഹം എടുത്തുപഞ്ഞു, ചിലത് പറഞ്ഞാൽ അത് എങ്ങനെ ആയിരിക്കും എന്നുള്ളതുകൊണ്ട് അദ്ദേഹം വിട്ടതായിരിക്കും. അറിയുവാൻ പാടില്ലാത്തതുകൊണ്ട് മറന്നതാണെന്ന് ഞാൻ ധരിക്കുന്നില്ല. സത്യസന്ധമായി ഈ പ്രശ്നത്തെ സമീപിക്കുന്നതായിരിക്കും ശരിയായ നിഗമനത്തിലേയ്ക്ക് എത്തുന്നതിന് സാധിക്കുക.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ഇവിടെ അവതരിപ്പിച്ചിട്ടുള്ള വൈദ്യുതി സഹകരണ വകുപ്പുകളെ സംബന്ധിച്ച് അനുകൂലമായും പ്രതികൂലമായും സമ്മിശ്രവുമായിട്ടുള്ള ചർച്ച നടക്കുകയുണ്ടായി. ആ ചർച്ചയിലൂടെ അനുകൂലമായും പ്രതികൂലമായും അഭിപ്രായ പ്രകടനങ്ങൾ ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. ചർച്ചയിൽ പങ്കെടുത്ത എല്ലാ പേർക്കും ആദ്യമായി നന്ദി രേഖപ്പെടുത്തിക്കൊണ്ട് ചർച്ചയിൽ ഉയർന്നുവന്നിട്ടുള്ള ഈ രണ്ടുവകുപ്പുകളെയും ശക്തിപ്പെടുത്തുവാൻ സഹായിക്കുന്ന വിധത്തിലുള്ള നിർദ്ദേശങ്ങളെയെല്ലാം സന്തോഷപൂർവ്വം സ്വാഗതം ചെയ്യുകയാണ്. സഹകരണമേഖലയെ സംബന്ധിച്ച് ഇവിടെ സ്വതന്ത്രവും ജനാധിപത്യപരവുമായ തെരഞ്ഞെടുപ്പില്ലാത്തതിന്റെ ഫലമായി 44 സംഘങ്ങളിൽ ഈ 3 വർഷത്തിനിടയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രൊട്ടക്ഷനോടുകൂടിയാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടിവന്നത്. 11,000 സഹകരണ സംഘങ്ങൾ കേരളത്തിലുണ്ട്. 11,000 സഹകരണ സംഘങ്ങൾ കേരളത്തിലുള്ളപ്പോൾ 44 എണ്ണത്തിന് മുൻധാരണപ്രകാരം, അതായത്, പ്രശ്നങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്, അതുകൊണ്ട് സംരക്ഷണം വേണമെന്ന് പറഞ്ഞ് കോടതിയെ സമീപിച്ച് സംരക്ഷണം വാങ്ങിച്ച പ്രശ്നങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് ഒരു മേഖലയെ പർവ്വതീകരിച്ചുകാണിച്ച് സഹകരണ മേഖലയുടെ വിശ്വസ്തതയ്ക്ക് മങ്ങൽ ഏല്പിക്കുന്ന വിധത്തിൽ ചർച്ച നടത്തിയത് ആരോഗ്യകരമാണോ എന്നത് ആ അഭിപ്രായങ്ങൾ പറഞ്ഞവർതന്നെ പരിശോധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. കേരളത്തിന്റെ സഹകരണമേഖല ഇൻഡ്യയ്ക്ക് മാതൃകയായിട്ടുള്ള മേഖലയാണ്. ഈ മേഖലയിൽ സാമ്പത്തികമായി ഏതെങ്കിലും തരത്തിലുള്ള അച്ചടക്കമില്ലായ്മ കാണിച്ചു എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട്, അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ളതായ എളങ്കുളമാകട്ടെ, ടൂറിസം സൊസൈറ്റിയാകട്ടെ, മാർക്കറ്റിംഗ് ഫെഡറേഷനാകട്ടെ, ഇതര സംഘങ്ങളാകട്ടെ, ഇത്തരം മേഖലകളിൽ സാമ്പത്തിക അച്ചടക്കം കാത്തു സൂക്ഷിക്കാൻ ബാധ്യതപ്പെട്ടവർ അത് ലംഘിച്ചാൽ, അവർ 'എ' ആകട്ടെ, 'ബി' ആകട്ടെ, ആരുമാകട്ടെ, ഒരു കാരണവശാലും നിയത്തിന്റെ മുന്നിൽനിന്നു രക്ഷപ്പെടാൻ അനുവദിക്കാൻ പാടില്ല എന്ന നിർബന്ധം ഗവൺമെന്റിനുണ്ട്. അതുകൊണ്ടാണ് വിജിലൻസിനു വിട്ടത്. നാം ഓരോരുത്തരും ആഗ്രഹിക്കുന്ന വിധത്തിൽ ഓരോ കേസ്സിന്റെ വേഗത വർദ്ധിച്ചില്ലായിരിക്കാം. വേഗത്തിൽ തീരുമാനമെടുക്കേണ്ടതാണെന്നുള്ള ഉദ്ദേശശുദ്ധിയും ഞാൻ അംഗീകരിക്കുന്നു. മറിച്ചെന്തെങ്കിലുമൊരു ചിന്തയുണ്ടെങ്കിൽ വിജിലൻസിന് വിടുകയോ വിടാതിരക്കുകയോ ചെയ്യാം. പക്ഷെ ആ വിധത്തിലൊരു സമീപനം, ഈ മേഖലയെ സംബന്ധിച്ച് ഏകപക്ഷീയമായി, പക്ഷപാതിത്വത്തോടുകൂടി ഉള്ള സമീപനത്തിലേയ്ക്ക് ചിന്തിക്കാതെ എല്ലാ അർത്ഥത്തിലും ഗവൺമെന്റ് സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയേയും

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ആരോഗ്യകരമായിട്ടുള്ള പുരോഗതിയേയും അടിസ്ഥാനമാക്കി തടസ്സം നിൽക്കുന്ന ഘടകങ്ങളും പ്രവണതകളുമുണ്ടെന്നു കണ്ടാൽ അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു വരികയുമാണ്. അതിന് ജീവനക്കാരായ ചിലരുടെ പേരിൽ നടപടി എടുത്തു, അതിന്റെ പ്രസിഡന്റായ കർത്തായുടെ പേരിൽ നടപടി എടുത്തോ എന്നാണ് ശ്രീ. അഗസ്തി ചോദിച്ചത്. ജീവനക്കാരുടെ പേരിലുള്ള ഡിപ്പാർട്ട്മെന്റ് തലത്തിലുള്ള നടപടി പോലെതന്നെ പ്രസിഡന്റായ കർത്തായുടെ പേരിൽ പാർട്ടി നടപടി എടുത്തോ എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്), ആ പാർട്ടിയിൽ നിന്നും അയാളെ പുറത്താക്കി. തിരിച്ച് സഹകരണമേഖലയിലെ ഏതെങ്കിലും സ്ഥാപനങ്ങളുടെ നടത്തിപ്പിൽ കെടുകാര്യസ്ഥത, സാമ്പത്തിക അച്ചടക്കം പരിരക്ഷിക്കപ്പെടുന്നതിൽ വീഴ്ച വരുത്തുക, ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഇന്നയിന്ന ആളുകളുടെ പേരിൽ നിങ്ങളെടുക്കേണ്ടതായിട്ടുള്ള മേൽപ്പറഞ്ഞ രൂപത്തിലുള്ള കർശനമായ നടപടി സ്വീകരിക്കാൻ നിങ്ങൾ സന്നദ്ധമായിട്ടുണ്ടോ എന്നത് വിമർശനം ഉന്നയിക്കുമ്പോൾ ഒരു ആത്മപരിശോധന നടത്തുന്നത് നല്ലതായിരിക്കും. ഞാൻ പറഞ്ഞു വരുന്നത്, ഈ മേഖലയെ സംബന്ധിച്ചിടത്തോളം പോലീസ് കേസ്സും മറ്റും അതിന്റെ നടപടിയനുസരിച്ച് നിയമപ്രകാരം ചെയ്തു തീർക്കേണ്ടതാണ്. പക്ഷേ അടിസ്ഥാനപരമായി, മൗലികമായി സഹകരണ പ്രസ്ഥാനത്തിന്റെ മേഖലയിൽ കുറ്റമറ്റ രൂപത്തിലുള്ള ഒരു വളർച്ചയും പുരോഗതിയുമുണ്ടാക്കുക, അതിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള നയവും സമീപനവും ആക്ടിന്റെ ഭേദഗതിയായാലും മറ്റു നടപടിക്രമങ്ങളായാലും ഗവൺമെന്റ് വച്ചു പുലർത്തുന്നുണ്ടെന്ന കാര്യം പറയുന്നതിൽ അതിയായ സന്തോഷമുണ്ട്. അതാണ് ഇവിടെ വന്ന പ്രശ്നങ്ങളിൽ എനിക്കുള്ള പൊതുസമീപനം വ്യക്തമാക്കാനുള്ളത്. നിയമനത്തിലെ സംവരണത്തിന്റെ കാര്യം പറയുകയുണ്ടായി. സംവരണത്തിന്റെ കാര്യത്തിൽ ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന സംവരണം തുടരുക എന്നതാണ് നയം. പക്ഷേ നിലവിൽ നാം ഒരു വസ്തുത മനസ്സിലാക്കണം. ഗവൺമെന്റിന്റെ നയമാണ് ഞാൻ ഉദ്ദേശിക്കുന്നത്. സഹകരണ ചട്ടത്തിൽ നിലവിലുള്ളത് എസ്.സി/എസ്.ടിക്ക് 10 ശതമാനം സംവരണമാണ് പറയുന്നത്. ഭരണഘടന പറയുന്ന സംവരണം നിലവിലുള്ള ചട്ടത്തിൽ ഇല്ല. ബഹുമാനപ്പെട്ട മെമ്പർ കെ.ബാബു പറഞ്ഞതുപോലെ 1995-ൽ തന്നെ അത് പി.എസ്.സി.യ്ക്കു വിട്ടു. അതിനൊന്നും തർക്കമില്ല. ഇയർ മാറ്റിപ്പറയുന്നതായ ഒരു പ്രശ്നവുമില്ല. മാറ്റിയാലൊട്ടു മാറുകയുമില്ല, കൂട്ടിച്ചേർത്താൽ കൂടുകയുമില്ല. കുറച്ചാൽ കുറയുകയുമില്ല. 1995-ൽ ബഹുമാനപ്പെട്ട എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്താണ് ജില്ലാ ബാങ്കു മുതൽ അപ്പക്സ് ബോഡികളിലേയ്ക്കുവരെയുള്ള നിയമനം പി.എസ്.സി.യ്ക്ക് വിടാൻ തീരുമാനിച്ചതെന്നാണ് ശ്രീ. കെ. ബാബു ഉദ്ദേശിക്കുന്നതെങ്കിൽ അതു തന്നെയാണ്. പഴയ നിയമസഭയിൽ വച്ചാണ് അതു ചർച്ച ചെയ്ത് പി.എസ്.സി.ക്ക് വിട്ടത്. അന്ന് പി.എസ്.സി.ക്കു വിട്ടപ്പോൾ ഇതിന്റെ റൂൾസ് ഫ്രെയിം ചെയ്തിരുന്നു. നയപരമായി സഭയിൽ പാസ്സാക്കി, റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ സഹകരണ ഡിപ്പാർട്ട്മെന്റും പി.എസ്.സി.യും തമ്മിലുള്ള ജീവനക്കാരുടെ എഴുത്തുകുത്തുകളുണ്ട്; അവരുടെ സംഘടനകളുമുണ്ട്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന് അതിനെക്കുറിച്ച് അറിയാം. സംഘടനകളുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഉണ്ടായ ചില ഇഷ്യൂസിൽ, അവരുടെ റൈറ്റ് നിഷേധിക്കരുത്. നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്നത് ഒരു ഏജൻസിക്ക് കൈമാറി എന്നുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ആനുകൂല്യങ്ങൾ നിഷേധിക്കരുതെന്നൊരു പൊതുസമീപനം ജീവനക്കാരുടെ ഇടയിൽ ഉയർന്നുവന്നു. ജീവനക്കാരുമായി ഡിസ്ക്കഷൻ നടത്തി, 50 ശതമാനം അവർക്ക് പ്രൈമറി സംഘങ്ങളിൽ നിലവിലുള്ള റിസർവേഷനുണ്ട്; അതു നഷ്ടപ്പെടുത്തരുതെന്നു പറഞ്ഞു. അതു ചട്ടമനുസരിച്ചെന്നുള്ളതു കണ്ടു. പി.എസ്.സി. റിസർവേഷന്റെ കാര്യത്തിൽ ഭരണഘടനയനുസരിച്ച് തുടരേണ്ടതാണെന്നുള്ളത് ചിന്തിക്കുന്നു എന്നുള്ളത് യഥാർത്ഥത്തിൽ റിട്ടണായി, പി.എസ്.സി. കഴിഞ്ഞ ഒരു മാസത്തിൽ കൂടിയശേഷം പത്രവാർത്തകളിൽ വന്നു. അതു വന്നപ്പോൾ ഞാൻ സഭയിൽ പറഞ്ഞു, ഭരണഘടന അനുശാസിക്കുന്ന വിധത്തിലുള്ള റിസർവേഷൻ, ഇവിടെനിന്ന് മറ്റു നിയമങ്ങളോ മറ്റു രൂപത്തിലുള്ളതൊന്നുമോ നടത്തിയിട്ടില്ല, തുടരുക എന്നതു തന്നെയാണ്. അതു പി.എസ്.സി.യെ അറിയിക്കാനും നിശ്ചയിച്ചിട്ടുണ്ട്. അതിനു മനഃപൂർവ്വമായ എന്തെങ്കിലും കാലതാമസമോ മനഃപൂർവ്വമായി തടസ്സപ്പെടുത്തുക എന്നുള്ളതോ അല്ല. നിയമനങ്ങൾ നടക്കാത്തതിന്റെ ഫലമായിട്ട് ജില്ലാ ബാങ്കുകളിലെ ഫംഗ്ഷൻ ഫലപ്രദമായി നടക്കുന്നില്ല എന്ന പരാതിയാണ് നമ്മൾ കേൾക്കേണ്ടിവരുന്നത്. യഥാർത്ഥത്തിലുണ്ടായ കാര്യങ്ങൾ വസ്തുതാപരമായി ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നുണ്ട് എന്നതു നല്ലതാണ്. പരിയാരം മെഡിക്കൽ കോളേജിന്റെ പ്രശ്നവും സഹകരണ അക്കാദമി രൂപീകരിക്കപ്പെട്ട പ്രശ്നത്തെക്കുറിച്ചുമുള്ള ക്രിട്ടിസിസങ്ങൾ ഇവിടെ വന്നു. സഹകരണമേഖലയിൽ പ്രൊഫഷണൽ അക്കാദമി രൂപീകരിക്കുക എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രൊഫഷണലായിട്ടുള്ള കൂടുതൽ വിദ്യാഭ്യാസ സൗകര്യത്തിന് ഈ സെക്ടറിലെ ധനം സർപ്ലസായി വരുന്നത് ഉപയോഗപ്പെടുത്തിക്കൊണ്ട് വരുകയെന്ന കാഴ്ചപ്പാടു വച്ചിട്ടാണ്. പരിയാരത്തെ എതിർത്തില്ലേ എന്നു ചോദിക്കുകയുണ്ടായി. ഒരു കാര്യം അതിനെക്കുറിച്ചു പറയാം. പരിയാരം മെഡിക്കൽകോളേജിനെ എതിർത്തു എന്നതു ശരിയാണ്. ആ എതിർപ്പിന് അടിസ്ഥാനപരമായ ചില കാരണങ്ങളുണ്ട്. അന്ന് പരിയാരം മെഡിക്കൽ കോളേജിനുവേണ്ടി രൂപീകൃതമായ ആട്ടോണമസ് ബോഡിയിൽ ചെയർമാനായിരുന്നത് കേരളാ മുഖ്യമന്ത്രി എന്ന ഒഫിഷ്യൽ കപ്പാസിറ്റിയിൽ ആയിരുന്നില്ല. അതിന്റെ വൈസ് ചെയർമാനായിരുന്നത് സഹകരണവകുപ്പുമന്ത്രി എന്ന ഒഫിഷ്യൽ കപ്പാസിറ്റിയിലായിരുന്നില്ല. ഒരു മേഖലയുടെ ധനം വിനിയോഗിക്കുന്ന അവസരത്തിൽ വ്യക്തിപരമായി നിശ്ചയിക്കപ്പെടുന്നത് തികച്ചും തെറ്റാണ്. അതുപോലെ തന്നെ മെറിറ്റ് പൂർണ്ണമായി പാലിച്ചിരുന്നില്ല. റിസർവേഷൻ പൂർണ്ണമായി പാലിച്ചിരുന്നില്ല. എൻ.ആർ.ഐ.സീറ്റിൽ എൻട്രൻസ് നടത്താത്തത് പണമുണ്ടെങ്കിൽ ആർക്കും അതിൽ അഡ്മിഷൻ കിട്ടും എന്നതാണ്. ഇത്തരം ചില കുറവുകൾ നമ്മൾ ചൂണ്ടിക്കാണിച്ചിരുന്നു. അതു നിങ്ങൾക്കറിയാവുന്നതാണ്. ഞാൻ മറ്റൊന്നുമുദ്ദേശിച്ചല്ല പറയുന്നത്. 1996-ലെ ഗവൺമെന്റ് അധികാരത്തിൽനിന്ന് പോയതിനുശേഷവും ബഹുമാനപ്പെട്ട കെ. കരുണാകരൻ അതിന്റെ ചെയർമാനായിരുന്നു. അതു ഇൻഡിവിഡ്വൽ കപ്പാസിറ്റിയിലായിരുന്നു എന്നുള്ളതുകൊണ്ടാണ് എതിർത്തത്. ഇന്ന് കേരളാ മുഖ്യമന്ത്രി സ്ഥാനമൊഴിഞ്ഞാൽ, സഹകരണവകുപ്പുമന്ത്രി ഒഴിഞ്ഞാൽ നാളെ വരുന്നത് ആരാണോ ആ മുഖ്യമന്ത്രിയായിരിക്കും സഹകരണ അക്കാഡമിയുടെ ചെയർമാൻ. സഹകരണവകുപ്പു മന്ത്രിയായിരുക്കും അതിന്റെ വൈസ് ചെയർമാൻ. അവരുടെ ഒഫിഷ്യൽ കപ്പാസിറ്റിയിലായിരിക്കും. ഈ വ്യത്യാസമുണ്ടായിരുന്നു. വടകരയിൽ ഇപ്പോൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതായിട്ടുള്ള സ്ഥാപനത്തിന്റെയും കോളേജിന്റെയും തുടർന്നുദ്ദേശിക്കുന്നതായ കാര്യങ്ങളിൽ പ്രധാനമായും 100 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

റിസർവേഷൻ പാലിക്കും. സഹകരണ മേഖലയിലെ പ്രൊഫഷണൽ കോളേജ് ആകട്ടെ, മെഡിക്കൽ കോളേജാകട്ടെ, എഞ്ചിനീയറിംഗ് കോളേജാകട്ടെ എൻ.ആർ.ഐ സീറ്റില്ല, ഫുള്ളി മെറിറ്റ്, ഫുള്ളി റിസർവേഷൻ; അതാണ്. റിസർവേഷന്റെ ആനുകൂല്യം എത്രയാണോ അതു പൂർണ്ണമായി സംരക്ഷിക്കപ്പെടും. പൂർണ്ണമായും മെറിറ്റുമായിരിക്കും. എന്തിനെതിരായിട്ടാണ് ഒരു ക്രിട്ടിസിസം ആ കാലത്ത് ഉയർത്തപ്പെട്ടതെങ്കിൽ അതുയർത്തിയ ആളുകൾ പിന്നീട് ആ പ്രശ്നം കൈകാര്യം ചെയ്യുമ്പോൾ എങ്ങനെ പാലിച്ചിരിക്കണമെന്ന തിരിച്ചറിവ് ഇക്കാര്യത്തിൽ പാലിക്കുന്നതിനു പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. അതാണ് എനിക്കു ഇതു സംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. ഇ.എം. അഗസ്തി : സർ, നിയമനം എങ്ങനെയായിരിക്കും?

3.00 PM

ശ്രീ. എസ്. ശർമ്മ: സർ, സ്ഥാപനങ്ങൾ വന്ന് അതിന്റെ ഫംഗ്ഷൻ ആരംഭിച്ചതിനുശേഷം നിയമനവും മറ്റുകാര്യങ്ങളെ സംബന്ധിച്ചും അതിന്റെ വിശദാംശങ്ങളെ സംബന്ധിച്ചും പിന്നീട് ഗവൺമെന്റ് ഡിസ്ക്കസ് ചെയ്ത് നിശ്ചയിക്കും. കേരളാ ഗവണ്മെന്റ് നടത്തിവരുന്ന എൻട്രൻസ് പരീക്ഷയിൽ 100% മെറിറ്റും അതിനു പാലിക്കപ്പെടുന്ന റിസർവേഷനുമാണ്. അതിൽ ആദ്യഘട്ടത്തിൽ 50% ഫ്രീ സീറ്റുണ്ട്, കോഴ്സ് തീരുമ്പോൾ ഫലത്തിൽ 100% ഫ്രീയായി മാറും. 50%-നു മുകളിൽ വരുന്ന കുട്ടിക്ക് കാഷൻ ഡെപ്പോസിറ്റില്ല. അത് ഗവൺമെന്റു നിശ്ചയിക്കും. അതു കൊടുക്കാൻ 58-ാമതോ 60-ാമതോ ആയി വരുന്ന ഒരു പാവപ്പെട്ട കുട്ടിക്ക് പണമില്ലെന്നുവയ്ക്കുക, സ്വന്തം ഗ്യാരന്റിയിൽ ജില്ലാ ബാങ്ക് ഏറ്റവും ചുരുങ്ങിയ പലിശയ്ക്ക് പണം കടം കൊടുക്കും. 50% മാർക്കിനുമുകളിൽ വരുന്ന ഒരു പാവപ്പെട്ട കുട്ടിക്ക് പൈസ അടയ്ക്കാനില്ലെങ്കിൽ അതിന്റെ പേരിൽ അഡ്മിഷൻ നിഷേധിക്കില്ല. ജില്ലാ ബാങ്കിൽ അപേക്ഷ കൊടുത്താൽ കുട്ടിയുടെ സ്വന്തം ജാമ്യത്തിൽ പൈസ കൊടുക്കും. കാഷൻ ഡെപ്പോസിറ്റു വയ്ക്കുന്നത് ആ കുട്ടി മടങ്ങിപ്പോകുന്ന സന്ദർഭത്തിൽ തിരിച്ചുകൊടുക്കുകയും ചെയ്യും. പലിശ മാത്രം കൊടുത്താൽ മതി. അപ്പോൾ മെറിറ്റിൽ 100%, റിസർവേഷൻ പാലിക്കപ്പെടുക, എൻ.ആർ.ഐ സീറ്റില്ല, പേമെന്റില്ല. റീപേ ചെയ്യുന്നത് എന്നർത്ഥം വരുമ്പോൾ പേമെന്റാവില്ല. തിരിച്ചു കൊടുക്കാതെ വരുന്നതാണ് പേമെന്റ് എന്നു പറയുന്നത്.

ശ്രീ. ടി.എം. ജേക്കബ് : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ അഡ്മിഷൻ രീതിയെ സംബന്ധിച്ച് പറയുകയുണ്ടായി. അതിന്റെ മുതൽമുടക്കിനെ സംബന്ധിച്ച് എന്തെങ്കിലും റെസ്ട്രിക്ഷൻസ് നബാർഡ് പറഞ്ഞിട്ടുണ്ടോ? അതുപോലെ സഹകരണ സ്ഥാപനങ്ങളിൽ എത്ര പെർസെന്റേജാണ് ഇങ്ങനെയുള്ള അക്കാദമിക്കുവേണ്ടി മാറ്റാനുദ്ദേശിക്കുന്നത്?

ശ്രീ. എസ്. ശർമ്മ : സർ, നബാർഡിന്റെ പ്രശ്നം ഇവിടെ ഡിസ്കഷനിൽ വന്ന ഒരു പോയിന്റാണ്. പത്രങ്ങളിലും ഇത് സജീവമായി ചർച്ച ചെയ്തതാണ്. ചില സന്ദർഭങ്ങളിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഇതിനുവേണ്ടിയുള്ള പ്രാഥമിക പ്രവർത്തനങ്ങൾക്കും ചെലവുകൾക്കുമായി, ഇതിന്റെ അക്കാദമിയുടെ രൂപം എന്നു പറയുന്നത് ഇതിൽ 14 ജില്ലാ ബാങ്ക് പ്രസിഡന്റുമാരാണുള്ളത്. മുഖ്യമന്ത്രി –ചെയർമാൻ, സഹകരണ വകുപ്പുമന്ത്രി വൈസ് ചെയർമാൻ, കോർപ്പറേഷൻ സെക്രട്ടറി, രജിസ്ട്രാർ, ഹെൽത്ത് സെക്രട്ടറി, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ, ഡി.എം.ഇ. ഇവരൊക്കെ അടങ്ങുന്നതാണ് ബോർഡ്. ഇതിൽ പ്രാഥമിക പ്രവർത്തനങ്ങളിൽ സ്ഥലം ഫ്രീയായി എടുത്തു തരികയെന്നുള്ളതിനാണ് മുൻഗണന. ഇപ്പോൾ മെഡിക്കൽ കോളേ

LIBRARY ARCHIVES Kerala Legislative Assembly

ജിന്റെ കാര്യത്തിൽ നമ്മൾ നിശ്ചയിച്ചതു പ്രകാരം 60 ഏക്കർ എച്ച്.എം.ടി. യുടെ സ്ഥലം തരാൻ നിശ്ചയിച്ചിട്ടുണ്ട്, അതിന് ക്യാബിനറ്റ് തീരുമാനം എടുത്തിട്ടുണ്ട്. വടകരയിൽ ആരംഭിക്കാൻ പോകുന്നതിനുള്ള 25 ഏക്കർ സ്ഥലത്തിൽ 10 ഏക്കർ സ്ഥലം ഇപ്പോൾ കൈമാറിക്കഴിഞ്ഞു. 15 ഏക്കർ അടുത്തുതന്നെ തരാമെന്നുപറഞ്ഞു. ഇതിനു വരുന്ന ചെലവ് കണക്കാക്കുന്നത്, അങ്ങ് ഉദ്ദേശിക്കുന്ന ചോദ്യത്തിന്റെ അർത്ഥം ക്യാപിറ്റൽ കോസ്റ്റ് എങ്ങനെ മീറ്റ് ചെയ്യാമെന്നാണ്. നമ്മൾ ഉദ്ദേശിക്കുന്നത് പ്രധാനമായും പൊതു നൻമ ഫണ്ടിൽനിന്നും ജില്ലാ ബാങ്ക് സഹകരണ ചട്ടം 56 അനുസരിച്ച് സാമ്പത്തിക സഹായം ചെയ്യുക എന്നുള്ളത് നിലവിലുള്ള ചട്ടമാണ്, ആ ചട്ടമനുസരിച്ച് കോമൺ ഗുഡ് ഫണ്ടിൽനിന്നും സഹായം ചെയ്യുന്നതിനും ഈ വർഷം അത്രയും തരുന്നതിനില്ലായെങ്കിൽ, ആ പൈസ കൂടുതൽ വന്നാൽ അടുത്ത വർഷം അത് റീകൂപ്പ് ചെയ്യാവുന്ന വിധത്തിൽ അതിന് പെർമിസ്സീവ് സാങ്ഷൻ കൊടുക്കുന്നതാണ്. പെർമിസ്സീവ് സാങ്ഷനെന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത് ജില്ലാ ബാങ്കിന്റെ ബോർഡിൽ വച്ച് ചർച്ച ചെയ്ത് തീരുമാനിക്കപ്പെടുമ്പോൾ അതിനുള്ളതേ വരുന്നുള്ളൂ. അതിനുള്ള അനുവാദം രജിസ്ട്രാർ പെർമിസ്സീവ് സാങ്ഷനായി കൊടുത്തിട്ടുണ്ട്. അത് സാമ്പത്തിക സഹായമായിട്ടാണ്, ഡൊണേഷനായിട്ടല്ല. അത് പ്രാഥമികമായിട്ടുള്ളതാണ്. കോമൺ ഗുഡ് ഫണ്ട് ഇല്ലാത്ത സ്ഥാപനങ്ങളുണ്ടെങ്കിൽ ഓരോ വർഷത്തെ കണക്ക് നോക്കിയതിനുശേഷം വർഷാവസാനമാകുമ്പോൾ മാത്രമേ കൃത്യമായ വിവരം പറയാൻ പറ്റുകയുള്ളൂ. പക്ഷേ ഏതെങ്കിലും കാരണവശാൽ കുറവുവന്നാൽ അടുത്ത തവണ വരുന്നതിൽനിന്നും റീകൂപ്പ് ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടാണ് അത് ചെയ്യുന്നത്, അത് ചട്ടം 56 അനുസരിച്ച് വ്യവസ്ഥ ചെയ്യുന്നുണ്ട്. അതനുസരിച്ചാണ് രജിസ്ട്രാർ അതിന് പെർമിസ്സീവ് സാങ്ഷൻ കൊടുത്തിട്ടുള്ളത്. അതേ അവസരത്തിൽ ഈ സാങ്ഷൻ കൊടുത്തിട്ടുള്ളതിനെ നബാർഡ് എതിർത്തിട്ടുണ്ട്. ഒന്നാമത് നബാർഡ് ചെയ്യുന്ന എല്ലാ പ്രവൃത്തികളോടും കേരള ഗവൺമെന്റിന് യോജിപ്പില്ല. ഇക്കാര്യത്തിൽ നമ്മളൊരു പൊളിറ്റിക്കൽ ആറ്റിറ്റ്യൂഡ് എടുക്കരുത്. കാർഷിക വികസന ബാങ്കിന് കൂറച്ച് ഫിനാൻഷ്യൽ ബെനിഫിറ്റ് തരുന്നു എന്നതൊഴിച്ചാൽ നമ്മുടെ കാർഷിക മേഖലയിൽ ഫണ്ട് കാര്യമായിതരാറില്ല. നബാർഡ് എത്രയോ വർഷമായി മിനിമം ഇൻവോൾവ്മെന്റ് എന്നുള്ളതിന്റെ പേരിൽ യു.പി.യിലും ഗുജറാത്തിലുമൊക്കെ 800-ഉം 900-ഉം കോടി രൂപ കൊടുത്തിട്ട് തിരിച്ച് ഒരു പൈസ കൊടുത്തിട്ടില്ല. നമ്മൾ പൈസ വാങ്ങിയാൽ കൃത്യമായി മടക്കിക്കൊടുക്കുന്നവരാണ്. അതുമനസ്സിലാക്കി, കേരളത്തിന്റെ സ്ഥലകാല-ദേശ പരിതഃസ്ഥിതി മനസ്സിലാക്കി ഒരു നിലപാട് സ്വീകരിക്കാൻ ബാദ്ധ്യതപ്പെട്ട നബാർഡ് തൊടുന്നതിനു മുഴുവൻ ഈ തർക്കങ്ങളുമായി വരികയാണ്. അതുകൊണ്ട് നബാർഡിന്റെ ഈ നിലപാട് ശരിയല്ലെന്നു പറഞ്ഞുകൊണ്ട് നബാർഡ് അയച്ചിരിക്കുന്ന കത്ത് പിൻവലിക്കണമെന്നു പറഞ്ഞുകൊണ്ട് രജിസ്ട്രാർ തിരിച്ച് ഒരു കത്ത് കൊടുത്തിട്ടുണ്ട്. ഈ ഫണ്ട് കൂടാതെ പ്രധാനമായി പിന്നെ ഉദ്ദേശിക്കുന്ന ഫണ്ട് ഈ വർഷം നാഷണൽ സേവിംഗ്സ് ഫണ്ടിന്റെ ഡെപ്പോസിറ്റ് മൊബിലൈസേഷനാണ്. എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്ന സ്ഥലത്തും മെഡിക്കൽ കോളേജ് തുടങ്ങുന്ന സ്ഥലത്തുമെല്ലാം ഈ കോ-ഓപ്പറേറ്റീവ് അക്കാദമി മുൻകൈ എടുത്തുകൊണ്ട് വ്യക്തികളേയും, എറണാകുളത്ത് നമ്മൾ ഉദ്ദേശിച്ചിട്ടുള്ള മെഡിക്കൽ കോളേജിനുവേണ്ടി ചേമ്പർ ഓഫ് കോമേഴ്സിന്റെയും ഇൻഡസ്ട്രീസിന്റെയും പ്രതിനിധികൾ, മറ്റ് ഉദ്യോഗസ്ഥൻമാർ എല്ലാവരേയും കണ്ട്, താലൂക്കടിസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നത്തിൽ ഇവിടെ എത്ര മൊബിലൈസേഷൻ നടത്തി അത്രയും നാഷണൽ സേവിംഗ്സിന്റെ ഈയർലി നിശ്ചയിക്കുന്ന ടാർജറ്റ് കഴിഞ്ഞ് കൂടുതൽ നമ്മൾ മൊബിലൈസ് ചെയ്ത് കൊടുക്കുന്നതിന്റെ 75% നമുക്ക് ഗ്രാന്റായി നൽകാമെന്ന് എഗ്രീ ചെയ്തിട്ടുണ്ട്. ആ ഫണ്ടാണ് നമ്മൾ ഇതിന്റെ അടിസ്ഥാനപരമായ മൂലധനചെലവിനും റണ്ണിംഗിന്റെ ഒരു ഭാഗത്തിനുംവേണ്ടി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്. അങ്ങനെ വന്നാൽ അക്കാദമി പ്രതീക്ഷിക്കുന്നത് ഈ വർഷം ഈ ഇനത്തിൽ 150 കോടി രൂപയെങ്കിലും കുറഞ്ഞത് ഗ്രാന്റായി കിട്ടാൻ കഴിയുമെന്ന് കണക്കാക്കിക്കൊണ്ടുള്ള ഒരു വിപുലമായ മൊബിലൈസേഷൻ പ്രോഗ്രാമാണ്. അതിന്റെ പ്രവർത്തനം മുന്നോട്ടുനീങ്ങിയതിനു ശേഷം വരുന്ന അനുഭവങ്ങളെ അടിസ്ഥാനമാക്കി ഇതിന്റെ ഫലമായി മറ്റ് ആളുകൾക്കാർക്കെങ്കിലും വ്യക്തിപരമായി ബുദ്ധിമുട്ടുണ്ടാകുന്നില്ല, ഈ സെക്ടറിലെ ഫണ്ട് നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്യാം. അതേസമയം ഇപ്പോൾത്തന്നെ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് നാഷണൽ സേവിംഗ്സിന് ഫണ്ട് പിരിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ പഞ്ചായത്തുകൾക്കും വികസന ഏജൻസികൾക്കും 25% ഇൻസെന്റീവ് കൊടുക്കുന്നുണ്ട്. ഇപ്പോൾത്തന്നെ കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. അത് ഇങ്ങനെ ഇതുവഴി പിരിച്ചുകൊടുത്താൽ കിട്ടുമെന്നുള്ളതുകൊണ്ട്, അപ്പോൾ സർക്കാരിന് ബാധ്യതയില്ലാതെ, സഹകരണ മേഖലയ്ക്ക് ഭാവിയിൽ ഭാരം പേറാതെ അതേസമയം ഈ രൂപത്തിലുള്ള സാധ്യതയും പ്രായോഗികമായി കണ്ടുകൊണ്ടുള്ള ലക്ഷ്യം വച്ചാണ് നീങ്ങുന്നത്. അതാണ് ഇപ്പോൾ അതിനുവേണ്ടി ഉദ്ദേശിക്കുന്നത്.

ശ്രീ. നാലകത്ത് സൂപ്പി : സർ, കോമൺ ഗുഡ് ഫണ്ട് എത്ര ശതമാനമെന്നതിന് ലിമിറ്റുണ്ട്. അതില്ലാത്ത സ്ഥാപനങ്ങളിൽ അടുത്ത തവണ റീകൂപ്പ് ചെയ്യാമെന്ന് പറയുന്നുണ്ട്. അത് റീകൂപ്പ് ചെയ്തുവരുന്ന പ്രോസ്സസ് തുടർന്നു വരുന്നത് സാധിക്കില്ല. കോമൺ ഗുഡ് ഫണ്ടിനെ സംബന്ധിച്ച് വേറൊരു ഗൈഡ്ലൈൻ കൊടുക്കേണ്ടിയിരിക്കുന്നു, അല്ലെങ്കിൽ സഹകരണ നിയമത്തിൽ മാറ്റം വരുത്തണം. എന്നാലെ ഉദ്ദേശിച്ച രീതിയിലുള്ള ഫണ്ട് അവയിൽ ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീ. എസ്. ശർമ്മ : ഈ വർഷം അവസാനത്തോടുകൂടി, ആഡിറ്റ് പരിശോധനയ്ക്ക് ശേഷമേ കൃത്യമായി പറയുവാൻ പറ്റുകയുള്ളൂ.

ശ്രീ. കെ.സി. ജോസഫ് : ഡി.വൈ.എഫ്.ഐ. അടക്കമുള്ള സംഘടനകൾ കേരളത്തിലെ ബാങ്കുകളുടെ വായ്പാനിക്ഷേപ അനുപാതത്തിന്റെ പേരിൽ സമരത്തിലാണ്. ഇങ്ങനെ സമരം ചെയ്യുന്ന സാഹചര്യത്തിൽ കേരളത്തിലെ സഹകരണബാങ്കുകൾ കാർഷിക, വ്യാവസായിക മേഖലയ്ക്കുവേണ്ടി മാറ്റിവയ്ക്കേണ്ട തുക മറ്റാവശ്യത്തിനുവേണ്ടി മാറ്റിവയ്ക്കുകയാണെങ്കിൽ വീണ്ടും കാർഷിക വ്യാവസായിക മേഖലയ്ക്ക് നൽകുന്ന വായ്പയ്ക്കുള്ള കവാണ്ടം കുറയുകയല്ലേ? അത് കേരളത്തിന്റെ പുരോഗതിയെ ബാധിക്കുമെന്നുള്ള ആശങ്ക ശരിയാണോ?

ശ്രീ. എസ്. ശർമ്മ : ആ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. നമ്മുടെ സഭയിൽ തന്നെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് കഴിഞ്ഞ സെഷനിൽ ഇത് ഉയർന്നുവന്നപ്പോൾ അത് സൂക്ഷ്മമായ പരിശോധനയ്ക്ക് വന്ന വിഷയമാണ്. സഹകരണ മേഖല പ്രധാനമായും കാർഷിക മേഖലയുടെ വളർച്ചയ്ക്കും പുരോഗതിക്കും ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനം തുടങ്ങി. അതിന്റെ പ്രവർത്തനത്തിന് തടസ്സമായി വരുന്ന ഒരു തീരുമാനവും ഒരിക്കലും എടുക്കാൻ പാടില്ല. പരിശോധന നടത്തിയപ്പോൾ ആ പരിശോധനയിൽ കാണാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞത് കാർഷിക മേഖലയ്ക്ക് ഇനിയും എത്ര പണം ആവശ്യമാണോ അതത്രയും നിർവഹിക്കാൻ കഴിയത്തക്കവിധത്തിലുള്ള സാധ്യതകൾ ഉണ്ടെന്നാണ്. പണമില്ലാത്ത ഒരു പ്രശ്നംകൊണ്ട് സഹകരണ മേഖലയുടെ വായ്പ കാർഷികമേഖലയുടെ വികസനത്തിന് തടസ്സമായി നിൽക്കില്ല. ആവശ്യം നേരിടാൻ സാങ്കേതിക വിധത്തിൽ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പുരോഗതികളുണ്ടാകണം, ഉൽപ്പാദനത്തിന്റെ ആവശ്യം കണക്കിലെടുത്ത് നിർവഹിക്കാൻ കഴിയുന്ന ധനസ്രോതസ് ഈ മേഖലയിൽ ഇപ്പോൾ ഉണ്ട്. അതുകൊണ്ട് ആ ആശങ്ക അസ്ഥാനത്താണ് എന്ന് വിനയപൂർവം പറയുവാൻ ആഗ്രഹിക്കുകയാണ്. മാത്രമല്ല ഇതുകണ്ടുകൊണ്ട് ചില പ്രോഗ്രാം ഈ കാർഷികമേഖലയിൽ ചെയ്യേണ്ടതായിട്ടുണ്ടെന്ന് കാണുന്നുണ്ട്. അത് തുടർന്ന് ഞാൻ സംസാരിക്കുമ്പോൾ വ്യക്തമാക്കുകയും ചെയ്യും. പിന്നെ സഹകരണ മേഖലയെപ്പറ്റിയുള്ള വിശ്വാസത്തിൽ വളരെയേറെ തകർച്ച സംഭവിച്ചുകഴിഞ്ഞിരിക്കുന്നു എന്ന് ബഹുമാന്യനായ ശ്രീ. മാമ്മൻ മത്തായി സംസാരിച്ചപ്പോൾ പറയുകയുണ്ടായി. വിശ്വാസ്യത വർദ്ധിച്ച് വരുകയാണ്. വർദ്ധനവിന്റെ അടിസ്ഥാനമെന്ന് പറയുന്നത്, ജനങ്ങൾ നിക്ഷേപിക്കുന്ന വിശ്വാസത്തിന്റെ ആണിക്കല്ല് എന്ന് പറയുന്നത് അവരുടെ കൈയിലുള്ള പണം അവർ എവിടെയാണോ നിക്ഷേപിക്കുന്നത്, വിശ്വാസമുള്ളതുകൊണ്ട് കൂടുതൽ പണം നിക്ഷേപിക്കുന്നു. ഈ വർഷം നിശ്ചയിച്ചിട്ടുള്ള ടാർജറ്റ് 200 കോടി രൂപയായിരുന്നു. അത് കേരളത്തിന്റെ ഇതുവരെയുള്ള ചരിത്രത്തിൽ ഏറ്റവും വലിയ നിക്ഷേപമാണ്. 725 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു എന്നുള്ളത് ആരുടേയും വ്യക്തിപരമായ ഇടപെടലുകൊണ്ടല്ല. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ച ചോദ്യമനുസരിച്ചാണെങ്കിൽ എല്ലാ വർഷങ്ങളിലേയും കണക്കെടുത്ത് നോക്കുമ്പോൾ ഈ പത്തു വർഷവും ബാധകമായിരിക്കുമല്ലോ. ഏതായാലും ഈ വർഷമായിരിക്കുകയില്ല. 1997 മാത്രമായിരിക്കുകയില്ല, 1996 മാത്രമായിരിക്കുകയില്ല, 1995 മാത്രമായിരിക്കുകയില്ല. നിക്ഷേപം ആരംഭിച്ച വർഷം മുതലുള്ള വർഷങ്ങളായിരിക്കുമല്ലോ. ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കപ്പെട്ടിട്ടുള്ള വർഷമെന്നുള്ള നിലയിലാണ്. ആരുടേയും വ്യക്തിപരമായ പ്രത്യേകതയൊന്നും ഇതിനകത്തില്ല. കേരളത്തിലെ സഹകരണ മേഖലയിൽ അർപ്പിച്ചുവരുന്ന വിശ്വാസത്തിന് കൂടുതൽ അംഗീകാരത്തോടുകൂടി ജനങ്ങൾ ഈ മേഖലയിൽ സഹകരിക്കാൻ സന്നദ്ധമായി വരുന്നുവെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. അല്ല മറിച്ച് അവിശ്വാസംകൊണ്ടാണ് കൂടുതൽ നിക്ഷേപമെന്നുള്ളതാണെങ്കിൽ ആ വിശ്വാസം കാത്തുസൂക്ഷിക്കാനുള്ള അവകാശം അങ്ങേയ്ക്കുണ്ട്. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല.

<u>ശ്രീ. ഇ.എം. അഗസ്തി</u> : ഞാൻ കോട്ടയം ഇളംകുളം സർവീസ് സഹകരണ ബാങ്കിന്റെ കാര്യം പറഞ്ഞപ്പോൾ അങ്ങ് വളരെ നിഷ്പക്ഷമായി അന്വേഷണം നടത്തുമെന്ന് പറഞ്ഞു. ഞാൻ അത് വിശ്വസിക്കുകയാണ്. അങ്ങനെയാകട്ടെ എന്നാണ് എന്റെ ആശംസയും. ഞാൻ ഒന്ന് ചോദിക്കട്ടെ ഒരു സഹകരണ ബാങ്കിലെ ചെറിയ ക്രമക്കേടെന്നാണ് പറഞ്ഞത്. പക്ഷെ അങ്ങ് നൽകിയ ഉത്തരമനുസരിച്ചുതന്നെ ഇളംകുളം സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേട് പതിനഞ്ച് കോടി എൺപത്തിയൊന്ന് ലക്ഷത്തി അൻപത്തിഏഴായിരത്തി എഴുനൂറ്റി നാല്പത്തിരണ്ട് ലക്ഷം രൂപയുടേതാണ്. ഇത് ഒരു സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടാണ്. ആ സംഘത്തിന്റെ പ്രസിഡന്റിനെയാണ് ഇപ്പോൾ പാർട്ടിസ്ഥാനത്തുനിന്ന് മാറ്റിയെന്ന് പറയുന്നത്. അതിനേക്കാൾ പ്രധാനപ്പെട്ട പ്രശ്നം അങ്ങ് പറഞ്ഞ മറുപടിയനുസരിച്ച് ആ സഹകരണസംഘം ചട്ടത്തിന് വിരുദ്ധമായി വേറൊരു പ്രൈമറി

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിന് വായ്പ കൊടുത്തിരിക്കുകയാണ്. ആ പ്രൈമറി സംഘത്തിൽ 75 അംഗങ്ങളുണ്ട്. അങ്ങ് കടലാസ് സംഘടനയ്ക്കെതിരാണെന്ന് സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. യാതൊരു പ്രവർത്തനവുമില്ലാത്ത 75 അംഗങ്ങൾ മാത്രമുള്ള ഒരു സഹകരണസംഘത്തിന് കൊടുത്തിരിക്കുന്ന വായ്പ ഇളംകുളം സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേട് കാണിച്ച് 15 കോടിയിൽ മൂന്ന് കോടി നാല്പത്തിയാറ് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാനൂറ്റി പതിനഞ്ചു ലക്ഷം രൂപയാണ്. ഏതാണ്ടു മൂന്നര കോടി രൂപയാണ്. ഈ സംഭവം നടന്നിട്ട് മൂന്നുവർഷമായി. ഇപ്പോഴും വിജിലൻസ് അന്വേഷിക്കുന്നു എന്നാണ് അങ്ങ് പറയുന്നത്. അങ്ങയുടെ മുൻഗാമിയും വിജിലൻസ് അന്വേഷണം നടക്കുന്നുവെന്നാണ് പറഞ്ഞത്. ഈ 75 പേരുള്ള ഭരണസമിതിയുടെ പ്രസിഡന്റ് ദേശാഭിമാനിയുടെ കോട്ടയം യൂണിറ്റിലെ മാനേജരായ പ്രൊഫ: എം.പി. ജോസഫ് ആണ്. ഞാൻ രാഷ്ട്രീയത്തിലേയ്ക്ക് വരുന്നില്ല. 15 കോടി രൂപയുടെ അപഹരണവുമായി ബന്ധപ്പെട്ട് മൂന്ന് കോടി രൂപയുടെ അപഹരണം ഈ സംഭവത്തെപ്പറ്റി അന്വേഷിക്കാൻ മൂന്നുവർഷമെടുത്തിട്ടും അങ്ങ് രണ്ട് വർഷം മുൻപ് പറഞ്ഞ അതേ തരത്തിലുള്ള മറുപടിയാണ് പറഞ്ഞത്. ഇത് മന്ത്രിയെന്ന് പറഞ്ഞിരിക്കുന്ന സ്ഥാനത്തിന് യോഗ്യതയാണോ എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. എസ്. ശർമ്മ</u> : ഇങ്ങനെ വഴങ്ങാൻ പറ്റുകയില്ല, പ്രസംഗിക്കാനെടുക്കുന്ന സമയത്തിലും കൂടുതൽ സമയമെടുത്തല്ലോ? അപ്പോൾ പ്രതി ആരാണെന്നുള്ളത് നിശ്ചയിക്കേണ്ടത് ശ്രീ. ഇ.എം.അഗസ്തിയോ ഞാനോ അല്ല. അത് നിശ്ചയിക്കേണ്ടത് അന്വേഷണ ഏജൻസിയാണ്. ഓരോരുത്തരും ഉദ്ദേശിക്കുന്ന രൂപത്തിൽ പ്രതിയാക്കാനോ, പ്രതിയാക്കാതിരിക്കാനോ ഒരുതരത്തിലും ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സഹകരണ മേഖലയിൽ സാമ്പത്തിക അച്ചടക്കമില്ലാതാക്കി ക്രമക്കേട് കാണിച്ചുവെന്ന് ബോധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ മുൻപിൽ ഫയൽ വന്നു, ആ ഫയൽ ഇളംകുളം ബാങ്കിന്റെ ഫയൽ വന്ന സന്ദർഭത്തിൽ ഈ വകുപ്പിന്റെ ചുമതല നിർവ്വഹിച്ചിരുന്ന ശ്രീ. പിണറായി വിജയൻ അത് വിജിലൻസിന് സമർപ്പിച്ചു. അന്വേഷണം തുടരുകയാണ്. ബാക്കി മൂന്ന് കോടി രൂപ കൊടുത്ത് എന്നുപറയുന്നതും, മന്ത്രിസ്ഥാനത്തിരുന്നുകൊണ്ടും ഇത്രയും കാലതാമസം വരുത്തുന്നത് ഭൂഷണമാണോ എന്നൊക്കെ ബഹുമാനപ്പെട്ട ശ്രീ. ഇ.എം. അഗസ്തി ചോദിച്ചു. സംസാരിക്കുമ്പോൾ സംസാരിക്കുന്നതിനോടുകൂടി നീതി പുലർത്തിയിട്ടുണ്ടോ എന്നുകൂടി മനസ്സിലാക്കുന്നത് നല്ലതാണ്. ഞാൻ പറഞ്ഞുവന്നത് മൂന്ന് വർഷമായിട്ട് മൂന്നരകോടി എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ ആറുമാസമല്ലേ ആയിട്ടുള്ളൂ. ഗവൺമെന്റിന്റെ മുൻപിൽ വന്നിട്ട്. അപ്പോൾ ആറ് മാസവും മൂന്നു വർഷവും തമ്മിൽ വ്യത്യാസമുണ്ട്. അതുകൊണ്ട് ഒരു കാര്യം ഞാൻ ആമുഖത്തിൽ തന്നെ പറഞ്ഞു സഹകരണമേഖലയുടെ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്ന എല്ലാതരത്തിലുള്ള പ്രവണതകളേയും തട്ടിമാറ്റാൻ കഴിയത്തക്ക വിധത്തിൽ ഈ മേഖല ജനങ്ങളുടെ പ്രസ്ഥാനമായി മാറ്റുകയും വികസിപ്പിക്കുകയും ചെയ്യണമെന്നുള്ളതുകൊണ്ടാണ് ആകടിൽതന്നെ ഭേദഗതി വരുത്താൻ ഗവൺമെന്റ് ഉദ്ദേശിച്ചത് എന്ന്. ഇവിടെ വന്നിട്ടുള്ളതായ വിമർശനങ്ങൾ അടിസ്ഥാനമാക്കിക്കൊണ്ടുള്ള അഭിപ്രായ പ്രകടനമാണ് ഈ സന്ദർഭത്തിൽ ഞാൻ വ്യക്തമാക്കിയിട്ടുള്ളത്. ഈ മേഖലയുടെ നല്ല ഭാവി പ്രവർത്തനങ്ങൾക്ക് സഹായകരമായ വിധത്തിൽ സഹകരണമേഖലയിൽ ചില നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. സഹകരണമേഖലയെ സംബന്ധിച്ചിടത്തോളം തദ്ദേശ സ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളുടേയും പരമ്പരാഗത വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടേയും സംസ്ഥാനസഹകരണ ബാങ്കുകളുടേയും സഹായത്തോടും പങ്കാളിത്തത്തോടുംകൂടി ദുർബല വിഭാഗങ്ങൾക്ക് കൈവശഭൂമി ഇല്ല എന്നതിന്റെ പേരിൽ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുകയില്ല. ഭൂമിയുണ്ടെന്ന് പഞ്ചായത്ത് സർട്ടിഫിക്കറ്റ് കൊടുത്താൽ അത്തരം മേഖലയിൽ തിരിച്ചടവില്ലാത്ത ഭവന നിർമ്മാണ പദ്ധതി ഈ മേഖലയിൽ ആവിഷ്കരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 15 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള സ്പെഷ്യൽ ഗ്രേഡ് വായ്പാ സഹകരണ സംഘങ്ങൾക്ക് ദീർഘകാല ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കാനുള്ള അനുവാദം ഗവൺമെന്റ് നൽകുന്നതാണ്. ഇപ്പോൾ അതില്ല. സഹകരണ ബാങ്കുകൾ നൽകിവരുന്ന വായ്പകളുടെ പരിധി ഉയർത്തുകയും വായ്പാ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുന്നതായിരിക്കും. സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽനിന്നും ചെറുകിട കച്ചവടക്കാരെ മോചിപ്പിക്കുന്നതിന് പരസ്പര ജാമ്യത്തിൽ 50,000 രൂപവരെ നൽകി അർഹതപ്പെട്ടവർക്ക് ബിസിനസ് ക്രെഡിറ്റ് കാർഡ് പദ്ധതി സഹകരണ ബാങ്കുകൾ വഴി നൽകുന്നതായിരിക്കും. മുമ്പും ജാമ്യത്തിന് സാലറി സർട്ടിഫിക്കറ്റും പറമ്പിന്റെ ആധാരവുമൊക്കെയാണ് കൊടുത്തിരുന്നത്. ഇവിടെ ചർച്ചയുടെ സന്ദർഭത്തിലും മറുപടി പറയുന്ന അവസരത്തിലും ശ്രീ. കെ.സി. ജോസഫ് ഉൾപ്പെടെയുള്ളവർ കാർഷിക മേഖലയെ സംബന്ധിച്ച് ചോദ്യരൂപേണ ചില കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. കാർഷിക മേഖലയിൽ സഹകരണ മേഖലയുടെ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് 2% പലിശയ്ക്കാണ് കാർഷിക വായ്പ പ്രൈമറി സംഘങ്ങൾ വഴി കൊടുത്തിരുന്നതെങ്കിൽ സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതി അനുസരിച്ച് അത് 9% ആയി കണക്കാക്കുകയും, കണ്ണൂർ ജില്ലയിൽ ആദ്യം നടപ്പാക്കുകയും ചെയ്തു. പിന്നീട് എറണാകുളം, പാലക്കാട് ജില്ലകൾ തെരഞ്ഞെടുക്കുകയുണ്ടായി. ഈ വർഷത്തെ ബഡ്ജറ്റ് സ്പീച്ചിൽ തൃശ്ശൂർ, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളുംകൂടി ഉൾപ്പെടുത്തി കണക്കാക്കിയിരുന്നു. പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ഈ പദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി കേരള സംസ്ഥാനത്ത് പലിശരഹിതമായിട്ടുള്ള വായ്പകൾ സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. കാർഷിക മേഖലയിൽ പൂർണ്ണമായും പലിശരഹിതമായിട്ടുള്ള വായ്പ സ്വയംസഹായ ഗ്രൂപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന വ്യാപകമാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. സഹകരണ അക്കാദമിയുടെ കീഴിൽ ഈ വർഷം വടകരയിൽ സ്ഥാപിക്കുന്നതുൾപ്പെടെ പുതിയ പത്ത് എഞ്ചിനീയറിംഗ് കോളേജുകളും എറണാകുളത്ത് ഒരു മെഡിക്കൽ കോളേജും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സഹകരണ സ്ഥാപനങ്ങൾ അവയുടെ പൊതു നന്മാഫണ്ടിൽനിന്നും നൽകുന്ന ധനസഹായങ്ങളും സഹകരണ മേഖലയിൽനിന്ന് ഉള്ള നിക്ഷേപ സമാഹരണ പദ്ധതിയിൽ സമാഹരിച്ചുകൊടുക്കുന്നതിൽനിന്നും കിട്ടുന്ന ഗ്രാന്റും വിദ്യാർത്ഥികളിൽനിന്ന് ലഭിക്കുന്ന ഫീസും ഈ സംരംഭത്തിന്റെ വിഭവസമാഹരണത്തിനുള്ള സ്രോതസ്സായി ഉപയോഗപ്പെടുത്തുന്നു. സഹകരണ ആശുപത്രികളുടെ അപ്പെക്സ് ഫെഡറേഷൻവഴി പ്രാഥമിക സഹകരണ ആശുപത്രി കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യപ്പെട്ടാൽ പേവാർഡുകൾ കൂടി നിർമ്മിക്കുന്നതിനും ഹഡ്കോയുടെ ധനസഹായം ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾ ആവിഷ്കരിക്കും. കൂടാതെ ഹൈടെക് ലാബുകളുടെ സൗകര്യമില്ലാത്ത ജില്ലാ കേന്ദ്രങ്ങളിലെ സഹകരണ മേഖലയി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള മെഡിക്കൽ കോളേജുകളിൽ ഹൈടെക് ലാബുകളും അനുയോജ്യമായ സ്ഥലങ്ങളിൽ വൃദ്ധസദനങ്ങളും ഹോസ്പിറ്റൽ ഫെഡറേഷന്റെ നേതൃത്വത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. റബ്കോയുടെ കീഴിൽ ഹവായ് ചപ്പൽ, സൈക്കിൾ ട്യൂബ്, ടയർ നിർമ്മാണം, റബ്ബർ മര സംസ്കരണം തുടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായിട്ടുള്ള ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കും. സഹകരണ മാനേജുമെന്റുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച വിദ്യാഭ്യാസ വികസനത്തിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജുമെന്റ് എന്ന സ്ഥാപനം സ്ഥാപിക്കും. നീതി മെഡിക്കൽ സ്റ്റോറുകളുടെയും നീതി സ്റ്റോറുകളുടെയും എണ്ണം വർദ്ധിപ്പിക്കും. ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ വിശേഷാൽ ദിവസങ്ങളിൽ കൺസ്യൂമർ ഫെഡറേഷൻ വഴി സാധനങ്ങൾ സബ്സിഡിയോടുകൂടി വില കുറച്ച് വിതരണം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കും. കൺസ്യൂമർ ഫെഡറേഷൻ സ്വന്തമായി എൽ.പി.ജി. പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വരുന്ന വർഷം പുതിയതായി ഒരു ലക്ഷം പേർക്കുകൂടി പാചകവാതക കണക്ഷൻ നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. വിളവുകാലത്ത് ഉല്പാദന കേന്ദ്രങ്ങളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വൻതോതിൽ സംഭരിച്ചു സൂക്ഷിക്കുന്നതിനും വൻകിട കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കുന്നതിനും കൺസ്യൂമർ ഫെഡറേഷൻ വഴി നടപടി സ്വീകരിക്കും. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും അതിർത്തികളിലും വാർത്താവിനിമയ രംഗത്ത് ഇന്റർനെറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങളോടുകൂടി, പ്രത്യേകിച്ചും ഗൾഫ് മലയാളികൾ തിങ്ങി താമസിക്കുന്നതായ പ്രത്യേക പ്രദേശങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് നീതി കമ്മ്യൂണിക്കേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് സഹകരണ മേഖലയിൽ പദ്ധതി ആവിഷ്കരിക്കുന്നതാണ്. കോട്ടയത്തെ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന് എറണാകുളത്ത് മറൈൻ ഡ്രൈവിനുള്ള സ്ഥലത്ത് അഞ്ചു നിലയിലുള്ള ആധുനിക ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ തുടങ്ങുകയും സാഹിത്യ പ്രവർത്തക സഹകരണ സംഘം കേരളത്തിൽ അഭിമാനിക്കാൻ കഴിയത്തക്കവിധത്തിൽ ഒരു മഹത്തായ സ്ഥാപനമാക്കി ഉയർത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നതാണ്. സഹകരണ വകുപ്പുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ വന്ന കാര്യങ്ങളോട് ഗവൺമെന്റിന്റെ നിലപാടും തുടർന്ന് ഉദ്ദേശിക്കുന്നതുമാണ് ഇവിടെ വ്യക്തമാക്കിയിട്ടുള്ളത്.

വൈദ്യുതി വകുപ്പിനെ സംബന്ധിച്ച് ഇവിടെ വിമർശിച്ചും അനുകൂലിച്ചുമൊക്കെയുള്ള പ്രതികരണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതിൽ ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു പുകമറ സൃഷ്ടിക്കാൻ കഴിയുമോ എന്നുള്ള പരീക്ഷണത്തിലേക്ക് ചർച്ച കൊണ്ടുപോകാനാണ് ശ്രമിച്ചത്. അദ്ദേഹം പരാജയപ്പെട്ടൊരു പരീക്ഷണത്തിലേക്ക് പ്രവേശിക്കുകയാണ് ചെയ്തത്. കോഴിക്കോട് ഉൾപ്പെടെ ഇവിടെ വന്നിട്ടുള്ളതായ പ്രശ്നങ്ങൾക്കെല്ലാം ബഹുമാന്യനായ പിണറായി വിജയൻ വ്യക്തവും സുചിന്തിതവുമായ മറുപടി വ്യക്തമാക്കപ്പെടുകയുണ്ടായി. ഞാൻ ആ ഭാഗം ഒന്ന് ഓടിച്ചു പോകുകയാണ്. കാസർഗോഡ് 60 മെഗാവാട്ടിന്റെ എന്തോ ടെണ്ടർ ചെയ്ത് മരവിപ്പിക്കാൻ നോക്കുകയാണെന്ന് ശ്രീ. തിരുവഞ്ചൂർ ആരോപിക്കുകയുണ്ടായി. 60 മെഗാവാട്ടിന്റെ കാസർഗോഡ് പദ്ധതിക്ക് ആർ.പി.ജി.യുമായി എം.ഒ.യു. ഉണ്ടാക്കിയത് യു.ഡി.എഫ്.ന്റെ കാലത്താണ്. ആ എം.ഒ.യു.വിന്റെ അടിസ്ഥാനത്തിൽ ഫ്യുവൽ അലോക്കേഷൻ 20 മെഗാവാട്ടായി നിശ്ചയിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. ആർ.പി.ജി. നിശ്ചിത സമയത്തിനുള്ളിൽ അതിനുള്ള നടപടി സ്വീകരിക്കാതെ വന്നപ്പോൾ ബോർഡ് അവർക്ക് നോട്ടീസ് കൊടുത്തു. ബോർഡ് നോട്ടീസ് കൊടുത്തതിനെത്തുടർന്ന് അവർ പണി തുടങ്ങുന്നതിന് സന്നദ്ധമാണെന്ന് പറഞ്ഞ് ബോർഡിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട് എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ കാസർഗോഡ്കൊണ്ട് ഉദ്ദേശിച്ചത് എന്താണെന്ന് എനിക്ക് മനസ്സിലായില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഇക്കാര്യം വൈദ്യുതി ബോർഡ് പരിശോധിച്ചാൽ മതി. 11.1.1999-ൽ ചെയർമാൻ, കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി ഭവൻ എന്ന മേൽവിലാസത്തിൽ എസ്./സി. കട്ടയാർ അയച്ച കത്താണ് എന്റെ കയ്യിൽ ഇരിക്കുന്നത്. സബ്ജക്ട്, 60 മെഗാവാട്ട് കാസർഗോഡ് ഡീസൽ പവർ പ്രോജക്ട്. ഇവിടന്ന് അയച്ച കത്തിനുള്ള മറുപടിയാണ്. ഇവർ അങ്ങോട്ട് കത്തയച്ച് ഇത് പരിശോധിക്കാനുള്ള കാരണമെന്താണെന്നുള്ളതിനെ സംബന്ധിച്ച് അങ്ങ് ഫയൽ നോക്കി വിശദീകരിക്കുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : ഞാൻ പറഞ്ഞത് അതുതന്നെ. ഫ്യൂവൽ അലോക്കേഷൻ 20 മെഗാവാട്ടിന്റേതാണ്. ആർ.പി.ജി.യുമായി എം.ഒ.യു. ധാരണയായി. അവർക്ക് നിശ്ചയിച്ചുകൊടുത്ത സമയത്തിനുള്ളിൽ അവർ ചെയ്യാതെ വന്നപ്പോൾ എക്സ്പ്ലനേഷൻ ചോദിച്ചുകൊണ്ട് ബോർഡ് അവർക്ക് കത്തയച്ചു. ആ എക്സ്പ്ലനേഷൻ നോട്ടീസിന് അവർ അടുത്തകാലത്ത് റിപ്ലൈ കൊടുത്തിട്ടുള്ള വിവരമാണ് ഞാൻ നേരത്തെ പറഞ്ഞത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : അങ്ങ് ഉദ്ദേശിച്ചത് അതാണ്. ഞാൻ പറഞ്ഞതല്ല. അങ്ങ് മനസ്സിലാക്കിയിട്ടുള്ളതെന്നാണ് എന്റെ സംശയം. കാസർഗോഡ് 60 മെഗാവാട്ട് ഡീസൽ പവർ പ്രോജക്ടിന് ഭാരത് ഹെവി ഇലക്ട്രിക്കൽസ്, വാർട്ട്സിലാ കമ്പനിയെ പുറകിൽ നിർത്തി വർക്ക് ചെയ്തതുപോലെതന്നെ ഭാരത് ഹെവി ഇലക്ട്രിക്കൽസിനെ മുന്നിൽനിർത്തിക്കൊണ്ട് വീണ്ടും ഫിൻലാൻഡ് കമ്പനിക്ക് കൊടുക്കാനുള്ള നീക്കം നടക്കുന്നുവെന്നുള്ളതാണ് എന്റെ ആക്ഷേപം.

<u>ശ്രീ. എസ്. ശർമ്മ</u> : ഈ 60 മെഗാവാട്ടിന് ആർ.പി.ജി.യുമായിട്ടാണ് കാസർഗോഡ് പവർ പ്രോജക്ടിന് എം.ഒ.യു. ഉള്ളത്. അതിൽ 20 മെഗാവാട്ടിന്റേത് അവർക്ക് ഫ്യൂവൽ അലോക്കേഷന് കൊടുത്തിട്ടുള്ളതാണ്. ബാക്കി വരുന്ന 40 മെഗാവാട്ടിന്റേത് ഗ്ലോബൽ ടെണ്ടർ വിളിച്ച് നടപടി സ്വീകരിക്കാൻ പറഞ്ഞ് ഗവൺമെന്റ് രണ്ടു മാസത്തിനുമുമ്പ് ഡയറക്ഷൻ കൊടുത്തു. ടെണ്ടർ നോട്ടിഫിക്കേഷൻ വന്നിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഡേറ്റ് ഞാൻ കൃത്യമായി ഓർക്കുന്നില്ല. ആ ടെണ്ടർ മരവിപ്പിക്കാൻ നോക്കുന്നുവെന്നാണ് അങ്ങ് പ്രസംഗിച്ചപ്പോൾ പറഞ്ഞത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ഞാൻ അതിനെ കാസ്റ്റ്യൻ ചെയ്യുന്നില്ല. ടെണ്ടർ നോട്ടിഫിക്കേഷൻ വന്നപ്പോൾ തന്നെ Generally repeat orders are placed within a period of one year without calling fresh tenders. എന്നാണ് അവർ പറഞ്ഞത്. അത് റിപ്പീറ്റ് ഓർഡർ പോലെതന്നെ കോഴിക്കോട് താപനിലയത്തിന്റെ എക്സ്റ്റൻഷൻ വർക്കായി കാസർഗോഡ് താപനിലയത്തിന്റെ വർക്കുകൂടി അവരെ ഏൽപ്പിക്കുന്നതിനുള്ള അണിയറ നീക്കം നടക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : ടെണ്ടർ നോട്ടിഫിക്കേഷൻ ചെയ്യുന്നത് ഞാൻ നിഷേധിക്കുന്നില്ല. പിന്നെ ആരെങ്കിലും എന്തെങ്കിലും കത്തയച്ചുവെന്ന് പറഞ്ഞ് ..... ടെണ്ടർ നടപടി പൂർത്തിയാകാതെ വന്നാലല്ലേ പിന്നെ പരിശോധിക്കേണ്ടിവരുക. അങ്ങനെയാണെങ്കിൽ പരിശോധിക്കുകയും ചെയ്യും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ടെണ്ടർ വിളിക്കാനായിട്ട് ബോർഡ് തീരുമാനിച്ച ഒരു സംഭവത്തിന് പിന്നെ നിങ്ങൾ എന്തിന് ബി.എച്ച്.ഇ.എൽ.നു വേണ്ടി കത്തെഴുതി വാർട്ട്സിലയെ വീണ്ടും കൊണ്ടുവരാൻ ശ്രമിക്കുന്നു? ആ ചോദ്യത്തിന് ഉത്തരം പറയൂ.

ശ്രീ. എസ്. ശർമ്മ : ബി.എച്ച്.ഇ.എൽ. ബോർഡ് കത്തെഴുതിയ കാര്യങ്ങൾ ഗവൺമെന്റിന്റെ ചർച്ചയിലോ പരിശോധനയിലോ വന്നിട്ടില്ല. ഞാൻ പറഞ്ഞത് 60 മെഗാവാട്ടിന്റേത് എം.ഒ.യു. ഒപ്പു വച്ചുവെന്നാണ്. അതിൽ 20 മെഗാവാട്ടിന്റേതിന് ആർ.പി.ജി.ക്ക് അന്ന് ധാരണയുണ്ടായിരുന്നു. അതിന്റെയടിസ്ഥാനത്തിൽ അവർ ആ വർക്ക് തുടങ്ങാൻ കാലതാമസം വന്നപ്പോൾ ബോർഡ് നോട്ടീസ് കൊടുത്തു. അതിനെ തുടർന്നു ഇപ്പോൾ ചില കണ്ടിഷൻസ് വച്ചു കൊണ്ട് അവർ സന്നദ്ധമാണ് എന്നു പറഞ്ഞിട്ടുണ്ട്. ഫ്യുവൽ അലോക്കേഷന്റെ കാര്യത്തിൽ 20 എന്നുള്ളത് 60 മെഗാവാട്ട് ഉണ്ട്. അതിൽ 20 ആണ് ആർ.പി.ജി.യുടേത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നിലപാട് വ്യക്തമാക്കിക്കൊണ്ട് കഴിഞ്ഞ മാസം നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അതനുസരിച്ച് ടെണ്ടർ നോട്ടിഫൈ ചെയ്തിട്ടുണ്ട്. അങ്ങ് ഈ പറഞ്ഞ കാര്യത്തിൽ യാതൊരു അടിസ്ഥാനവുമില്ലയെന്നുള്ളത് ഗവൺമെന്റിന്റെ ഡയറക്ഷൻ പോയിട്ടുള്ളതാണ്, ബോർഡ് ടെണ്ടർ ചെയ്തിട്ടുള്ളതാണ്, ടെണ്ടർ നടപടി പ്രൊസീഡ് ചെയ്തുവരികയാണ്. അതിനിടയിൽ മറ്റ് ആരെങ്കിലും എന്തെങ്കിലും അങ്ങോട്ടോ ഇങ്ങോട്ടോ അയച്ചെന്നോ ഇല്ലെന്നോയുള്ള പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിലോ പരിശോധനയിലോ ഇതുവരെ വന്നിട്ടില്ല. പിന്നെ പള്ളിവാസലിനെപ്പറ്റി ബഹുമാനപ്പെട്ട തിരുവഞ്ചൂർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളെ സംബന്ധിച്ചുള്ളതിന് എന്തൊക്കെയോ ദുരൂഹതകൾപോലെ തോന്നാൻ ഇടവരാവുന്ന വിധത്തിലുള്ള അഭിപ്രായങ്ങളാണ് അങ്ങ് പ്രകടിപ്പിച്ചത്. ഇവിടെ നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. ഞാൻ എന്താണോ പറയാൻ പോകുന്നതെന്നുകൂടി, അങ്ങനെ ആയിരിക്കാം മറുപടി പറയാൻ പോകുന്നത് എന്നുകൂടി പറഞ്ഞുകൊണ്ട് വാദവും എതിരും അനുകൂലവുമായ എല്ലാം വാദിച്ചും ഖണ്ഡിച്ചും ക്രോസു ചെയ്തുമൊക്കെയാണ് വിശദീകരിച്ചിട്ടുള്ളത്. ചെങ്കുളം, പന്നിയാർ, പള്ളിവാസൽ പദ്ധതി 1995 ആഗസ്റ്റ് 10-നാണ് എം.ഒ.യു. ഒപ്പുവയ്ക്കുന്നത്. ഒപ്പു വച്ചതിനുശേഷം ഈ മൂന്നു പദ്ധതികളും നവീകരിക്കുന്നതിന്റെ സാദ്ധ്യതകളെ സംബന്ധിച്ചുള്ള പഠനം നടത്താൻ 1995 സെപ്റ്റംബറിൽ ചീഫ് എഞ്ചിനീയറായിരുന്ന ശ്രീ. രാധാകൃഷ്ണപിള്ളയെ ചുമതലപ്പെടുത്തി. ശ്രീ. രാധാകൃഷ്ണപിള്ള പരിശോധിച്ച് പഠന റിപ്പോർട്ട് സെപ്തംബറിൽ സമർപ്പിച്ചു. ആ റിപ്പോർട്ട് അനുസരിച്ച് നവീകരിക്കാൻ പള്ളിവാസൽ പദ്ധതിക്ക് 85.498 കോടി രൂപ, ചെങ്കുളം 91.837 കോടി രൂപ പന്നിയാർ 66.642 കോടി രൂപ, ആകെ 243.977 കോടി രൂപ ചെലവു വരുമെന്ന് കണക്കാക്കി ഈ റിപ്പോർട്ടിനെ ബേസ് ചെയ്ത് 24.2.1996-ൽ അന്നത്തെ ബോർഡും ഇലക്ട്രിക്കൽ മെമ്പറും മറ്റ് ഉയർന്ന ഉദ്യോഗസ്ഥന്മാരുമായി എസ്.എൻ.സി. ലാവ്‌ലിനുമായി ഇത് സംബന്ധിച്ചുള്ള കരാർ ഒപ്പു വച്ചു. ആ ഒപ്പ് വച്ചതനുസരിച്ച് ആകെ പദ്ധതി ചെലവിലേക്കുള്ള തുക കൂടി കൂട്ടി 243 കോടി രൂപ വിദേശ

വായ്പയായി കണക്കാക്കപ്പെട്ടിരുന്നത് 183 കോടി രൂപയായിരുന്നു. 24.2.1996 ലെ എഗ്രിമെന്റിൽ ഒപ്പു വയ്ക്കുമ്പോൾതന്നെ ആ വിദേശ വായ്പാ ഇനത്തിന്റെ 30 ശതമാനത്തോളം വരുന്ന ഗ്രാന്റിനുവേണ്ടിയുള്ള ചർച്ചകൾ അന്നത്തെ സർക്കാർ നടത്തിപ്പോന്നിരുന്നു. അതായത് 183 കോടി രൂപയുടെ 30% ഗ്രാന്റിനുവേണ്ടിയുള്ള ചർച്ചകൾ അന്നത്തെ സർക്കാർ 1996 ഫെബ്രുവരി 24-ന് ചർച്ച നടത്തിപ്പോന്നിരുന്നു. ആ ചർച്ച നടത്തിപ്പോന്നിരുന്ന സന്ദർഭത്തിലാണ് 1996-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് വരുന്നത്. 1996 ഒക്ടോബറിൽ അന്നത്തെ വൈദ്യുതി മന്ത്രിയുടെ നേതൃത്വത്തിൽ കാനഡ സന്ദർശിച്ചു. അവിടെ നടന്ന ചർച്ചകളിൽ ഫോറിൻ ഉപകരണങ്ങൾ മുഴുവൻ ഇറക്കുമതി ചെയ്യണം എന്നതായിരുന്നു ആദ്യത്തെ ധാരണ എങ്കിൽ അത് ഇൻഡ്യയിലുള്ളത് ഇവിടെനിന്നുതന്നെ എടുക്കാം എന്നുള്ളത് കണക്കാക്കി നടത്തിയ ചർച്ചയെത്തുടർന്നാണ് 1996-ൽ വന്ന ഗവൺമെന്റ് അന്നത്തെ മന്ത്രിയുടെ നേതൃത്വത്തിൽ പോയി നടത്തിയ ചർച്ചയെ തുടർന്ന് കൺസൾട്ടൻസി ചാർജ് ഉൾപ്പെടെ 12 1/2 കോടി രൂപ രൂപ കുറവ് വരുത്താം എന്ന് ധാരണയായുണ്ടാക്കിയത് 1996-ലെ എഗ്രിമെന്റിന് തുടർച്ചയായി 6.7.1998-ൽ അങ്ങ് പറഞ്ഞതുപോലെ അത് റിവൈസ് ചെയ്തുകൊണ്ടുള്ള 2-ാം അനുബന്ധ കോൺട്രാക്ട് ഒപ്പു വച്ചു. 1996 ഫെബ്രുവരിയിലെ മെയിൻ എഗ്രിമെന്റിനു വിധേയമായി രണ്ടാമത് വച്ചത് അനുബന്ധ കോൺട്രാക്ടാണ്. ആ അനുബന്ധ കോൺട്രാക്ട് വയ്ക്കുമ്പോൾ പിന്നീട് അത് ഫൈനലൈസ് ചെയ്യുന്നതിനുമുമ്പ് വന്നിട്ടുള്ള റേറ്റ് ഇതെല്ലാം ശരിയാണോയെന്ന് പരിശോധിക്കുന്നതിനുവേണ്ടി പറഞ്ഞിട്ടുള്ള കാര്യങ്ങൾ നാഷണൽ ഹൈഡൽ പവർ കോർപ്പറേഷന്റെ (എൻ.എച്ച്.പി.സി.) റിപ്പോർട്ടിനുവേണ്ടി അയച്ചു. അത് കിട്ടിയതിനുശേഷമാണ് രണ്ടാമത്തെ അനുബന്ധ കരാർ ഒപ്പു വച്ചത്. ആഗസ്റ്റ് 1997-ൽ ശ്രീ. രാധാകൃഷ്ണ പിള്ളയുടെ റിപ്പോർട്ട് എൻ.എച്ച്.പി.സി.യുടെ പരിശോധനയ്ക്കായി കൊടുക്കുകയും എൻ.എച്ച്.പി.സി.യുടേത് നവംബറിൽ ലഭ്യമാക്കുകയും ചെയ്തു. എസ്.എൻ.സി. ലാവ്‌ലിൻ ഓഫർ ചെയ്ത റേറ്റ് അന്താരാഷ്ട്ര വിലനിലവാരവുമായി ഒത്ത് ചേർന്നതാണെന്ന് എൻ.എച്ച്.പി.സി. സർട്ടിഫൈ ചെയ്തു. യഥാർത്ഥത്തിൽ ഈ സർക്കാർ ചെയ്തത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എം.ഒ.യു. ഒപ്പു വയ്ക്കുകയും കരാർ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ തുടരുക മാത്രമാണ്. മാത്രമല്ല, 1996-ലെ കാനഡാ സന്ദർശന വേളയിൽ എക്വിപ്മെന്റ്സിൽ പലതും ഇവിടെ ലഭ്യമാണെന്നുള്ളതുകൊണ്ടും കൺസൾട്ടൻസി ചാർജ് കൂടി കുറച്ചുകൊണ്ടും 12 1/2 കോടി രൂപയുടെ കുറവ് വരുത്താനും സ്റ്റേറ്റിന്റെ താല്പര്യം സംരക്ഷിക്കുവാനും ഈ ഗവൺമെന്റിന്റെ കാലത്ത് 12 1/2 കോടി രൂപ കുറച്ചുകൊണ്ട് സംരക്ഷിക്കുകയാണ് ചെയ്തത്. ഇതിനു പുറമേ 1996 ഫെബ്രുവരിയിൽ കരാർ വയ്ക്കുന്ന സന്ദർഭത്തിൽ ഉള്ള അണ്ടർസ്റ്റാന്റിംഗ് അനുസരിച്ച് വിദേശസഹായത്തിന്റെ, വിദേശസഹായം 183 കോടിയാണ് കണക്കാക്കിയിട്ടുള്ളത്. അതിന്റെ 30% ആകുന്ന 45 കോടി രൂപയുടെ ഗ്രാന്റിനുവേണ്ടി നടത്തിപോന്നിരുന്ന ചർച്ചകൾ തുടർന്നു നടത്തുകയും ആ ഗ്രാന്റ് 103 കോടി രൂപയാക്കി തന്നുകൊള്ളാമെന്നു അവരിൽനിന്നും ഉറപ്പുവാങ്ങുകയുമാണ് ഈ ഗവൺമെന്റ് ചെയ്തത്. 103 കോടി രൂപയാക്കി. 1997 ഡിസംബർ 23-ന് പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണവുമായി ബന്ധപ്പെട്ട് 103 കോടിയോളം വരുന്ന തുക ചെലവ് ചെയ്ത് തലശ്ശേരിയിൽ ഒരു ക്യാൻസർ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ചെയ്തുതരും എന്ന് എസ്.എൻ.സി. ലാവ്‌ലിൻ വ്യക്തമാക്കപ്പെടുകയും ചെയ്തതായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. അതിനെത്തുടർന്ന് അവർ സമർപ്പിച്ചിട്ടുള്ള ഡി.പി.ആർ.ൽ 5 കോടി രൂപയുടെ പശ്ചാത്തല സൗകര്യം കേരള സർക്കാർ ചെയ്തു കൊടുക്കണ മെന്നും ബാക്കി മുഴുവൻ തുകയും എസ്.എൻ.സി. ലാവലിൻ സംഘടിപ്പിച്ച് ചെലവ് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 13/1/1998-ലെ ബോർഡ് ഈ വസ്തുതകളുടെ വിശദാംശങ്ങൾ ചർച്ച ചെയ്ത് പ്രൊപ്പോസലുകൾ അംഗീകരിച്ചു. ഇതിലും തലശ്ശേരിയിലെ ക്യാൻസർ ആശുപത്രിക്ക് വേണ്ടി യുള്ള 103 കോടി രൂപയുടെ ഗ്രാന്റിനെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഈ ഘട്ട ങ്ങളിലെല്ലാം ബോർഡ് തീരുമാനം എടുക്കുന്നതുവരെ ബോർഡ് ചെയർമാൻ അന്തരിച്ചുപോയ ബഹുമാന്യനായ ശ്രീ. വി. രാജഗോപാലൻ ആയിരിക്കും എന്ന് 1998 ഫെബ്രുവരിയിൽ ബോർഡ് തീരുമാനിച്ചശേഷം മന്ത്രിസഭാ യോഗ ത്തിൽ ഈ പറഞ്ഞ മുഴുവൻ വസ്തുതകളും അവതരിപ്പിക്കുകയും മന്ത്രിസഭ അംഗീകരിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് 1998 ഏപ്രിൽ 28-ാം തീയതി എസ്.എൻ.സി. ലാവ്‌ലിൻ പവർ ഡിപ്പാർട്ടുമെന്റുമായി തലശ്ശേരിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരു എം.ഒ.യു. ഒപ്പുവച്ചു. ഇതിൽ ഏറ്റവും ശ്രദ്ധേയ മായ ഒരു കാര്യം ഈ ഗ്രാന്റ് എന്നു പറയുന്നത് ഗവൺമെന്റും തരില്ല, ബോർഡും തരില്ല. നമ്മൾ അല്ലേ ചെലവ് ചെയ്യുന്നത്. 5 കോടി രൂപയുടെ പശ്ചാത്തല സൗകര്യം മന്ത്രിസഭ കൂടി ചർച്ച നടത്തി, സ്ഥലമൊക്കെ എടുത്ത്, സൗകര്യമൊക്കെ കൊടുത്തു. ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് എന്നുള്ളത് അന്ന് കണ ക്കാക്കാൻ കാരണം ക്യാൻസർ രോഗത്തെക്കുറിച്ച് വർദ്ധിച്ചുവരുന്ന പഠനത്തി ന്റെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മലബാർ മേഖലയിൽ കൂടുതലാ ണെന്നുള്ളതുകൂടി കണക്കിലെടുത്തുകൊണ്ടാണ്. തിരുവനന്തപുരത്ത് വിമർശ നങ്ങൾ കണ്ടേക്കാമെങ്കിലും, ഇന്ത്യക്കുതന്നെ അഭിമാനിക്കാവുന്ന ഒരു ഇൻസ്റ്റി റ്റ്യൂട്ട് ഉണ്ട്. ഉത്തര കേരളത്തിൽ ഇങ്ങനെ ഒന്ന് ഉണ്ടാകുക എന്നുള്ളതുകൂടി വച്ചിട്ടാണ് 30% ഗ്രാന്റിൽനിന്നും നിങ്ങൾ ചർച്ച നടത്തി തുടർന്നുപോന്നിരുന്ന ഇതിന്റെ തുടർച്ചയിൽ, അതിന്റെ ഫലമായി കിട്ടുമായിരുന്ന 48 കോടി രൂപ ഗ്രാന്റിന്റെ സ്ഥാനത്ത് 103 കോടി രൂപ ഗ്രാന്റാക്കി അത് അവരെക്കൊണ്ട് സമ്മ തിപ്പിച്ച് ഇങ്ങനെ ഒരു സ്ഥാപനം വരുന്നതിലേക്ക് വേണ്ടി അത് അവർ ടെണ്ടർ നടത്തി അവർ ലോവസ്റ്റ് നിശ്ചയിച്ച്, അവർ കൺസൾട്ടൻസി നിശ്ചയിച്ച്, ആ പ്രോജക്ട് അനുസരിച്ച് പണിത് കെട്ടിടവും സ്ഥലവും ഇതെല്ലാം ഇങ്ങോട്ട് ഏൽപ്പിക്കുകയാണ്. നമ്മളല്ല നിർമ്മിക്കുന്നത് ഇതാണ് ഇതിന്റെ പ്രത്യേകത. 10 പൈസ പോലും ഗവൺമെന്റിന്റേയോ, ബോർഡിന്റേയോ കൈയിൽ ലഭിക്കാതെതന്നെ മുഴുവൻ പണവും കൊണ്ടുവന്ന് ചെലവഴിച്ച് ആശുപത്രി സ്ഥാപിച്ചു തരുന്നത് എസ്.എൻ.സി. ലാവ്‌ലിന്റെ ഉത്തരവാദിത്തവുമായി ബന്ധപ്പെട്ടതാണ്. ഇടുക്കി പ്രോജക്ട് വന്നതിനുശേഷം അന്ന് അവർ കാനഡ യിൽനിന്നും നൽകിയിട്ടുള്ള ഗ്രാന്റ് ഇന്നും പലരുടെയും ചെലവഴിച്ചു തീർന്നിട്ടില്ല. ചില ജില്ലകളിലൊക്കെ ഇപ്പോൾ നടക്കുന്ന ഈ സബ്സ്റ്റേഷനുക ളുടെ വർക്കിന് അതിന്റെ ഫണ്ട് എടുത്തിട്ടാണ് ഇപ്പോഴും ചെലവ് ചെയ്തു കൊണ്ടിരിക്കുന്നത്. അപ്പോൾ ഒരു ഗ്രാന്റ് ബേസ്ഡ് ആയിട്ടുള്ള എന്ന് കണക്കാ ക്കിക്കൊണ്ട്, പ്രത്യേകിച്ച് ഒന്നുമില്ല, തുടങ്ങി വച്ചത്, എം.ഒ.യു. ഒപ്പുവച്ചത്, ഈ എഗ്രിമെന്റിൽ ഒപ്പുവച്ച് അതിന്റെ അനുബന്ധമായിട്ടുള്ള എഗ്രിമെന്റ് അതിൽ ചിലത് ചർച്ച നടത്തിയിട്ടും അവർക്ക് കൊടുക്കേണ്ടുന്നത് കുറച്ചും, ഗ്രാന്റ് നമുക്ക് കിട്ടേണ്ടുന്നത് കൂട്ടിയും ആയൊരു നടപടിയിലേക്ക് പ്രവേശിച്ചു എന്നതാണ്. അവർ തന്ന റേറ്റ് എല്ലാം ശരിയാണെന്നുള്ളത് ഇന്ത്യാ ഗവൺമെന്റിന്റെ എൻ.എച്ച്. പി.സി.ക്ക് അയച്ചുകൊടുത്തിട്ട് അതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധന നടത്തി അവരുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിക്കൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എനിക്ക് രണ്ടു, മൂന്നു ചോദ്യം കൂടിയേ ഉള്ളൂ, ആ ചോദ്യത്തിന് കൂടി അങ്ങ് ഉത്തരം പറഞ്ഞാൽ മതി. 1. ഇവിടെ എം.ഒ.യു. ഒപ്പുവച്ചതുകൊണ്ട് ഞങ്ങൾക്ക് നിവൃത്തിയില്ല എന്നു പറഞ്ഞു. ഈ ഗവൺമെന്റ് നേര്യമംഗലത്ത് എ.ബി.ബി. കമ്പനിയുമായി വച്ച പഴയ എം.ഒ.യു. നിങ്ങൾ നിലനിർത്തിയിട്ടുണ്ടോ; ക്യാൻസൽ ചെയ്തിട്ടുണ്ടോ?

2. 25.1.1997-ലെ ഫുൾ ബോർഡാണോ ഇത് സംബന്ധിച്ചുള്ള അവസാനത്തെ തീരുമാനം എടുക്കുന്നത്, ആദ്യത്തേത് ബോർഡല്ല. അങ്ങ് സൂചിപ്പിച്ച 24.2.1996 അല്ല, 25.1.1997-ൽ കൂടിയ ഫുൾ ബോർഡാണോ ഇതിൽ തീരുമാനം എടുത്തിട്ടുള്ളത്?

3. ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി, ഈ അന്വേഷണം നടത്തുന്നതിനുവേണ്ടി ബാലാനന്ദൻ ചെയർമാനായിട്ടുള്ള കമ്മിറ്റിയെ നിയോഗിച്ചതിനുശേഷമാണോ ഫുൾ ബോർഡ് ഈ തീരുമാനം എടുത്തത്?

4. ബാലാനന്ദൻ കമ്മിറ്റി 2.2.1997-ൽ സമർപ്പിച്ച റിപ്പോർട്ട് 10.2.1997 ലാണോ നിങ്ങൾ സൈൻ ചെയ്തത്? ഈ കാര്യം കൂടി അങ്ങ് വിശദീകരിച്ചാൽ മതി.

ശ്രീ. എസ്. ശർമ്മ : സർ, പ്രസംഗം പോലെ ആകരുത് ചോദ്യം, ചോദ്യം ചോദ്യമായിരിക്കണം. അദ്ദേഹം പ്രസംഗം പോലെ കുറേ കാര്യങ്ങൾ പറയുകയാണ് ചെയ്തത്. അത് ഒരു സബ്മിഷനായിട്ടോ, കാളിംഗ് അറ്റൻഷനായിട്ടോ ഉന്നയിക്കുന്ന സന്ദർഭത്തിൽ മറുപടി കൃത്യമായിട്ട് വ്യക്തമാക്കുന്നതായിരിക്കും നല്ലത്. നേര്യമംഗലം പ്രോജക്ടിന് എം.ഒ.യു. ഒപ്പുവച്ചതിനുശേഷം എ.ബി.ബി. സർക്കാരുമായി ഒപ്പുവച്ചതിനുശേഷം റദ്ദു ചെയ്തിട്ടുണ്ടോ എന്നു ചോദിച്ചു. റദ്ദു ചെയ്തു. എം.ഒ.യു. ആകട്ടെ, അല്ലാത്തതാകട്ടെ സ്റ്റേറ്റിന്റെ ഇന്ററസ്റ്റ് എവിടെയാണ് പരമാവധി പ്രൊട്ടക്ട് ചെയ്യുക എന്നുള്ളതിനാണ് പ്രാധാന്യം. ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂരിനെ ആരെങ്കിലും തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെങ്കിൽ അവരെ ആദ്യം സൂക്ഷിക്കണം.(ബഹളം.....) നേര്യമംഗലത്തിന്റേത് ക്യാൻസൽ ചെയ്തു എന്നല്ലേ ഞാൻ പറഞ്ഞത്, അത് ഒന്നാമത്തെ ചോദ്യമല്ലേ. ക്യാൻസൽ ചെയ്തോ എന്നല്ലേ ചോദിച്ചത്, ചെയ്തു എന്നാണ് ഞാൻ പറഞ്ഞത്. ക്യാൻസൽ ചെയ്യാൻ കാരണം ഇതിൽ പറയുന്നതുപോലെയുള്ള ഒരു ഗ്രാന്റ് നേര്യമംഗലം പ്രോജക്ടിന്റെ കാര്യത്തിൽ ഇല്ല. നേര്യമംഗലം പ്രോജക്ടിന്റെ കാര്യത്തിൽ ഉള്ളത് ഇന്ത്യാ ഗവൺമെന്റുമായി ബന്ധപ്പെട്ടുള്ളതാണ്. ഇന്ത്യാ ഗവൺമെന്റുമായി ബന്ധപ്പെട്ട് കിട്ടുന്ന ഗ്രാന്റ് സംസ്ഥാനത്തിന് 70% ലോണും, 30% ഗ്രാന്റുമായിട്ടാണ് വരുന്നത്. ആ 70% ലോൺ ആകുന്ന തുക നേര്യമംഗലം പ്രോജക്ടിന് 28 കോടി ലോൺ, ഈ പ്രോജക്ടിന്റെ പേരിൽ ഗ്രാന്റ് എന്നു പറഞ്ഞ് ഇന്ത്യാ ഗവൺമെന്റ് വാങ്ങിച്ചിട്ട് ഇന്ത്യാ ഗവൺമെന്റ് സംസ്ഥാനത്തിന് കിട്ടുന്ന ഗ്രാന്റിന്റെ 70% ആകുന്ന 28 കോടി രൂപ ലോണായിട്ട് നമുക്ക് തരും. 12 കോടി രൂപയാണ് ഗ്രാന്റ്. ഫലത്തിൽ 28 കോടി രൂപ ലോൺ നമ്മൾ തിരിച്ചടച്ച് അതിന്റെ സമയം കണക്കാക്കുമ്പോൾ ഗ്രാന്റിന്റെ യാതൊരു ആനുകൂല്യവും ഇല്ല എന്നതുകൊണ്ട് അത് എം.ഒ.യു.വിൽ വന്നു. മറ്റേതിന് 30% നിങ്ങളുടെ കാലത്ത് കണക്കാക്കിയതും, പിന്നീട് 45 കോടി കിട്ടുമെന്ന് കണക്കാക്കിയതും 103 കോടിയാക്കി ഉയർത്താൻ അവരെക്കൊണ്ട് സമ്മതിപ്പിക്കുവാൻ കഴിഞ്ഞതുപോലെ ഒരു നയാ പൈസയുടെ പ്രയോജനം ഇല്ലെന്നുള്ളത് പരിശോധന നടത്തി മനസിലാക്കിയതുകൊണ്ടാണ്, ഗ്രാന്റിന്റെ യാതൊരു പ്രയോജനവും ഇല്ല എന്നുള്ളതുകൊണ്ടാണ് എ.ബി.ബി.യുടേത് റദ്ദു ചെയ്തിട്ട് ടെണ്ടർ വിളിക്കാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതുകൊണ്ട് ഗവൺമെന്റാണ് നടപടിയെടുത്തത്. ഈ നടപടിയെ എ.ബി.ബി.ക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. ഗവൺമെന്റ് എടുത്തിരിക്കുന്ന തീരുമാനം പൂർണ്ണമായും ശരിവച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടുണ്ട്.

(ബഹളം) .....

അതിനുശേഷം എങ്ങനെയാണെന്ന് ഒക്കെ ചോദിച്ചു, സർ, ബാലാനന്ദൻ ചെയർമാനായിട്ടുള്ള കമ്മീഷനെ വയ്ക്കുന്നത് കേരളത്തിലെ വൈദ്യുതി മേഖലയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ്. ആ റിപ്പോർട്ട് 1997 ഫെബ്രുവരി 2-നാണ് ഗവൺമെന്റിന് കിട്ടുന്നത്. ഈ റിപ്പോർട്ട് കിട്ടിയ ശേഷം ഗവൺമെന്റ് അത് പഠിച്ച് പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ ബോർഡിന് അയച്ചുകൊടുത്തിട്ടുണ്ട്. ഗവൺമെന്റിന്റെ മുമ്പിൽ തിരിച്ച് ബോർഡ് പഠിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ ഇതുവരെ സമർപ്പിച്ചിട്ടില്ല. ഗവൺമെന്റിന് എന്നാണ് കിട്ടിയതെന്നു ചോദിച്ചു, 1998- ഫെബ്രുവരി രണ്ടിന് കിട്ടിയിട്ട് എന്തുചെയ്തു എന്ന് ചോദിച്ചു; അത് വൈദ്യുതി മേഖലയെ സംബന്ധിച്ച് വിശദമായി പഠിച്ച് സമർപ്പിക്കാൻ വേണ്ടിയുള്ള ഒരു കമ്മിറ്റിയാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് സാധാരണ ഗവൺമെന്റിന് കിട്ടിക്കഴിയുമ്പോൾ പവർ ഡിപ്പാർട്ടുമെന്റ് വഴി അത് എക്സാമിൻ ചെയ്തിട്ട് പ്രൊപ്പോസൽ തരാമെന്നു പറഞ്ഞു, എക്സാമിൻ ചെയ്യാൻ കൊടുത്തിട്ട് പ്രൊപ്പോസൽ കിട്ടിയില്ല. 97 ഫെബ്രുവരി രണ്ടിന് ഇതാണ് പറഞ്ഞത്, ഇതാണ് സംഭവം. (ബഹളം) .....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഇവിടെ ഈ ഭാഗത്തുനിന്നും ആ ഭാഗത്തുനിന്നും പറഞ്ഞ ഒരു കാര്യമാണ്. ശ്രീ. രാജേന്ദ്രൻ സംസാരിക്കുമ്പോഴും ഈ ബാലാനന്ദൻ കമ്മിഷന്റെ കാര്യം പറഞ്ഞു, ഇവിടെ 24.2.1996 എന്നോ മറ്റോ ആണ് പറഞ്ഞത്, എഗ്രിമെന്റ് ഉണ്ടാക്കിയതിനുശേഷം ബാലാനന്ദൻ കമ്മിഷനെ വച്ചു, ആ ബാലാനന്ദൻ കമ്മിഷൻ പല കാര്യങ്ങളും സ്റ്റഡി ചെയ്തു. അതിൽ എക്സ്പെർട്ട്സ് ഉണ്ട്, ഈ മെഷീനറികൾ ഒന്നും മാറ്റേണ്ടതില്ല, മെയിന്റനൻസും റിപ്പയറിംഗും ചെയ്താൽ മതിയെന്ന് പറഞ്ഞിട്ടും ആ വാർത്ത പത്രത്തിൽ വന്നിട്ടും ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾ അറിഞ്ഞിട്ടും ഗവൺമെന്റ് അതിന് നടപടിയെടുക്കാതെ ഈ ഓർഡർ കൊടുക്കാൻ എന്താണ് കാരണം.

<u>ശ്രീ. എസ്. ശർമ്മ</u> : വേറൊരു ഓർഡർ പ്രത്യേകിച്ച് ഒന്നും ചെയ്തില്ലല്ലോ, ബാലാനന്ദൻ കമ്മീഷൻ റിപ്പോർട്ട് 1997 ഫെബ്രുവരി രണ്ടിന് ഗവൺമെന്റിന് കിട്ടുന്നു. ഗവൺമെന്റിന് കിട്ടുന്ന ബാലാനന്ദൻ കമ്മീഷൻ റിപ്പോർട്ട് പള്ളിവാസൽ, ചെങ്കുളം പന്നിയാർ പദ്ധതികളെക്കുറിച്ച് അന്വേഷിക്കാനുള്ള കമ്മീഷനല്ല, കേരളത്തിലെ വൈദ്യുതിമേഖലയെ സംബന്ധിച്ച് പഠിച്ച് സമർപ്പിക്കുന്നതിന് വേണ്ടിയുള്ള റിപ്പോർട്ടാണ്. ആ വൈദ്യുതി മേഖലയെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി നിയോഗിച്ചിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് വച്ചു, ആ റിപ്പോർട്ട് ഗവൺമെന്റ് എക്സാമിൻ ചെയ്ത് പ്രൊപ്പോസൽ സമർപ്പിക്കാൻ കൊടുത്തു. കിട്ടിയില്ല എന്നു ഞാൻ പറഞ്ഞു. ഞാൻ ചോദിക്കട്ടെ, 1996 മേയ് മാസത്തിൽ ഇങ്ങനെ സംസ്ഥാന നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടക്കുമെന്നും ആ തെരഞ്ഞെടുപ്പ് നടന്ന് ശ്രീ. ഇ.കെ. നായനാരുടെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ വരുമെന്നും അങ്ങനെ വന്നുകഴിഞ്ഞാൽ വൈദ്യുതിമേഖലയെ സംബന്ധിച്ച് പഠിക്കാൻ ബാലാനന്ദനെ നിയോഗിക്കുമെന്നും അങ്ങനെയൊരു റിപ്പോർട്ട് വന്നാൽ അത് ക്യാൻസൽ ചെയ്യേണ്ടതായിരിക്കുമെന്നും കണക്കാക്കിക്കൊണ്ടാണോ 1995-ൽ എം.ഒ.യു. ഒപ്പുവച്ചതും 1996-ൽ കരാറിൽ ഒപ്പുവ

LIBRARY ARCHIVES Kerala Legislative Assembly

ച്ചതും, ആണോ. ബഹുമാനപ്പെട്ട തിരുവഞ്ചൂരെ കണ്ണടച്ച് ഇരുട്ടാക്കരുത്, അത് ശരിയല്ല. (ബഹളം) ..... ഞാൻ വളരെ വ്യക്തമാക്കപ്പെട്ടുകഴിഞ്ഞു. ഒരു ഗ്രാന്റ് പ്രതീക്ഷിച്ചുകൊണ്ട് ധാരണയുണ്ടാക്കിക്കൊണ്ട് 1995-ൽ എം.ഒ.യു. ഒപ്പുവച്ചു. 1996-ൽ എഗ്രിമെന്റ് ഒപ്പുവച്ചു. തുടർന്ന് വന്ന ഗവൺമെന്റ് പോയി ചർച്ച നടത്തിയതിനുശേഷം പന്ത്രണ്ടരക്കോടി രൂപ കുറച്ചുകൊണ്ടുവന്നതും പിന്നീട് ഗ്രാന്റ് പരിശോധിച്ച് ഉയർത്തി 45 കോടി രൂപയെന്നുള്ളത് 120 കോടി രൂപയായി ഉയർത്തി സ്റ്റേറ്റിന്റെ ഇന്ററസ്റ്റ് സംരക്ഷിക്കപ്പെടുകയും ചെയ്യുക എന്നതിലേയ്ക്ക് കൊണ്ടുവന്നത് ഇതുകൂടി വച്ചിട്ടാണ്. അപ്പോൾ അതുകൊണ്ട് അതിനിടയിൽ 1997 ഫെബ്രുവരി അടിസ്ഥാനമാക്കിക്കൊണ്ട് വന്ന റിപ്പോർട്ടുകൾ വൈദ്യുതി മേഖലയെ കുറിച്ചാണ്. അതിന്റെ പ്രൊപ്പോസലിനെ സംബന്ധിച്ചിടത്തോളം ബോർഡിനോട് ചോദിച്ചു. അതിനിടയിൽ ഇക്കാര്യങ്ങളെല്ലാം നടപടിക്രമങ്ങളായി കഴിഞ്ഞിരിക്കുന്നു. അതു വച്ചിട്ടുള്ള നടപടിയുമായിട്ടാണ് ഗവൺമെന്റ് നീങ്ങിയിട്ടുള്ളത്. അതുകൊണ്ടാണ് ചാർജുവർദ്ധനവിനെ സംബന്ധിച്ചു ഞാൻ പറഞ്ഞത്, ചാർജുവർദ്ധന അനിവാര്യമാക്കിതീർക്കുന്ന ഒരു അവസ്ഥ ഉല്പാദനവും ചെലവുമായിട്ട് ബന്ധപ്പെടുത്തിവന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ അടിസ്ഥാനം അതാണ്. ഈ സഭ ആരംഭിച്ച ദിവസം ഇതിനെപ്പറ്റി അടിയന്തിര പ്രമേയം വന്ന സന്ദർഭത്തിൽ ഞാൻ വ്യക്തമാക്കപ്പെടുകയും ചെയ്തു. ആ വർദ്ധനവിൽ ഞാൻ ഇവിടെ വിശദീകരിച്ചിട്ടുള്ളതായ കാര്യങ്ങൾ മന്ത്രിസഭ തീരുമാനിച്ചതും ബോർഡ് അംഗീകരിച്ചതും നടപ്പിലാക്കേണ്ടതുമാണ്. ഇവിടെ അംഗങ്ങൾ സംസാരിച്ചപ്പോൾ ബിൽ കൊടുക്കുന്നതിലും അഡീഷണലായിട്ട് വരുന്നു ഇങ്ങനെ തുടങ്ങിയിട്ടുള്ള ചില പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ ഇവിടെ അന്ന് അടിയന്തിരപ്രമേയത്തിന് റിപ്ലൈ ചെയ്ത സന്ദർഭത്തിൽ വായിച്ചതും നിങ്ങൾ ചർച്ചയിൽ പങ്കെടുത്ത് വാക്കൗട്ട് നടത്തുന്ന സന്ദർഭത്തിൽ പറഞ്ഞതും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്ന് പറഞ്ഞു, വാക്കൗട്ട് നടത്തുന്നതിനുമുമ്പ് നടത്തിയ സംഭാഷണത്തിൽ പറഞ്ഞ കാര്യം ഞാൻ പറഞ്ഞുവെന്നേയുള്ളൂ. നമ്മൾ അത് പരിശോധിച്ചു. കുറെ പരാതികൾ കിട്ടിയിട്ടുണ്ട്. കുറച്ചു പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. പക്ഷെ വർദ്ധനവുകൊണ്ട് ഉള്ളത് എത്രയാണ്, അത് കൃത്യമായി എല്ലാ സെക്ഷനാഫീസിലും പോസ്റ്റർ പ്രിന്റ് ചെയ്തുവയ്ക്കണം. രണ്ട്, ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ എല്ലായിടത്തും വന്നില്ല, അതുകൊണ്ട് എല്ലാപേരും അറിയണമെന്നില്ലല്ലോ. അതുകൊണ്ട് എന്തു ചെയ്തുവെന്ന് വച്ചാൽ വൈദ്യുതി ബോർഡിന്റെ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിനോട് പറഞ്ഞു, വൈദ്യുതിയുടെ മുപ്പതു യൂണിറ്റിന് ഇത്ര രൂപ, ഈ വർഷം കൊടുത്തത് 35, 40, 45, 50, 55, 60 അങ്ങനെ അയ്ഞ്ചു യൂണിറ്റിന്റെ വ്യത്യാസം വച്ചുകൊണ്ട് നിലവിൽ കൊടുക്കുന്നത് ഇത്ര, കൊടുക്കേണ്ടിവരുന്നത് ഇത്ര എന്ന കാര്യം കൃത്യമായി എല്ലാ പത്രങ്ങളിലും പരസ്യം കൊടുക്കാൻ പറഞ്ഞു. എല്ലാ പത്രങ്ങളിലും ഈ കഴിഞ്ഞ മൂന്നു ദിവസത്തിനകം പരസ്യപ്പെടുത്തിയിട്ടുണ്ട്. ഞാൻ ഈ നിയമസഭയിൽ പറഞ്ഞ കാര്യമാണ്, എല്ലാ പത്രങ്ങളിലും പരസ്യപ്പെടുത്തിയിട്ടുള്ളതാണ്, അതാണ് ക്യാബിനറ്റ് അംഗീകരിച്ചതും, ക്യാബിനറ്റ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇവിടെ പറഞ്ഞത്. ഞാൻ പറഞ്ഞതു വച്ചിട്ടാണ് പത്രങ്ങളിൽ പരസ്യപ്പെടുത്തിയിട്ടുള്ളത്. പത്രത്തിൽ പരസ്യപ്പെടുത്തിയതിന് വ്യത്യസ്തമായി ചാർജ് ഈടാക്കുന്നുവെങ്കിൽ ആ ഈടാക്കുന്നവർക്കെതിരായി കർശനമായ നടപടി സ്വീകരിക്കും. ഒരു സംശയവും വേണ്ട. അതാണ് എനിക്ക് ഗവൺമെന്റിനുവേണ്ടി പറയാനുള്ളത്. പത്രത്തിൽ പരസ്യപ്പെടുത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശമുണ്ട്. ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ഇതാണ്. ബോർഡ് ഉദ്ദേശിക്കുന്നത് ഇതാണ്. ഇതിൽനിന്നും വ്യതിചലിച്ച് ഏതെങ്കിലും സെക്ഷനാഫീസിൽ ആരെങ്കിലും ചെയ്തെങ്കിൽ ചെയ്തതിന്റെ ഉത്തരവാദിത്വം ചെയ്തവൻ തന്നെ എടുത്തേ മതിയാകൂ എന്നുള്ളത് ജനങ്ങൾ നല്ലതുപോലെ അറിഞ്ഞിരിക്കണം. അങ്ങനെ ജനങ്ങൾ അറിയാതെ അതിനു വൃത്യസ്തമായി ഗവൺമെന്റിനും ബോർഡിനുംവേണ്ടി ഇങ്ങനെയൊരു പരസ്യം വന്നിട്ടുണ്ട് ഇതിൽ കൂടുതലാണ് നിങ്ങൾ വാങ്ങിക്കുന്നത് എന്നുപറഞ്ഞുകൊണ്ട് ഒരു ഉപഭോക്താവിന് പരാതിയുണ്ടെങ്കിൽ, ഞാൻ വീണ്ടും വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ആ പത്രത്തിൽ കൊടുത്ത പരസ്യത്തിനു വൃത്യസ്തമായി ഒരു നയാപൈസ കൂടുതൽ സെക്ഷനാഫീസിൽനിന്ന് വാങ്ങിച്ചുവെന്ന് ഉപഭോക്താവിന് പരാതിയുണ്ടെങ്കിൽ ഈ മാസം ആ ചാർജു കൊടുക്കണ്ട.

[4. PM] സർ, ആ പരാതി അവിടെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് കൊടുക്കണം. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ മുന്നിൽ സമർപ്പിച്ചശേഷം അവിടെ പരിഹാരം കാണണം. അങ്ങനെ പരിഹാരം കണ്ടതിനുശേഷം അടുത്ത മാസത്തെ ബില്ലിൽ കൊടുത്താൽ മതിയെന്ന നിർദ്ദേശവുംകൂടി കൊടുത്തിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ ചാർജ്‌വർദ്ധനവിനെക്കുറിച്ച് ഗവൺമെന്റിന് ധാരാളം പരാതി കിട്ടിയിട്ടുണ്ടെന്ന് സമ്മതിക്കുന്നു. അത് ശരിയാണെന്നും അങ്ങ് സമ്മതിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പത്രത്തിൽ പരസ്യപ്പെടുത്തിയിട്ടുണ്ടെന്ന് പറയുന്നു. പത്രങ്ങളിലെല്ലാം പരസ്യപ്പെടുത്തിയതിനുശേഷവും കഴിഞ്ഞ ദിവസങ്ങളിലെ പത്രങ്ങളിൽ കാണുന്നതെന്താണ്? ഗാർഹിക ഉപഭോക്താക്കളുടെ സംഘടനകളും ഇവിടത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും, ഇടതുപക്ഷമുന്നണിയിലെ ഉൾപ്പെടെ, ചാർജ്‌വർദ്ധനവിലെ അപാകതകളെക്കുറിച്ച് ആക്ഷേപം പറയുന്നു. വ്യാപാരി-വ്യവസായികൾ കട അടപ്പ് സമരത്തിലേക്ക് നീങ്ങുന്നു. അങ്ങയുടെ പ്രദേശമായ കളമശ്ശേരി-ആലുവായിൽ എസ്.ബി.എസ്. മേനോൻ ചെയർമാനും സി.ഐ.ടി.യു.ന്റെ എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി ശ്രീ. ചന്ദ്രൻ പിള്ള ഉൾപ്പെടെ സി.ഐ.ടി.യു., എ.ഐ.ടി.യു.സി, ഐ.എൻ.ടി.യുസി., യു.ടി.യു.സി., എസ്.ടി.യു., തുടങ്ങിയ എല്ലാ സംഘടനകളും ജൂലായ് 29-ന് സൂചനാ പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുന്നു. അതിന്റെ പ്രവർത്തനം ജില്ലയൊട്ടാകെ നടന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ അങ്ങയുടെ വിശദീകരണവും ഗവൺമെന്റിന്റെ വിശദീകരണവും ഉപഭോക്താക്കൾക്ക് ബോദ്ധ്യപ്പെട്ടിട്ടില്ല. വ്യാപാരി-വ്യവസായികൾക്ക് ബോദ്ധ്യപ്പെട്ടിട്ടില്ല. സി.ഐ.ടി.യു. നേതാക്കന്മാർക്ക് ബോദ്ധ്യപ്പെട്ടിട്ടില്ല. അങ്ങനെ ഈ സംസ്ഥാനത്തൊട്ടാകെ ചാർജ് വർദ്ധനവിനെക്കുറിച്ച് പരാതിയുള്ള സാഹചര്യത്തിൽ അങ്ങ് ഏറ്റവും കുറഞ്ഞ ഒരു ഡിമാന്റ് എങ്കിലും അംഗീകരിക്കാൻ തയ്യാറുണ്ടോ? ഈ പരാതികളെല്ലാം ഉണ്ടായ സാഹചര്യത്തിൽ തൽക്കാലത്തേയ്ക്ക് ചാർജ്‌വർദ്ധനവ് നിറുത്തിവയ്ക്കണം. ഈ കാര്യങ്ങളെല്ലാം പരിശോധിക്കുന്നതിനുവേണ്ടി ഒരു ജുഡീഷ്യൽ എൻകയറി വേണ്ട. നമ്മുടെയൊക്കെ ഔദ്യോഗികവസതികളിലെ വീട്ടിലെ ബിൽ ഗവൺമെന്റ് അടയ്ക്കുന്നതുകൊണ്ട് നമ്മൾ അത് അറിയുന്നില്ല. അതാണ് പ്രശ്നം. എന്റെ വീട്ടിലെ ബിൽ എന്റെ ഭാര്യ അടയ്ക്കുന്നതുകൊണ്ട് ഭാര്യ പരാതി പറഞ്ഞതുകൊണ്ടാണ് ഞാൻ മനസ്സിലാക്കിയത്. അങ്ങയുടെ വീട്ടിലെ ബിൽ മുഴുവൻ ഗവൺമെന്റാണ് അടയ്ക്കുന്നത്. അതുകൊണ്ട് ഈ ബുദ്ധിമുട്ട് മനസ്സിലാകില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഇത്രയും പരാതിയുള്ള സാഹചര്യത്തിൽ തൽക്കാലം ചാർജ് വർദ്ധനവ് നിറുത്തിവയ്ക്കുകയും ഇതുസംബന്ധിച്ചുള്ള എല്ലാ ആക്ഷേപങ്ങളും ഭരണകക്ഷിക്കാർക്ക് ഭൂരിപക്ഷമുള്ള ഇലക്ട്രിസിറ്റിയുടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്യാൻ ഗവൺമെന്റ് തയ്യാറുണ്ടോ? ഇതാണ് എന്റെ ചോദ്യം?

<u>ശ്രീ. എസ്. ശർമ്മ</u> : സർ, ബോർഡ് ഇതുവരെ കേരളത്തിൽ ചെയ്തു വന്ന വികസന പ്രവർത്തനങ്ങളിൽ സെൽഫ് സഫിഷ്യന്റായി ഈ സംസ്ഥാനം കാളിറ്റി പവ്വർകൂടി കൊടുത്തുകൊണ്ട് സ്വയംപര്യാപ്തതയിലേക്ക് മാറുന്നതിന് എടുത്തിട്ടുള്ള വായ്പകളും ഇനി പുതിയതായി തുടങ്ങുന്നതിന്റെ ആവശ്യങ്ങളും എല്ലാം മുൻനിറുത്തി ചെയ്തുവരുന്ന പദ്ധതി പ്രവർത്തനങ്ങളുടെ ഉല്പാദനചെലവുകളോട് ബന്ധപ്പെടുത്തിക്കൊണ്ട് അനിവാര്യമാക്കിത്തീർത്തതുകൊണ്ടാണെന്ന് ഞാൻ പറഞ്ഞു. അതിനെ അടിസ്ഥാനമാക്കിക്കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ചതും നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾക്കും സ്വയംപര്യാപ്തതയിലേക്ക് ലക്ഷ്യംവച്ചുകൊണ്ടുള്ള നീക്കങ്ങൾക്കും അത് നിറുത്തിവച്ച് സാമ്പത്തികപ്രതിസന്ധിയിലേക്ക് പോയാൽ തടസ്സമായിരിക്കുമെന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിക്കപ്പെട്ടിട്ടുള്ള അഭിപ്രായം സ്വീകരിക്കാൻ കഴിയാതെ വന്നതിൽ പ്രയാസമുണ്ടെങ്കിലും യഥാർത്ഥ വസ്തുത ഇതാണ്. സ്വീകരിക്കാൻ കഴിയുന്നില്ല. കാരണം, രണ്ടായിരാമാണ്ടോടുകൂടി സ്വയംപര്യാപ്തതയിലേക്ക് ഈ സംസ്ഥാനം മാറുന്നതാണ്. ഉല്പാദനരംഗത്ത് ഇപ്പോൾ വന്നിച്ച മാറ്റമുണ്ടായിട്ടുണ്ട്. അതൊരു വസ്തുതയാണ്. 1505 മെഗാവാട്ട് ആയിരുന്നു ഈ സംസ്ഥാനത്ത് ഇതുവരെയുണ്ടായിരുന്നതെങ്കിൽ അതിന്റെകൂടെ ഈ അടുത്തകാലത്തെ മൂന്നുവർഷത്തിനിടയിൽ-മൂന്നുവർഷത്തിനിടയിൽ എന്നുപറഞ്ഞാൽ ഈ ഗവൺമെന്റ് വന്ന അന്നുതന്നെ ഉണ്ടായി എന്നുള്ളതല്ല.

<u>ശ്രീ. എ.കെ. ആന്റണി</u> : സർ, ഞാൻ പറഞ്ഞത് സബ്ജക്ട് കമ്മിറ്റിക്ക് എങ്കിലും വിടുകയെന്നാണ്. അതുവരെ നിറുത്തിവച്ചുകൂടെ?

<u>ശ്രീ. എസ്. ശർമ്മ</u> : സർ, അങ്ങനെ നിറുത്തിവയ്ക്കാൻ കഴിയുന്ന ഒരവസ്ഥയിലല്ല. സാമ്പത്തികമായ പ്രയാസത്തിന്റെ നടുവിൽ നിന്നുകൊണ്ടാണ് ചെയ്യുന്നത്. അങ്ങ് നേരത്തെ സംസാരിച്ചപ്പോൾ പറഞ്ഞു "വൈദ്യുതി ബോർഡ് 1995-ലും 1996-ലും ലാഭത്തിലായിരുന്നു, പിന്നെ നഷ്ടത്തിലായിരുന്നു എന്ന്." ശ്രീ. ശർമ്മ ഇവിടെ പറഞ്ഞത് സി.എ.ജി.യേയും നിയമസഭയേയും കേരളത്തിലെ ജനങ്ങളേയും കബളിപ്പിക്കുകയും എന്നെ ഞെട്ടിപ്പിക്കുകയും ചെയ്ത സംഭവമായിപ്പോയിരുന്നു എന്ന്. അത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. ലാഭത്തിൽ പോയിരുന്ന ഈ സ്ഥാപനം നഷ്ടത്തിലാണെന്ന് പറഞ്ഞ് വർദ്ധിപ്പിച്ച ചാർജ്‌വർദ്ധന പിൻവലിക്കണമെന്നാണ് അങ്ങ് പറഞ്ഞത്. ലാഭത്തിൽ പോയിരുന്ന സ്ഥാപനം നഷ്ടത്തിലാണെന്ന് പറഞ്ഞുകൊണ്ട് ഇവിടെ സഭയിൽ വച്ചിട്ടുള്ളതാണ്. അതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഒറ്റയ്ക്ക് കണ്ടപ്പോൾ പിറ്റേദിവസം തന്നെ ഇതിന്റെ യഥാർത്ഥ സ്ഥിതി എന്താണെന്നുള്ളതിനെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. അക്കാര്യത്തെക്കുറിച്ച് പറയാൻ ഞാൻ അന്ന് എഴുന്നേറ്റപ്പോൾ അങ്ങ് വഴങ്ങിയില്ല. മനഃപൂർവ്വം വഴങ്ങാതിരിക്കേണ്ട ഒരു കാരണവുമില്ലല്ലോ. പക്ഷേ, വാക്കൗട്ട് പ്രസംഗത്തിന്റെ മൂഡിലായിരുന്നതുകൊണ്ട് അങ്ങ് അന്ന് പറഞ്ഞു ലാഭത്തിലായിരുന്നുവെന്ന്. ഒരർത്ഥത്തിൽ നമ്മൾ മനസ്സിലാക്കേണ്ടത് ഇലക്ട്രിസിറ്റി ബോർഡിന്റെ 1995-96-ലെ .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എ.കെ. ആന്റണി</u> : സർ, കുറഞ്ഞത് സബ്ജക്ട് കമ്മിറ്റി ഇത് പരിശോധിക്കുന്നതുവരെ എങ്കിലും ചാർജ് വർദ്ധനവ് നിറുത്തിവയ്ക്കുമോയെന്നാണ് ഞാൻ ചോദിച്ചത്?

<u>ശ്രീ. എസ്. ശർമ്മ</u> : സർ, ഞാൻ ഈ പോയിന്റ് ഒന്ന് പറഞ്ഞിട്ട് അതിലേയ്ക്ക് വരാം. ഇലക്ട്രിസിറ്റി ബോർഡിന്റെ 1995-96 സാമ്പത്തികവർഷത്തെ അക്കൗണ്ട് അനുസരിച്ച് 2766.32 ലക്ഷം രൂപ മിച്ചമാണ് കാണിച്ചിട്ടുള്ളത്. എ.ജി. (ആഡിറ്റ്) അക്കൗണ്ട് പരിശോധിച്ചു. പൊതുവിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത് 4050.5 ലക്ഷം രൂപയാണ് ലാഭമായി കണക്കാക്കിയിരുന്നത്. സബ്സിഡിയായി ലഭിക്കുമെന്ന് കണക്കാക്കിക്കൊണ്ടാണ് അപ്രകാരം ലാഭം കാണിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ബോർഡിന് നഷ്ടം 1774.25 ലക്ഷം രൂപയാകുമായിരുന്നു. മേല്പറഞ്ഞ നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് എ.ജി.അംഗീകാരം നൽകിയിട്ടുള്ളത്. യു.ഡി.എഫ്. ഭരണത്തിലുള്ളപ്പോൾ 16-8-1995-ൽ, അന്ന് അങ്ങ് മുഖ്യമന്ത്രിയാണോ എന്നുള്ളകാര്യം അങ്ങ്കൂടി ഒന്ന് ആലോചിക്കണം. 16-8-1995-ൽ പുറപ്പെടുവിച്ച ഒരു ഉത്തരവ് പ്രകാരമാണ് ബോർഡിന് കുറഞ്ഞത് 3 ശതമാനം ലാഭവിഹിതം കാണിക്കാൻ ആവശ്യമായി വരുന്ന തുക മുഴുവൻ സർക്കാരിൽനിന്ന് സാമ്പത്തികമായി ലഭ്യമാക്കണമെന്ന് ഉത്തരവാക്കിയിട്ടുള്ളത്. അങ്ങ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ ആ ലാഭം കാണിക്കാൻവേണ്ടി പവ്വർ ഡിപ്പാർട്ടുമെന്റ് ഇറക്കിയിട്ടുള്ളതാണ്.

സർ, അപ്പോൾ സി.എ.ജി.യെ കബളിപ്പിക്കാനല്ല. അതിന് ഒരു കാരണമുണ്ട്. സെൻട്രൽ ഗവൺമെന്റിൽനിന്ന് ഒരു ലെറ്റർ വന്നിരുന്നു. അസെറ്റ്സിന്റെ മൂന്നുശതമാനം റിട്ടേൺസ് കാണിച്ചിരിക്കണം. അങ്ങനെ കാണിച്ചെങ്കിൽ മാത്രമേ പവർ ഫിനാൻസ് കോർപ്പറേഷനിൽനിന്നും റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽനിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ബോർഡിന് വായ്പ കിട്ടുകയുള്ളൂ. അപ്പോൾ ബോർഡിന് വായ്പ കിട്ടാൻ അങ്ങനെ കാണിച്ചിരിക്കണമെന്നുള്ള ഡയറക്ഷൻ വന്ന സാഹചര്യത്തിൽ അത് മനസ്സിലാക്കി വായ്പ കിട്ടിക്കോട്ടെ, കാര്യങ്ങൾ നടക്കുന്നതുകൊണ്ട് തടസ്സമില്ല എന്ന ചിന്തയിൽനിന്നുകൊണ്ടായിരിക്കാം ഇത് ചെയ്തിരിക്കുന്നത്. അപ്പോൾ അങ്ങ് അത് വിസ്മരിച്ചിട്ട് ലാഭത്തിലായിരുന്ന ബോർഡ് നഷ്ടത്തിലായിരുന്നുവെന്ന് പറഞ്ഞുകൊണ്ട് ചാർജ് കൂട്ടിയ നടപടി ശരിയായില്ലെന്നാണ് വാക്കൗട്ട് പ്രസംഗത്തിൽ പറഞ്ഞത്. അപ്പോഴാണ് ഞാൻ ക്ലാരിഫൈ ചെയ്യാൻ എഴുന്നേറ്റത്. ഇതുസംബന്ധിച്ച് സി.എ.ജി.യുടെ കമെന്റ് ഉണ്ട്. സി.എ.ജി. പറഞ്ഞത് എന്താണെന്നു വച്ചാൽ The above surplus has been arrived at, after accounting for a deficit of Rs.4050.57 lakhs subsidy receivable from Government. അത് സ്വീകരിച്ചതായി കണക്കാക്കി. But for this, working of the Board for the year would have resulted in a net deficit of Rs.1874.25 lakhs. ഗവൺമെന്റിൽനിന്ന് കിട്ടുമെന്ന് സ്വീകരിച്ചതായി കണക്കാക്കി വരുന്നതാണ്. പക്ഷെ യഥാർത്ഥത്തിലുള്ള നെറ്റ് ഡെപ്പോസിറ്റ് ഇതാണെന്നുള്ളത് ഈ സഭയിൽ 1995-96-ൽ സി.എ.ജി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വച്ചിട്ടുള്ള ഡോക്യുമെന്റാണ്. അവർ യഥാർത്ഥത്തിൽ സ്വീകരിച്ചതായി കണക്കാക്കുമെന്ന് പറഞ്ഞാൽ സിമ്പോളിക്കാണ്. സ്വീകരിക്കണമെന്നുണ്ടെങ്കിൽ കിട്ടണം. അത് കിട്ടിയിട്ടില്ല. കൊടുത്തിട്ടില്ല. കിട്ടിയില്ലെന്നു പറഞ്ഞാൽ കൊടുത്തിട്ടില്ല. കൊടുക്കാതിരുന്നത് മനഃപൂർവ്വമല്ല. പക്ഷെ ബോർഡ് ഫംഗ്ഷൻ ചെയ്യാൻ വേണ്ടി ഫൈനാൻഷ്യൽ ഏജൻസികളിൽനിന്നും പണം കിട്ടുന്നതിനുവേണ്ടി ഇങ്ങനെയൊരു സ്റ്റാന്റ് സ്വീകരിക്കാൻ നിർബന്ധിക്കപ്പെട്ടു. ആ സത്യം അംഗീകരിക്കണമെന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി : ബഹുമാനപ്പെട്ട മന്ത്രി, പറഞ്ഞുപറഞ്ഞ് ഈ ചാർജ്‌വർദ്ധനവിന്റെ പൂർണ്ണ ഉത്തരവാദിത്വം ഗവൺമെന്റിനാണെന്ന് സമ്മതിച്ചിരിക്കുകയാണ്. 1995-ലെ ഗവൺമെന്റിന്റെ കാലത്ത് 3% പ്രോഫിറ്റ് ഉണ്ടാകുന്നു. ബാക്കിതുക ബോർഡിന് കൊടുക്കാമെന്നുള്ള ആ ഉത്തരവ് നടപ്പിലാക്കാത്ത ഗവൺമെന്റിന്റെ നടപടിയാണ് ഈ ചാർജ് വർദ്ധനവിന് കാരണമെന്ന് വന്നിരിക്കുകയാണ്. അത് നിങ്ങൾ സമ്മതിച്ചിരിക്കുകയാണ്.

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി, 1995-ൽ ഇറക്കിയിട്ടുള്ള ആ ഉത്തരവ് നടപ്പിലാക്കാത്തതിന്റെ ഉത്തരവാദിത്വത്തിന് 1999-ൽ ഞാൻ മറുപടിപറയണമോ അതോ അന്ന് ധനകാര്യമന്ത്രിയായിരുന്ന അങ്ങ് മറുപടി പറയണമോ?

ശ്രീ. ടി.എം. ജേക്കബ് : ഗവൺമെന്റ് എന്നു പറഞ്ഞാൽ തുടർച്ചയാണ്.

ശ്രീ. എസ്. ശർമ്മ : ഗവൺമെന്റ് എന്നു പറഞ്ഞാൽ കണ്ടിന്യൂവസ്സാണ്. അതൊന്നും മനസ്സിലാക്കാതെ അല്ല ഞാൻ പറയുന്നത്. ഇലക്ടഡ് മാനേജുമെന്റേ മാറുകയുള്ളൂ, ഗവൺമെന്റ് കണ്ടിന്യൂ ചെയ്യും. എന്റെ കൈയിൽ കിട്ടിയ ബോർഡിന്റെ കണക്കനുസരിച്ച് നോക്കുമ്പോൾ യഥാർത്ഥത്തിൽ നഷ്ടത്തിന്റെ പ്രശ്നമുണ്ട്. ഇതുകൂടാതെ ഈ സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉൽപ്പാദനരംഗത്ത്, ഞാൻ നേരത്തെ വിശദീകരിച്ചിട്ടുള്ളതുപോലെ പത്തമ്പത്തിയഞ്ച്‌വർഷക്കാലംകൊണ്ട് കേരളത്തിലുണ്ടായ ഉൽപ്പാദനത്തിന്റെ മൂന്നിലൊന്ന് ഈ മൂന്നുവർഷക്കാലത്തെ വർദ്ധനവിലുണ്ടായിട്ടുണ്ട്.

ശ്രീ. എ.കെ. ആന്റണി : അങ്ങ് വിഷയങ്ങൾ ഓരോന്ന് മാറിപ്പോകുന്നു. ഞാൻ മനസ്സിലാക്കുന്നത് ചാർജ് വർദ്ധനവിന്റെ കാര്യത്തിൽ ഗവൺമെന്റ് നിലപാട് പുനഃപരിശോധിക്കാൻ അങ്ങ് ഉദ്ദേശിക്കുന്നില്ലെന്നാണ്.

മി.സ്പീക്കർ : അദ്ദേഹം മൂന്നുപ്രാവശ്യം ഇതിന് മറുപടി പറഞ്ഞു.

ശ്രീ. എസ്. ശർമ്മ : പുനഃപരിശോധിക്കാൻ നിർവ്വാഹമില്ലെന്ന് കേരളത്തിന്റെ ഭാവിയെ അടിസ്ഥാനമാക്കിക്കൊണ്ട് ഞാൻ പറഞ്ഞല്ലോ?

മി. സ്പീക്കർ : ഈ ചർച്ച നമുക്ക് ക്ലോസ് ചെയ്യാം. ഇത് എത്ര ചർച്ച ചെയ്താലും തീരാവുന്ന പ്രശ്നമല്ല.

ശ്രീ. എ.കെ. ആന്റണി : ഇത് ചർച്ചചെയ്താൽ തീരുകയില്ല. ഏതായാലും ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവ് പ്രഖ്യാപിച്ച അന്നുമുതൽ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളിൽനിന്നും ഉണ്ടായിട്ടുള്ള, ഉപഭോക്താക്കളിൽനിന്ന്, വ്യവസായികളിൽനിന്ന്, വ്യാപാരികളിൽനിന്നെല്ലാം ഉണ്ടായിട്ടുള്ള ശക്തമായ എതിർപ്പ് പരിഗണിച്ച് പ്രതിപക്ഷം പറയുന്ന ഏറ്റവും മിനിമമായിട്ടുള്ള, തൽക്കാലം ചാർജ്‌വർദ്ധനവ് നിറുത്തിവച്ച് സബ്ജക്ട് കമ്മിറ്റി പരിശോധിക്കട്ടെയെന്ന് പറഞ്ഞിട്ടുള്ള ആവശ്യംപോലും അത്രപോലും ജനവികാരം മാനിക്കാൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്കരിച്ച് സഭയ്ക്ക് പുറത്തുപോയി.)

ശ്രീ. എസ്. ശർമ്മ : സർ, വ്യാവസായികരംഗത്ത് 100 ശതമാനം പവർ കട്ട് ഏർപ്പെടുത്തിയും ഗാർഹിക ഉപഭോക്താക്കളിൽ നാലര മണിക്കൂർവരെ പവർ കട്ട് ഏർപ്പെടുത്തിയും കേരളത്തെ കൂരിരുട്ടിലേയ്ക്ക് നയിച്ച അന്നത്തെ

യു.ഡി.എഫി.ന്റെ മുഖ്യമന്ത്രിയായിരുന്ന, ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ബഹുമാന്യനായ എ.കെ. ആന്റണിക്ക് ഇങ്ങനെ ഒരു വിമർശനം ഉന്നയിക്കാൻ ധാർമ്മികമായ അവകാശംപോലുമില്ല. യഥാർത്ഥത്തിൽ ആടിനെ പട്ടിയാക്കാൻവേണ്ടിയുള്ള പരിശ്രമത്തിൽ, പട്ടിയെ പേപ്പട്ടിയാക്കാൻ വേണ്ടിയുള്ള പരിശ്രമത്തിൽ നടത്തുന്ന ഒരു പാഴ്ശ്രമത്തിന്റെ, ഒരു പാഴ്വേലയുടെ ഭാഗമായി, തെരഞ്ഞെടുപ്പ് ആയുധമാക്കി എടുക്കാൻ കഴിയുമോയെന്ന പരീക്ഷണത്തിന്റെ ഭാഗമായിട്ട് ഈ പ്രശ്നം ലൈവാക്കി നിറുത്താൻവേണ്ടി ഏച്ചുകെട്ടി ഉണ്ടാക്കിയ ഒരു വാക്കൗട്ടാണ് ഇത്. ചോദ്യത്തിന് വഴങ്ങുന്നില്ലെന്നു പറഞ്ഞ് ഇറങ്ങിപ്പോകാതിരക്കാൻവേണ്ടിയാണ് ചർച്ചയ്ക്ക് മറുപടി പറയുന്നതിനിടയിൽ ഞാൻ എല്ലാ ചോദ്യങ്ങൾക്കും വഴങ്ങിക്കൊടുത്തത്. എല്ലാത്തിനും വഴങ്ങാൻ കാരണം അതാണ്. വഴങ്ങിയിട്ട് പറയുന്ന ന്യായം കേട്ട് ഈ സംസ്ഥാനത്തിലെ ജനങ്ങൾ തീരുമാനിക്കട്ടെയെന്ന് നിശ്ചയിച്ചുകൊണ്ട് ഒരവസരമുണ്ടാക്കാൻ കണക്കാക്കിക്കൊണ്ടുതന്നെയാണ് ഞാൻ തുടക്കം മുതൽ എല്ലാ ചോദ്യങ്ങൾക്കും വഴങ്ങിക്കൊടുത്തത്. ബഹുമാനപ്പെട്ട അംഗങ്ങൾ ക്ഷമിക്കണം. തുടക്കം മുതൽ വഴങ്ങാൻ കാരണം അതാണ്. ജനങ്ങളുടെ മുൻപിൽ, സുതാര്യമായി, സത്യസന്ധമായി, നിർഭയമായി അഭിപ്രായം പറയാനുള്ള ഇച്ഛാശക്തി ശ്രീ. ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിനുണ്ട്. വൈദ്യുതിമേഖലയെ സംബന്ധിച്ചിടത്തോളം ധാർമ്മികമായി വിമർശനം ഉന്നയിക്കാനുള്ള അവകാശം കേരളത്തിലെ പ്രതിപക്ഷത്തിനില്ലെന്ന് കേരളത്തിന്റെ ചരിത്രത്തെയും കാലത്തെയും സാക്ഷി നിറുത്തിക്കൊണ്ട് തെളിയിക്കുകയാണ്. അതാണ് 1991 മുതൽ 1996 വരെയുള്ള ആ അഞ്ചു വർഷത്തെ നേട്ടം. 17 മെഗാവാട്ട്, നാലുപ്രാവശ്യം വിലകൂട്ടൽ, ഇരുട്ടിന് വില. കൂരിരുട്ടിന് ചാർജ് കൂട്ടി. അത് ന്യായം. ഇപ്പോൾ ഇത് രാഷ്ട്രീയ ആയുധമാക്കാൻവേണ്ടി ശ്രമിക്കുകയാണ്. വ്യവസായങ്ങളുടെ കാര്യം പറഞ്ഞല്ലോ? എറണാകുളത്തെ കാര്യം പറഞ്ഞല്ലോ? നമ്മുടെ സംസ്ഥാനത്ത് ബഹുമാനപ്പെട്ട എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ 100 ശതമാനം പവർകട്ട് ഏർപ്പെടുത്തിയപ്പോൾ അതിന്റെ ഫലമായി വ്യവസായങ്ങൾക്ക് ഒരു മാസം 500 കോടി രൂപ നഷ്ടമായി. ഇത് ആരുടെ റിപ്പോർട്ടാണെന്ന് അറിയാമോ? പ്ലാനിംഗ് ബോർഡിന്റെ റിപ്പോർട്ടാണ്. ഇപ്പോഴത്തെ താരിഫ് റിവിഷന്റെ ഫലമായി പൊതുമേഖലാസ്ഥാപനങ്ങൾക്കു വരുന്ന ബാദ്ധ്യത 16.67 കോടി രൂപയാണ്. ഈ റിവിഷന്റെ ഫലമായി വരുന്ന ബാദ്ധ്യത 16.67 കോടി രൂപയാണെങ്കിൽ കറന്റ് ഇല്ലാത്തതിന്റെ ഫലമായി വ്യവസായങ്ങൾക്ക് മാസംതോറും വന്ന ബാദ്ധ്യത 500 കോടി രൂപയാണ്. അതായത് 12 X 500 = 6000 കോടി രൂപയാണ്. ഒരു വർഷം സംസ്ഥാനത്തിന് കറന്റ് ഇല്ലാത്തതിന്റെ ഫലമായി, വ്യവസായങ്ങൾക്ക് പവർകട്ട് ഏർപ്പെടുത്തിയതിന്റെ ഫലമായി ഉണ്ടായത്. ദേശദ്രോഹപരമായ ഈ കനത്ത നഷ്ടം വരുത്തിവച്ച് ഈ സംസ്ഥാനത്തെ കൂരിരുട്ടിലേയ്ക്ക് കൊണ്ടുപോയിട്ട് യേശുവിന്റെ വേഷം ധരിച്ച് ചെകുത്താൻ വേദം ഓതുന്നതുപോലുള്ള ഒരു പ്രതികരണം നടത്തിക്കൊണ്ട് പ്രതിപക്ഷം വാക്കൗട്ട് നടത്താമോ? ശരിയല്ല. അപ്പോൾ ഇത് ഏച്ചുകെട്ടി നടത്തിയിട്ടുള്ള ഒരു വാക്കൗട്ടാണ്. അതാണ് ഇതിന്റെ സ്ഥിതി.

സർ, വ്യവസായങ്ങളുടെ സംരക്ഷണത്തിന് ഈ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കും. താരിഫ് റിവിഷൻ എന്ന പേരിൽ ഏതെങ്കിലും വ്യവസായം പൂട്ടേണ്ടിവരുമെന്ന് ഗവൺമെന്റ് കണക്കാക്കുന്നില്ല. പക്ഷെ, പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി എത്രയോ വ്യവസായസ്ഥാപനങ്ങൾ പ്രതിസന്ധിയിലാണ്. ടി.സി.സി. യിലെ ക്രൈസിസ് ഇമ്പോർട്ട് പോളി

LIBRARY ARCHIVES Kerala Legislative Assembly

സിയുടെ ഭാഗമായുള്ളതാണ്. എഫ്.എ.സി.ടി യിലെ ക്രൈസിസ് ഇമ്പോർട്ട് പോളിസിയുടെ ഭാഗമായുള്ളതാണ്. കാപ്രോലാക്ടത്തിന്റെ തീരുവ കുറച്ചതിന്റെ ഫലമായിട്ടാണ് ഇതുണ്ടായിട്ടുള്ളത്. ഇത്തരം വസ്തുതകൾ യാഥാർത്ഥ്യബോധത്തോടുകൂടി മനസ്സിലാക്കാനും അതേ അവസരത്തിൽ വ്യവസായങ്ങളുടെ പ്രശ്നങ്ങൾ ന്യായമായും കണ്ടും പരിശോധിച്ചും നിലപാട് സ്വീകരിച്ചും ഈ ഗവൺമെന്റ് ആവശ്യമായ ചില നടപടികൾ സ്വീകരിക്കുമെന്ന് അടിയന്തിരപ്രമേയഘട്ടത്തിൽത്തന്നെ മറുപടി പറഞ്ഞതാണ്. 5 ശതമാനം കുറയ്ക്കുമെന്ന് പറഞ്ഞു. അത് കുറച്ചു. ടി.ഒ.ഡി. അടിസ്ഥാനത്തിലുള്ള pro-rata ആക്കുമെന്നു പറഞ്ഞു. അതിനുള്ള ഉത്തരവു പോയിക്കഴിഞ്ഞു. വ്യവസായ സംരക്ഷണത്തിനുവേണ്ടി, കാപ്ടീവ് ജനറേഷനുവേണ്ടി വ്യവസായികൾക്ക് പുതിയ പദ്ധതികൾ തുടങ്ങാനുള്ള സന്ദർഭം ഒരുക്കുമെന്ന് ഇതിനകം തീരുമാനിച്ചിട്ടുണ്ട്. അത് ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. എച്ച്.ടി., ഇ.എച്ച്.ടി. അസോസിയേഷന്റെ ആളുകളുമായി നടത്തിയിട്ടുള്ള പുതിയ ചർച്ചകളിൽ അവർ പൊതുവിൽ സ്വീകരിച്ചിട്ടുള്ള നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങൾ പൊതുവിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള ഒരുതരം വേഷം കെട്ടിക്കൊണ്ടുള്ള, തികച്ചും നിലവാരം കുറഞ്ഞ തരത്തിലുള്ള ഒരു പ്രശ്നത്തിന്റെ മെറിറ്റിലേക്ക് പ്രവേശിക്കുമ്പോൾ സ്വീകരിക്കപ്പെടേണ്ട ഒന്നുണ്ടല്ലോ, അത്തരമൊരു നിലവാരത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള ഒരു പ്രതികരണമല്ല. അത്തരം പ്രശ്നങ്ങളോട് പ്രതികരിച്ച് ഇവിടെ നടത്തിയിട്ടുള്ളത് എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഈ മേഖലയിൽ 1999-2000 സാമ്പത്തികവർഷത്തിൽ നിലവിലുള്ള 2082.5 മെഗാവാട്ട് വൈദ്യുതിക്കുപുറമെ ഈ വരുന്ന വർഷം പുതിയതായി 433.5 മെഗാവാട്ട് വൈദ്യുതികൂടി ഉല്പാദിപ്പിച്ചു രണ്ടായിരാമാണ്ടോടുകൂടി വൈദ്യുതിയുടെ കാര്യത്തിൽ പൂർണ്ണമായി സ്വയം പര്യാപ്തതയിലേയ്ക്കുള്ള അടിത്തറയിടും എന്ന പ്രഖ്യാപനം സാക്ഷാത്കരിക്കാൻ പോകുകയാണ്. അതിനായി മലമ്പുഴയിൽ നിന്നും 2.5 മെഗാവാട്ട് കൂടി ഉല്പാദിപ്പിക്കുന്നുണ്ട്. വരുന്ന 17-ാം തീയതി കമ്മിഷൻ ചെയ്യാൻ പോകുന്ന കക്കാട് പദ്ധതിയിൽ നിന്നും 50 മെഗാവാട്ട് വൈദ്യുതിയും കോഴിക്കോട്ടുള്ള പദ്ധതിയിൽനിന്നും 128 മെഗാവാട്ടും കൊച്ചി ബി.എസ്.ഇ.എസി.ൽ നിന്നും 42 മെഗാവാട്ടും അതുപോലെ കായങ്കുളം എൻ.ടി.പി.സി. യുടെ 120 മെഗാവാട്ടും കുത്തുങ്കൽ 21 മെഗാവാട്ടും ഉല്പാദിപ്പിച്ച് നമുക്ക് ആവശ്യമായ തോതിലുള്ള വൈദ്യുതി ലഭ്യമാക്കാൻ കഴിയുന്നുണ്ട്. കേരളത്തിലെ ജലവൈദ്യുത സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തും. അതിനുവേണ്ടി ഡി.പി.ആർ. തയ്യാറാക്കാൻ ഒരു പ്രത്യേക ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിക്കുന്നതാണ്. വരുന്ന ആറു മാസത്തിനുള്ളിൽ 525 മെഗാവാട്ട് ശേഷി വരുന്ന പദ്ധതികളുടെ സാദ്ധ്യതാ പഠനം പൂർത്തീകരിച്ച് 525 മെഗാവാട്ട് ശേഷി വരുന്ന എട്ട് ഇടത്തരം ജലവൈദ്യുത പദ്ധതികൾക്ക് രൂപം കൊടുക്കുന്നതാണ്. കായംകുളം 120 മെഗാവാട്ടിന്റെ മൂന്നാം ഘട്ടം 1999 ഡിസംബറിനുമുമ്പ് പൂർത്തിയാക്കും. കായംകുളം രണ്ടാം ഘട്ട വിപുലീകരണവും ത്വരിതപ്പെടുത്തും. അതിനുവേണ്ടി LNG ഉപയോഗിച്ചുകൊണ്ടായിരിക്കും പ്രവർത്തനം നടത്തുന്നത്. അതോടുകൂടി തെർമ്മൽ പ്രോജക്ടുകളിൽനിന്നും വില കുറഞ്ഞ നിരക്കിൽ വൈദ്യുതി കേരളത്തിൽ എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ പോകുകയാണ്. എൽ.എൻ.ജി. കൊച്ചിയിൽ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കുമെന്നു പറഞ്ഞിരിക്കുന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് സ്പീച്ചിൽ പറഞ്ഞിട്ടുള്ള 10 കോടി രൂപ അതിനായി മാറ്റിവയ്ക്കുകയാണ്. കേരളത്തിന്റെ ഭാവി വികസനത്തിൽ ജലസ്രോതസ്സ് ഉപയോഗിക്കുന്നതിൽ ഏറ്റവും ചെലവുകുറഞ്ഞ പ്രോജക്ട് എന്നുള്ളതു കഴിഞ്ഞാൽ ഗ്യാസ്

LIBRARY ARCHIVES Kerala Legislative Assembly

ബേയ്സ്ഡായിട്ടുള്ള പവർ പ്ലാന്റുകൾ വരിക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ട് എൽ.എൻ.ജി. ടെർമിനൽ കൊച്ചിയിൽ സ്ഥാപിക്കുന്നതോടുകൂടി ഭാവി കേരളത്തിന്റെ വികസനത്തിനും വ്യാവസായിക കാർഷിക വളർച്ചയ്ക്കും സുപ്രധാനമായ പങ്കു വഹിക്കുന്ന ഒന്നായിരിക്കും ഈ ടെർമിനൽ പ്ലാന്റ്. ചൈനീസ് സഹായത്തോടുകൂടിയുള്ള ചെറുകിട ജലസേചന പദ്ധതിയുടെയും നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും. പ്രസരണരംഗത്ത് പുതിയ പതിനഞ്ച് 110 കെ.വി. സബ്സ്റ്റേഷൻ, ആറ് 66 കെ.വി. സബ്സ്റ്റേഷൻ, നൂറ്റിയാറ് 33 കെ.വി. സബ്സ്റ്റേഷൻ എന്നിവയുടെ പണി ഈ വർഷംതന്നെ ആരംഭിക്കും. നിലവിലുള്ള മുപ്പത്താറ് 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തും. 33 കെ.വി. ട്രാൻസ്ഫോർമറുകൾ ഇതിനുവേണ്ടി സ്ഥാപിക്കപ്പെടും. പതിനൊന്നു പുതിയ സബ്സ്റ്റേഷനുകൾ ഈ വർഷം തന്നെ കമ്മിഷൻ ചെയ്യും. നാല് 110 കെ.വി. സബ്സ്റ്റേഷനുകൾ 220 കെ.വി. സബ്സ്റ്റേഷനുകളായിട്ടും പതിനേഴ് 66 കെ.വി. സബ്സ്റ്റേഷനുകൾ 110 കെ.വി. സബ്സ്റ്റേഷനുകളായിട്ടും ഉയർത്തും. അതിനുള്ള പണി ആരംഭിക്കും. പുതിയതായി മൂന്നര ലക്ഷം വൈദ്യുതി കണക്ഷനുകൾ 31.3.2000-ത്തിനുള്ളിൽ കൊടുത്തു തീർക്കുന്നതാണ്. 30.6.99 വരെയുള്ള രജിസ്ട്രേഷനുകളെല്ലാം മുഴുവനായി കൊടുത്തുതീർക്കും. ഒ.എസ്. സർവീസ് കണക്ഷൻ 31.12.96 വരെ രജിസ്റ്റർ ചെയ്തവർക്ക് കൊടുത്തുതീർക്കും. മിനിമം ഗാരന്റി ലൈൻ എക്സ്റ്റൻഷൻ വർക്ക് 31.3.94 വരെയായും വർദ്ധിപ്പിക്കും. 92 വരെയുള്ളത് രണ്ടു വർഷംകൂടി ടാർജറ്റ് അച്ചീവ് ചെയ്യാൻവേണ്ടി നിശ്ചയിച്ചിട്ടുണ്ട്. വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് ഉൾപ്പെടെയുള്ള എല്ലാ എസ്.എസ്.ഐ. കണക്ഷനുകളും വ്യാവസായിക കാർഷിക കണക്ഷനുകളും കൊടുക്കും. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള കണക്ഷനുകളും അംഗവൈകല്യം വന്നവർക്കും സ്വാതന്ത്ര്യസമര സേനാനികൾക്കും രജിസ്റ്റർ ചെയ്യുന്ന പ്രത്യേകത ഇല്ലാതെ തന്നെ പ്രത്യേക മുൻഗണനയും പരിഗണനയും കൊടുത്തുകൊണ്ട് കണക്ഷൻ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് സഹായകമായ രീതിയിൽ കൺസ്യൂമർ കാർഡ് ഏർപ്പെടുത്താൻ നിശ്ചയിച്ചിട്ടുണ്ട്. ലോഡ്ഷെഡ്ഡിംഗ് തുടങ്ങിയ പ്രശ്നങ്ങൾ അന്വേഷിക്കാൻ ഇപ്പോൾ കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രമാണ് കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നത്. ഇനി കേരളത്തിലെ 14 ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സ്ഥാപിക്കുകയും അതുവഴി പ്രസരണരംഗത്ത് 1155 മെഗാവാട്ട് കപ്പാസിറ്റി ട്രാൻസ്ഫോർമറുകൾ അധികമായി ചേർക്കുകയും ചെയ്യും. 220 കെ.വി. ബ്രഹ്മപുരം, 110 കെ.വി. മുള്ളേരിയ, 110 കെ.വി. പൊന്നാനി, 110 കെ.വി. ഏഴിമല, 110 കെ.വി. അഴിക്കോട്, 66 കെ.വി. മുളവുകാട്, 110 കെ.വി. ഈരാറ്റുപേട്ട, 110 കെ.വി. മല്ലപ്പള്ളി, 110 കെ.വി. കുറ്റിപ്പുറം, 110 കെ.വി. ഇരിങ്ങാലക്കുട, 110 കെ.വി. വലപ്പാട്, 110 കെ.വി. മട്ടാഞ്ചേരി, എന്നീ സബ്സ്റ്റേഷനുകൾ ഈ സാമ്പത്തികവർഷം തന്നെ കമ്മിഷൻ ചെയ്യും. ഈ സാമ്പത്തികവർഷം 410.52 സർക്യൂട്ട് കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകൾ പുതിയതായി നിർമ്മിക്കും. വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കിന്റെ ഭാഗമായി 1200 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കും. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം വ്യാപകമാക്കും. തിരുവനന്തപുരം സിറ്റിയിലെ ഒന്നര ലക്ഷം ഉപഭോക്താക്കൾക്ക് പ്രയോജനം കിട്ടുന്ന വിധത്തിൽ 12 സെക്ഷൻ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കും. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് പവർ കണക്ഷൻ സമയബന്ധിതമായി നൽകും. ലോ ടെൻഷൻ ഉപഭോക്താക്കളുടെ കണക്ടഡ് ലോഡിൽ 100 കെ.വി. കഴിഞ്ഞാൽ എച്ച്.ടി. ആയി കണക്കാക്കിവരുന്ന സ്ഥാനത്ത് ഇത് 150 കെ.വി.ആയി ഉയർത്തും. കേരളത്തിലെ ചെറുകിട വ്യവസായികളെ സംബന്ധിച്ചിടത്തോളം വളരെക്കാലമായി ആവശ്യപ്പെടുന്നതാണ്. 100 കെ.വി. 150 കെ.വി. ആയി ഉയർത്തണമെന്നുള്ളത്. 100 കെ.വി.

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് 150 കെ.വി. ആയി ഉയർത്തുന്നത് കേരളത്തിലെ ചെറുകിട വ്യവസായികളെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രയോജനം കിട്ടുന്ന ഒരു തീരുമാനമാണ്. ആധുനിക രീതിയിലുള്ള കമ്മ്യൂണിക്കേഷൻ നിയന്ത്രണം വൈദ്യുതിരംഗത്ത് ഉറപ്പുവരുത്താൻ യൂണിറ്റ് പെയ്ഡ് ഇൻലോ ഡെസ്പാച്ചിംഗ് സെന്റർ കളമശ്ശേരി, തിരുവനന്തപുരം, കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ നിലവിൽ വരും. വൈദ്യുതി ബോർഡ് ഈ പരിപാടികൾ കേരളത്തിൽ ഫലപ്രദമായി നടപ്പാക്കി മുന്നോട്ടു പോകുന്നതിൽ സഹകരിക്കുകയും വിമർശനങ്ങളുണ്ടാകാതെ ജീവനക്കാരും തൊഴിലാളികളും പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. വൈദ്യുതി ബോർഡിൽ നിന്നും റിട്ടയർ ചെയ്യുന്ന അർഹരായ എല്ലാ ജീവനക്കാർക്കും റിട്ടയർ ചെയ്യുന്ന ദിവസം തന്നെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കത്തക്കവിധം നടപടികൾ ക്രമീകരിച്ചുകഴിഞ്ഞിട്ടുണ്ട്. വൈദ്യുതി കമ്പി തട്ടി ആഘാതമേറ്റ് അപമൃത്യുവിന് ഇരയാകുന്നവർക്കും മറ്റു വിഭാഗത്തിൽപ്പെടുന്നവർക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ബോർഡിന്റെ വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർ ഉൾപ്പെടെയുള്ള കരാറ് തൊഴിലാളികൾക്കുവേണ്ടി ഒരു തേർഡ് പാർട്ടി ഇൻഷ്വറൻസ് നടപ്പിലാക്കും. ഇരുപത്തയ്യായിരം രൂപയുടെ എക്സ്ഗ്രേഷ്യ ആനുകൂല്യം അൻപതിനായിരം രൂപയുടെ എക്സ് ഗ്രേഷ്യ ആയി ഉയർത്തും. വൈദ്യുതി ആഘാതമേറ്റ് മരണമടയുന്ന കന്നുകാലികളുടെ ഉടമസ്ഥർക്കു നൽകുന്ന നഷ്ടപരിഹാരം രണ്ടായിരം രൂപ എന്നുള്ളത് അയ്യായിരം രൂപയായി ഉയർത്തും. വൈദ്യുതി ബോർഡ് ജീവനക്കാർക്ക് വീടു വയ്ക്കുന്നതിനുവേണ്ടി ഒരു ഏകീകൃത സ്വഭാവത്തോടുകൂടി അഞ്ചു ലക്ഷം രൂപ വരെ നൽകാൻ മുൻകൈയെടുക്കും. ഹഡ്കോയുടെ സഹായത്തോടുകൂടി ഈവരുന്ന വർഷം നാല്പതു കേന്ദ്രങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കും. ബോർഡിന്റെ വിവിധ കാറ്റഗറിയിലെ ജോലിഭാരം പുനർനിർണ്ണയം ചെയ്യുന്നതിന്റെ ഭാഗമായി വർക്ക്സ്റ്റഡി നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. കൂടാതെ ഹൈഡൽ ടൂറിസം പദ്ധതി ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസം ,വകുപ്പുമായി ആലോചിച്ച് ഹൈഡൽ പ്രോജക്ട് ഏരിയാകളിൽ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ വർഷത്തെ ബഡ്ജറ്റിൽ ആറരക്കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എനർജി മാനേജുമെന്റ് സെന്റർ വരുന്നതാണ്. ചെറുകിട ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ചുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ എനർജി ആഡിറ്റ് മാനേജുമെന്റു സെന്ററുകൾ നടത്തുന്നതിനും നടപടിയെടുത്തിട്ടുണ്ട്. ഗതാഗത മേഖലയിൽ ഊർജ്ജ സംരക്ഷണത്തിനായി എനർജി മാനേജുമെന്റിന്റെ ട്രാൻസ്പോർട്ടിംഗ് ക്ലിനിക്കുകൾ നടത്തുന്നതിനു നിശ്ചയിച്ചിട്ടുണ്ട്. ഈ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളാണ് ഇവിടെ വിവരിച്ചത്. കേരളത്തിന്റെ ഭാവി വികസനത്തിന് വരുംകാല കർഷകർക്കും വ്യാവസായിക മേഖലയ്ക്കും എല്ലാ അർത്ഥത്തിലുമുള്ള പുരോഗതിക്ക് അനിവാര്യവും അത്യന്താപേക്ഷിതവുമായ ഒരു പ്രധാനപ്പെട്ട മേഖല എന്നുള്ളനിലയിൽ ഈ മേഖലയുടെ വികസനത്തിന് ആവശ്യമായ വിധത്തിൽ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ധനാഭ്യർത്ഥന അംഗീകരിച്ചു നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

XXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനക്കു നേരെ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തികവർഷത്തെ ചെലവുകൾക്കായി അനുവദിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന പാസ്സാക്കി ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു. വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999- 2000 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലായ് മാസം 2-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു.)

അനുബന്ധം - I

1.7.1999 ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 14 (*244) ദയവായി കാണുക

സംരക്ഷിതസ്മാരകങ്ങൾ - കേരള പുരാവസ്തു വകുപ്പ്

തിരുവനന്തപുരം

1. മുടവൂർപ്പാറ വെട്ടുകൽ ഗുഹാക്ഷേത്രം
2. തിരുനാരായണപുരം വിഷ്ണുക്ഷേത്രം
3. ത്രിവിക്രമമംഗലം ക്ഷേത്രം
4. നീറമൺകര ക്ഷേത്രം
5. തിരുവനന്തപുരം കോട്ട
6. വിഴിഞ്ഞം ഭഗവതി ക്ഷേത്രം
7. വിഷ്ണുക്ഷേത്രം അരുവിക്കര
8. അമ്മച്ചിപ്ലാവ്, നെയ്യാറ്റിൻകര
9. കോയിക്കൽ കൊട്ടാരം, നെടുമങ്ങാട്
10. ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജന്മസ്ഥലം -കണ്ണമ്മൂല
11. അയ്യപ്പിള്ള - അയ്യനിപ്പിള്ള ആശാൻ സ്മാരകം - കോവളം
12. ശ്രീപത്മനാഭക്ഷേത്രത്തിനുചുറ്റുമുള്ള കോട്ടയും കോട്ടവാതിലുകളും
13. പാണ്ഡവൻ - പെരുങ്ങടവിള
14. വഞ്ചിയൂർ വില്ലേജിൽപ്പെട്ട തിരുവനന്തപുരം കോട്ടയുടെ ഭാഗങ്ങൾ

കൊല്ലം ജില്ല

15. മഹാശിലായുഗ ശ്മശാനം - പുതുക്കര
16. കോട്ടുകൽ വെട്ടുകൽഗുഹാക്ഷേത്രം - ചടയമംഗലം
17. ചാത്തമത്ത് ക്ഷേത്രം - ചാത്തന്നൂർ

LIBRARY ARCHIVES Kerala Legislative Assembly